# കുറിച്യരുടെ വാമൊഴിസാഹിത്യം

## ഭാഷ
## കലകൾ

# Kurichiyan's Oral Literature
# Language
# Art Forms

സരിക മുകുന്ദൻ
ഷബാന

കെ.എസ് പ്രദീപ് കുമാർ
എസ്.കെ ശ്യാം

**Sariga Mukundan**

**Shabana**

**K.S Pradeep Kumar**

**S.K Syam**

**കിർടാഡ്സ്,** **കോഴിക്കോട്**

'കുറിച്യരുടെ വാമൊഴി സാഹിത്യം, ഭാഷ, കലകൾ'

'Kurichiyan's Oral Litterature, Language, &Art Forms'

**ISBN:**

**ഗവേഷണവും വിവരശേഖരണവും**

സരിക മുകുന്ദൻ
ഷബാന

**എഡിറ്റേഴ്സ്**

കെ.എസ് പ്രദീപ് കുമാർ
എസ്.കെ ശ്യാം

**എഡിറ്റോറിയർ ബോർഡ്**
ഡോ. പി. പുഗഴേന്തി, ഐ.എഫ്. എസ്
ഡോ. കെ.എസ് പ്രദീപ് കുമാർ
ഡോ. എസ്.കെ ശ്യാം

**പ്രസാധനം**

ഡോ. പി. പുഗഴേന്തി, ഐ.എഫ്. എസ്

ഡയറക്ടർ, കേരള പട്ടിക ജാതി പട്ടിക വർഗ്ഗ ഗവേഷണ, പരിശീലന, വികസന പഠന വകുപ്പ്

(കിർടാഡ്സ്), കോഴിക്കോട്

പകർപ്പവകാശം കിർടാഡ്സ് വകുപ്പിൽ നിക്ഷിപ്തമാണ്. പ്രബന്ധങ്ങളിലെ അഭിപ്രായങ്ങൾ പ്രബന്ധ കർത്താക്കളുടേതാണ്. വകുപ്പിന്റേതല്ല എന്നറിയിക്കുന്നു.

അച്ചടി: C-APT, സബ്ബ്-സെന്റർ, കോഴിക്കോട്

കോപ്പി: 500

വർഷം: 2020

വില: 250.00

# ഉള്ളടക്കം


മുഖവുര പേജ്

ആമുഖം

1.ഭൂമിക

2.കുടുംബ ഘടന, ആചാരങ്ങൾ, ചടങ്ങുകൾ

3. വ്യവഹാരഭാഷയും കുറിച്യരും

4. ദൈവാരാധന, ഐതിഹ്യ കഥകൾ, പാട്ടുകൾ, അനുഷ്ഠാനങ്ങൾ

5. ജീവനോപാധികൾ, അന്നവഴക്കം, ഭാഷാപ്രയോഗങ്ങൾ

6. പാട്ടുകൾ, കടങ്കഥകൾ, പഴഞ്ചൊല്ലുകൾ

7. കുറിച്യഭാഷയിലെ ശബ്ദഭേദങ്ങൾ

ഗ്രന്ഥ സൂചിക

അനുബന്ധം I കുറിച്യ ഭാഷാപദങ്ങൾ – ഒരു താരതമ്യ പഠനം

അനുബന്ധം II കുറിച്യ ഭാഷാ വാക്യങ്ങൾ

അനുബന്ധം III കുടുംബ ബന്ധസൂചക പദങ്ങൾ

# മുഖവുര

കേരള പട്ടിക ജാതി പട്ടിക വർഗ്ഗ ഗവേഷണ പരിശീലന വികസന പഠന വകുപ്പ് (കിർടാഡ്സ്) കേരള സർക്കാരിന് കീഴിൽ പ്രവർത്തിക്കുന്ന ഒരു വകുപ്പാണ്. 1979 വരെ 'ട്രൈബൽ റിസർച്ച് & ട്രൈയിനിംഗ് സെന്റർ' (T.R&T.C) എന്നായിരുന്നു സ്ഥാപനത്തിന്റെ പേര്. സംസ്ഥാനത്തിലെ വിവിധ പട്ടിക ജാതി/വർഗ്ഗ വിഭാഗങ്ങളുടെ ഉന്നമനത്തിനായി ഗവേഷണ വികസന പഠനങ്ങൾ, പരിശീലന പരിപാടികൾ, ഭാഷാ പഠനങ്ങൾ, മ്യൂസിയം പ്രവർത്തനങ്ങൾ, ആദികലാകേന്ദ്രം പരിപാടികൾ തുടങ്ങിയവ സംഘടിപ്പിക്കുകയും ഏകോപിപ്പിക്കുകയും ചെയ്യുക എന്നതാണ് വകുപ്പിന്റെ പ്രധാന ഉദ്ദേശ്യ ലക്ഷ്യം.

ഇതര ജനവിഭാഗങ്ങളിൽ നിന്നും വ്യത്യസ്തമായി ഗോത്ര സമൂഹങ്ങളിൽ ഭാഷ, ആചാരാനുഷ്ഠാനങ്ങൾ, ജീവനോപാധികളുടെ കണ്ടെത്തൽ, കലകൾ, വാസസ്ഥലത്തെ നിർമ്മിതികൾ തുടങ്ങി മനുഷ്യ ജീവിതത്തിലെ സാമൂഹിക-സാംസ്ക്കാരിക-ഭൗതിക ഘടകങ്ങളുടെ ഭിന്ന തലങ്ങൾ പരസ്പരം ഇടകലർന്നും വേർതിരിക്കുവാൻ കഴിയാത്തവിധം ഒത്തുചേർന്നുമാണ് നിലനിൽക്കുന്നത്. അത്തരമൊരു സ്വത്വനിർമ്മിതി സാധ്യമാക്കുന്നതിന് മറ്റു ഘടകങ്ങൾക്കൊപ്പം വാമൊഴി ഭാഷയും കലാവിഷ്ക്കാരങ്ങളും നിർണ്ണായക പങ്ക് വഹിക്കുന്നുണ്ട്. പരമ്പരയാ അനുവർത്തിച്ചുവരുന്ന ആചാരനുഷ്ഠാനങ്ങളിലും കൂട്ടായ്മയിലും അധിഷ്ഠിതമായ ഗോത്ര സ്വത്വം നിലനിറുത്തേണ്ടത് മാറിവരുന്ന ജീവിതസാഹചര്യങ്ങളെ മെച്ചപ്പെട്ട രീതിയിൽ അഭിമുഖീകരിക്കുന്നതിന് അനിവാര്യമാണ്. ഈയൊരു സാഹചര്യത്തിലാണ് 2018-19 ൽ 'വയനാട് ഗോത്രഭാഷാ പഠന കേന്ദ്രം പദ്ധതി'യുടെ ഭാഗമായി വകുപ്പിലെ പരിശീലന വിഭാഗത്തിന്റെയും ഭാഷാശാസ്ത്ര സെല്ലിന്റെയും നേതൃത്തിൽ വയനാട്ടിലെ കുറിച്യൻ ഗോത്രജനതയുടെ ഭാഷ, വാമൊഴി സാഹിത്യം പാരമ്പര്യ കലകൾ എന്നിവ രേഖപ്പെടുത്തി സംരക്ഷിക്കുന്നതിനും പരിപോഷിപ്പിക്കുന്നതിനുമായി ഗവേഷണ പഠനം നടത്തിയത്. ഗവേഷണ പഠന റിപ്പോർട്ടാണ് 2019-20 വർഷത്തെ 'വയനാട് ഗോത്രഭാഷാ കലാ പഠന കേന്ദ്രം പദ്ധതി'യിൽ പെടുത്തി 'കുറിച്യരുടെ വാമൊഴി സാഹിത്യം, ഭാഷ, കലകൾ' എന്ന പേരിൽ പുസ്തക രൂപത്തിൽ പ്രസിദ്ധീകരിക്കുന്നത്.

വകുപ്പിന്റെ പ്രവർത്തനങ്ങൾക്ക് വ്യക്തിപരമായ ശ്രദ്ധപതിപ്പിച്ചുകൊണ്ട്, ഗവേഷണ പഠനങ്ങൾക്കും പരിശീലന പരിപാടികൾക്കും മറ്റും ആവശ്യമായ നിർദ്ദേശങ്ങളും പ്രോത്സാഹനവും നിസീമമായ പിന്തുണയും നൽകിവരുന്ന ബഹുമാനപ്പെട്ട പട്ടിക ജാതി, പട്ടിക വർഗ്ഗ പിന്നാക്ക സമുദായക്ഷേമം, നിയമം, സാംസ്ക്കാരികം, പാർലമെന്ററികാര്യം വകുപ്പു മന്ത്രി ശ്രീ. എ.കെ ബാലൻ അവർകൾക്ക് വകുപ്പിന്റെ അകമഴിഞ്ഞ കൃതജ്ഞതയും കടപ്പാടും ഈ അവസരത്തിൽ അറിയിക്കുന്നു. വകുപ്പിന്റെ പ്രവർത്തനങ്ങൾക്ക് എല്ലാവിധ പിന്തുണയും മാർഗ്ഗനിർദ്ദേശങ്ങളും നൽകിവരുന്ന പട്ടിക ജാതി പട്ടിക വർഗ്ഗ വികസന വകുപ്പിന്റെ ബഹുമാനപ്പെട്ട പ്രിൻസിപ്പൽ സെക്രട്ടറി ശ്രീ.ബിശ്വനാഥ് സിൻഹ, ഐ.എ.എസിനോടുള്ള അതിയായ കടപ്പാട്

അറിയിക്കുന്നു. 'വയനാട് ഗോത്രഭാഷാ കലാ പഠന കേന്ദ്രം പദ്ധതി' ക്കാവശ്യമായ തുക ലഭ്യമാക്കുകയും പദ്ധതി നടത്തിപ്പിനാവശ്യമായ സഹായങ്ങൾ നൽകുകയും ചെയ്ത പട്ടിക വർഗ്ഗ വികസന വകുപ്പ് ഡയറക്ടർ ഡോ. പി. പുഗഴേന്തി, ഐ.എഫ്. എസ് നോട് വകുപ്പിനുള്ള നന്ദിയും കടപ്പാടും അറിയിക്കുന്നു.

ജീവിത തിരക്കുകൾക്കിടയിൽ, യാതൊരു വൈമനസ്യവും കൂടാതെ ഭാഷ, വാമൊഴിസാഹിത്യം കലാവിഷ്ക്കാരങ്ങൾ തുടങ്ങിയവയുമായി ബന്ധപ്പെട്ട അറിവുകൾ വകുപ്പിലെ ഗവേഷകർക്ക് പറഞ്ഞുകൊടുത്ത വയനാട് ജില്ലയിലെ വിവിധ സങ്കേതങ്ങളിലെ കുറിച്യൻ സമുദായംഗങ്ങളോടും അവ ശേഖരിക്കുന്നതിന് അവശ്യമായ സഹായങ്ങൾ നൽകിയ പട്ടിക വർഗ്ഗ വികസന വകുപ്പിലെ പ്രമോട്ടർമാർ, ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർമാർ, മാനന്തവാടി ട്രൈബൽ ഡവലപ്പ്മെന്റ് ഓഫീസർ തുടങ്ങിയവരോടുമുള്ള നിസീമമായ നന്ദി അറിയിക്കുന്നു. കേരളത്തിലെ കുറിച്യൻ ഗോത്ര സമൂഹത്തിന്റെ സാമൂഹിക-സാംസ്ക്കാരിക സവിശേഷതകളെ, വിശേഷിച്ചും വാമൊഴി ഭാഷ, സാഹിത്യം, കലാവിഷ്ക്കാരങ്ങൾ, അടുത്തറിയുന്നതിന് സഹായകമാവുന്ന ഈ ഗ്രന്ഥശേഖരണത്തിന് ആവശ്യമായ ഗവേഷണ പ്രവർത്തനങ്ങൾ നടത്തിയ കുമാരി. സരിക മുകുന്ദൻ, ശ്രീമതി. ഷബാന എന്നിവർക്കും ഗവേഷണത്തിന് നേതൃത്വം നൽകിയ ഡോ.കെ. എസ് പ്രദീപ് കുമാർ, ഡെപ്യൂട്ടി ഡയറക്ടർ (ആന്ത്രോപോളജി), ഡോ. എസ്.കെ ശ്യാം, റിസർച്ച് അസിസ്റ്റന്റ് (ലിംഗ്വിസ്റ്റിക്സ്), എന്നിവരോടുമുള്ള നന്ദി രേഖപ്പെടുത്തുന്നു.

ഗവേഷണവുമായി ബന്ധപ്പെട്ട മറ്റ് സഹായങ്ങൾ നൽകിയ പട്ടിക വർഗ്ഗ വികസന വകുപ്പിലെ അസിസ്റ്റന്റ് ഡയറക്ടർ ശ്രീ. സജു, കിർടാഡ്സ് വകുപ്പിലെ ഡെപ്യൂട്ടി ഡയറക്ടർ (പരിശീലനം) ശ്രീമതി. പി.വി മിനി, ഡെപ്യൂട്ടി ഡയറക്ടർ (വികസന പഠനം) ശ്രീ. സജിത്ത്കുമാർ എസ്. വി, അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ ശ്രീ. പത്മനാഭൻ വി, ഫിനാൻസ് ഓഫീസർ ശ്രീ. ശരത് ടി.കെ, ടൈപ്പിങ്ങ് ജോലി നിർവ്വഹിച്ച ടൈപ്പിസ്റ്റ് (സീനിയർ ഗ്രേഡ്) ശ്രീമതി.സന്ധ്യ.എൻ, ടൈപ്പിസ്റ്റ് (ഹയർ ഗ്രേഡ്) ശ്രീ. അനൂപ് വി.പി, എൽ.ഡി ടൈപ്പിസ്റ്റ് ശ്രീമതി. അനുശ്രീ കെ. എസ് എന്നിവരോടും ഈ പ്രസിദ്ധീകരണവുമായി ബന്ധപ്പെട്ട് പ്രവർത്തിച്ച വകുപ്പിലെ മറ്റ് ഉദ്യോഗസ്ഥരോടുമുള്ള കടപ്പാട് അറിയിക്കുന്നു. പുസ്തകത്തിൽ ഉൾപ്പെടുത്തിയിരിക്കുന്ന പ്രബന്ധങ്ങളിലെ അഭിപ്രായങ്ങൾ അവ തയ്യാറാക്കിയവരുടേതാണെന്നും വകുപ്പിന്റേതല്ല എന്നും അറിയിക്കുന്നു.

ചേവായൂർ
24.06.2020

ഡോ. പി. പുഗഴേന്തി, ഐ.എഫ്. എസ്
ഡയറക്ടർ

## ആമുഖം

ഭാഷ, വിശ്വാസങ്ങൾ, ആചാരനുഷ്ഠാനങ്ങൾ, ദൈവിക അനുഭവങ്ങൾ, ജീവിതകാഴ്ച്ചപ്പാടുകൾ, അന്നവഴക്കങ്ങൾ, ഗൃഹനിർമ്മാണ ശൈലികൾ, സൗന്ദര്യസങ്കൽപ്പങ്ങൾ, കുടുംബഘടന, ജീവന ഉപാധികൾ, കലാരൂപങ്ങൾ തുടങ്ങി വിവിധങ്ങളായ തലങ്ങളിൽ മനുഷ്യ സമൂഹങ്ങൾ വ്യത്യസ്തത പുലർത്തുന്നുണ്ട്. അത്തരം വൈവിധ്യങ്ങൾ ഭിന്ന തലങ്ങളിലുള്ള സവിശേഷ അനുഭവങ്ങളാണ് സമ്മാനിക്കുന്നത്. ബഹുസ്വരതയുടെ ഓർമ്മകളും ഭാവനകളും അവയുടെ വിവിധങ്ങളായ പ്രകടനങ്ങളും ശേഷിപ്പുകളുമാണ് മനുഷ്യസമൂഹങ്ങളെ സമ്പന്നവും മഹത്തരവും വർണ്ണാഭവുമാക്കുന്നത്. പ്രകൃതി നിർണ്ണയ ഘടകങ്ങളുടെ സ്വാധീനവും അകൽച്ചകളും സ്വാശ്രയത്വവുമാണ് വലിയൊരളവുവരെ മനുഷ്യജീവിതത്തിനും സമൂഹങ്ങൾക്കും നിറപ്പകിട്ട് നൽകുന്ന സാംസ്ക്കാരിക വൈവിധ്യത്തിന്റെയും സമ്പന്നതയുടെ അടിസ്ഥാനം. സാമൂഹിക-സാംസ്ക്കാരിക ബഹുസ്വരത ഉരുവം കൊള്ളുന്നതിലും വർണ്ണാഭമാകുന്നതിനും ചെറുസമൂഹങ്ങൾ നിർണ്ണായക പങ്ക് വഹിക്കുന്നുണ്ട്. അതുകൊണ്ടുതന്നെ സാമൂഹിക-സാംസ്ക്കാരിക നിറഭേദങ്ങളുടെ നിർമ്മാണത്തിലും നിർണ്ണയത്തിലും ഗോത്ര ജനസമൂഹങ്ങൾക്ക് സുപ്രധാന പങ്കാണുള്ളത്.

വൈവിധ്യമാർന്ന ജീവനോപാധികൾ, വേറിട്ട ആചാരനുഷ്ഠാനങ്ങൾ, തനിമയാർന്ന ഭാഷ, ആട്ടവും പാട്ടും നടനവും ഇഴുകിച്ചേർന്ന കലാരൂപങ്ങൾ, പ്രകൃതിയോടിണങ്ങിയ മെയ്യലങ്കാരങ്ങൾ തുടങ്ങി ഏറെ മികവാർന്ന ജീവിത തലങ്ങളിലൂടെ വൈവിധ്യങ്ങളുടെ നേരറിവാണ് ഓരോ ഗോത്ര സമൂഹവും. എന്നാൽ ഇന്നത്തെ സാമൂഹിക ചുറ്റുപാടുകൾ ഒരു വശത്ത് ഗോത്ര ജനതയുടെ സാംസ്ക്കാരിക വൈവിധ്യത്തെയും വേറിട്ട സവിശേഷതകളെയും ആഘോഷിക്കുന്നുണ്ടെങ്കിലും മറുവശത്ത് തങ്ങളുടെ പാരമ്പര്യ ജീവിതചര്യയെയും ഉപജീവനോപാധികളെയും നിലനിറുത്തുന്നതിനും തുടരുന്നതിനുമുള്ള സാഹചര്യം വലിയതോതിൽ ഗോത്ര ജനസമൂഹങ്ങൾക്കിന്ന് ഇല്ലാതായിക്കൊണ്ടിരിക്കുകയാണ്. മറവിയിലേക്ക് മായുന്ന ഗോത്ര പഴമയുടെ രേഖപ്പെടുത്തൽ സമൂഹത്തിന്റെ സാംസ്ക്കാരിക വൈവിധ്യത്തിന്റെയും സമ്പന്നതയുടെയും അടയാളപ്പെടുത്തലിന് അനിവാര്യമാണ്. ഈയൊരു സാമൂഹിക പരിസരത്തിലാണ് ''വയനാട് ഗോത്രഭാഷ കലാ പഠനകേന്ദ്രം'' എന്ന പദ്ധതിയുടെ ഭാഗമായി വയനാട് ജില്ലയിലെ കുറിച്യ ഗോത്രജനതയുടെ ഭാഷ, വായ്മൊഴി സാഹിത്യം പാരമ്പര്യ കലാരൂപങ്ങൾ എന്നിവയുടെ ശേഖരണം നടത്തി'കുറിച്യരുടെ വാമൊഴി സാഹിത്യം ഭാഷ, കലകൾ'എന്ന പേരിൽ പ്രസിദ്ധീകരിക്കുന്നത്.

കേരളത്തിൽ വയനാട് ജില്ലയിൽ ആണ് കുറിച്യൻ കൂടുതലായും കാണപ്പെടുന്നത്. കണ്ണൂർ, കോഴിക്കോട് ജില്ലകളിലെ ചില ഭാഗങ്ങളിലും കുറിച്യർ താമസിക്കുന്നുണ്ട്. വയനാട് ജില്ലയിൽ മാനന്തവാടി, തിരുനെല്ലി, കാട്ടിക്കുളം ഭാഗങ്ങളിലാണ് കുറിച്യൻ കൂടുതലായും കണ്ടുവരുന്നത്. പരമ്പരാഗതമായി വൈദ്യവും കൃഷിയും കുറിച്യൻ ചെയ്തുവരുന്നു. കൂടാതെ ആയോധന കലയിലും കുറിച്യർ നിപുണരാണ്. അതിനാൽ കുറിച്യർ 'വില്ലാളികൾ' എന്ന്

കൂടി അറിയപ്പെടുന്നു. കുറിച്യരുടെ ഭാഷാ ശൈലി വളരെ സമ്പന്നമാണ്. നരിപ്പാട്ട്, നാരായണപ്പാട്ട്, കുംഭപ്പാട്ട്, നെല്ല്കുത്ത് പാട്ട് പോലയുള്ള കലാരൂപങ്ങൾ കൊണ്ട് സമ്പന്നമാണ് കുറിച്യരുടെ വായ്മൊഴി സാഹിത്യം.

ഗവേഷണ ദത്ത ശേഖരണത്തിനായി വയനാട് ജില്ലയിലെ മാനന്തവാടി നഗരസഭയും, പനമരം, തിരുനെല്ലി, കാട്ടിക്കുളം, എടവക, തവിഞ്ഞാൽ തുടങ്ങിയ പഞ്ചായത്തുകളും സന്ദർശിക്കുകയും കുറിച്യ സമുദായക്കാരിൽ നിന്നും നേരിട്ട് വിവര ശേഖരണം നടത്തുകയും ചെയ്തിട്ടുണ്ട്. ചോദ്യാവലി, കൂടികാഴ്ച്ച, അർദ്ധപങ്കാളിത്ത നിരീക്ഷണം തുടങ്ങിയ സങ്കേതങ്ങളാണ് ദത്ത ശേഖരണത്തിനായി പ്രധാനമായും ഉപയോഗപ്പെടുത്തിയിട്ടുള്ളത്. കുറിച്യരുടെ നാളേറെയായുള്ള സാമൂഹിക-സാംസ്ക്കാരിക ജീവിതവും അവയ്ക്ക് ആധുനിക കാലത്ത് ഉണ്ടായ മാറ്റങ്ങളും പഠനത്തിലൂടെ രേഖപ്പെടുത്തുവാൻ ശ്രമിച്ചിട്ടുണ്ട്. കുറിച്യരുടെ വായ്മൊഴി പാട്ടുകൾ, കടങ്കഥകൾ, പഴഞ്ചൊല്ലുകൾ, ഐതിഹ്യ കഥകൾ എന്നിവയും ശേഖരിച്ചിട്ടുണ്ട്. കൂടാതെ കുറിച്യ ഭാഷയെ അടുത്തറിയുന്നതിനായി പദങ്ങളുടെ ഉച്ചാരണം, സാഹചര്യ സംഭാഷണങ്ങൾ തുടങ്ങിയവയും ഉൾപ്പെടുത്തിയിട്ടുണ്ട്. പുസ്തക രൂപത്തിൽ പ്രസിദ്ധീകരിക്കുന്ന ഈഗവേഷണ പഠന റിപ്പോർട്ട്, കുറിച്യ ഗോത്ര ജനതയുടെ സാമൂഹിക-സാംസ്ക്കാരിക സവിശേഷതകളെ അടയാളപ്പെടുത്തുന്നതിനും രേഖപ്പെടുത്തി സംരക്ഷിക്കുന്നതിനും സഹായകമാണ്.

ചേവായൂർ — ഡോ. കെ.എസ് പ്രദീപ് കുമാർ

24.06.2020 — ഡോ. എസ്.കെ ശ്യാം

1

## ഭൂമിക

സവിശേഷമായ സാംസ്ക്കാരിക തനിമ വച്ചു പുലർത്തുന്ന ഒരു ജനവിഭാഗമാണ് ഗോത്രവർഗ്ഗക്കാർ. മറ്റു ജനവിഭാഗങ്ങളുമായി വലിയൊരളവുവരെ ഇടപഴകിയാണ് ഒട്ടുമിക്ക ഗോത്രജനതകളുമിന്ന് ജീവിക്കുന്നത്. മറ്റു ജനവിഭാഗങ്ങളുടെ സാംസ്ക്കാരിക സവിശേഷതകളിൽ നിന്നും വളരെ ഭിന്നമായ തലത്തിലാണ് ഗോത്ര ജനസമൂഹങ്ങളുടെ സാമൂഹിക-സാംസ്ക്കാരിക ഘടകങ്ങൾ നിലനിൽക്കുന്നത്. തലമുറകളായി തുടർന്നു വരുന്ന ജീവിതചര്യകളിൽ നിന്നുമാണ് ഗോത്ര സമൂഹങ്ങളുടെ ഒട്ടുമിക്ക ആചാരാനുഷ്ഠാനങ്ങളും രൂപപ്പെട്ടിരിക്കുന്നത്. ഓരോ ഗോത്രവിഭാഗത്തിനും സവിശേഷമായ ആചാരനുഷ്ഠാനങ്ങളുണ്ട്.

കേരളത്തിലെ ഭൂരിപക്ഷം ഗോത്ര സങ്കേതങ്ങളും വാർത്താ വിനിമയ ഗതാഗത സൗകര്യങ്ങൾ കുറവുള്ള ഉൾപ്രദേശങ്ങളിലാണ്. മുൻകാലങ്ങളിൽ ഭക്ഷണത്തിനായി മൃഗങ്ങളെ വേട്ടയാടിയിരുന്നു. വനവിഭവ ശേഖരണവും കൃഷിയുമാണ് മിക്ക ഗോത്ര സമൂഹങ്ങളുടെയും പ്രധാന വരുമാന മാർഗ്ഗം. ഇവയ്ക്കു പുറമെ കൂലിവേലയെയും ചില ഗോത്ര സമുദായങ്ങൾ കൂടുതലായി ഇന്ന് ഉപജീവനത്തിനായി ആശ്രയിക്കുന്നുണ്ട്. പ്രകൃതിയും പ്രകൃതി പ്രതിഭാസങ്ങളും ഗോത്ര ജനതയുടെ വിശ്വാസങ്ങളുടെയും ആചാരാനുഷ്ഠാനങ്ങളുടെയും ഒരു അഭിവാജ്യ ഘടകമാണ്. എന്നാൽ ഇന്ന് ഭൗതിക സാഹചര്യങ്ങളിൽ വന്ന മാറ്റങ്ങളാൽ ആനുകാലികമായ പലതിനെയും അഭികാമ്യമല്ലെങ്കിലും സ്വീകരിക്കാൻ നിർബന്ധിതരായിരിക്കുകയാണ് ഗോത്ര ജനസമൂഹങ്ങളിന്ന്. അതുമൂലം തനത് ആചാരനുഷ്ഠാനങ്ങളിലും ജീവിതരീതികളിലും പ്രകടമായ വ്യതാസങ്ങൾ വന്നിരിക്കുന്നു. ഇന്ന് വേഷം കൊണ്ടും ഭാഷകൊണ്ടും ആചാരനുഷ്ഠാനങ്ങളെ കൊണ്ടും ഗോത്രജനതയുടെ സ്വത്വം തിരിച്ചറിയുക പ്രയാസമാണ്.

കേരളത്തിൽ ആകെ 37 പട്ടിക ഗോത്രവർഗ്ഗ വിഭാഗങ്ങളാണുള്ളത്. 2011 ലെ സെൻസസ് പ്രകാരം കേരള സംസ്ഥാനത്തിലെ പട്ടികവർഗ്ഗ ജനസംഖ്യ 4.84839 ആണ്. അതിൽ 238203 പുരുഷന്മാരും, 246636 സ്ത്രീകളുമാണ്. ആയത് സംസ്ഥാനത്തിലെ ആകെയുള്ള ജനസംഖ്യയുടെ 1.45 ശതാമാനത്തോളം വരും. കേരളത്തിലെ ഭൂരിഭാഗം പട്ടികവർഗ്ഗ വിഭാഗങ്ങളും അധിവസിക്കുന്നത് വയനാട് ജില്ലയിലാണ്. അത് ഏകദേശം 35.85 ശതമാനത്തോളം വരും. പണിയരാണ് സംസ്ഥാനത്തിലെ പട്ടിക വർഗ്ഗ ജനസംഖ്യയിൽ മുന്നിൽ നിൽക്കുന്ന സമുദായം. 2011 ലെ സെൻസസ് പ്രകാരം കുറിച്യൻ വിഭാഗത്തിന്റെ മൊത്ത ജനസംഖ്യ 35171 ആണ്. അതിൽ 17643 പേർ പുരുഷന്മാരും 17528 ആളുകൾ സ്ത്രീകളുമാണ്.

നെട്ടൂർ പി. ദാമോദരൻ (1974:63-64) കുറിച്യൻ വിഭാഗത്തെക്കുറിച്ച് ഇങ്ങനെ വിശദീകരിക്കുന്നു. 'മറ്റുഗോത്രജന വിഭാഗങ്ങൾക്കിടയിൽ തന്നെ ഉയർന്ന പദവിയിൽ

നിൽക്കുന്നവരാണ് കുറിച്യർ. ഇവർ മലനമ്പൂതിരിമാർ എന്നും അറിയപ്പെടുന്നു. ബ്രാഹ്മണരൊഴികെ മറ്റെല്ലാ സമുദായക്കാരോടും കുറിച്യർ അയിത്തം പാലിക്കുന്നു. അബദ്ധത്തിൽ ഒരു പണിയനെയോ, കുറുമരെയോ തൊട്ടുപോയാൽ ഒരു കുറിച്യൻ നാൽപ്പതു തവണ വെള്ളത്തിൽ മുങ്ങണം. കുറിച്യർ കുടിലിൽ നിന്ന് പുറത്തേക്ക് എവിടെപ്പോയാലും മുങ്ങികുളിച്ചിട്ടു മാത്രമേ തിരിച്ചുവരാൻ പാടുള്ളൂ എന്നത് നിർബന്ധമായിരുന്നു. കാരണം അന്യരുമായ ഇടപഴകിയാൽ അയിത്തമുണ്ടാകാം എന്ന് ഇവർ വിശ്വസിച്ചിരുന്നു. കൂടാതെ അന്യ സമുദായക്കാർ പാകം ചെയ്ത ഭക്ഷണം കഴിക്കുവാനോ വെള്ളം കുടിക്കുവാനോ പാടില്ലായിരുന്നു. ഇവർക്കിടയിൽ ജാതി ഭ്രഷ്ട് കൽപ്പിക്കപ്പെടുന്ന കുറിച്യനും പുറമെയുള്ളവരും തുല്യരാണ്''

**ഉൽപ്പത്തി**

ഏതൊരു ഗോത്രവർഗ്ഗത്തിന്റെയും നാമരൂപീകരണത്തിനു പിന്നിൽ പല ഘടകങ്ങളും ഉണ്ട്. അത് അവരുടെ വാസസ്ഥലത്തെയോ, തൊഴിലിനെയോ, സാമൂഹിക പദവിയെയോ ആസ്പദമാക്കിയാവും ഉണ്ടായിവന്നത്. ഓരോ വിഭാഗത്തിന്റെയും വർഗനാമം സൂക്ഷ്മ വിശകലനം ചെയ്യുന്നതിലൂടെ ആ പേരിൽ അറിയപ്പെടുന്ന ജനതയെയും ആ ജനതയുടെ സാമൂഹിക-സാംസ്കാരിക ചുറ്റു പാടുകളും വെളിപ്പെടുന്നതാണ്. അതിനുത്തമമായ ഉദാഹരണമാണ് വയനാട്ടിലെ അടിയാൻ. അടിയാൻ എന്ന സമുദായം ആദ്യകാലത്ത് *റാവുളർ* എന്ന് അറിയപ്പെട്ടിരുന്നു. അടിയാൻ എന്നപദത്തിന് 'അടിമ', 'മറ്റാളുകളിൽ നിന്നും ആറ് അടി അകന്ന് നിൽക്കണം' എന്നീ അർത്ഥങ്ങളാണുള്ളത് (ലൂയിസ്, 1959: 27, 59). ആയത് അടിയാന്മാർ ജന്മിമാർക്ക് കീഴിൽ അടിമപണി ചെയ്തിരുന്നതിന്റെയും മറ്റാളുകൾ അവരെ അകറ്റി നിർത്തിയിരുന്നു എന്നതിന്റെയും സൂചനയാണ്. 'ഉൾകാടുകളിൽ കഴിയുന്നവർ' എന്ന അർത്ഥമാണ് 'കാടർ' എന്ന പദത്തിനുള്ളത്. പ്രസ്തുത പദം സൂചിപ്പിക്കുന്നത്പോലെ ഉൾ വനങ്ങളിലാണ് പണ്ട് മുതലെ കാടർ ഗോത്ര ജനത താമസിച്ചു വന്നിരുന്നത്. കാട്ടുനായിക്കൻ എന്ന പദത്തിന് 'കാട്ടിലെ രാജാവ്' എന്ന അർത്ഥമാണുള്ളത്. ആ പദം അർത്ഥമാക്കുന്നത് പോലെ കാട്ടിനുള്ളിൽ സ്വതന്ത്രമായി ജീവിച്ച് വന്നിരുന്നവരായിരുന്ന കാട്ടുനായിക്കൻ ഗോത്ര സമൂഹം. മുൻകാല ജീവിത ചുറ്റുപാടുകൾ വ്യക്തമാക്കുന്ന, മേൽ പ്രസ്താവിച്ച തലത്തിലുള്ള, വർഗ്ഗനാമങ്ങൾ ഗോത്ര വർഗ്ഗങ്ങൾക്കിടയിൽ ധാരാളം കാണാൻ സാധിക്കുന്നതാണ്.

വയനാട്ടിലെ കുറിച്യൻ സമുദായത്തിന്റെ വർഗ്ഗനാമവുമായി ബന്ധപ്പെട്ട് ധാരാളം ഐതിഹ്യ കഥകൾ നിലനിൽക്കുന്നുണ്ട്. കുറിച്യ ഗോത്രജനതയുടെ നാമരൂപീകരണം തന്നെ പണ്ട് കാലത്തെ വേട്ടയുമായി ബന്ധപ്പെട്ട് ലഭിച്ചതാണ്. കുറിച്യർ എന്നാണ് വയനാട്ടിലെത്തിയതെന്നോ ജന്മദേശം എവിടെയെന്നോ മറ്റൊരു ഗോത്രജനതയ്ക്കുമില്ലാത്ത തീണ്ടലും തൊടീലും കുറിച്യരുടെ സംസ്കാരികസവിശേഷതയായി എങ്ങനെ മാറിയെന്നോ വ്യക്തമാക്കുന്ന പഠനങ്ങളോ കൃത്യമായ കണ്ടെത്തലുകളോ ഇതുവരെ ഉണ്ടായിട്ടില്ല.

പശ്ചിമഘട്ടമലനിരകളിൽ വയനാട്, കണ്ണൂർ, കോഴിക്കോട് ജില്ലകളിലായിട്ടാണ് കുറിച്യഗോത്രജനത കഴിഞ്ഞുകൂടുന്നത്. ''ഇവരുടെ ഉത്ഭവം സംഘകാലത്തെ തിണ വ്യവസ്ഥയുമായി ബന്ധപ്പെട്ടിരിക്കുന്നുവെന്നും 'കുറി' എന്ന പദത്തിന് 'മല' എന്ന് അർത്ഥമുണ്ടെന്നും മലകളിൽ താമസിക്കുന്നവർ എന്ന കാഴ്ചപ്പാടിൽ ഇവരെ കുറിച്യർ എന്നും വിളിക്കുന്നു എന്നും സി.വി. ജോയി (2017) പ്രതിപാദിക്കുന്നു. വയനാട്ടിലെ വിവിധ പ്രദേശങ്ങളിലെ കുറിച്യൻ ഐതിഹ്യ കഥകളിൽ വ്യത്യാസങ്ങൾ കാണാൻ സാധിക്കും.

വയനാട്ടിലെ തിരുനെല്ലി, മാങ്ങാക്കൊല്ലി പ്രദേശത്തെ കുറിച്യൻ സങ്കേതത്തിലുള്ളവർ കോട്ടയത്തു നിന്ന് വന്ന കുറുപ്പന്മാരാണ് കുറിച്യരെന്നും ആദ്യകാലങ്ങളിൽ കോട്ടയം തമ്പുരാന്റെ പടയാളികൾ ആയിരുന്നുവെന്നും കരുതുന്നു. പഴശ്ശി രാജാവിന്റെ കാലത്ത് കോട്ടയം തമ്പുരാൻ അഞ്ച് പടയാളികളെ പഴശ്ശി രാജാവിന്റെ പടയാളികളായി കൊടുക്കുകയും പഴശ്ശിരാജ കുറിച്ചിട്ട സ്ഥലത്ത് ഈ അഞ്ച് പടയാളികളും എത്തിചേർന്നതു കൊണ്ടാണ് ഇവർക്ക് കുറിച്ചിയർ പേരു വന്നത്. വയനാട്ടിൽ വന്നെത്തിയ ഇവർ കുടുംബങ്ങൾ ഇല്ലാത്തതിനാൽ കണ്ണുകെട്ടി നാനാ ജാതിയിൽ നിന്നും സ്ത്രീകളെ നിർത്തി ഇഷ്ടമുള്ള സ്ത്രീയുടെ കൈപിടിച്ചു കൊള്ളാൻ രാജാവ് കൽപ്പിച്ചെന്നും അങ്ങനെയാണ് കുറിച്ചിയർ പല കുടുംബങ്ങളായും തറവാടുകളായും വേർതിരിഞ്ഞു പോയത് എന്നും വിശ്വസിക്കുന്നു.

വയനാട്ടിൽ വന്യമൃഗങ്ങളുടെ ശല്യം ഒരുപാട് ഉണ്ടായിരുന്നതിനാൽ മൃഗങ്ങളെ വേട്ടയാടാനായി രാജാവ് കുറിച്യരെ വയനാട്ടിൽ കൊണ്ടു വരുകയായിരുന്നു. കുറിക്കുകൊള്ളുന്ന ശരപ്രയോഗം വശമുള്ളതു കൊണ്ടാണ് കുറിച്യരെന്ന് വിളിച്ചത്, എന്നും പറയപ്പെടുന്നു. വയനാട്ടിലേക്ക് വരുന്ന വഴിയിൽ വെച്ച് ഒരു വിഭാഗം ആളുകൾ മൃഗങ്ങളെ ഭയന്ന് കൂട്ടത്തിൽ നിന്ന് ഒളിച്ചോടി പോയെന്നും അവരാണ് ഇന്നത്തെ കുന്നിൻ/കുന്നും കുറിച്യർ എന്നും കാട്ടികുളം പഞ്ചായത്തിലെ അരീക്കര കുറിച്യ സങ്കേതത്തിലുള്ളവർ വിശ്വസിക്കുന്നു.

തിരുനെല്ലി പഞ്ചായത്തിലെ നടുവന്താർ കുറിച്യ സങ്കേതത്തിലുള്ളവർ കുറിച്യരുടെ ഐതിഹ്യ കഥയെ ഇങ്ങനെ പറയുന്നു. പണ്ട് വയനാട്ടിൽ കാക്കമാർ (മുസ്ലീം) ധാരാളം ഹിന്ദുക്കളെ കൊല്ലുകയും ചൂഷണം ചെയ്യുകയും ചെയ്തിരുന്ന കാലമായിരുന്നു. അതിനെതിരെ പട നടത്താൻ കോട്ടയം രാജാവ് തന്റെ പടയാളികളായ ഇരുപത് പേരെ അമ്പും വില്ലും നൽകി വയനാട്ടിലേക്ക് അയച്ചു. എന്നാൽ വരുന്ന വഴിയിൽ വെച്ച് യുദ്ധം ഭയന്ന് താഴെ രാജ്യത്ത് നിന്ന് ഒരു വിഭാഗക്കാർ കാട്ടിലേക്ക് ഓടിപോയി. കുന്നത്തൂർപാടിയിലെ കുന്നും കുറിച്യരാണ് അവരെന്നും കുറച്ചു ദൂരം എത്തിയപ്പോൾ തെറ്റും നിലം എന്ന സ്ഥലത്ത് നിന്ന് വഴി തെറ്റി പോയവരാണ് കാടന്മാരെന്നും പിന്നീട് മുള്ളും കാട്ടിൽ നിന്നും കുറച്ച് പേർ വഴി തെറ്റിപോയി അവരാണ് മുള്ളുകുറുമർ എന്നും വിശ്വസിക്കുന്നു. അങ്ങനെ രാജാവ് കുറിച്ച നിലത്ത് എത്തിയ വിഭാഗക്കാരാണ് കുറിച്ചൻ.

പരിച്ചി രാജാവാണ് (പഴശ്ശിരാജാവ്) കുറിച്ചിയരെ ആദ്യമായി വയനാട്ടിൽ കൊണ്ടുവന്നത്. വയനാട്ടിലെ വന്യമൃഗങ്ങളുടെ ശല്യം കാരണം മൃഗങ്ങളെ വേട്ടയാടാനായി ചങ്കരൻ പെരുമാളും ചേരൻ പെരുമാളുമാണ് കുറിച്ചിയരെ വയനാട്ടിലേക്ക് അയച്ചതെന്നും വയനാട്ടിൽ നിന്നും കുറച്ച് വിഭാഗക്കാരെ കൊട്ടിയൂരിലേക്കും അയച്ചുവെന്നും അവരാണ് കുന്നും കുറിച്യർ എന്ന് തിരുനെല്ലി ഭാഗത്തെ നിട്ടറ കുറിച്യ സങ്കേതത്തിലുള്ളവർ വിശ്വസിക്കുന്നു. കുറിച്യ വിഭാഗത്തിന്റെ ഐതിഹ്യ കഥകളിൽ പാട്ടുകൾ പാടിവരാറുണ്ട്. കുറിച്യരുടെ ഐതിഹ്യ കഥയുമായി ബന്ധപ്പെട്ട ഒരു പാട്ട് ചുവടെ ചേർക്കുന്നു.

തിരുനെല്ലി പെരുമാളെ ദൈവങ്ങളേ
തിരുനെല്ലി പെരുമാളെ ദൈവങ്ങളേ
തെക്കും പടിഞ്ഞാറും നോക്കുന്നപ്പാ (2)
തെക്കും പടിഞ്ഞാറും നോക്കുമ്മാനേ
ഞാറും ഞെറവനും കാണാനില്ലാ..
വേറെ പടിഞ്ഞാറും നോക്കുമ്മാനേ
കൊട്ടിയൂര് പെരുമാളെ കാണുന്നോര്
അവ്ട്ന്ന് പോന്നപ്പോ ആൺകുഞ്ഞനാ
അവ്ട്ന്ന് പോന്നപ്പോ ആൺകുഞ്ഞനാ
കൊട്ടിയൂര് മേൽനട പോയങ്ങ്നെ
കൊട്ടിയൂര് മേൽനട ചെന്ന്ങ്ങനെ
കൊട്ടിയൂര് പെരുമള കൈ തൊഴ്ത്
കൊട്ടിയൂര് പെരുമള കൈ തൊഴ്ത്

വയനാട്ടിലാണ് ആദ്യമായി കുറിച്യർ വന്നെത്തിയതെന്നും വയനാട്ടിലെ തിരുനെല്ലിയിലാണ് കുറിച്യ വിഭാഗം ആദ്യം വന്നെത്തിയതെന്നും, തിരുനെല്ലിയിൽ എത്തി തിരുനെല്ലി പെരുമാളിനെ കൈ തൊഴുതു. പിന്നീട് തെക്കും പടിഞ്ഞാറും നോക്കിയിട്ടും സർവ്വ ലോകത്തിന്റെയും സൃഷ്ടാവിനെ കാണാൻ സാധിച്ചില്ല. പിന്നീട് പടിഞ്ഞാറ് ഭാഗത്തേക്ക് തിരിഞ്ഞു നോക്കുമ്പോഴാണ് കൊട്ടിയൂര് പെരുമാളിനെ കാണുന്നത്. ശിവന്റെ ഏഴാമത്തെ അവതാരമാണ് കുറിച്യർ എന്നും ഇവർ വിശ്വസിക്കുന്നു. അങ്ങനെ ഒരു വിഭാഗം കുറിച്യർ തിരുനെല്ലിയിൽ നിന്ന് കൊട്ടിയൂർ മേൽനടയിൽ കൊട്ടിയൂർ പെരുമാളിനെ കൈ തൊഴാൻ പോകുന്നു. അങ്ങനെയാണ് ഒരു വിഭാഗം കുറിച്യർ കൊട്ടിയൂരിൽ എത്തിപെട്ടതെന്നും അവരാണ് കുന്നും കുറിച്യർ എന്നും വിശ്വസിക്കുന്നു.

കുറിച്യരുടെ വിശ്വാസപ്രകാരം ബ്രഹ്മാവിൽ നിന്നും നേരിട്ടാണ് അവർക്ക് വംശപ്പേര് ലഭിക്കുന്നത്. കോട്ടയം രാജാവിന്റെ കുറിമാനം കിട്ടിയതു പ്രകാരമാണ് കുറിച്യർ വയനാടൻ മലനിരകളിൽ എത്തിപെട്ടത്. ജാതി ഭ്രഷ്ടരായ അവർ പിന്നീട് തിരിച്ചുപോയില്ല. അരിപ്പൻ, വേടൻ എന്നീ രാജാക്കന്മാരോട് യുദ്ധം ചെയ്യുന്നതിനായി കോട്ടയം രാജാവ് തിരുവിതാംകൂറിൽ നിന്ന് നായരുടെ തന്നെ ഒരു വിഭാഗമായി തെക്കേ കരിനായരിൽപെട്ട കുറിച്യരെ

വയനാട്ടിലേക്ക് കൊണ്ടു വന്നുവെന്നാണ് ഐതിഹ്യം പറയുന്നത്. യുദ്ധത്തിനു ശേഷം തിരിച്ച് സ്വദേശത്ത് എത്തിയവരെ അവരുടെ ജാതിയിൽ കൂട്ടാത്തതിനാൽ കോട്ടയത്തേയും വയനാട്ടിലെയും വനപ്രദേശങ്ങളിൽ ഇവർ താമസമുറപ്പിച്ചു. ഇങ്ങനെ താമസിച്ചവരിൽ 148 കുടുംബക്കാരുണ്ടായിരുന്നു, (മിനി, 2015).

പെരിഞ്ചോല കുറിച്യ സങ്കേതത്തിലുള്ളവരുടെ അഭിപ്രായത്തിൽ കുറിച്യർ ആദ്യ കാലങ്ങളിൽ തന്നെ വയനാട് കാടുകളിൽ അധിവസിച്ചിരുന്നു. അതിനാലാണ് ആദിവാസി എന്ന ഗണത്തിൽ കുറിച്യർ ഉൾപ്പെടാൻ കാരണം. പണ്ടുകാലത്ത് രാജാക്കന്മാരുടെ വാഴ്ചയായിരുന്നു വയനാട്ടിൽ എന്നും. കുറിയോലയിൽ സന്ദേശങ്ങൾ രാജാക്കന്മാരിൽ നിന്നും മറ്റു രാജാക്കാന്മാർക്ക് എത്തിച്ചു കൊടുക്കലായിരുന്നു. കുറി എത്തിച്ചു കൊടുത്തിരുന്നവരെ കുറിച്യർ എന്ന് വിളിച്ചു. രാജാക്കന്മാരുടെ അഞ്ചലോട്ടക്കാരനായിരുന്നു കുറിച്യർ എന്നും ഇത്തരത്തിൽ അഭിപ്രായമുണ്ട്.

മേൽ പ്രസ്താവിച്ച വസ്തുതകളിൽ നിന്നും പഴശ്ശിരാജയുടെ കാലത്തിനു മുൻപ് തന്നെ കുറിച്യർ വയനാട്ടിൽ ഉണ്ടായിരുന്നു എന്നും എന്നാൽ പഴശ്ശിരാജാവിന്റെ കാലത്താണ് അവരുടെ വയനാട്ടിലെ സാന്നിധ്യം മറ്റാളുകൾക്ക് അനുഭവവേദ്യമായത് എന്നും അനുമാനിക്കാം. കൂടാതെ അമ്പെയ്ത്ത് കലയിൽ മിടുക്കരും വയനാടൻ കാടുകളും താഴ്വാരങ്ങളും നിഷ്പ്രയാസം മനസ്സിലാക്കിയിട്ടുള്ളവരുമാണ് കുറിച്യർ.

## 2

## കുടുംബ ഘടന, ആചാരങ്ങൾ, ചടങ്ങുകൾ

സമൂഹത്തിന്റെ പൊതുധാരയിൽ നിന്ന് ദീർഘകാലമായി അകന്ന് ആചാരനുഷ്ഠാനങ്ങളിലും ജീവിതചര്യകളിലും തനതു വ്യക്തിത്വം നിലനിർത്തി ജീവിച്ചുപോകുന്നവരാണ് ഗോത്ര ജനത. വേഷം കൊണ്ടും ആചാരനുഷ്ഠാനങ്ങൾ കൊണ്ടും പാരമ്പര്യ ജീവിതരീതി പിന്തുടർന്നു കഴിയുന്നവരാണിവർ. ഗോത്ര സമൂഹങ്ങളെല്ലാം സുദൃഢമായ ഒരു സമൂഹവ്യവസ്ഥയിലാണ് പുലർന്നിരുന്നത്. ഗോത്രവർഗ്ഗക്കാർക്കിടയിൽ തന്നെ 'ഉന്നതി'യിൽ നിൽക്കുന്ന വിഭാഗമാണ് കുറിച്യൻ.

### കുടുംബ ഘടന

മരുമക്കത്തായ സമ്പ്രദായം പിന്തുടർന്നിരുന്ന ജനവിഭാഗമാണ് കുറിച്യർ. പരമ്പരാഗതമായി അമ്മാവന്മാരിൽ നിന്നും മരുമക്കളിലേക്കാണ് സ്വത്തുക്കൾ കൈമാറി വന്നിരുന്നത്. കൂട്ടുകുടുംബ വ്യവസ്ഥിതി നിലനിർത്തി പോന്നിരുന്നവരായിരുന്നു കുറിച്യർ. വലിയ തറവാടുകളും കുടുംബങ്ങളുമാണ് കുറിച്യർക്കിടിയിലുള്ളത്. കുറിച്യർക്കിടിയിൽ 108 തറവാടുകൾ ആദ്യകാലങ്ങളിൽ ഉണ്ടായിരുന്നു എന്നാൽ അവയിൽ കുറെയേറെ കാലക്രമേണ  ഇല്ലാതായി. ഇന്ന് 56 തറവാടുകളാണ് നിലവിലുള്ളത്.

കൂട്ടുകുടുംബവ്യവസ്ഥയിൽ മരുമക്കൾക്കായിരുന്നു പ്രാധാന്യം. സ്വത്തുക്കളിലും മറ്റും മക്കൾക്ക് യാതൊരു അവകാശവും ഉണ്ടായിരുന്നില്ല. ഓരോ കുടുബത്തിനും ഓരോ തലവനുണ്ടായിരുന്നു. *പിട്ടൻ* എന്നാണ് കുടുംബത്തിലെ പ്രായമേറിയവരെ വിളിക്കുക. എന്നാൽ *ഒടയ്ക്കാര*ന്റെ നേതൃത്വത്തിലാണ് എല്ലാ കാര്യങ്ങളും ചെയ്തിരുന്നത്. ഒടയ്ക്കാരനാണ് കുടുംബത്തിൽ എല്ലാ അധികാരവും ഉത്തരവാദിത്വവുമുള്ളത്. ഒടയ്ക്കാരനെയാണ് തരവാട്ടിലെ കാർണവരായി പറയുന്നത്.  കുടുംബത്തിൽ ഒടയ്ക്കാരന്റെ ഭാര്യക്കും സമാനമായ സ്ഥാനമാനങ്ങൾ നൽകുന്നു. ഒടയ്ക്കാരന്റെ ഭാര്യയെ 'ഒടയ്ക്കാരത്തി' എന്ന് വിളിക്കുന്നു. ആചാരനുഷ്ഠാനങ്ങളിൽ ഒടയ്ക്കാരനാണ് മുഖ്യ പങ്ക് വഹിക്കുന്നുത്. **കുറിച്യ 'മിറ്റം'**


ഓരോ മനുഷ്യന്റേയും ഒഴിച്ചുകൂടാനാവാത്ത ജീവിതഘടകമാണ് 'വീട്'. അല്ലെങ്കിൽ 'താമസയിടം' എന്നത്. കാടുമായി ഇണങ്ങിക്കഴിയുന്ന ഗോത്രവിഭാഗങ്ങൾക്കിടയിലും വീട് എന്ന സങ്കൽപം അത്യന്താപേക്ഷിതമായി നിലനിൽക്കുന്നു. മുള, വൈക്കോൽ, മൺകട്ടകൾ തുടങ്ങി അവനവന്റെ പരിസ്ഥിതിയിൽ നിന്നു ലഭ്യമായ വസ്തുക്കൾ മാത്രം ഉപയോഗിച്ചാണ് ഗോത്രവിഭാഗങ്ങൾ മുൻകാലങ്ങളിൽ വീട് നിർമ്മിച്ചിരുന്നത്.

കുറിച്യരുടെ വീടുകൾക്ക് വളരെയേറെ പ്രത്യേകതകളുണ്ട്. കുറിച്യർ താമസിക്കുന്നിടത്തെ 'മിറ്റം' എന്ന് പറയുന്നു. വളരെയേറെ വൃത്തിയും ചിട്ടയുമുള്ള ജീവിതമാണ് കുറിച്യരു

ടേത്. കുറിച്യ തറവാട് വീടിനെ *നാലുകെട്ട്പടിഞ്ഞേറ്റ* എന്നാണ് പറയുക. മൺകട്ട കൊണ്ട് ചുമരും മുള ഉപയോഗിച്ച് മേൽക്കൂരയുമുണ്ടാക്കി വൈക്കോൽ കൊണ്ട് മേഞ്ഞാണ് വീടുണ്ടാക്കുന്നത്. എന്നാൽ ഓടുമേഞ്ഞ വലിയ തറവാടുകളും വയനാടൻ കുറിച്യർക്കിടയിലുണ്ട്. കുറിച്യരുടെ നാലുകെട്ട് തറവാട്ടിൽ *പടിഞ്ഞേറ്റ*[2] കിഴക്കു ദിശയിലാണുണ്ടാവുക. പടിഞ്ഞേറ്റയുടെ വലതുഭാഗത്തെ മുറി *നെകലി*[3] ന്റേതാണ്. അവിടെ വിളക്ക് വെയ്ക്കുന്നു. സ്ത്രീകൾക്ക് ആ മുറിയിൽ പ്രവേശനമില്ല. പടിഞ്ഞേറ്റയുടെ ഇടതു ഭാഗത്ത് *പേന്*[4]യുടെ മുറിയാണ്.

നാലുകെട്ട് തറവാട്ടിലെ നടുമുറ്റത്ത് അതായത് പടിഞ്ഞേറ്റയുടെ വലതുഭാഗത്ത് നെകലിന്റെ മുറിയുടെ മുന്നിലായി മലക്കാരിയുടെ തറ സ്ഥിതി ചെയ്യുന്നു. പടിഞ്ഞേറ്റയുടെ ഇടതുഭാഗത്തായി തെയ്യത്തിന്റെ തറയും സ്ഥിതി ചെയ്യുന്നു. എന്നാൽ ചില മിറ്റങ്ങളിൽ വലതു വശത്തും ഇടതുവശത്തുമായി തറകൾ കാണാൻ സാധിക്കുന്നു. പടിഞ്ഞേറ്റ കൂടാതെ വടക്കേനംപുര, തെക്കേനംപുര എന്നിവയും നാലുകെട്ടിനുള്ളിൽ വരുന്നു. പടിഞ്ഞേറ്റയിൽ നിന്നും പതിനാറടി പുറകോട്ടായാണ് *എരക്കൂട്*[5] നിർമ്മിക്കുന്നത്. എരക്കൂടിനുള്ളിൽ തന്നെയാണ് *ഈറ്റുപൊരന്*[6] ഉണ്ടാകുക.

**കുറിച്യൻ തറവാട് (മുകളിൽ നിന്നുള്ള ദൃശ്യം)**



പഴയ തറവാടുകളിൽഎരക്കൂടിനോട് ചേർന്ന് നെല്ല് കുത്തുന്നതിനായി *നെല്ലുകുത്തുപുര* വീടിന്റെ പിറകിലായി ഉണ്ടാകും.

**ബന്ധു, പന്തി കുലങ്ങൾ,തറവാടുകൾ കുടുംബങ്ങൾ**

കുലങ്ങളെ രക്തബന്ധമുള്ള കുലങ്ങൾ അല്ലാത്ത കുലങ്ങൾ എന്നിങ്ങനെ വേർതിരിച്ചിരിക്കുന്നു. അതാണ് ബന്ധു, പന്തി എന്നുള്ള വേർതിരിവ്. ബന്ധുവിഭാഗത്തിൽ പെട്ടവരോ പന്തി വിഭാഗത്തിൽപ്പെട്ടവരോ തമ്മിൽ പരസ്പരം വിവാഹം നടത്താൻ പാടുള്ളതല്ല. ഇവരക്ത ബന്ധത്തെ സൂചിപ്പിക്കുന്നു. രക്തബന്ധമുള്ള കുലത്തിൽനിന്നുള്ള വിവാഹം അനുവദനീയമല്ല. അത് സമുദായ ഭ്രഷ്ടിന് കാരണമാകും.

പട്ടിക:1**കുറിച്യ സമുദായത്തിന്റ നിലവിലുള്ള തറവാടുകളുടെയുംകുടുംബങ്ങളുടെയും**[7] **വിവരം**

| ക്രമ നമ്പർ | ബന്ധു | | പന്തി | |
|---|---|---|---|---|
| | **കുടുംബം** | **തറവാട്** | **കുടുംബം** | **തറവാട്** |
| 1. | കരിമ്പിച്ചി | കൊടങ്ങോല | മാറാടി | പുതുറുമ്പിൽ |
| 2. | മട്ടലം കരിമ്പിച്ചി | മടിലിയം | നെല്ലേരി മാറാടി | നെല്ലേരി |
| 3. | കല്ലറ കരിമ്പിച്ചി | പാറമൂല | കരിമ്പിലി | നെടുമ്പിലാശ്ശേരി |
| 4.. | ആനി തലക്കറ | ആഞ്ഞിലി | നെല്ല് കുടിയൻ | കക്കോട്ടറ |
| 5 | കാർക്കോടൻ തലക്കറ | കാർക്കോട്ടിൽ | വാളാടൻ | ഇല്ലത്തുംമൂല |
| 6 | കൊടുമ തലക്കറ | കൊടുമയിൽ | ചെന്നകഞ്ഞൻ വാളാടൻ | ഒറ്റമലച്ചിൽ |
| 7. | പുരിത്തിമിലിയാടി | പുരിത്തിൽ | എടത്തന | എടത്തന |
| 8. | കുനിമൽ മിലിയടി | കുനിയിമ്മൽ | ചെറക്കര | കോളിമൂല |
| 9. | വെള്ളരിമിലിയടി | വെള്ളരി | കല്ലിയോടൻ | കല്ലിയോട്ട് |
| 10 | അതിരും കോലൻ | പാഞ്ചേരി | പുച്ചേരി | ചായിമ്മൽ |
| 11 | തോട്ടായി | എടലക്കുനി | കുണ്ടറ | കുണ്ടറമൂല |
| 12 | കൊന്നിയോടൻ | കൊന്നിയോട് | കൂടൻ | വാളമടിക്കിൽ |
| 13 | തേറ്റ | വെങ്ങലോട് | കുന്നം കോലൻ | ചേരുണ്ടാൾ |

| | | | | |
|---|---|---|---|---|
| 14 | പടിയേരി | ഞാറലോട്ട് | ഒതയംകോലൻ | ഒതയോത്ത് |
| 15 | പെരളത്തി | മുതുവാട്ടിൽ | എടപ്പിടി | എടപ്പിടി |
| 16 | എടമന | എടമന | പാലോടൻ | പാലോട്ട |
| 17 | ഇടുനീ | കിഴക്കുംപാട് (ഇടുനീ) | കാവ് പാലോടൻ | കാവിൽ |
| 18 | ചെമ്മേരി | താഴെതലപ്പുഴ | ചെന്നലാറ കുറ്റിയോടൻ | ചെന്നലാറ |
| 19 | പുതിയിടം ചമ്മേരി | പുതിയിടം | കുറ്റിയോട്ട് കുറ്റിയോടൻ | കുറ്റിയാട്ട് |
| 20 | കാക്കിലി | ഓടുടുമ്പിൽ | കേലിയോലൻ | നിട്ടറ |
| 21 | പറക്കാടൻ | വെള്ളോട്ടിൽ | പുത്തൂര് | കൊമ്മയാട്ട് |
| 22 | ചെറുല് | മെനരത്ത് | മാങ്ങണപുത്തൂറ് | മാങ്ങണ |
| 23 | എരിചേരി | ചേറാല | | |
| 24 | അയ്നിയാടൻ | ചെന്നമ്പാടി | വെണ്ണിയോറ | വെണ്ണിയോറ |
| 25 | ചൽപ്പ | പള്ളിയറ | ചേറും പാലൻ | കാക്കചിറ |
| 26 | പാടണി | കുഴിക്കണ്ടം | വെമോത്ത് | പുച്ചേരിവെമോത്ത് |
| 27 | പാലിയേരി | പാലേരി | കൊടിയേരി | പുളയ്ക്കൽ |
| 28 | കുക്കോടൻ | പൂക്കോട്ടിൽ | | |
| 29 | പെരിഞ്ചോല | പെരിഞ്ചോല | | |
| 30 | ചേലപെറോൽ | എരണക്കാല്ലി | | |

ആദ്യകാലങ്ങളിൽകുറിച്യതറവാടുകൾക്കിടയിൽ ബന്ധു-പന്തി വേർതിരിവുകൾ ഉണ്ടായിരുന്നില്ല. അന്ന് സമുദായത്തിനിടയിൽ *ചാർച്ചിപെണ്ണിനെ*[9] വിവാഹംചെയ്തിരുന്നു. പിന്നീട് അത്സമുദായനിയമത്തിനു അനുകൂലമല്ലാതെയായി. ഇങ്ങനെയുള്ള വിവാഹം മൂലം സമുദായത്തിൽ പല പ്രശ്നങ്ങളും അസ്വസ്ഥതകളും ഉണ്ടാവാൻ തുടങ്ങിയപ്പോൾ തറവാട്ടിലെ കാർണവന്മാർ ഒരുമിച്ചിരുന്നു കുറിച്യതറവാടുകളിൽതന്നെ ബന്ധു-പന്തി വേർതിരിവുകൾ ഉണ്ടാക്കുവാൻ തീരുമാനിച്ചു. അങ്ങനെ കുറിച്യർ പലതറവാടുകളായി വേർതിരിഞ്ഞു പോയി എന്ന് കരുതുന്നു.

**അരിചാർത്തൽ ചടങ്ങ്**

ഗർഭിണികളായ സ്ത്രീകൾക്ക് പ്രസവസമയം ബുദ്ധിമുട്ടുകൾ അനുഭവപ്പെടുകയോ മറ്റോ ചെയ്താൽ ഗർഭിണിക്ക് വേണ്ടി ചെയ്യുന്ന ചടങ്ങാണിത്. ഗർഭിണികൾ ഉള്ള വീട്ടിൽ

വിളക്ക്, അരി, വെറ്റില, അടയ്ക്ക എന്നിവ വച്ചു തമ്പിരാട്ടിയെ വിളിച്ചു പ്രാർത്ഥിക്കുകയും കോമരത്തെ കൊണ്ടാടുകയും ചെയ്യുന്നു. കുറിച്യരുടെ ആരാധന ദൈവമായ തമ്പിരാട്ടി കോരമത്തിന്റെ ശരീരത്തിൽ ഉറഞ്ഞു വരുകയും പ്രസവ സമയം വിഷമതകൾ അനുഭവിക്കുന്ന സ്ത്രീകളുടെ നെറുകയിൽ അരി ചാർത്തുകയും ചെയ്യുന്നു. തമ്പിരാട്ടി വന്ന് സ്ത്രീക്ക് അരിചാർത്തിയാൽ ഉടൻ തന്നെ സുഖപ്രസവം നടക്കുമെന്ന് വിശ്വസിക്കുന്നു.

**പ്രസവാനന്തര ചടങ്ങ്**

മറ്റെല്ലാ സമുദായത്തിലുമെന്ന പോലെ കുറിച്യർക്കിടയിലും നവജാത ശിശുവിന്റെ വരവ് സന്തോഷവേളയാണ്. കുറിച്യ സമുദായത്തിൽ ഒരു സ്ത്രീ ഗർഭിണിയായാൽ പ്രസവത്തിനു വേണ്ടി ഗർഭിണിയെ സ്വന്തം ഗൃഹത്തിലേക്ക് കൂട്ടിക്കൊണ്ടുപോകുന്ന രീതി കുറിച്യർക്കിടയിലില്ല. ഭർത്താവിന്റെ വീട്ടുകാരുടെ ചിലവിൽ തന്നെയാണ് അവളുടെ പ്രസവം നടക്കുന്നത്. കുറിച്യർക്കിടയിൽ ഗർഭിണിയായ സ്ത്രീ വീട്ടിൽ ഉണ്ടെങ്കിൽ അവളുടെ പ്രസവത്തോടടുപ്പിച്ച് കുടുംബത്തിലെ പ്രായമായ സ്ത്രീകൾ വീടുകളിൽ മൂന്ന് അപ്പം ചുട്ട് നോക്കിയാണ് ജനിക്കാൻ പോകുന്ന കുഞ്ഞ് ആണോ പെണ്ണോ എന്ന് മനസ്സിലാക്കുന്നത്. ചുട്ടെടുക്കുന്ന അപ്പം നല്ലതായി വന്നാൽ ജനിക്കുന്ന കുഞ്ഞ് ആൺ കുഞ്ഞാണെന്നും, ചുടുന്ന അപ്പം പൊട്ടിപ്പോയെങ്കിൽ ജനിക്കുന്ന കുഞ്ഞ് പെൺകുഞ്ഞാണെന്നും പറയുന്നു. ആദ്യത്തെ കുട്ടി പെൺകുട്ടി ആകണമെന്നതാണ് കുറിച്യരുടെ ഇഷ്ട്ടം. എന്തെന്നാൽ, ആദ്യത്തെ കുഞ്ഞ് ആൺകുഞ്ഞാണെങ്കിൽ മൂന്നാം പ്രസവത്തിന് അമ്മ മരണപ്പെടും എന്ന വിശ്വാസം കുറിച്യർക്കിടയിൽ ഉണ്ട്, (മാത്തൂർ: 1977:156-57).

കാലത്തിന്റെ മാറ്റത്തിനനുസരിച്ച് കുറിച്യ സമുദായത്തിലും മാറ്റങ്ങൾ വന്നിരിക്കുന്നു. ഇന്ന് ഗർഭിണിയുടെ പ്രത്യേക ശുശ്രൂഷയ്ക്കും സംരക്ഷണത്തിനും വേണ്ടി ഏഴാം മാസത്തിൽ സ്വന്തം വീട്ടിലേക്ക് കൊണ്ടുപോകുന്നു. കുറിച്യരുടെ എല്ലാവീടുകളിലും ഇന്നും വീടിനോടുചേർന്നു ഒരു 'എരക്കൂട്' ഉണ്ടാകും. ഈ എരക്കൂടിലാണ് കുടുംബത്തിലെ എല്ലാ സ്ത്രീകളും പ്രസവിക്കുന്നത്. സമുദായത്തിലെ മുതിർന്ന സ്ത്രീകളാണ് പ്രസവമെടുക്കുന്നത്. അവരെ 'വേറ്റിച്ചി' എന്നു വിളിക്കുന്നു. ജനിച്ചത് ആൺകുഞ്ഞാണെങ്കിൽ പുക്കിൾകൊടി മുറിക്കുന്ന സമയത്ത് വില്ല് അന്യോന്യം മുട്ടിയോ, ഞാൺ വലിച്ചു വിട്ടോ ശബ്ദമുണ്ടാക്കാറുണ്ട്. പെൺകുഞ്ഞാണെങ്കിൽ മുറമോ, പാളയോ കൊട്ടിയാണ് ശബ്ദമുണ്ടാക്കേണ്ടത്,(വയലേരി, 1996:22-19). വേറ്റിച്ചിയാണ് അമ്മയെയും കുഞ്ഞിനെയും ശുശ്രൂഷിക്കുന്നതും കുളിപ്പിക്കുകയും ചെയ്യുന്നത്. പ്രസവത്തിനു ശേഷം ഒരു പ്രത്യേക കുളിയുണ്ട് അതിനെ *പേക്കുളി* അല്ലെങ്കിൽ *പെറ്റുളി* എന്ന് പറയുന്നു. ജനിച്ച് പെൺകുട്ടിയാണെങ്കിൽ അഞ്ചാം ദിവസവും ആൺകുട്ടിയാണെങ്കിൽ നാലാം ദിവസവുമാണ് പെറ്റുളി നടത്തുന്നത്. പ്രസവിച്ച സ്ത്രീകൾക്ക് പ്രത്യേക രീതിയിലുള്ള ഭക്ഷണം നൽകുന്നു. പ്രസവത്തിനു ശേഷം അഞ്ച് ദിവസം *മെളഞ്ഞി* കൊടുക്കുന്നു. മഞ്ഞൾ, കുരുമുളക് എന്നിവ ഇട്ട പൊടിയരി കഞ്ഞിയാണിത്. അഞ്ച് ദിവസം ഇത് മാത്രമാണ് കുടിക്കുക. പ്രസവം ശേഷം കർശനമായ വാലായ്മപാലിക്കും. ആ ദിവസങ്ങളിൽ ആരും തന്നെ അമ്മയുടെയും കുട്ടിയുടെയും സമീപത്തേക്ക് പോവുകയില്ല.

വാലായ്മ കഴിയുന്നതു വരെ അച്ഛനും കുട്ടിയെ കാണുവാൻ പാടില്ലായിരുന്നു, (നെട്ടൂർ പി ദാമോദരൻ, 1974). തറവാട്ടിൽ ഒരു സ്ത്രീ പ്രസവിച്ചാൽ തറവാട്ടിൽ പെറ്റപൊല കഴിപ്പിക്കുന്നു. തറവാട്ടിലെ ഏതു സ്ത്രീ പ്രസവിച്ചാലും തറവാട്ടിൽ പെറ്റ കണക്കു കൊടുക്കണം എന്നാണ്. ജനിച്ചത് ആൺകുഞ്ഞാണെങ്കിൽ കാർണവര് എണ്ണ തേച്ച് മുങ്ങികുളിച്ചു പൊല കഴിപ്പിക്കണം. ജനിച്ചത് പെൺകുട്ടിയാണെങ്കിൽ തറവാട്ടിലെ ഒടയ്ക്കാരത്തി മുങ്ങി കുളിച്ചു പൊല കഴിപ്പിക്കുന്നു.

**നൂല്കെട്ടൽ, കാത്കുത്തൽ, 'കോച്ചുകെട്ടൽ'**

കുട്ടിയുടെ ജനനശേഷം ഇരുപത്തിയെട്ടാം ദിവസം കുട്ടിക്ക് നൂല്കെട്ടൽ നടത്തുന്നു. കാർണവരാണ് കുട്ടിയുടെ അരയിൽ നൂല് കെട്ടികൊടുക്കുന്നത്. കൂടാതെ കുട്ടിക്ക് ഒരു മാസം തികഞ്ഞാൽ കുറുക്കുകൊടുക്കൽ ചടങ്ങ് നടത്തുന്നു. അന്ന് തന്നെ കാർണവർ കുട്ടിയെ തൊട്ടിലിൽ കിടത്തുന്നു. കുറിച്യർക്കിടയിൽ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും ചെറുപ്രായത്തിൽ തന്നെ കാതുകുത്തുന്നു. പെൺകുട്ടികളുടെ കാതുകുത്ത് ചെറുപ്രായത്തിൽ നടന്നില്ലെങ്കിൽ തിരണ്ടു കല്ല്യാണത്തിനു മുമ്പ് കാതുകുത്ത് ചടങ്ങ് നടത്തുന്നു. എങ്കിൽ മാത്രമേ തിരണ്ടു കല്ല്യാണത്തിന്റെ ചടങ്ങ് നടത്താൻ പാടുള്ളൂ. നാല്പത്തൊന്നു ദിവസത്തിനുശേഷം കുട്ടിയുടെ പേരിടൽ ചടങ്ങ് നടത്തുന്നു. കുട്ടികൾക്ക് കണ്ണേറു കിട്ടാതിരിക്കാൻ *കോച്ചുകെട്ടുന്ന*[9] സമ്പ്രദായമുണ്ട്.

കുറിച്യർക്കിടയിൽ സ്ത്രീകളും പുരഷന്മാരും ഒരുപോലെ മുടി നീട്ടി വളർത്തുന്നു. പുരുഷന്മാർ മുടി വളർത്തി തലയുടെഇടത് വശത്തു കുടുമ കെട്ടിവയ്ക്കുന്നു. സ്ത്രീകൾ വെള്ളമുണ്ട് ഉടുക്കുകയും മറ്റൊന്ന് മാറ് മറയ്ക്കുകയും ചെയ്യുന്നു. ഇതിനെ മേക്കെട്ടു അല്ലെങ്കിൽ മാക്കെട്ടു എന്നു പറയുന്നു. ഇന്നത്തെ യുവതലമുറ അവരുടെ വസ്ത്ര ധാരണങ്ങളിൽ വളരെയേറെ മാറ്റങ്ങൾ വരുത്തിയിരിക്കുന്നു.

**ചോറുകൊടുക്കൽ ചടങ്ങ്**

വയനാടൻ കുറിച്യ സമുദായക്കാർക്കിടയിൽ ജനിച്ച കുട്ടിക്ക് ആറാം മാസം ആകുമ്പോൾ ചോറുകൊടുക്കൽ ചടങ്ങ് നടത്തുന്നു. കുറിച്യർ തിലാപത്ത്, മാങ്കുളിപ്പിക്കൽ[10] തുടങ്ങിയ വിശേഷപെട്ട ദിവസങ്ങളിലാണ് കൂടുതലായും കുട്ടികൾക്ക് ചോറ് കൊടുക്കൽ ചടങ്ങ് നടത്തുന്നത്. തറവാട്ടിൽ വച്ച് കാർണവരാണ് ഈ ചടങ്ങ് നടത്തുന്നത്. തറവാട്ടിലെ പടിഞ്ഞാറ്റയിൽ പായ വിരിച്ച്, കിഴക്ക് ദിശയിലേക്ക് തിരിച്ച് നാക്കില വയ്ക്കുന്നു. വിളക്ക്, തേങ്ങ, തിരി, വെറ്റില, അടയ്ക്ക എന്നിവയും അതിൽ വയ്ക്കുന്നു. ചടങ്ങിനായി ചാട, കേറ അഥവാ കോരി തുടങ്ങിയവ കൊണ്ട് തോട്ടിൽ നിന്ന് കണ്ണിമീനിനെ പിടിച്ചു പാത്രത്തിൽ ഇട്ടു വയ്ക്കുന്നു. വിളക്കു വച്ച നാക്കിലയുടെ സമീപത്തായി മറ്റൊരു നാക്കിലവയ്ക്കുന്നു.

ചടങ്ങിനു മുൻപായി അമ്മയും, അച്ഛനും, കുഞ്ഞും കാർണവരും കാവിൽ പോയി തെയ്യത്തെ തൊഴുത് പ്രദക്ഷിണം വയ്ക്കുന്നു. കുഞ്ഞിനെ കൊണ്ട് കുല ദൈവത്തിന് കാണിക്കകൊടുപ്പിക്കുന്നു. തറവാട്ടിൽ എത്തിയതിനു ശേഷം കുട്ടിയെ വെള്ളതോർത്ത്

മുണ്ടുടുപ്പിച്ചു കാർണവരുടെ മടിയിൽ ഇരുത്തുന്നു. കാർണവരുടെ മുൻപിലായി ഇലയിൽ ചോറ്, പപ്പടം, ഉപ്പ്, പഞ്ചസാര എന്നിവ വയ്ക്കുന്നു. കാർണവർ വിളക്ക് തൊഴുത് ഓരോ രണ്ടുമണി ചോറ് എടുത്ത് കുട്ടിയെ മൂന്നു തവണ ഉഴിയുന്നു. ആദ്യത്തെ പ്രാവശ്യം കുട്ടിയെ ഉഴിഞ്ഞു ചോറ് മീൻ വെള്ളത്തിൽ ഇടുന്നു. പിന്നീട് ഉഴിഞ്ഞു ഇലയുടെ വലതുവശത്തേക്ക് ഭൂമി ദേവിക്ക് സമർപ്പിക്കുന്നു. പിന്നീട് ഉഴിഞ്ഞു ഇടതു വശത്തേക്ക് ചൊക്കന് (നായ) സമർപ്പിക്കുന്നു. അവസാനം ഉഴിഞ്ഞ് മീൻ വെള്ളത്തിൽ തൊട്ട് കുട്ടിയുടെ വായിൽ നടുവിരൽ കൊണ്ട് ചോറ് തൊട്ട് വച്ച് കൊടുക്കുന്നു. പിന്നീട് ഉച്ചത്തിൽ പേരു വിളിക്കുന്നു. ശേഷം കുട്ടിയെ കുട്ടിയുടെ അച്ഛന്റെ മടിയിൽ ഇരുത്തുന്നു. അച്ഛൻ കുട്ടിയ്ക്ക് ചോറു കൊടുക്കുന്നു. തുടർന്ന് അച്ഛന്റെയും അമ്മയുടെയും കുടുംബത്തിലുള്ള ഒരു സ്ത്രീ ആദ്യം ചോറ് കൊടുക്കുന്നു. ചടങ്ങിനു ശേഷം മീനിനെ തിരിച്ച് തോട്ടിൽ കൊണ്ട് പോയിടുകയും കത്തിച്ചുവച്ച വിളക്ക് *തമ്പായിയകത്ത്*[11]എടുത്തു വയ്ക്കുകയും ചെയ്യുന്നു.

ചെറിയ കുട്ടികളെ ഉറക്കുന്നതിന് പാടുന്ന ഒരു ഉറക്കുപാട്ട് ചുവടെ കൊടുക്കുന്നു.

1

**കുഞ്ഞനുറക്ക് പാട്ട്**[12]

വായീ മോളേ വായീ...
വേകമുറങ്ങ്ന്ന്... കുഞ്ഞാ....
വേകത്ത് നീ... ഒറങ്ങ്... കുട്ടീ
എനക്ക് പണിയുണ്ട്... മോളാ.....
വായീ മോളാ... വായീ... വായീ...
നേരം പോന്ന് മേളേ കുഞ്ഞാ...
വേകത്ത് നീ ഒറങ്ങ് മേനേ...
അമ്മ തന്നെ പണിയുണ്ട്
എന്റെ മോനു ബേകത്തുറങ്ങാപ്പാ... ഒറങ്ങ്...
അച്ഛനമ്മയ് പണി കേരി വരി മേനേ
വേകത്തുറങ്ങന്റെഞ്ഞീ കുഞ്ഞനേ...
വായീ... മേളേ വായീ... വായോ... വായോ
വേകത്ത് വാവോറങ്ങന്റെ കുഞ്ഞനേ
വാവുട്ട്യുറങ്ങ്ഞ്ഞീ വാവോട്... വാവോട്...
വാവോട് നീ മോനേ... വാവോട് നീ മോളാ...
വേകത്തുറങ്ങന്റെ നീ കുഞ്ഞാ... നീ കുഞ്ഞാ... നീ കുഞ്ഞാ...
അച്ഛനുങ്ങമ്മയു കാര്യാപൊയ്ത്തിനു പോയന്റെ
നീ കുഞ്ഞാവേകത്തുറങ്ങണേ നീ മോളേ... നീ മോളേ...
നീയാതോ വേകത്തോറങ്ങീട്ടോയില്ലെങ്കിൽ
അച്ഛനുങ്ങമ്മയും വേകത്ത് വന്ന്ട്ട് എന്നെ

തന്നെ കായന്റെ കുഞ്ഞനേ... കതുകൊണ്ട് ബേകത്തൊറങ്ങന്റെ നീ
മോളേ... നീ മോളേ....
കഞ്ഞീം കറിയൊന്നുങ്ങായിട്ടില്ലെന്റെ കുഞ്ഞനേ.... കുഞ്ഞനേ...
ആ ഓലു പണിയു കാരി വര്മ്പക്ക്
കഞ്ഞ്യൂം കറിയതോ ങ്ങായിട്ട്യില്ലങ്കിൽ.......
ഇല്ലെങ്കി... ഓല് വടിയോ വലിക്കന്റെ... കുഞ്ഞനേ... കുഞ്ഞനേ...
എന്നാലേ ഓല് ചൊടിക്ക്വല്ലോ നീ കുഞ്ഞാ...
വേകത്തുറങ്ങന്റെ നീ മോളാ.. നീ മോളാ...

ഒരു പ്രത്യേക ഈണത്തിൽ കാര്യങ്ങൾ പാട്ടായി പാടുന്നു. കുഞ്ഞിനോട് നേരം ഏറെ വൈകി പോയെന്നും അച്ഛനും അമ്മയുമൊക്കെ പണി കയറി വരുമ്പോഴേക്കും അവർക്കുള്ള ചോറും കറിയും തയ്യാറാക്കി വയ്ക്കണമെന്നും വേഗം ഉറങ്ങണമെന്നുമാണ് ഈ പാട്ടിൽ പറയുന്നത്. കുറിച്യർ തനത് ഭാഷ തന്നെയാണ് ഈ പാട്ടിൽ ഉപയോഗിച്ചിരിക്കുന്നത്.

കുറിച്യർക്കിടയിൽ തന്നെ കുഞ്ഞനുറക്ക് പാട്ടിന് പ്രാദേശിക വ്യതിയാനങ്ങൾ കാണാൻ സാധിക്കുന്നു. പാട്ടിൽ തന്നെ വിവിധ താളത്തിൽ പാടുന്നു.

**2**

**കുഞ്ഞനുറക്ക് പാട്ട്**[13]

ഒറങ്ങിക്കോ...
കുഞ്ഞാ... നീ...
അങ്ങനെ...യ്...
കുഞ്ഞനല്ലം...
കുളിപ്പിച്ചമ്മാ...
അങ്ങനം... തൊട്ടില്ല്
കെടത്തിയമ്മ....
ഒറങ്ങ് കുഞ്ഞാ...
അമ്മ മൊലപാല്....
കുടിച്ച് കുഞ്ഞാ....
കുളിപ്പിച്ചമ്മാ....
കുഞ്ഞനാ... തൊട്ടിലില്...
ഇട്ട് തന്ന്...
ഒന്ന്ണ്ട് കുഞ്ഞാ...
കെരയല്ലാ കുഞ്ഞാ...
ഒറങ്ങിക്കോ...
കണ്ടപ്പൂച്ചാ...
ബെരിയൂം കുഞ്ഞാ...
അങ്ങനെ.... യ്....

കണ്ണ്ല്.. തൂറീ... മാന്തിപൊത്തൂ....
ഒറങ്ങിക്കോ... കുഞ്ഞാ....
കെരയല്ലാ... കുഞ്ഞാ...

കുട്ടിയെ തൊട്ടിലിൽ കിടത്തി വേഗം ഉറങ്ങാനും ഇല്ലെങ്കിൽ കണ്ടൻപൂച്ച കണ്ണിൽ മാന്തും എന്നൊക്കെ പറഞ്ഞു പേടിപ്പിച്ചു കൊണ്ടാണ് ഈ പാട്ടിന്റെ വരികൾ പോകുന്നത്.

**തെരട്ട്/തെരണ്ട്/തിരണ്ട് കല്ല്യാണം**

കുറിച്യൻ സമുദായത്തിനിടയിലെ ഒരു പ്രധാനപ്പെട്ട ചടങ്ങാണ് വയസ്സറിയിക്കൽ കല്ല്യാണം. പെൺകുട്ടികൾ ഋതുമതികളാകുമ്പോൾ വളരെ ആഘോഷത്തോടെയാണ് കുറി ച്യർ ഈ ചടങ്ങ് നടത്താറുള്ളത്. സമയവും സൗകര്യവും ഒത്തുവരുമ്പോഴാണ് കുറിച്യർ തിരണ്ടു കല്ല്യാണം നടത്തുക. കൊയ്ത്തു കഴിഞ്ഞുള്ള കാലമാണ് ഇതിന് ഏറ്റവും ഉത്തമം.

സമുദായത്തിലെ ഒരു പെൺകുട്ടി തിരണ്ടുപോയാൽ അവൾ ആരും കാണാതെ തനിച്ച് ഒരിടത്തേക്ക് മാറിയിരിക്കുന്നു. ഇതിനെ *കാട്ടിലിരിക്കുക* എന്നാണ് പറയുക. തലയിലൂടെ മുണ്ടിട്ട് ഋതുമതിയായ പെൺകുട്ടി കാട്ടിലിരിക്കുന്നു. വിവരമറിഞ്ഞ ബന്ധുക്കൾ പിന്നീട് പെൺകുട്ടിയെ എരക്കൂട്ടിലേക്ക് മാറ്റുന്നു. അന്നു മുതൽ തിരണ്ടു കല്ല്യാണം കഴിയുന്നത് വരെ അവൾ അതിനുള്ളിൽ താമസിക്കണം. പെൺകുട്ടിയുടെ സംരക്ഷണത്തിനും സഹായത്തിനും മുതിർന്ന ഒരു സ്ത്രീ ഉണ്ടായിരിക്കും. ഏകദേശം ഏഴ് ദിവസമെങ്കിലും എരക്കൂട്ടിൽ കഴിയണം. പെൺകുട്ടിക്ക് ഉള്ള ഭക്ഷണവും വെള്ളവും മറ്റു സൗകര്യങ്ങളും എരക്കൂടിൽ എത്തിച്ചു കൊടു ക്കുന്നു.

പെൺകുട്ടി വയസ്സറിയിച്ചു കഴിഞ്ഞാൽ പിന്നീട് തിരണ്ടുകല്ല്യാണത്തിനുള്ള ദിവസം കുറിക്കലാണ്. ദൈവത്തെ കണ്ട് വിധി നോക്കിയാണ് തിരണ്ടു കല്ല്യാണദിനമായി നിശ്ചയിക്കു ക. ഈ ചടങ്ങിന് വേട്ടയാടൽ ഒരു അവിഭാജ്യഘടകമാണ്. പുരുഷന്മാർ എല്ലാവരും പെൺകുട്ടി യുടെ പേരിൽ നായാട്ടിന് ഇറങ്ങും. കാട്ടിൽ നിന്നും മാൻ, കാട്ടുപന്നി, കേയ തുടങ്ങിയ മൃഗ ങ്ങളെ നായാടി കൊണ്ടുവന്നിരുന്നു. നായാട്ടിനു പോയി ഇരയെ കിട്ടിയില്ലെങ്കിൽ പെൺകു ട്ടിക്കോ വീട്ടുകാർക്കോ എന്തെങ്കിലും കുറ്റങ്ങളോ കുഴപ്പങ്ങളോ ഉണ്ടെന്ന് സമുദായം കണക്കാ ക്കുന്നു. പിന്നീട് ഇതിന് പ്രായശ്ചിത്തം കണ്ടിട്ടു മാത്രമേ ചടങ്ങുകളിലേക്ക് കടക്കുകയുള്ളൂ.

കുറിച്യ സമുദായത്തിൽ തന്നെ തിരണ്ടു കല്ല്യാണ ചങ്ങിൽ തന്നെ പല പ്രാദേശിക വ്യതിയാനങ്ങളും കാണാൻ സാധിക്കും. വയനാട്ടിലെ മാനന്തവാടി പഞ്ചായത്തിലെ ഓടുടു മ്പിൽ കുറിച്യ സങ്കേതത്തിൽ ഈ ചടങ്ങിന് *തീണ്ടാർമുട്ട്* എന്നു പറയുന്നു. ഈ ചടങ്ങിന് നേതൃത്വം വഹിക്കുന്നത് *ചങ്ങാതി/കാലൊറക്കാരൻ*ആണ്. ചടങ്ങുകളും മറ്റും ചെയ്യാൻ വേണ്ടി മറ്റൊരു തറവാട്ടിൽ നിന്നും തിരഞ്ഞെടുക്കപ്പെടുന്നയാളാണ് ചങ്ങാതി. കുറിച്യരുടെഎല്ലാ ചട ങ്ങുകൾക്കും ചങ്ങാതിക്ക് പ്രഥമസ്ഥാനം ഉണ്ട്. ചങ്ങാതിയെ'കാലൊറക്കാരൻ' എന്നും വിളി ക്കുന്നു. തറവാടുകളിൽ ചടങ്ങുകൾ നടത്തുമ്പോൾ അതിനുള്ള ഒരുക്കങ്ങളും മറ്റും ചെയ്യുന്നത് കാലൊറക്കാരനാണ്. ചടങ്ങിന് ആവശ്യമായ സാധനങ്ങൾ വയ്കുവാൻ വേണ്ടി തിരഞ്ഞെ

ടുത്ത മുറിയെ 'കാലൊറഅകം' എന്നുവിളിക്കുന്നു. ആ മുറിയുടെ അവകാശം കാലൊറക്കാര നുള്ളതാണ്. ചടങ്ങുകഴിയുന്നതുവരെ നേതൃത്വം നൽകുകയും ചടങ്ങിനുശേഷം ബാക്കിയുള്ള സാധനങ്ങളും മറ്റുംകണക്കു പ്രകാരം ചങ്ങാതി ഒടയ്ക്കാരനെ ഏല്പിച്ചു കൊടുക്കണം. ഓരോ ഭാഗങ്ങളിലും നാലു വീടുകൾക്ക് ഒരു ചങ്ങാതി ഉണ്ടാകുമെന്നും ചങ്ങാതിയും പെണ്ണിന്റെ അമ്മായിയും കൂടിയാണ് പെൺകുട്ടി വയസ്സറിയിച്ചാൽ കുട്ടിയെ തീണ്ടാരമുറിയിൽ എത്തിക്കു ന്നത്. *ഇള്ളോനും*[14] *നാന്ത്രമ്മായിയും*[15]എന്നാണ് ചങ്ങാതിയെയും പെണ്ണിന്റെ അമ്മായിയെയും ഓടുടുമ്പിൽ കുറിച്യസങ്കേതത്തിലുള്ളവർ പറയുന്നത്.

പേരിയ ഭാഗത്തെമക്കോല കുറിച്യസങ്കേതത്തിൽ വയസ്സറിയിക്കൽ കല്ല്യാണത്തിന് *തെരട്ടുകല്ല്യാണം* എന്നു പറയുന്നു. ഈ ചടങ്ങിന് *കാലൊറക്കാരനാണ്*[16] പ്രഥമ സ്ഥാനം. ഒരു പെൺകുട്ടി ഋതുമതിയായാൽ ആദ്യം കുട്ടിയുടെ തറവാട്ടിലും മറ്റു കാർണവന്മാരെയും അറിയി ക്കുന്നു. പിന്നീട് കുട്ടിയെ പ്രത്യേക മുറിയായ എരക്കൂടിലേക്ക് മാറ്റുന്നു. കാവേരിപൊയിൽ പ്രദേശത്തിൽ എരക്കൂടിന് " എരക്കോട് " എന്നും, ചെറുവയൽ സങ്കേതത്തിൽ *ഒരക്കൂട്* എന്നും പറയുന്നു. ഋതുമതിയായി മൂന്നാം നാൾ തറവാട്ടിലുള്ളവർ കുട്ടിയെ *മൂന്നാംകുളി* കുളി പ്പിക്കുന്നു.

ഞായർ, ചൊവ്വ, വെള്ളി ദിവസങ്ങളാണ് തിരണ്ട്കല്ല്യാണത്തിനുള്ള ഉത്തമ ദിവസമായി കണക്കാക്കുന്നത്. പെണ്ണിന്റെ അമ്മയുടെ തറവാട്ടിലുള്ളവർ/കുടുംബത്തിലുള്ളവർ നിർബന്ധ മായും ചടങ്ങിന് പങ്കെടുക്കണം. പെണ്ണിന്റെ തറവാട്ടിൽ നിന്നും ചുവന്ന പട്ട്, വള തുടങ്ങിയവ കൊണ്ടുവരുന്നു. ചടങ്ങിനു നേതൃത്വം വഹിക്കുന്നത് *കാലൊറക്കാരനാ*ണ്. കാലൊറക്കാരൻ തന്റെ മുണ്ടിന്റെ കോന്തലയിൽ[17] കാലണയും അരയണയും കെട്ടിയിടുന്നു. ഇപ്പോഴും കാല ണയും അരയണയും തന്നെയാണ് ഉപയോഗിക്കുന്നത്. തിരണ്ട് കല്ല്യാണത്തിന് ആവശ്യമായ അരി, പച്ചരി, ഇറച്ചി, വിളക്ക് പലക, പൈസ തുടങ്ങിയവയൊക്കെ ഒടയ്ക്കാരൻ*കാലൊറ അക*[18] ത്തിൽ വെച്ച് കാലൊറക്കാരനെ ഏൽപ്പിക്കുന്നു.

തിരണ്ടു കല്ല്യാണത്തിന്റെ ചടങ്ങുകൾ സന്ധ്യയോടെയാണ് ആരംഭിക്കുന്നത്. അന്നേ ദിവസം ബന്ധുമിത്രാദികളൊക്കെ വീട്ടിൽ ഒത്തു ചേരുന്നു. ചടങ്ങിന് മുമ്പ് അഞ്ച് അല്ലെങ്കിൽ ഏഴ് സ്ത്രീകൾ പെൺകുട്ടിയെ പുഴയിൽ കുളിപ്പിക്കാൻ കൊണ്ടുപോകുന്നു. ശരീരമാസകലം മൂടി പുതച്ചാണ് പെൺകുട്ടിയെ പുഴക്കടവിലേക്ക് കൊണ്ടുപോവുക. പുരുഷന്മാർ കുട്ടിയെ ദർശിക്കാതിരിക്കാനാണ് ഇങ്ങനെ ചെയ്യുന്നത്. കൂടാതെ പിശാചുക്കൾ ബാധിക്കാതിരിക്കാതിരി ക്കുവാനായി പെൺകുട്ടിയുടെ കയ്യിൽ അരിവാൾകത്തിയും കൊടുത്തുവിടും. കുട്ടിയെ കുളിപ്പി ച്ചതിന് ശേഷം 'ഡബിൾമുണ്ട്' ഉടുപ്പിക്കുന്നു. ഇതിനെ *മാക്കെട്ട്* എന്നു പറയുന്നു. അമ്പലവ യൽ പ്രദേശങ്ങളിൽ ഇതിനെ *മേക്കെട്ടെന്നും*, കുണ്ടൂർമൂലയിൽ *നീലികെട്ടൽ* എന്നും പറയു ന്നു. അതിനുശേഷം കുട്ടിയുടെ കയ്യിലുള്ള കത്തി നിലത്ത് കുത്തിവെച്ച് വെറ്റിലയിൽ മുറുക്കി തുപ്പിക്കുന്നു. മുറുക്കി തുപ്പുന്നതിന്റെ നിറം നോക്കിയാണ് പെൺകുട്ടിയെ വിലയിരുത്തുന്നത്. മുറുക്കി തുപ്പുന്നത് ചുവപ്പ് നിറമാണെങ്കിൽ പെൺകുട്ടി ഉത്തമയാണെന്നും അങ്ങനെ അല്ലെ ങ്കിൽ കുട്ടിക്ക് ചില സ്വഭാവ ദോഷമുണ്ടെന്നും കാർണവന്മാർ കണക്കാക്കുന്നു.

പിന്നീട്പച്ചരിയും മഞ്ഞളും അരച്ച് കുട്ടിയുടെ പുരികത്തിനു മുകളിലും കഴുത്തിനും ചുട്ടിതൊടുന്നു. തുടർന്ന് പെൺകുട്ടിയുടെ അമ്മയുടെ തറവാട്ടിൽനിന്നും കൊണ്ടുവന്ന പട്ട്, അരഞ്ഞാണം, വള എന്നിവ ചാർത്തുന്നു. കാലൊറക്കാരൻ കുട്ടിയെ തുളസിയില ഉപയോഗിച്ച് ഇളനീർ വെള്ളം തളിക്കുന്നു. വയസ്സറിയിച്ചതിന് ശേഷം മാത്രമേ പെൺകുട്ടികൾക്ക് ആദ്യ മായി തേങ്ങയുടെ വെള്ളം സ്പർശിക്കുവാൻ സാധിക്കയുള്ളൂ. ഇളനീർ വെള്ളം തളിച്ചതിനു ശേഷം കുട്ടി വീടിന്റെ പടിഞ്ഞേറ്റയിൽ പ്രവേശിക്കുന്നു. വീടിന്റെ പടിഞ്ഞേറ്റയിൽ നിലവിളക്ക്, നെല്ല്, കൊളത്തിൽ[19] രണ്ട് സേർ അരിയും വയ്ക്കുന്നു. വലതു വശത്തെ പറയിൽ നെല്ലും ഇട തുവശത്തെ പറയിൽ അരിയും വെയ്ക്കുന്നു. പിന്നീട് കുട്ടിയെ വിളക്കിന് മുന്നിൽ ഇരുത്തി അഞ്ച് സ്ത്രീകളും കുട്ടിയുടെ നെറുകയിൽ അരിയിട്ട് അനുഗ്രഹിക്കുന്നു. അവസാനം കുട്ടി യുടെ അമ്മ അരിയെടുത്ത് കുട്ടിയുടെ നെറുകയിൽ വെച്ചുകൊണ്ട് '*ഏഴു പെറ്റ് കരുത്തിയ പെറ്*[20]' എന്ന വാചകം പറഞ്ഞു അനുഗ്രഹിക്കുന്നു. കുണ്ടൂർമൂല ഭാഗങ്ങളിൽ അവസാനം തറ വാട്ടിൽ നിന്നും *കിഞ്ഞൂട്ടി*[21] അരി ചാർത്തുന്നു.

വയസ്സറിയിക്കൽ കല്ല്യാണ ചടങ്ങിനു ശേഷം നേരം പുലരും വരെ പാട്ടുകൾ പാടുന്നു. വയസ്സറിയിക്കൽ ചടങ്ങിന്റെ ദിവസം നാരായണ പാട്ടാണ് പാടാറുള്ളത്. കുറിച്യവിഭാഗക്കാ രുടെ എല്ലാ ദൈവികകാര്യങ്ങളിലും ചടങ്ങുകളിലും നാരായണപ്പാട്ടിനാണ് പ്രാമുഖ്യം. ഗണപ തിയെ മുൻനിർത്തി ഗണപതിയെ സ്തുതിച്ച് പാടുന്ന പാട്ടാണ് നാരായണപ്പാട്ട്. ഒരാൾ പാടു കയും മറ്റുള്ളവർ ഏറ്റു പാടുകയും ചെയ്യുന്നു. നാരായണപ്പാട്ടിന്റെ ഒരു ഭാഗം ചുവടെ ചേർക്കുന്നു.

**നാരായണപ്പാട്ട്**

നാരായോ നാരായോ... നാരായണം

പാട്ടു കണപതി നാരായണം

നല്ലത് തുരിതുര്യോ പൊന്നുന്നാവ

നല്ലത് തുരിക്കണോ പൊന്നുന്നാവ

അങ്ങന തന്നല്ലേ ദൈവങ്ങള്

ഇങ്ങനെ തെന്നയ്യോ ദൈവങ്ങള്

പാട്ട് കണപത്യോ കാണണെങ്കി

നമ്മളെളവ്ടേക്ക് പോവ്യേണ്ട്ത്

പാട്ട് കണപത്യേ കാണണങ്കി

നായാട്ടു കൂട്ടത്ത് പോണംമ്പിന്നും

നായാട്ടു കൂട്ടത്ത് ചെന്നോക്കുമ്പം

പാട്ടു കണപ്ത്യോ കണ്ടില്ലാലം

കുന്നു കിലുക്കുമ്പിരം കൊല്ലുന്ന്

പാട്ടു കണപ്ത്മോ കണ്ടില്ല്യോടാ

ഇങ്ങത്തെവിടേക്കോ പോവ്യേണ്ടത്

മീൻപിടികൂട്ടത്ത് പോണംമ്പിന്നം

മീൻപിടികൂട്ടത്തോ ചെന്നോക്കുമ്പം

കാട്ടു കലക്ക്ന്ന് മീൻ പിടിക്ക്ന്ന്

പാട്ട് കണപത്യോ കണ്ടില്ലാലം

ഇങ്ങ്ത്തെവിടേക്കാ പോവ്യേണ്ടത്

കാറോണ പന്ത്യക്ക് പോണംമ്പിന്നം

കാറോണ പന്ത്യക്ക് ചെന്നോക്കുംമ്പം

കോട്ട നക്ല്ന്റെ ചെല്ലുണ്ടല്ലം

ഞായോം കൂട്ടല്ലോ കാണുന്നത്

ഇനിയിപ്പേവ്ടേക്കോ പോവ്യേണ്ടത്

ചങ്ങാതി വളവേല് പോണംമ്പിന്നം

ചങ്ങാതി വളവേലോ ചെന്നോക്കുംമ്പം

കളിയും ചിരിയല്ലേ കാണുന്നത്

അങ്ങനെയിരീ നായ കയ്യും നല്ലം

വെളക്കും നറുനായ വക്കുന്നുണ്ട്

തന്ന പടിഞ്ഞേറ്റ കോലായ്ല്

മൊളക് നറുനായ വിരിച്ചൂട്ന്ന്

കെട്ടൂട വെറ്റ്ല വെക്കുന്ന്ണ്ട്

കെറലൂടടയ്ക്കല്ലേ വെക്കുന്നത്

ഞേലും കറ കോട്ട പെറ്റൊല്ലമ്മേ

ഞേലും കറ കോട്ട പെറ്റൊരമ്മ

പുരുവാന ഒമ്പത് പെറ്റനമ്മ

പുരുവാന ഒമ്പത് പെറ്റനമ്മ

ആറ് പട്ച്ചോനോ കൊണ്ടുപോയി

മൂന്നല്ലം കുഞ്ഞനോയുണ്ട് പിന്നം[22]

വയസ്സറിയിക്കൽ കല്ല്യാണത്തിന്റെ ചടങ്ങുകൾക്ക് ശേഷം പാടുന്ന പാട്ടാണിത്. രണ്ടു പേർ തമ്മിലുള്ള സംഭാഷണ ശൈലിയിലാണ് ഈ പാട്ട് പാടുന്നത്. ഗണപതി ദൈവത്തെ വിളിച്ചാണ് ഈ പാട്ടിന് തുടക്കം കുറിക്കുന്നത്. ഗണപതിയെ കാണണമെങ്കിൽ അവിടെ വിളക്ക്, അരി, വെള്ളരിക്ക, വെറ്റില, അടയ്ക്ക എന്നിവ വയ്ക്കണം. ഗണപതിയെ കാണാൻ നായാട്ടു കൂട്ടത്ത് പോകാമെന്ന് പറയുന്നു. എന്നാൽ അവിടെ വേട്ടയാടിയ മൃഗത്തെ കൊല്ലുന്നത് മാത്രമേ കാണാൻ സാധിക്കുന്നുള്ളൂ. പിന്നീട് ഗണപതിയെ കാണാൻ മീൻപിടി കൂട്ടത്തിൽ പോകുന്നു. എന്നാൽ അവിടെ മീനിനെ പിടിക്കുന്നത് മാത്രമേ കാണാൻ സാധിക്കുന്നുള്ളൂ. പിന്നീട് ഗണപതിയെ അന്വേഷിച്ച് കാർണവന്മാരുടെ *പന്തിയക്ക്*[23] പോയി എന്നാൽ അവിടെ കാർണവന്മാരൊക്കെ കൂടി *ഞായം* (ന്യായം) പറയുന്നതും നെകലിനെ വരുത്തുന്നതുമൊക്കെയെ കാണുന്നുള്ളൂ. പിന്നീട് ചങ്ങാതി കൂട്ടത്തിൽ പോയി നോക്കിയപ്പോൾ അവിടെ ഗണപതിക്ക് പടിഞ്ഞേറ്റയിൽ വിളക്കും നറുനാഴിയും, വെറ്റിലയും, അടയ്ക്കയും വയ്ക്കുന്നത് കണ്ടു. അവിടുന്ന് ഗണപതിയെ സ്തുതിക്കുന്നു. അതാണ് ഈ പാട്ടിന്റെ സാരാംശം.

ചടങ്ങുകൾക്ക് ശേഷം പെൺകുട്ടിയെ മറ്റൊരു മുറിയിലേക്ക് കൂട്ടി കൊണ്ടുപോകുന്നു. മുറിയിൽ കയറുന്നതിന് മുമ്പ് പെൺകുട്ടിക്ക് അവളുടെ അമ്മായി *ബെല്ലവും*[24] തേങ്ങ വെള്ളവും വായിൽ വച്ചു കൊടുക്കുന്നു. എടവക പഞ്ചായത്തിലെ പെരിഞ്ചോലപ്രദേശത്ത് ചടങ്ങിനു ശേഷം കുട്ടിയെ ഇരുത്തുന്ന മുറിയെ *ചാച്ചമ്മ അകം* എന്ന് പറയുന്നു. അവിടെ നാത്തൂനാണ്[25] കുട്ടിക്ക് ബെല്ലവും തേങ്ങവെള്ളവും കൊടുക്കുന്നത്. ആ മുറിയിൽ വെച്ച് കുട്ടിക്കും അഞ്ച് സ്ത്രീകൾക്കും ഭക്ഷണം വിളമ്പുന്നു. കണക്കുപ്രകാരം അവർക്ക് ഏഴ് തവണ വിളമ്പണം . തോർത്ത് ധരിച്ച് മാത്രമേ ഭക്ഷണം വിളമ്പുകയുള്ളൂ. വയസ്സറിയിക്കൽ ചടങ്ങിന്റെ പ്രത്യേകതയാണ് ' ചക്കരചോറ്'. പച്ചരിയും ബെല്ലവും കൂട്ടിയാണ് പ്രത്യേക ഭക്ഷണം ഉണ്ടാക്കുന്നത്.

ഭക്ഷണത്തിനു ശേഷം, പെൺകുട്ടിയുടെ പട്ട് അഴിക്കാൻ നേരത്ത്, കാലൊറക്കാരന്റെ കൈയിൽ നിന്നും വെറ്റിലയും അടയ്ക്കയും വാങ്ങി കുട്ടി എല്ലാവർക്കും ദക്ഷിണയായി കൊടുക്കുന്നു. പെരിഞ്ചോല ഭാഗങ്ങളിൽ ചങ്ങാതി ആദ്യം പെൺകുട്ടിയുടെ കൈയിൽ വെറ്റിലയും അടയ്ക്കയും കൊടുക്കുകയും പെൺകുട്ടി അവ മടിയിൽ വയ്ക്കുന്നു. പിന്നീട് പെൺകുട്ടി മറ്റാളുകൾക്ക് ദക്ഷിണ കൊടുക്കുന്നു. ചടങ്ങിനു ശേഷം കുട്ടിയെ കുട്ടിയുടെ തറവാട്ടിലേക്ക്

കൊണ്ടുപോകുന്നു. അതിനെ *ആളും പതിനാറും* എന്നു പറയുന്നു. അന്ന് പെൺകുട്ടി അവിടെ അന്തി ഉറങ്ങണം എന്നാണ് വിശ്വാസം. പിന്നീട് *ഇള്ളോനും നാത്രമ്മായിയും*[26]തറവാട്ടിൽ നിന്ന് വന്ന് പെൺകുട്ടിയെ കൂട്ടി കൊണ്ടുപോകുന്നു. തിരണ്ടു കല്ല്യാണത്തിനു മുമ്പ് തന്നെ കാതുകുത്തണം എന്ന് കുറിച്യർക്ക് നിർബന്ധമുണ്ട്. കാതുകുത്തിയാൽ മാത്രമേ വയസ്സറിയിക്കൽ ചടങ്ങ് നടത്താൻ പാടുള്ളൂ എന്നും കാതുകുത്തിയാൽ മാത്രമേ പെണ്ണായി കണക്കാക്കിയിരുന്നുള്ളൂ. അതിനാൽ ചില കുട്ടികൾക്കു വയസ്സറിയിക്കൽ കല്ല്യാണത്തിന്റെ ചടങ്ങ് നടത്തുന്നതിനു മുമ്പ് കാതുകുത്തൽ ചടങ്ങും നടത്തുന്നു.

കുറിച്യർക്കിടയിൽ തിരണ്ടു കല്ല്യാണ പാട്ടിൽ ധാരാളം പ്രാദേശിക വ്യതിയാനം കാണാൻ സാധിക്കുന്നു. കുറിച്യ മിറ്റങ്ങളിൽ കാണപ്പെടുന്ന ഭാഷാഭേദം പോലെ തന്നെ കുറിച്യ വായ്മൊഴിയിലും ഭേദങ്ങൾ കാണാൻ സാധിക്കുന്നു. തെരണ്ടു കല്ല്യാണ ചടങ്ങിനു ശേഷം കൂട്ടത്തോടെ ഇരുന്നു പാടുന്ന ഒരു പാട്ട് ചുവടെ ചേർക്കുന്നു.

ചക്കിച്ചിപെണ്ണ് തെരണ്ടോയി മേളേ...

കല്യാണം കൊള്ളണ്ടേ പെണ്ണേ... (2)

ചക്കിച്ചി പെണ്ണ് തെരണ്ടോയി മേളേ

കല്യാണം കൊള്ളണ്ടേ മാമാ...

നായാട്ട് പോകണ്ടേ മാമാ...

ചക്കിച്ചി പെണ്ണ് തെരണ്ടോയി മാമാ...

മീന് പിടിക്കണ്ടേ മാമാ...

ചക്കിച്ചി പെണ്ണ് തെരണ്ടോയി മാമാ[27]... (2)

ചക്കിച്ചി പെണ്ണ് വയസ്സറിയിച്ചെന്നും കല്ല്യാണം നടത്തുമ്പോൾ നായാട്ടിനു പോകണമെന്നും മീൻപിടിക്കാൻ പോകണമെന്നുമാണ് ഈ പാട്ടിന്റെ സാരാംശം. മുകളിൽ സൂചിപ്പിച്ച ഓടുടുമ്പ്കുറിച്യ സങ്കേതത്തിൽ നിന്നും ശേഖരിച്ച കല്ല്യാണപ്പാട്ടിൽ നിന്നും വളരെയേറെ വ്യത്യാസം ഈ പാട്ടിൽ കണ്ടെത്താൻ കഴിയുന്നു. വിവിധ കുറിച്യ സങ്കേതങ്ങളിൽ പാട്ടുകളുടെ വരികളിലും ഈണത്തിലും ധാരാളം വ്യതിയാനങ്ങൾ കാണാൻ സാധിക്കും. ആദ്യകാലങ്ങളിൽ ആരൊക്കെയോ തനത് ഭാഷയിൽ പാടിവച്ചിരുന്ന പാട്ടുകൾ ഇന്നത്തെ തലമുറയിലുള്ളവർ തങ്ങളുടെ സൗകര്യമനുസരിച്ച് എളുപ്പ രീതിയിൽ അതിനെ മാറ്റാറുണ്ട്. തിരണ്ടു കല്ല്യാണ ചടങ്ങിൽതന്നെ ധാരാളം മാറ്റങ്ങൾ വന്നിരിക്കുന്നു. എന്നിരുന്നാലും കുറിച്യർ തങ്ങളുടെ ആചാരനുഷ്ഠാനങ്ങൾ നിലനിർത്തിപ്പോരുന്നുണ്ട്.

വിവാഹത്തോടനുബന്ധിച്ച് ഓരോ ഗോത്ര സമൂഹത്തിനും നിരവധി ആചാരനുഷ്ഠാനങ്ങളുണ്ട്. ചടങ്ങുകളുടെ വിശുദ്ധിയും മൂല്യങ്ങളും മറന്ന് ആഡംബരത്തിന്റെ പിറകിൽ പോകുന്ന ഇന്നത്തെ സമൂഹത്തിനു ഗോത്ര വിഭാഗത്തിന്റെ വിവാഹചടങ്ങുകൾ

വിചിത്രമായി തോന്നിയേക്കാം. കുറിച്യരെ സംബന്ധിച്ചിടത്തോളം കെട്ടുകല്ല്യാണത്തേക്കാൾ പ്രാധാന്യം തിരണ്ടു കല്ല്യാണത്തിനാണ്. ഒരു കുറിച്യപെൺകുട്ടിയുടെ ജീവിതത്തിലെ ഏറ്റവും സന്തോഷമുള്ള ഒരു സന്ദർഭമാണ് തിരണ്ടുകല്ല്യാണ ദിവസം. എന്നാൽ തിരണ്ടു കല്ല്യാണ ത്തിന്റെ ആർഭാടമോ ചിലവോ ഇല്ലാതെയാണ് കുറിച്യർ വിവാഹ ചടങ്ങ് നടത്തുക. കുറി ച്യരെ സംബന്ധിച്ചിടത്തോളം പെൺകുട്ടിയുടെ തറവാട്ടിൽ നിന്നാണ് വിവാഹം കഴിപ്പിച്ച് അയയ്ക്കുന്നത്. കുട്ടിയുടെ അച്ഛനോ അമ്മയ്ക്കോ അതിൽ അഭിപ്രായപ്പെടാനുള്ള അവകാശം ഉണ്ടായിരുന്നില്ല. മരുമക്കത്തായ സമ്പ്രദായം പിന്തുടരുന്നവരായതിനാൽ മുറചെറുക്കനാണ് മിക്കവാറും വിവാഹം ചെയ്യാറുള്ളത്. ചെറുക്കന്റെ കാർണവരാണ് പെണ്ണിന്റെ വീട്ടുകാരുമായി സംസാരിച്ച് കല്ല്യാണാലോചനയ്ക്ക് മുൻകൈയെടുക്കുന്നത്. പെണ്ണിന്റെ താൽപര്യങ്ങൾ വിവാഹകാര്യങ്ങളിൽ പരിഗണിച്ചിരുന്നില്ല.

**താലികെട്ട് കല്ല്യാണം**

കുറിച്യ സമുദായത്തിനിടയിൽ ആദ്യകാലങ്ങളിൽ താലികെട്ടു കല്ല്യാണം നിലനിന്നിരുന്നു. വയനാട്ടിലെ തവിഞ്ഞാൽ പഞ്ചായത്തിലെ എടമന കുറിച്യ തറവാട്ടിലുള്ളവർ കെട്ടുകല്ല്യാണം ഇങ്ങനെ വിശദീകരിക്കുന്നു. പെണ്ണിന്റെ തറവാട്ടിൽ നിന്നാണ് പെണ്ണിനെ ഇറക്കി കൊടുത്തിരുന്നത്. പെണ്ണിന്റെ തറവാട്ടിലെ ദൈവങ്ങളെ മുമ്പാക്കി കാർണവർ പെണ്ണിനെ ഇറക്കി കൊടുക്കുന്നു. അവിടെ വച്ച് ചെറുക്കൻ പെണ്ണിന്റെ കഴുത്തിൽ താലി കെട്ടി ചെറുവിരൽ കോർത്ത്പിടിച്ച് തറവാട്ടിൽ നിന്ന് ഇറങ്ങുന്നു.

വയനാട്ടിലെ ചുരുളി കുറിച്യ സങ്കേതത്തിലുള്ളവർ വളരെ വ്യത്യസ്തമായ രീതിയിലാണ് താലികെട്ടുകല്ല്യാണം വിശദീകരിക്കുന്നത്. വയസ്സറിയിക്കാത്ത പെൺകുട്ടികളെ അവരുടെ തറവാട്ടിൽ കൊണ്ടു വരുന്നുവെന്നും തറവാട്ടിൽ ഒരു പന്തൽ കെട്ടി എത്ര പെൺകുട്ടികൾ ഉണ്ടോ അത്രയും വാഴക്കുല പന്തലിൽ കെട്ടി തൂക്കി ഇടുന്നു. ചാച്ചിയമ്മമാരും[28] പെൺകുട്ടികൾക്കും മാത്രമേ പന്തലിൽ പ്രവേശനമുള്ളൂ. പന്തലിൽ വിളക്ക് കത്തിച്ചുവച്ച് ചടങ്ങ് നടത്തിയതിനു ശേഷം തൂക്കിയിട്ട വാഴക്കുലഒാരോന്നായി പുറത്തേക്ക് എറിയുന്നു. ചടങ്ങിനു ശേഷം കാർണവന്മാർക്ക് പെണ്ണിനെ ഇഷ്ടമായാൽ അവരുടെ മകനു വേണ്ടി പെണ്ണിനെ അവർ അവരുടെ തറവാട്ടിലേക്ക് കൊണ്ടുപോകുന്നു. പിന്നീട് കുട്ടിയുടെ തെരണ്ടുകല്ല്യാണം അവിടെ വച്ചാണ് നടത്തുന്നത്. തെരണ്ടുകല്ല്യാണത്തിനു ശേഷം മാത്രമേ ചെറുക്കനും പെണ്ണും തമ്മിൽ കാണുകയും ഒരുമിച്ചു ജീവിക്കുകയും ചെയ്തിരുന്നുള്ളൂ. പിന്നീട് പല കാരണങ്ങളാലും കുല ദൈവങ്ങളുടെ അപ്രീതിയാലും കെട്ടുകല്ല്യാണം നിർത്തലാക്കി.

**കല്ല്യാണം**

താലികെട്ടു കല്ല്യാണത്തിൽ നിന്നും വളരെ വ്യത്യസ്തമായ കല്ല്യാണ ചടങ്ങാണ് കുറിച്യർ നടത്തിയിരുന്നത്. വയസ്സറിയിക്കൽ ചടങ്ങിന് ഏതെങ്കിലും തറവാട്ടിൽ നിന്നുമുള്ള കാർണവർക്ക് പെൺകുട്ടിയെ ഇഷ്ടമായാൽ മകനുവേണ്ടി ആ പെണ്ണിനെ പറഞ്ഞു വയ്ക്കുന്ന

രീതിഉണ്ടായിരുന്നു. കുടുംബങ്ങളിൽ തന്നെ ബന്ധു, പന്തി എന്ന വേർതിരിവുകൾ ഉണ്ടായിരുന്നു. രക്ത ബന്ധത്തെ സൂചിപ്പിക്കുന്നതാണ് ഈ വേർതിരിവ്. പന്തിയിലുള്ളവർ തമ്മിലോ ബന്ധുവിലുള്ളവർ തമ്മിലോ വിവാഹം കഴിച്ചിരുന്നില്ല. ഇവർ രക്ത ബന്ധങ്ങൾ ആണെന്നാണ് വിശ്വാസം.

പെൺകുട്ടിയെ ഇഷ്ടമായാൽ മകനുവേണ്ടി കല്ല്യാണാലോചനയുമായി *നാട്ടുമൂപ്പനും, കൈക്കാരനും* പെണ്ണിന്റെ വീട്ടിൽ പോകുന്നു. കല്ല്യാണം നിശ്ചയിക്കപ്പെട്ടു കഴിഞ്ഞാൽ അതിന്റെ ചടങ്ങുകൾ നടത്തുന്നത് വധുവിന്റെ ഗൃഹത്തിൽ വെച്ചാണ്. നിശ്ചയിച്ച ദിവസം ചെറുക്കന്റെ വീട്ടിൽ നിന്നും മൂന്ന് പുരുഷന്മാരും മൂന്ന് സ്ത്രീകളും ചേർന്ന് പെണ്ണിനെ പെണ്ണിന്റെ തറവാട്ടിൽ നിന്നും കൂട്ടികൊണ്ടുപോകുന്ന ചടങ്ങാണ് കുറിച്യരെ സംബന്ധിച്ചിടത്തോളം വിവാഹം എന്നത്.

വയനാട്ടിലെ കുറിച്യ പ്രദേശമായ അരീക്കര സങ്കേതത്തിൽ പെണ്ണിനെ കൂട്ടികൊണ്ടുവരുമ്പോൾ പെണ്ണിന് മൂന്ന് മുണ്ട് കൊടുക്കുന്നു. ഒരു മുണ്ട് ഉടുക്കുവാനും, ഒരു മുണ്ട് പുതയ്ക്കുവാനും, വേറൊരു മുണ്ട് മാക്കെട്ടുവാനും ഉപയോഗിക്കുന്നു. വധുവിനെ പുതപ്പിച്ചാണ് ചെറുക്കന്റെ വീട്ടിലേക്ക് കൊണ്ടുവരുന്നത്. പുതുപെണ്ണ് വരന്റെ വീട്ടിലെത്തി ദിവസങ്ങൾ കഴിഞ്ഞതിന് ശേഷമേ വധൂവരന്മാർ കാണുകയും ഒന്നിച്ചു കഴിയുകയുമുള്ളൂ. എട്ടാം ദിവസത്തെ വിരുന്നിനാണ് ചെക്കനും പെണ്ണും നേരിൽ കാണുന്നത്. അതിനെ *എട്ടോടെട്ടു വിരുന്ന്* എന്നുപറയുന്നു. എന്നാൽ നിട്ടമാനി ഭാഗങ്ങളിൽ ഈ വിരുന്നിനെ *മരങ്ങ് പോക്ക്* എന്നുപറയുന്നു. കാപ്പാട്ട് മല ഭാഗങ്ങളിൽ *മറിൻപോക്ക്* എന്നും പറയുന്നു.

ചെറുക്കനും, പെണ്ണും, മച്ചുനനും, മച്ചുനിച്ചിയും പെണ്ണിന്റെ തറവാട്ടിലാണ് വിരുന്നു പോകുന്നത്. കാപ്പാട്ട് മല ഭാഗങ്ങളിൽ വിരുന്നിന് ചങ്ങാതിയും കൂടെ പോകണമെന്ന് നിർബന്ധമാണ്. ''വിവാഹം കഴിഞ്ഞ് ഏഴാം ദിവസമാണ് വിരുന്ന് പോകലെന്നും കൂടെ മൂന്നാമനും ഉണ്ടാകുന്നു. ''ഓന്നും ബിരുന്ന്'' (ഒന്നാം വിരുന്ന്) എന്നാണിത് അറിയപ്പെടുന്നത്'' (വയലേരി , 1996). വളരെ കെട്ടുറപ്പുള്ള കുടുംബ ജീവിതമാണ് കുറിച്യർക്കുള്ളത്. സദാചാരപരമായി വളരെ നിഷ്ഠയോടെ ജീവിക്കുന്നവരാണ് ഇവർ. മറ്റു ജാതിയിൽ നിന്ന് വിവാഹം കഴിക്കുകയോ വിവാഹേതര ലൈംഗിക ബന്ധം പുലർത്തുകയോ ചെയ്താൽ കുറിച്യ സദസ്സിൽ കാർണവർന്മാർ അതിന് പിഴ ശിക്ഷ വിധിക്കുകയും സദസ്സിന് മുന്നിൽ കുറ്റം ഏറ്റുപറയുകയും ചെയ്യണം. അതിനെ *പേനക്കൂട്ട്* എന്നും പറയുന്നു.

സമുദായത്തിൽ നിന്നും പുറത്താക്കുന്നതിനെ'ഉപ്പും കഞ്ഞിയും കൊടുത്ത് നാടിറക്കുക' എന്നുപറയുന്നു. കൂടാതെ 'പുണ്യം കയറ്റുക' എന്നും പറയുന്നു. പിന്നീട് അവർക്ക് സ്വന്തം സമുദായവുമായി യാതോരു ബന്ധവും ഉണ്ടായിരിക്കില്ല. *മച്ചുനത്തി*[29] അല്ലാതെ വേറെ പെണ്ണിനെ വിവാഹം ചെയ്യുന്നതിനെ *ക്റിയ ചാർത്തി* എന്നുപറയുന്നു. അങ്ങനെ വന്നാൽ ആ പ്രദേശത്തുള്ള അവരുടെ ചങ്ങാതിയാണ് പതിനാറ് പണം[30] തപ്പുകെട്ടിവെക്കേണ്ടത്.

കുറിച്യർക്കിടയിൽ സമുദായത്തിൽ നിന്ന് പുറത്താക്കുന്നവരെ മരിച്ചതായാണ് കണക്കാക്കുന്നത്. മരിച്ചവർക്ക് ചെയ്യുന്ന ചടങ്ങാണ് അത്തരം സന്ദർഭങ്ങളിൽ തറവാടുകളിൽ നട

ത്തുക. കുറിച്യർക്കിടയിൽ ഏകപത്നി രീതിയാണെങ്കിൽ പോലും ഒന്നിലധികം ഭാര്യമാരുള്ള പുരഷന്മാരുണ്ട്. എന്നാൽ കുറിച്യവിഭാഗക്കാർക്കിടയിൽ ഭാര്യയുടെയും തറവാട്ടുകാരുടെയും സമ്മതപ്രകാരം മാത്രമെ തുടർ വിവാഹം ചെയ്യുകയുള്ളൂ. ഇന്ന് കുറിച്യരുടെ ഈ രീതിക്ക് വളരെയേറെമാറ്റങ്ങൾ വന്നിരിക്കുന്നു. കാലത്തിന്റെ മാറ്റം അനുസരിച്ച് സമൂഹത്തിൽ പൊതുവിൽ നിലനിൽക്കുന്ന രീതിയിലുള്ള പെണ്ണുകാണലും, നിശ്ചയവും കല്ല്യാണവും ഇന്ന് നടത്തുന്നു. എന്നിരുന്നാലും ഇപ്പോഴും വിവാഹ കാര്യങ്ങൾ നടത്തുമ്പോഴും മറ്റ് ഏത് തരം ചടങ്ങുകൾക്കും തറവാടുകൾക്ക് പ്രാധാന്യം കൊടുക്കുന്നുണ്ട്. കുറിച്യർ അന്നും ഇന്നും മറ്റ് സമുദായങ്ങളുമായുള്ള വിവാഹത്തിൽ എതിർപ്പ് കാണിക്കുന്നവരാണ്. അങ്ങനെ വിവാഹം ചെയ്തവരെ വീട്ടിൽ നിന്ന് ഒഴിച്ചുമാറ്റി നിർത്തുന്നു. പ്രണയ വിവാഹം കുറിച്യരെ സംബന്ധിച്ചിടത്തോളം പ്രസക്തമല്ല. കാരണവന്മാർ നിശ്ചയിക്കുന്ന പുരുഷനും സ്ത്രീയും ഇഷ്ടമായാലും ഇല്ലെങ്കിലും വിവാഹത്തിന് സമ്മതിക്കണം.

**മരണാനന്തര ചടങ്ങ്**

ജനനം, വിവാഹം എന്നിവ പോലെതന്നെ മരണത്തെയും വിശ്വാസാചാരങ്ങളിൽ അധിഷ്ഠിതമായ ഒരു സാമൂഹിക സംഭവമായി വിവിധ ജനവിഭാഗങ്ങൾ കണക്കാക്കുന്നുണ്ട്. മരണം എന്ന പ്രതിഭാസത്തെക്കുറിച്ച് ഗോത്ര ജനത പല വിശ്വാസങ്ങളും വെച്ചുപലർത്തുന്നു. കുറിച്യർക്കിടയിൽ മൃതദേഹങ്ങൾ മണ്ണിൽ മറവുചെയ്യുന്ന രീതിയാണ്. സമുദായത്തിൽ ഒരാൾ മരണപ്പെട്ടാൽ മരണപ്പെട്ടയാളുടെ തറവാട്ടിലാണ് ആദ്യം വിവരമറിയിക്കുക. പിന്നീട് മറ്റു തറവാടുകളിലും വിവരം എത്തിക്കുന്നു. മരണപ്പെട്ടയാളുടെ തറവാട്ടിൽ നിന്നുമുള്ളവർ നിർബന്ധമായും ചടങ്ങുകളിൽ പങ്കെടുക്കണം. തറവാട്ടിൽ നിന്നും മുണ്ട് കൊണ്ടുവരണമെന്നത് നിർബന്ധമാണ്. മരണപ്പെട്ടയാളുടെ പ്രദേശത്തെ തറവാട്ടിൽ നിന്നും മുണ്ടു കൊണ്ടുവരണം. അയാളുടെ തറവാട്ടിൽ നിന്നും പ്രദേശത്തെ തറവാട്ടിൽ നിന്നുമുള്ള അംഗങ്ങളാണ് ശവശരീരം കുളിപ്പിക്കുക.

തറവാട്ടിൽ ഒരു മരണം നടന്നാൽ ശവസംസ്ക്കാരം കഴിയാതെ ആരും ജലപാനം നടത്തുകയോ ഭക്ഷണം കഴിക്കുകയോ ചെയ്യാറില്ല. ചടങ്ങിന് മുമ്പ് തന്നെ കുലപേര് പ്രകാരമുള്ള ആളുകൾ പുഴയിൽ മുങ്ങി വെള്ളമെടുത്തു കൊണ്ടുവരണം. ഒരാൾ കുടത്തിലും മറ്റൊരാൾ ഇല്ലികുറ്റിയിലുമാണ് വെള്ളമെടുക്കേണ്ടത്. രണ്ട് രീതികളിലുള്ള കുളിപ്പിക്കലിനാണ് ഇങ്ങനെ വെള്ളമെടുക്കുന്നത്. കുടത്തിൽ വെള്ളം എടുക്കുന്നതിനു മുൻപ് ഒരു കുടത്തിൽ ചെറിയ ആണി കൊണ്ട് ദ്വാരം ഉണ്ടാക്കുന്നു. ആ ദ്വാരം ഉണങ്ങിയ പ്ലാവിന്റെ ഇല കൊണ്ട് അടച്ചു വച്ചാണ് അതിൽ വെള്ളമെടുക്കുന്നത്. ശവശരീരം കുളിപ്പിക്കാനായി തെക്കു - വടക്ക് ദിശയിൽ തല വച്ച് കിടത്തും കുടത്തിൽ വെള്ളം കൊണ്ടുവന്നയാൾ ഇടതുവശത്ത് തോളിൽ കുടംവച്ച് മൃതദേഹത്തിന്റെ കാലിന്റെ ഭാഗത്ത് നിന്ന് ഇടതുവശത്ത് കൂടി പ്രദക്ഷിണം വയ്ക്കുന്നു. എന്നാൽ കർമ്മം കഴിയുന്നതുവരെ ആ വെള്ളം തീർന്നു പോകുവാൻ പാടില്ല. മൂന്ന് പ്രാവശ്യം പ്രദക്ഷിണം വയ്ക്കുമ്പോൾ അയാൾ മൃതദേഹത്തിന്റെ കാലും തലയും തൊട്ട് വന്ദിക്കുന്നു. മൂന്നുപ്രദക്ഷിണം കഴിഞ്ഞതിനു ശേഷം കുടത്തിലെ അവശേഷിക്കുന്ന വെള്ളം

മൃതദേഹത്തിനു മുകളിലൂടെ ഒഴിച്ചു കുളിപ്പിക്കുന്നു. അതിനുശേഷം തലയുടെ ഭാഗത്ത് ആ കുടം വയ്ക്കുന്നു. ഈ കർമ്മം ചെയ്യുമ്പോൾ നേരത്തെ പറഞ്ഞ ഇല്ലികുറ്റിയിൽ വെള്ളമെടുത്തയാൾ മാറി നിൽക്കണം.

മൃതദേഹം കുളിപ്പിച്ചതിനു ശേഷം മരണപ്പെട്ടത് പുരുഷനാണെങ്കിൽ ഉടുക്കാൻ ഒരു മുണ്ടും, സ്ത്രീയാണെങ്കിൽ ഒരു മുണ്ടും കെട്ടാനുള്ള വേഷ്ടിയും ഉണ്ടാകും. ആദ്യമായി മൃതദേഹത്തിനു മുകളിൽ അവരുടെ പ്രദേശത്തെ തറവാട്ടിൽ നിന്നും കൊണ്ടുവന്ന മുണ്ടാണ് പുതപ്പിക്കുക. പിന്നീടാണ് സ്വന്തം തറവാട്ടിൽ നിന്നും കൊണ്ടുവന്ന മുണ്ട് പുതപ്പിക്കുന്നത്. പുരുഷന്മാരാണ് മരണപ്പെട്ടതെങ്കിൽ അവരെ കിടത്തിയിടത്ത് വലതുവശത്ത് അമ്പ് വയ്ക്കുന്നു. സ്ത്രീയാണെങ്കിൽ വലതുവശത്ത് മുത്താറികത്തിയും വയ്ക്കുന്നു. വെറ്റില മുറുക്കുന്നവരാണെങ്കിൽ വെറ്റിലയും അടയ്ക്കയും വലതുവശത്ത് വയ്ക്കുന്നു. കൂടാതെ ചിലർക്ക് അവരുടെ വായിലും വച്ചു കൊടുക്കുന്നു.

കുളിപ്പിച്ച് കോടി ഉടുപ്പിച്ച് വെള്ളത്തുണിയിൽ പൊതിഞ്ഞാണ് ശ്മശാനത്തിലേക്ക് എടുക്കുന്നത്. കുടിലിനും കാവുകൾക്കും സമീപം കുറിച്യർ ശവം അടക്കം ചെയ്യില്ല. മുള കൊണ്ടോ കാട്ടുകൊമ്പുകൾ കൊണ്ടോ കെട്ടിയുണ്ടാക്കിയ ഒരു മഞ്ചലിലാണ് മൃതദേഹം ചുമന്ന് ശ്മശാനത്തിൽ എത്തിക്കുന്നത്. ആ മഞ്ചലിനെ *ചമര* എന്നു പറയുന്നു. തെക്ക്-വടക്കായി കുഴി കുഴിക്കുന്നു. മരണപ്പെട്ടത് പുരുഷൻ ആണെങ്കിൽ വലതു വശത്ത് *അലച്ച്* കുഴി എടുക്കണം. എന്നു പറഞ്ഞാൽ കുഴിയെടുക്കുമ്പോൾ വലതു വശത്ത് ഉള്ളിലേക്ക് കയറ്റി കിടത്താൻ പാകത്തിന് മാളം പോലെ കുഴി എടുക്കണം. മുകളിൽ നിന്നും മണ്ണും ചളിയും മൃതദേഹത്തിന്റെ മുകളിൽ വീഴാതിരിക്കാനാണിത്. സ്ത്രീകളാണ് മരണപ്പെട്ടതെങ്കിൽ അവർക്ക് ഇടതുവശത്താണ് മാളം എടുക്കുന്നത്. അടക്കം ചെയ്യാൻ ശരീരം കൊണ്ടു പോകുമ്പോൾ ഓരോരുത്തരും *ചമര* മാറി മാറി പിടിക്കണം എന്നുള്ളത് നിർബന്ധമാണ്. പ്രാർത്ഥിച്ചതിനു ശേഷം മാത്രമേ *ചമര* കൈമാറ്റം ചെയ്യാൻ പാടുള്ളൂ. കൈമാറ്റം ചെയ്ത് പോകുന്നവർ മുന്നോട്ട് തന്നെ നീങ്ങണം കാലടി പുറകോട്ട് വയ്ക്കാൻ പാടില്ല എന്നത് നിർബന്ധമാണ്.

കുഴി എടുത്തതിനു ശേഷം ആരാണോ *ചമര* ആദ്യം പിടിച്ചത് അതിൽ ആറു പേര് ആ കുഴി പ്രദക്ഷിണം വയ്ക്കണം. അതിനുശേഷം കുഴിയുടെ ഇടതുഭാഗത്ത് മൃതശരീരം വയ്ക്കും. ശരീരം കുഴിയിലേക്ക് ഇറക്കുവാൻ വേണ്ടി പുതപ്പിച്ച തുണി മൂന്ന് കക്ഷ്ണമായും മൂന്നു കയറും ഉപയോഗിക്കുന്നു. കയർ ഇടതുഭാഗത്ത് നിന്ന് വലതു ഭാഗത്തേക്ക് ഇട്ട് ശരീരം കുഴിയിലേക്ക് ഇറക്കുന്നു. രണ്ടുപേർ കുഴിയിലേക്ക് ഇറങ്ങിയ ആൾ ഇറങ്ങിയ വശത്തിലൂടെ തന്നെ തിരിഞ്ഞു കയറി കുഴിയുടെ വശത്തുതന്നെ തിരിഞ്ഞിരിക്കണം. മറ്റുള്ളവരും കുഴിയുടെ ചുറ്റും തിരിഞ്ഞിരുന്നു രാമ മന്ത്രം ജപിച്ചു കൊണ്ട് മൂന്ന് പിടി മണ്ണ് കുഴിയിലേക്ക് സമർപ്പിക്കുന്നു. അതിനു ശേഷം കോലുകൾ ഉപയോഗിച്ച് കൊണ്ട് മണ്ണ് മൂടുന്നു.

കുഴി മൂടലിനു ശേഷം മുകളിൽ സൂചിപ്പിച്ച ഇല്ലികുറ്റിയിൽ വെള്ളമെടുത്തയാളും അഞ്ച് പേരും വെട്ടി മരത്തിന്റെ ഇല കൈയ്യിൽ പിടിച്ച് കുഴിയുടെ വലതുഭാഗം മുതൽ ഇടതുഭാഗം വരെ നിരന്നു നിൽക്കുന്നു. മുഖ്യ കർമ്മം ചെയ്യേണ്ടയാൾ വലതുവശം നിൽക്കുന്നു.

മൂന്നുപ്രാവശ്യം പ്രദക്ഷിണം വയ്ക്കുമ്പോൾ ഇലയിൽ ഇട്ട അരി വിതരണം ചെയ്യുന്നു. ഇലയിൽ ബാക്കിയുള്ള അരി മൃതദേഹത്തിന്റെ തലയുടെ ഭാഗത്ത് വയ്ക്കുന്നു. പിന്നീട് വലത് വശം നിന്നയാൾ ഇല്ലികുറ്റിയിലെ വെള്ളം ഉപയോഗിച്ച് കൈകഴുകി കർമ്മം തുടങ്ങുന്നു. അതിനുശേഷം പ്രാർത്ഥനയോടെ കർമ്മം അവസാനിപ്പിക്കുന്നു. കർമ്മത്തിനുശേഷം കുഴിമാടത്തിനരികിൽ ആരും നിൽക്കാൻ പാടില്ല എന്നാണ് വിശ്വാസം. സ്ത്രീകൾ ഈ ചടങ്ങിന് പങ്കെടുക്കാറില്ല. ശവസംസ്ക്കാരം കഴിഞ്ഞു വീട്ടിൽ എത്തി കഴിഞ്ഞാൽ വീട്ടുമുറ്റത്തെ കിണ്ണത്തിൽ വച്ചിരിക്കുന്ന എണ്ണ തേച്ച് മുങ്ങികുളിച്ചതിനുശേഷം പുണ്യാഹം കുടഞ്ഞതിനു ശേഷം മാത്രമേ വീട്ടിനകത്ത് കയറുകയുള്ളൂ.

***ചാത്ത് കയിപ്പിക്കുക***

മരിച്ചവർക്കുവേണ്ടി ബന്ധുക്കൾ പൊലയാചരിക്കുകയും പൊലകുളി അടിയന്തിരം നടത്തുകയും ചെയ്യുന്നതിൽ കുറിച്യർ വീഴ്ചവരുത്താറില്ല. പൊല നീക്കം ചെയ്യുന്നതിനെ *ചാത്ത് കയിപ്പിക്കുക* എന്നാണ് ഇവർ പറയുന്നത്. ഏഴു ദിവസവും പതിനാറു ദിവസവുമാണ് പൊല ആചരിക്കുന്നത്. ഓരോരുത്തരുടെയും സൗകര്യം അനുസരിച്ച് പൊലയുടെ ദിവസം കുറിക്കുകയും ചെയ്യുന്നു. പൊല നീക്കം ചെയ്യുന്നത് തറവാട്ടിൽ നിന്നു മാത്രമാണ്.

പൊലയുടെ ദിവസം കുറിക്കാൻ മരണപ്പെട്ടയാളുടെ വീട്ടിൽ നിന്നും കാലണ തറവാട്ടിൽ എത്തിച്ചുകൊടുക്കുന്നു. ആ കാലണയിൽ ആത്മാവിനെ ആവാഹിക്കുന്നു. ഏൽപ്പിച്ച കാലണ തറവാട്ടിൽ എടുത്തുവെയ്ക്കുന്നു. ഇതിനെ *ചാത്ത് കീക്കുക*എന്നു പറയുന്നു. കാലണ ഉപയോഗിച്ച് വിധി വച്ച് നോക്കിയാണ് പൊല *തട്ടിക്കുളിക്കണോ*, *എടുത്തുകുളിക്ക*ണോ എന്നുള്ള തീരുമാനം എടുക്കുന്നത്. അന്നേ ദിവസം പൊലയുടെ ദിവസം കുറിക്കുന്നു. *ചാത്ത് കയിപ്പി*ക്കുന്ന ദിവസം രാവിലെ തറവാട്ടിലേക്ക് മുക്കാൽ പണവും അരിയും എത്തിക്കുന്നു. *ചാത്ത് പണം, ചാത്ത് അരി*എന്നിവ എത്തണമെന്നാണ് കണക്ക്. കൂടാതെ എണ്ണ, കിണ്ണം തുടങ്ങിയവയും എത്തിക്കുന്നു. മരണപ്പെട്ടത് പുരുഷനാണെങ്കിൽ ഒരു നിലവിളക്ക്, വെറ്റില എന്നിവയും, സ്ത്രീയാണെങ്കിൽ അരികത്തിയും തറവാട്ടിൽ ഏൽപിക്കുന്നു.[31]

അന്നേ ദിവസം വീട്ടുമുറ്റത്ത് സ്ത്രീകൾക്കും പുരുഷന്മാർക്കും വേണ്ടി രണ്ടു കിണ്ണത്തിൽ എണ്ണ വയ്ക്കുന്നു. എണ്ണ തേക്കുന്നതിലും ചില ചിട്ടവട്ടങ്ങളുണ്ട്. തറവാട്ടിലെ മൂത്ത കാർണവരാണ് ആദ്യം എണ്ണ തേക്കുന്നത്. തുടർന്ന് എല്ലാവരും മുങ്ങി കുളിച്ചുവരുന്നു. കുളിച്ചുവരുന്ന ഓരോരുത്തരെയും തേങ്ങവെള്ളം ഉപയോഗിച്ച് പുണ്യാഹം തളിക്കുകയും തേങ്ങവെള്ളം കുടിപ്പിക്കുകയും ചെയ്തതിനു ശേഷം മാത്രമേ വീടിനകത്തേക്ക് പ്രവേശിക്കുകയുള്ളൂ. തുടർന്ന് മത്സ്യവും മാംസവും ഉൾപ്പെടുന്ന ഭക്ഷണം ഉണ്ടാകും. കുറിച്യർക്കിടയിൽ ബലിതർപ്പണ ചടങ്ങ് ഉണ്ടായിരുന്നില്ല.

**നെകല് (മുനി)**

മരിച്ചു കഴിഞ്ഞാലും ആത്മാക്കൾ വീണ്ടും ജീവിക്കുന്നുവെന്നും കുടുംബത്തിന്റെ ദുഃഖങ്ങളിൽ പങ്കാളികളാകുന്നു എന്നും വിശ്വസിക്കുന്നവരാണ് മിക്ക ഗോത്രജനതയും. കുറിച്യ സമുദായത്തിനിടയിൽ പുനർജനനം എന്ന വിശ്വാസത്തിനു വളരെയേറെ പ്രാധാന്യമുണ്ട്. മരണപ്പെട്ടയാൾ ദൈവത്തോട് കൂടുതൽ അടുത്ത് നിൽക്കുന്ന യാളാണെങ്കിൽ മരണപ്പെട്ട് ഏഴാംനാൾ ഉയർത്തെഴുന്നേർക്കുന്നുവെന്ന് വിശ്വസിക്കുന്നു. മരണപ്പെട്ട പുരുഷന്മാരുടെ ആത്മാവിനെ 'നെകല്' എന്നും സ്ത്രീകളാ ണെങ്കിൽ 'പേന' എന്നുമാണ് പറയുന്നത്.

കുറിച്യസങ്കേതമായ അരീക്കരയിലുള്ളവർ നെകലിനെ ഇങ്ങനെ വിശദീകരിക്കുന്നു. മരണപ്പെട്ടയാൾ പുറംലോകത്ത് പോയി കഴിഞ്ഞാൽ നെകലായി മാറി പുനർജനിക്കാൻ ശിവനിൽ നിന്ന് വരം വാങ്ങണം. അങ്ങനെ വരം കിട്ടിയാൽ സമുദായത്തിലും മരണപ്പെട്ടയാളുടെ വീട്ടിലും അത് പ്രതിഫലമാകുന്നു. അതിനെ*ഓര്*[32] കാണിക്കുക എന്ന് പറയുന്നു. വിധി വച്ച് നോക്കി അതിനുള്ള കർമ്മങ്ങൾ ചെയ്തു കഴിഞ്ഞാൽ മരിച്ചയാൾ നെകലായി മാറുന്നു. പിന്നീട് അവരെ *നെകലായി* സ്ഥാനത്തേക്ക് ഇരുത്തുന്നു.

നാണയം വച്ച് വിധി നോക്കിയാണ് *നെകലി*നെ ഇരുത്തുന്നത്. കാലണ (തെയ്യം) വച്ച് നോക്കിയാണ് *നെകലിന്റെ* വിധി നോക്കുന്നത്. കുടുംബത്തിൽ എന്തെങ്കിലും ദോഷങ്ങളോ രോഗങ്ങളോ ഉണ്ടായാൽ *നെകൽ* കാണിച്ചു തരുമെന്നു വിശ്വസിക്കുന്നു. നെകലിനെ കൊണ്ടാടുമ്പോൾ കോമരത്തിന്റെ ശരീരത്തിൽ നെകൽ ഉറഞ്ഞു വരുകയും നിർദ്ദേശങ്ങൾ നൽക്കുകയും ചെയ്യുന്നു. കുറിച്യ തറവാടുകളിൽ നെകലിനെ കുടിയിരുത്തുന്ന പ്രത്യേക മുറി ഉണ്ടാകാറുണ്ട്. മുറിയിൽ *വല്ല്*[33] ഉപയോഗിച്ച് ഒരു കല്ല് മറച്ചു വയ്ക്കുന്നു. തറവാടുകളിലെ പടിഞ്ഞേറ്റയുടെ വലതുഭാഗമാണ് നെകലിന്റെ മുറി. മുത്താച്ചിയമ്മ അകത്തിന്റെ[34] പ്രായമായ സ്ത്രീകൾ ഉപയോഗിക്കുന്ന മുറിയുടെ ഇടതു ഭാഗം *പേന*യെയും കുടിയിരുത്തുന്നു.

നെകലിനെ കുറിച്ച് പല വിശ്വാസങ്ങളും കുറിച്യർക്കിടയിൽ നിലനിൽക്കുന്നു. പണ്ട് വള്ളിയൂർക്കാവിനോട് അടുത്തു കുറിച്യരുടെ കാർണവരായ നെകലിനെ കെട്ടി വച്ചിരുന്നുവെന്നും അക്കാലത്താണ് ഒരു ദിവസം വള്ളിയൂർക്കാവ് അമ്മയുടെ കല്ല് കാണാതാവുന്നത് എന്നും പറയപ്പെടുന്നു. നമ്പൂതിരിമാരും പണിക്കന്മാരും പ്രശ്നം വച്ച് നോക്കിയിട്ടും അമ്മയുടെ കല്ല് കണ്ടെത്താൻ സാധിച്ചില്ല. തുടർന്ന് അവിടെ കെട്ടിവച്ചിരുന്ന നെകൽ[35] കോമരത്തിന്റെ മേൽ ഉറഞ്ഞു വരുകയും അമ്മയുടെ കല്ല് കണ്ടെത്തി കൊടുക്കുകയും ചെയ്തു. ഇതേതുടർന്ന് അപമാനിക്കപ്പെട്ട നമ്പൂതിരിമാർ മന്ത്രവാദം ചെയ്ത് കുടിയിരിക്കുന്ന നെകലിന്റെ ശക്തിക്ക് കുറവ് വരുത്തിയെന്നും ഓലഞ്ചേരി സങ്കേതത്തിലെ കുറിച്യർ വിശ്വസിക്കുന്നു.

**കർക്കിടക പതിനാല്**

കുറിച്യർ കൊല്ലത്തിൽ ഒരിക്കൽ നടത്തുന്ന ചടങ്ങാണ് കർക്കിടക പതിനാല് അല്ലെങ്കിൽ ആടി പതിനാല്. കുറിച്യവീടുകളിലാണ് ഇത് നടത്താറുള്ളത്. കർക്കിടക

പതിനാലിനു വീടുകളിൽ അപ്പം ചുടുന്നു. അന്നേ ദിവസം ഉണ്ടാക്കുന്ന ഭക്ഷണം ആദ്യം *കറ്ക്കട്ട കേളന്*[36]കൊടുക്കണം.*കറ്ക്കട്ട കേളൻ* അസുര വർഗ്ഗത്തിൽപെട്ടതാണെന്നും കർക്കിടമാസത്തിലെ ഒന്ന് മുതൽ പതിനാല് വരെയാണ് ഭൂമിയിൽ അതിന്റെ വരവ് എന്നും വിശ്വസിക്കുന്നു. മനുഷ്യൻ കഴിക്കുന്ന ഭക്ഷണത്തിൽ *കറ്ക്കട്ട കേളൻ* കൊതി കൂടാതിരിക്കാനാണ് ഈ ചടങ്ങ് നടത്തുന്നത്. അന്നേ ദിവസം ഒരു നാക്കിലയിൽ ചോറും കറിയും മറ്റൊരു നാക്കിലയിൽ അപ്പവും, *കറ്ക്കട്ട*[37], ഓലപായുടെ കഷ്ണം, ചൂലിന്റെ കഷ്ണം എന്നിവ വച്ചു വീടിന്റെ പുറത്ത് അതിർത്തിയിലായി *കറ്ക്കട്ട കേളനു*വച്ചു കൊടുക്കുന്നു. കർക്കിടക പതിനാലിലെ ചടങ്ങിനു ശേഷം കറ്ക്കട്ടകേളനെ ഭൂമിയിൽ നിന്നും പറഞ്ഞുവിടുകയാണ് ചെയ്യുന്നത്. അന്നേ ദിവസം വരെ വീടുകളിൽ ഭക്ഷണത്തിൽ *പച്ച ചൊപ്പ്*[38]ചേർത്താണ് പാകം ചെയ്യുന്നത്.

ആധുനികതയുടെ പ്രവാഹത്തിനിടയിലും തങ്ങളുടെ സാംസ്കാരിക തനിമ നിലനിർത്തുന്നതിൽ ശ്രദ്ധ പുലർത്തുന്നവരാണ് കുറിച്യർ. ഇന്നും തനത് ആചാര നുഷ്ഠാനങ്ങൾക്ക് വലിയ തോതിൽ മാറ്റങ്ങൾ വരാതെ കുറിച്യർ കാത്തു സംരക്ഷിക്കുകയും ആചരിക്കുകയും ചെയ്യുന്നു. സമുദായത്തിന്റെ നിലനിൽപ്പിനെ ശക്തമാക്കാൻ ഇത്തരം ആചാരാനുഷ്ഠാനങ്ങൾ കൂടിയേ തീരൂ എന്ന തിരിച്ചറിവ് കുറിച്യക്കുണ്ട്.

**3**

# വ്യവഹാരഭാഷയും കുറിച്യരും

ഭാഷയുടെ ഉപയോഗത്തിൽ സാമുദായികമായ അസ്ഥിത്വം പുലർത്തുന്നവരാണ് കുറിച്യർ. ജനനം മുതൽ മരണം വരെയുള്ള ഓരോ ആചാരനുഷ്ഠാനങ്ങളിലും വളരെ കൃത്യമായി പാരമ്പര്യ ഭാഷ ഉപയോഗിക്കുന്നവരാണ് കുറിച്യർ. പ്രത്യേക ഈണത്തോടെ ലളിതമായ വാക്കുകളാൽ നീട്ടിയും കുറുക്കിയും വളരെ സാന്ദർഭികമായി ഭാഷ ഉരുത്തിരിയുമ്പോൾ കുറിച്യരുടെ വ്യവഹാരഭാഷ അന്യസമുദായക്കാർക്ക് മനസ്സിലാക്കാൻ പ്രയാസമാകുന്നു. കുറിച്യരുടെ ഭാഷാപരമായ സവിശേഷതകളെ സംഗ്രഹിച്ച് ചേർക്കുകയാണിവിടെ ചെയ്യുന്നത്.

**ഭാഷാപരമായ സവിശേഷതകൾ**

പദമധ്യത്തിൽ 'അ' കാരത്തിന് പകരം 'എ' കാരം/പ്രയോഗിക്കൽ

**അ > എ**

ഭാഷണപ്രക്രിയയെ ലളിതമാക്കാൻ വേണ്ടി സ്വരങ്ങളെയും വ്യഞ്ജനങ്ങളെയും ഉചിതം പോലെ മാറ്റി പ്രയോഗിക്കുന്ന രീതി സാധാരണ എല്ലാ ജനങ്ങളുടെയും വ്യവഹാരഭാഷകളിൽ കണ്ടുവരുന്ന ഒന്നാണ്. ഇത്തരത്തിലുള്ള ഒന്നാണ് 'അ'കാര 'എ'കാര വിപര്യയം. 'അ'കാരത്തിന് പകരമുള്ള 'എ'കാരോച്ചാരണം വ്യവഹാരഭാഷയിൽ പൊതുവെ കാണപ്പെടുന്നുണ്ട്. ബെലം (ബലം), ശെരി (ശരി) എന്നിവ ഇതിനുദാഹരണങ്ങളാണ്. ഈ പദങ്ങളിലെ 'എ'കാരോച്ചാരണം അത്ര പ്രകടമല്ല. എന്നാൽ പദമധ്യത്തിൽ 'അ'കാരത്തിനു പകരം 'എ'കാരം പ്രകടമായും ഉച്ചരിക്കുന്ന സ്വഭാവമാണ് കുറിച്യരിൽ കണ്ടുവരുന്നത്.

**മറ്റ് പദങ്ങൾ**

| കുറിച്യഭാഷ | മലയാളഭാഷ |
|---|---|
| ❖ പെല്ല് | പല്ല് |
| ❖ ചെകിരി | ചകിരി |
| ❖ നെരി | നരി |
| ❖ നെരച്ചത് | നരച്ചത് |
| ❖ കെരച്ചിൽ | കരച്ചിൽ |
| ❖ മെറുന്ന് | മരുന്ന് |
| ❖ മെരുഓയെൻ | മരുമകൻ |

| | |
|---|---|
| ❖ നെനയ്ക്കുക | നനയ്ക്കുക |
| ❖ പെരയുക | പറയുക |
| ❖ കെഞ്ഞി | കഞ്ഞി |
| ❖ ബെന്നുണ്ട് | വരുന്നുണ്ട് |
| ❖ നെച്ച്രത്രം | നക്ഷത്രം |
| ❖ ഗെരണം | ഗ്രഹം |

മധ്യത്തിൽ 'ആ' കാരത്തിന് പകരം 'ഏ' കാരം

**ആ > ഏ**

| **കുറിച്യഭാഷ** | **മലയാളഭാഷ** |
|---|---|
| ❖ ഞേല്ങ്കായ് | ഞാവൽപ്പഴം |

പദാദിയിൽ 'ഇ' കാരത്തിന് പകരം 'എ' കാരം വരുന്നത്

**ഇ > എ**

| **കുറിച്യഭാഷ** | **മലയാളഭാഷ** |
|---|---|
| ❖ എല | ഇല |
| ❖ എളംകാറ്റ് | ഇളംകാറ്റ് |
| **പദമധ്യത്തിൽ 'ഇ'കാരത്തിന് പകരം 'എ'കാരം വരുന്നവ** | |
| ❖ നെലം | നിലം |
| ❖ വെളക്ക് | വിളക്ക് |
| ❖ കെയക്ക് | കിഴക്ക് |
| ❖ ചെലഞ്ഞി | ചിലന്തി |
| ❖ ചെതല് | ചിതൽ |
| ❖ ചെരവ | ചിരവ |
| ❖ വെരല് | വിരൽ |
| ❖ പെടക്കോയി | പിടക്കോഴി |
| ❖ ചെറക് | ചിറക് |
| ❖ വെറച്ച് | വിറച്ച് |
| ❖ തെര | തിര |

| | |
|---|---|
| ❖ നെര്പ്പ് | നിരപ്പ് |

പദാദിയിൽ ‘ ഉ ’ കാരത്തിന് പകരം ‘ ഇ ’ കാരം വരുന്നത്

**ഉ > ഒ**

| **കുറിച്യഭാഷ** | **മലയാളഭാഷ** |
|---|---|
| ❖ ഇച്ച | ഉച്ച |
| ❖ ഇറ്മ്പ് | ഉറുമ്പ് |
| ❖ ഇരള്ക്കേങ്ങ് | ഉരുളക്കിഴങ്ങ് |
| **പദമധ്യത്തിൽ ‘ഉ’കാരത്തിന് പകരം ‘ഇ’കാരം വരുന്നത്** | |
| ❖ കിറ്റി | കുറ്റി |
| ❖ പിലി | പുലി |
| ❖ പിട്ട് | പുട്ട് |
| ❖ പിരി | പുരികം |
| ❖ ചിരിളമുടി | ചുരുണ്ടമുടി |
| ❖ ചിറ്റും | ചുറ്റും |
| ❖ ചിറ്റിക | ചുറ്റിക |
| ❖ പില്ല് | പുല്ല് |

പദമധ്യത്തിൽ ‘ഉ’ കാരത്തിന് പകരം ‘അ’ കാരം

**ഉ > അ**

| **കുറിച്യഭാഷ** | **മലയാളഭാഷ** |
|---|---|
| ❖ പലിയാടി | പുലയാടി |

പദമധ്യത്തിൽ ‘ഉ’ കാരത്തിന് പകരം ‘ഒ’ കാരം വരുന്നത്

**ഉ > ഒ**

| **കുറിച്യഭാഷ** | **മലയാളഭാഷ** |
|---|---|
| ❖ പൊക | പുക |
| ❖ കൊളം | കുളം |

| | |
|---|---|
| ❖ മൊദല | മുതല |
| ❖ കൊദ്റ | കുതിര |
| ❖ ചൊടലക്കാറ്റ് | ചുഴലിക്കാറ്റ് |
| ❖ മൊറം | മുറം |
| ❖ കൊട്ട | കുട്ട |
| ❖ തൊളസി | തുളസി |
| ❖ കൊടല് | കുടൽ |
| ❖ കൊമള | കുമിള |
| ❖ പൊകല | പുകല |
| ❖ ചൊമറ് | ചുമര് |
| ❖ മൊള | മുള |
| ❖ പൊറം | പുറം |
| ❖ തൊട | തുട |
| ❖ മൊകം | മുഖം |

പദാദിയിൽ 'ഉ' കാരത്തിന് പകരം 'എ' കാരം വരുന്നത്

**ഉ > ഒ**

| കുറിച്യഭാഷ | മലയാളഭാഷ |
|---|---|
| ❖ ഒറളക്കേങ്ങ് | ഉരുളക്കിഴങ്ങ് |
| ❖ ഒലക്ക | ഉലക്ക |
| ❖ തൊളസി | തുളസി |
| ❖ ഒറങ്ങ | ഉറങ്ങുക |
| ❖ ഒണക്കമീന് | ഉണക്കമീൻ |

പദമധ്യത്തിൽ 'ഉ' കാരത്തിന് പകരം 'എ' കാരം വരുന്നത്

**ഉ > എ**

| കുറിച്യഭാഷ | മലയാളഭാഷ |
|---|---|
| ❖ കെല | കുല |
| ❖ പെര | പുര |

| | |
|---|---|
| ❖ പെലർച്ച | പുലർച്ച |
| ❖ കെറ | കുര |
| ❖ ചെറങ്ങ | ചുരക്ക |

പദാദിയിൽ 'ഉ' കാരത്തിന് പകരം 'എ' കാരം വരുന്നത്

**ഉ > എ**

| **കുറിച്യഭാഷ** | **മലയാളഭാഷ** |
|---|---|
| ❖ എള്ക്ക് | ഉളുക്ക് |
| ❖ എറള് | ഉരല് |
| ❖ എയരം | ഉയരം |

പദമധ്യത്തിൽ 'ഉ' കാരത്തിന് പകരം 'ഈ' കാരം

**ഉ > ഈ**

| **കുറിച്യഭാഷ** | **മലയാളഭാഷ** |
|---|---|
| ❖ കീയാന | കുഴിയാന |

പദമധ്യത്തിൽ 'ഊ' കാരത്തിന് പകരം 'ഈ' കാരം

**ഊ > ഈ**

| **കുറിച്യഭാഷ** | **മലയാളഭാഷ** |
|---|---|
| ❖ നീല് | നൂല് |
| ❖ പീങ്ങി | പുഴുങ്ങി |

പദാന്ത്യത്തിലെ 'ഉ' കാരത്തിന് പകരം 'ഇ' കാരം

**ഉ > ഇ**

| **കുറിച്യഭാഷ** | **മലയാളഭാഷ** |
|---|---|
| ❖ കൈചടിച്ചി | കയ്യടിച്ചു |
| ❖ കടിച്ചി | കടിച്ചു |
| ❖ ഒടിച്ചി | ഒടിച്ചു |
| ❖ പിടിച്ചി | പിടിച്ചു |

പദാദിയിൽ 'ഒ' കാരത്തിന് പകരം 'എ' കാരം വരുന്നവ

**ഒ > എ**

| കുറിച്യഭാഷ | മലയാളഭാഷ |
|---|---|
| ❖ എച്ച | ഒച്ച |

പദമധ്യത്തിൽ 'ഒ' കാരത്തിന് പകരം 'എ' കാരമാകുന്നു

**ഒ > എ**

| കുറിച്യഭാഷ | മലയാളഭാഷ |
|---|---|
| ❖ കെല്ലം | കൊല്ലം |

പദമധ്യത്തിൽ''എ' കാരത്തിന് പകരം 'ഒ' കാരം വരുന്നത്

**എ > ഒ**

| കുറിച്യഭാഷ | മലയാളഭാഷ |
|---|---|
| ❖ വൊള്ളം/ ബൊള്ളം | വെള്ളം |

പദാദിയിൽ 'ഓ'കാരത്തിന് പകരം 'ഏ' കാരം വരുന്നത്

**ഓ > ഏ**

| കുറിച്യഭാഷ | മലയാളഭാഷ |
|---|---|
| ❖ ഏല | ഓല |
| പദമധ്യത്തിൽ 'ഓ' കാരത്തിന് പകരം 'ഏ' കാരം വരുന്നത് | |
| ❖ മേര് | മോര് |
| ❖ പേര | പോര |
| ❖ തേനെ | തോനെ (കൂടുതൽ) |
| ❖ മേനെ | മോനെ (സംബോധനാപദം) |

പദമധ്യത്തിൽ 'അ' കാരം 'ഓ' കാരമാകുന്നവ

**അ > ഓ**

| കുറിച്യഭാഷ | മലയാളഭാഷ |
|---|---|
| ❖ തോള | തവള |

'അം' പദാന്ത്യത്തിൽ വരുന്നത് 'ഒ'കാരമായി മാറുന്നു.

**അം > ഒ**

| കുറിച്യഭാഷ | മലയാളഭാഷ |
|---|---|

| | |
|---|---|
| ❖ അടക്കമരൊ | അടക്കമരം (കമുക്) |

പദമധ്യത്തിൽ 'ഊ'കാരത്തിന് പകരം 'ഈ' കാരം വരുന്നത്.

**ഊ > ഈ**

| കുറിച്യഭാഷ | മലയാളഭാഷ |
|---|---|
| ❖ ചീല് | ചൂല് |
| ❖ കീറ്റ് | കൂറ്റ് (ശബ്ദം) |

പദമധ്യത്തിൽ 'ഇ' കാരം 'ഏ' കാരമായി വരുന്നത്.

**ഇ > ഏ**

| കുറിച്യഭാഷ | മലയാളഭാഷ |
|---|---|
| ❖ കേക്ക് | കിഴക്ക് |

പദാദിയിൽ 'ഒ'കാരം 'ഓ'കാരമാകുന്നത്.

**ഒ > ഓ**

| കുറിച്യഭാഷ | മലയാളഭാഷ |
|---|---|
| ❖ തോല് | തൊലി |

പദമധ്യത്തിൽ 'ഓ'കാരം 'ഏ' കാരാകുന്നു

**ഓ > ഏ**

| കുറിച്യഭാഷ | മലയാളഭാഷ |
|---|---|
| ❖ നീർക്കേലി | നീർക്കോലി |
| ❖ മേര് | മോര് |

പദമധ്യത്തിൽ 'അ' കാരം 'ആ' കാരമാകുന്നു

**അ > ആ**

| കുറിച്യഭാഷ | മലയാളഭാഷ |
|---|---|
| ❖ മായ്‌വില്ല് | മഴവില്ല് |

പദാന്ത്യത്തിൽ 'ഉ' കാരത്തിന് പകരം സംവൃതോകാരം (ചന്ദ്രക്കല)

**ഉ > സംവൃതോകാരം (ചന്ദ്രക്കല)**

| കുറിച്യഭാഷ | മലയാളഭാഷ |
|---|---|
| ❖ ചന്ദ്രനുദിച്ച് | നിലാവ് ഉദിക്കുന്നു |
| ❖ ഉറ്പൊട്ട്ന്ന് | ഉറവ പൊട്ടുന്നു |
| ❖ പൊടിപാറ്ന്ന് | പൊടി പറക്കുന്നു |
| ❖ കെരയ്ന്ന് | കരഞ്ഞു / കരയുന്നു |
| ❖ നേരംപെലർന്ന് | സൂര്യനുദിച്ചു |
| ❖ സൂര്യൻ കുളിച്ച് | സൂര്യൻ അസ്തമിച്ചു |
| ❖ മായചാറ്ന്ന് | മഴപെയ്യുന്നു |
| ❖ ഉദിക്ക്ന്ന് | സൂര്യൻ ഉദിക്കുന്നു |
| ❖ ആഅ്ന്ന് | ആകുന്നു |
| ❖ ഉരുള്പൊട്ടുന്ന് | ഉരുൾ പൊട്ടുന്നു |
| ❖ ഇടി എട്ക്ക്ന്ന് | ഇടി പൊട്ടുന്നു |
| ❖ പെറ്റ് | ജനിച്ചു |
| ❖ ചത്ത് | മരിച്ചു |
| ❖ വാളിച്ച മിന്ന്ന് | മിന്നൽ എടുക്കുന്നു |

പദാദിയിൽ 'ര' കാരം 'ദ' കാരമാകുന്നത്.

**ര > ദ**

| കുറിച്യഭാഷ | മലയാളഭാഷ |
|---|---|
| ❖ ദാമു | രാമു |
| ❖ ദോഗം | രോഗം |
| ❖ ദായിലെ | രാവിലെ |

പദാദിയിൽ 'വ' കാരം 'ബ' കാരമായി മാറൽ

**വ > ബ**

| കുറിച്യഭാഷ | മലയാളഭാഷ |
|---|---|
| ❖ ബരിക്കചക്ക | വരിക്കചക്ക |
| ❖ ബില്ല് | വില്ല് |
| ❖ ബാതില് | വാതിൽ |

| | |
|---|---|
| ❖ ബേദന | വേദന |
| ❖ ബടി | വടി |
| ❖ ബായ് | വായ |
| ❖ ബായ/ബായി | വാഴ |
| ❖ ബൊള്ളം /വെള്ളം | വെള്ളം |
| ❖ ബെള്ളി | വെള്ളി |
| ❖ ബെറള് | വിരല് |
| ❖ ബേണം | വേണം |
| ❖ ബേലി | വേലി |
| ❖ ബാരിക്കെട്ടുക | വാരിക്കെട്ടുക |
| ❖ ബരം | വരം |
| ❖ ബെയ്ല് | വെയിൽ |
| ❖ ബെടിക്കാരൻ | വേട്ടക്കാരൻ |
| ❖ ബെറ്റല | വെറ്റില |
| ❖ ബായ്ക്കുട്ടി | വാഴക്കന്ന് |
| ❖ ബിത്ത് / ബ്ത്ത് | വിത്ത് |
| ❖ ബെറുക്കല് | വെറുപ്പ് |
| ❖ ബേകം | വേഗം |
| ❖ ബ്അ്അ് | വിശു |
| ❖ ബലത്ത് | വലത്ത് |
| ❖ ബേകം | വേഗം |
| ❖ ബള | വള |
| ❖ ബലത്ത് | വലത്തു |
| ❖ ബണ്ണം | വണ്ണം |
| ❖ ബെച്ച് | വെച്ചു |
| ❖ ബിരിച്ച് | വിരിച്ച് |

പദമധ്യത്തിൽ 'ഴ' കാരത്തിന് പകരം 'യ' കാരം വരുന്നവ

**ഴ > യ**

| കുറിച്യഭാഷ | മലയാളഭാഷ |
|---|---|
| ❖ വായ / ബായ | വാഴ |
| ❖ ബയി /വയി | വഴി |
| ❖ കയ്ത | കഴുത |
| ❖ മായ | മഴ |
| ❖ മൊയക്കം | മുഴക്കം |
| ❖ ആയം | ആഴം |
| ❖ പേയ | പുഴ |
| ❖ ഉയ്ന്ന് | ഉഴുന്ന് |

പദാദ്യത്തിൽ 'സ' കാരം 'ത' കാരമായി മാറുന്നു

**സ > ത**

| കുറിച്യഭാഷ | മലയാളഭാഷ |
|---|---|
| ❖ തത്യം | സത്യം |
| ❖ തഞ്ചി | സഞ്ചി |
| ❖ തമ്ശയം | സംശയം |
| ❖ തൂജി / തീജി | സൂചി |
| ❖ തങ്കടം | സങ്കടം |
| ❖ തൊകം | സുഖം |
| ❖ തന്തോയം | സന്തോഷം |

പദാദ്യത്തിൽ 'ച' കാരത്തിന് പകരം 'ത' കാരം വരുന്ന പദങ്ങൾ

**ച > ത**

| കുറിച്യഭാഷ | മലയാളഭാഷ |
|---|---|
| ❖ തൊമര് | ചുമര് |
| ❖ തമ്മിന്തി | ചമ്മന്തി |

പദാദ്യത്തിൽ ‘ശ’ കാരത്തിന് പകരം ‘ച’ കാരം വരുന്നവ

**ശ > ച**

| **കുറിച്യഭാഷ** | **മലയാളഭാഷ** |
|---|---|
| ❖ ചീലം | ശീലം |
| ❖ ചാപം | ശാപം |
| ❖ ചരം | ശരം |
| ❖ ചനി | ശനി |

പദമധ്യത്തിൽ ‘ശ’ കാരത്തിന് പകരം ‘യ’ കാരം വരുന്നവ

**ശ > യ**

| **കുറിച്യഭാഷ** | **മലയാളഭാഷ** |
|---|---|
| ❖ ആകായം | ആകാശം |

പദമധ്യത്തിൽ ‘ന’ കാരത്തിന് പകരം ‘ഞ’ കാരം വരുന്നത്

**ന > ഞ**

| **കുറിച്യഭാഷ** | **മലയാളഭാഷ** |
|---|---|
| ❖ ഞെല്ലിക്ക | നെല്ലിക്ക |
| പദാദ്യത്തിൽ ഞ കാരത്തിന് പകരം ‘ന’ കാരം വരുന്നു<br>□ഞ>ന | |
| ❖ നാന് | ഞാൻ |
| ❖ നങ്ങള് | ഞങ്ങൾ |

പദമധ്യത്തിൽ ‘ര’ കാരത്തിന് പകരം ‘റ’ കാരം വരുന്നു.

**ര > റ**

| **കുറിച്യഭാഷ** | **മലയാളഭാഷ** |
|---|---|
| ❖ പറിപ്പ് | പരിപ്പ് |
| ❖ കറടി | കരടി |
| ❖ കുദ്റ | കുതിര |
| ❖ എറുമ | എരുമ |
| ❖ അറണ | അരണ |
| ❖ മെറ്ന്ന് | മരുന്ന് |

പദമധ്യത്തിൽ ‘റ’ കാരത്തിന് പകരം ‘ര’ കാരം വരുന്നത്.

**റ > ര**

| **കുറിച്യഭാഷ** | **മലയാളഭാഷ** |
| --- | --- |
| ❖ ചൊരി | ചൊറി |
| ❖ കരി | കറി |
| **പദമധ്യത്തിൽ ‘ര’ കാരത്തിന് പകരം ‘റ’ കാരം വരുന്നവ** | |
| ❖ കറ്ക്ക് | കരിക്ക് |
| ❖ കറ്ക്കട്ട | കരി |

പദമധ്യത്തിൽ ‘ര’ കാരത്തിന് പകരം ‘ന’ കാരം വരുന്നു

**ര > ന**

| **കുറിച്യഭാഷ** | **മലയാളഭാഷ** |
| --- | --- |
| ❖ നണ്ട് | രണ്ട് |

പദമധ്യത്തിൽ ‘ര’ കാരം ‘ല’ കാരമായി മാറൽ

**ര > ല**

| **കുറിച്യഭാഷ** | **മലയാളഭാഷ** |
| --- | --- |
| ❖ ഓല് | അവര് |

പദമധ്യത്തിൽ ‘റ’ കാരം ‘ര’ കാരമായി മാറുന്നു.

**റ > ര**

| **കുറിച്യഭാഷ** | **മലയാളഭാഷ** |
| --- | --- |
| ❖ കുരി | കുറി |

പദമധ്യത്തിൽ ‘ര’ കാരത്തിന് പകരം ‘റ’ കാരം വരുന്നവ.

**ര > റ**

| **കുറിച്യഭാഷ** | **മലയാളഭാഷ** |
| --- | --- |
| ❖ അതാറ് | അതാര് |
| ❖ ഇതാറ് | ഇതാര് |
| ❖ അറ | അര |
| ❖ മറം | മരം |

പദമധ്യത്തിൽ 'ഴ' കാരത്തിന് പകരം 'ഔ ' കാരം വരുന്നവ

**ഴ > ഔ**

| കുറിച്യഭാഷ | മലയാളഭാഷ |
|---|---|
| ❖ പൗത്ത | പഴുത്ത |

പദമധ്യത്തിൽ 'ഷ' കാരത്തിന് പകരം 'ശ' കാരം വരുന്നത്

**ശ > ഷ**

| കുറിച്യഭാഷ | മലയാളഭാഷ |
|---|---|
| ❖ മെശി | മഷി |

'ശ' കാരത്തിന് പകരം 'യ' കാരം വരുന്ന പദം

**ശ > യ**

| കുറിച്യഭാഷ | മലയാളഭാഷ |
|---|---|
| ❖ പയ്യ് | പശു |

പദാദ്യത്തിൽ 'ശ' കാരത്തിന് പകരം 'ച' കാരം.

**ശ > ച**

| കുറിച്യഭാഷ | മലയാളഭാഷ |
|---|---|
| ❖ ചകം | ശവം |
| ❖ ചീദം | ശീതം |

പദാന്ത്യത്തിൽ 'ത'കാരത്തിന് പകരം 'ച' കാരം വരുന്നവ

**ത > ച**

| കുറിച്യഭാഷ | മലയാളഭാഷ |
|---|---|
| ❖ ചാടി | താടി |

പദാദ്യത്തിൽ 'മ' കാരത്തിന് പകരം 'ന' കാരം.

**മ > ന**

| കുറിച്യഭാഷ | മലയാളഭാഷ |
|---|---|
| ❖ നുപ്പത് | മുപ്പത് |
| ❖ നുമ്പില് | മുമ്പില് |

പദാദ്യത്തിൽ 'സ' കാരത്തിന് പകരം 'ച' കാരം.

**സ > ച**

| കുറിച്യഭാഷ | മലയാളഭാഷ |
|---|---|
| ❖ ചിങ്കം/ചിമ്മകം | സിംഹം |
| ❖ ചൂരിയൻ | സൂര്യൻ |

പദാദ്യത്തിൽ 'ഭ' കാരത്തിന് പകരം 'പ' കാരവും 'ബ' കാരവും വരുന്നത്

**ഭ > പ /ബ**

| കുറിച്യഭാഷ | മലയാളഭാഷ |
|---|---|
| ❖ പൂമി/ബൂമി | ഭൂമി |

പദാദ്യത്തിൽ 'ധ' കാരത്തിന് പകരം 'ദ' കാരം വരുന്നത്

**ധ > ദ**

| കുറിച്യഭാഷ | മലയാളഭാഷ |
|---|---|
| ❖ ദൈര്യം | ധൈര്യം |

പദമധ്യത്തിൽ 'വ' കാരം 'അ' കാരമായി മാറുന്നത്

**വ > അ**

| കുറിച്യഭാഷ | മലയാളഭാഷ |
|---|---|
| ❖ മാഅ് | മാവ് |

'ഴ' കാരം 'ഗ' കാരമാകൽ

**ഴ > ഗ**

| കുറിച്യഭാഷ | മലയാളഭാഷ |
|---|---|
| ❖ മഗ് | മഴു |

'ഗ' കാരം 'ക' കാരമാകുന്നത്

**ഗ > ക**

| കുറിച്യഭാഷ | മലയാളഭാഷ |
|---|---|
| ❖ കണപതി | ഗണപതി |

**പദാദ്യലോപം**

'ഇ'കാരം ലോപിക്കുന്നു.

| | |
|---|---|
| ❖ ന്നല | ഇന്നലെ |
| ❖ ന്ന് | ഇന്ന് |
| ❖ ങ്ങള് | നിങ്ങൾ |

**പദമധ്യലോപം**

| | |
|---|---|
| ❖ പീങ്ങി | പുഴുങ്ങുക |
| ❖ കീക്കി | കുഴിക്കുക |
| ❖ പോണം | പോകണം |
| ❖ എല്ലാറും | എല്ലാവരും |
| ❖ ആട | അവിടെ |
| ❖ ഓക്ക് | അവൾക്ക് |
| ❖ കേങ്ങ് | കിഴങ്ങ് |
| ❖ മോള്ല് | മുകളിൽ നിന്ന് |
| ❖ കണ്ടത്ത്ന്ന് | കണ്ടത്തിൽ നിന്ന് |
| ❖ മറത്ത്മ്മന്ന് | മരത്തിൽ നിന്ന് |
| ❖ നെർത്ത്മ്മന്ന് | റോഡിൽ നിന്ന് |
| ❖ പൂങ്കോയി | പൂവൻകോഴി |
| ❖ ഇട്ടം | ഇഷ്ടം |
| ❖ വ്ക്കൊന്ന | വിശുക്കൊന്ന |
| ❖ വേന | വേദന |
| ❖ നെപ്പാറ്റ | നെൽപ്പാറ്റ |
| ❖ എക്ക് | എനിക്ക് |

**പദമധ്യത്തിൽ 'ക' ലോപിക്കുന്നു.**

| | |
|---|---|
| ❖ കട് | കടുക് |
| ❖ പല | പലക |
| **പദമധ്യത്തിൽ 'യ' ലോപിക്കുന്നു.** | |

| | |
|---|---|
| ❖ ചെന്ന | ചെന്നായ |

പദാന്ത്യത്തിൽ ഓൾ > അം ആവുന്നു.

| | |
|---|---|
| ❖ പോവുമ്പം | പോകുമ്പോൾ |
| ❖ ബരുമ്പം | വരുമ്പോൾ |
| ❖ അപ്പം | അപ്പോൾ |
| ❖ ഇപ്പം | ഇപ്പോൾ |
| ❖ എപ്പം | എപ്പോൾ |
| **പദാന്ത്യത്തിൽ 'എ'കാരം 'അ'കാരമായി മാറുന്നു** | |
| ❖ ഓട | എവിടെ |
| ❖ ആട | അവിടെ |
| ❖ ഊട | ഇവിടെ |

പദമധ്യത്തിൽ 'ട്ട' കാരത്തിന് പകരം 'റ്റ' കാര പ്രയോഗം

ട്ട > റ്റ

| **കുറിച്യഭാഷ** | **മലയാളഭാഷ** |
|---|---|
| ❖ ബന്നിറ്റ് | വന്നിട്ട് |
| ❖ പോയിറ്റ് | പോയിട്ട് |
| ❖ ബിളിച്ചിറ്റ് | വിളിച്ചിട്ട് |

പദമധ്യത്തിൽ **ക > ന്ത്** ആവുന്നു.

| | |
|---|---|
| ❖ പറിക്ക്ന്ത് | പറിക്കുക |
| ❖ എട്ക്ക്ന്ത് | എടുക്കുക |
| ❖ തൊട്ന്ത് | തൊടുക |
| ❖ മാന്ത്ന്ത് | ചൊറിയുക |
| ❖ പിടിക്ക്ന്ത് | പിടിക്കുക |
| പദാന്ത്യത്തിൽ **ന്റെ >ന്ത്** ആവുന്നു | |
| ❖ അവന്ത് | അവന്റെ |
| ❖ ഇവന്ത് | ഇവന്റെ |
| പദാന്ത്യത്തിൽ **ന്നു >ന്ത്** ആവുന്നു | |

| | |
|---|---|
| ❖ പോന്ന് | പോകുന്നു |

**'ശ്' ലോപിക്കുന്നു**

| | |
|---|---|
| ❖ മക്കക്ക് | മക്കൾക്ക് |
| ❖ ഓക്ക് | അവൾക്ക് |
| ❖ കേക്ക | കേൾക്കുക |
| ❖ നങ്ങക്ക് | ഞങ്ങൾക്ക് |
| ❖ നിങ്ങക്ക്/ന്ങക്ക് | നിങ്ങൾക്ക് |

മേൽ പ്രസ്താവിച്ച കാര്യങ്ങളിൽ നിന്നും പ്രാദേശിക സാമാന്യവ്യവഹാരഭാഷയിൽ നിന്നും വലിയൊരകൽച്ച കുറിച്യൻ ഭാഷയ്ക്ക് കൽപിക്കാൻ കഴിയില്ല എന്നത് വ്യക്തമാണ്. മൂളൽ പോലെയുള്ള പ്രത്യേകമായ ചില ശബ്ദവിശേഷങ്ങളും പ്രയോഗരീതികളും കുറിച്യഭാഷയുടെ പ്രത്യേകതയാണ്.

**3**

# ദൈവാരാധന, ഐതിഹ്യ കഥകൾ, പാട്ടുകൾ അനുഷ്ഠാനങ്ങൾ

ഗോത്ര സമൂഹങ്ങളുടെ ജനനം മുതൽ മരണം വരെയുള്ള ജീവിതചര്യകളിലെ ആചാരനുഷ്ഠാനങ്ങൾക്ക് ദൈവികമായ പ്രാധാന്യം ഏറെയാണ്. മനുഷ്യ ശക്തിക്ക് അതീതമായി പ്രപഞ്ചത്തിൽ മറ്റൊരു ശക്തി ഉണ്ടെന്നും അവയെ ആരാധിച്ചു പ്രീതിപ്പെടുത്തിയാൽ മാത്രമേ സമുദായത്തിന് ഈ പ്രപഞ്ചത്തിൽ നിലനിൽപ്പുണ്ടാവൂ എന്നും വിശ്വസിക്കുന്നവരാണ് കുറിച്യൻ ജനത. ഈ വിശ്വാസത്തിൽ നിന്നാണ് ജീവിതം അനുഷ്ഠാനാധിഷ്ഠിതമായതും അവയുമായി ബന്ധപ്പെട്ട കലാരൂപങ്ങളും ഉടലെടുത്തത്.

കുറിച്യ സമുദായത്തിന്റെ സംസ്കാരവും ജീവിതരീതിയും ആചാരാനുഷ്ഠാനങ്ങളുമെല്ലാം തന്നെ വിവിധ തലങ്ങളിലുള്ള വിശ്വാസങ്ങളിലധിഷ്ഠിതമാണ്. മലക്കാരി, തമ്പിരാട്ടി, തെയ്യം തുടങ്ങിയവയാണ് കുറിച്യ സമുദായത്തിലെ പ്രധാന ആരാധന ദൈവങ്ങൾ. കൂടാതെ പുള്ള്യാളൻ, മുത്തപ്പൻ, കരിമ്പിൽ ഭഗവതി തുടങ്ങിയവരും പ്രധാന ആരാധന മൂർത്തികളാണ്. ശിവന്റെ അവതാരങ്ങളാണ് ദൈവങ്ങളെന്ന് കുറിച്യർ വിശ്വസിക്കുന്നു. മലക്കാരിയുടെ തുടയിൽ നിന്നും പൊട്ടിപുറപ്പെട്ടതാണ് തെയ്യം. തെയ്യം മലക്കാരിയുടെ മകനാണെന്നും മലക്കാരിയുടെ ഭാര്യയാണ് തമ്പിരാട്ടി എന്നും തമ്പിരാട്ടി എന്നത് ശിവന്റെ ഭാര്യയായ പാർവ്വതി ആണെന്നും അഭിപ്രായപ്പെടുന്നു.

കുറിച്യരുടെ മൂന്നു ദൈവങ്ങൾക്കും മൂന്നു ഉത്തരവാദിത്തങ്ങൾ ഉണ്ട്. സമുദായത്തിലുള്ളവർ രോഗ ശമനത്തിനായി മലക്കാരി ദൈവത്തിനാണ് പൂജ ചെയ്യുന്നത്. തെയ്യത്തെ ബന്ധപ്പെടുത്തി ''നാലു കപ്പാല നാല് തിരി'' എന്നുപറയുന്നു. അതായത് ഭൂമിയുടെ നാലുഭാഗമായ വടക്ക്, കിഴക്ക്. തെക്ക്, പടിഞ്ഞാറ് ഭാഗങ്ങളിലേക്കുള്ള വാതിലുകൾ തുറക്കുന്നതും അടയ്ക്കുന്നതും തെയ്യം ആണെന്നാണ് വിശ്വാസം. തമ്പിരാട്ടിയെ ആരാധിക്കുന്നത് കൂടുതലായും സ്ത്രീകളുമായി ബന്ധപ്പെട്ടുള്ള ചടങ്ങുകളിലാണ്. സ്ത്രീകളുടെ പ്രസവവുമായി ബന്ധപ്പെട്ട് കോമരത്തെ കൊണ്ടാടുകയും *അരിചാർത്തൽ ചടങ്ങ് നടത്തുകയും* ചെയ്യുന്നു. കൂടാതെ ദേഹത്ത് കയറിപ്പറ്റുന്ന പ്രേതപിശാചുക്കളെ ഒഴിപ്പിക്കാൻ കോഴിയെ ബലി കൊടുക്കുന്ന ചടങ്ങും കുറിച്യർക്കിടയിലുണ്ട്.

### ഐതിഹ്യകഥകൾ

ഗോത്ര ജനതയ്ക്കിടയിൽ അവരുടെ ആരാധന ദൈവങ്ങളുമായി ബന്ധപ്പെട്ട പല വിശ്വാസങ്ങളും ഐതിഹ്യകഥകളും നിലനിൽക്കുന്നുണ്ട്. കുറിച്യർക്കിടയിൽ തന്നെ അവരുടെ കുലദൈവത്തെ സംബന്ധിച്ചും ഉത്ഭവത്തെപറ്റിയും പല ഐതിഹ്യകഥകളും പ്രചാരത്തിലുണ്ട്. മലക്കാരി ദൈവമാണ് കുറിച്യരുടെ പ്രധാന ആരാധനമൂർത്തി. ശിവന്റെ ഏഴാമത്തെ അവതാരമാണ് മലക്കാരി. മലക്കാരിയുടെ ഉത്ഭവത്തെ സംബന്ധിച്ച് ഇങ്ങനെ പറയുന്നു. പണ്ട്

ബാണാസുര മലമുകളിലാണ് മലക്കാരി കുടികൊണ്ടത്. പണ്ട് ബാണാസുര കോട്ട *രാസശൻ*[39] വാണിടുന്ന കാലമായിരുന്നു. അന്ന് രാക്ഷസന്മാർ മനുഷ്യരെ കൊന്നുതിന്നിരുന്നു. ഒരിക്കൽ ബാണാസുര കോട്ട പിടിച്ചെടുക്കാൻ മലക്കാരി സന്യാസിയുടെ വേഷത്തിൽ കോട്ടയിൽ എത്തിച്ചേർന്നു. അന്ന് *രാസശ*ന്റെ സഹോദരിയായ കടൽകുങ്കിയുടെ കല്ല്യാണമായിരുന്നു. അതിനു പോകുവാനുള്ള ഒരുക്കത്തിലായിരുന്നു രാസശൻ. പന്ത്രണ്ട് വർഷങ്ങൾക്ക് ശേഷം മാത്രമേ രാസശൻ കോട്ടയിലേക്ക് തിരിച്ചുവരുകയുള്ളൂ അതുവരെ കോട്ടകാത്തുരക്ഷിക്കാൻ ആരുമില്ല. അതിന്റെ ആശങ്കയിലായിരുന്നു രാസശൻ. അപ്പോഴാണ് മലക്കാരി സന്യാസിയുടെ വേഷത്തിൽ കോട്ടയിൽ എത്തിച്ചേർന്നത്. കോട്ടകാക്കുന്ന ഭടന്മാർ സന്യാസിയെ കോട്ടയിലേക്ക് കടത്തിവിട്ടില്ല. രാസശൻ കല്പന പ്രകാരം സന്യാസിയെ കോട്ടയിലേക്ക് കടത്തിവിട്ടു. 'ഇതുവഴി പോകുമ്പോൾ രാസശൻ മുഖം കാണിച്ചുപോകാൻ വന്നതാണെന്ന്' സന്യാസി പറഞ്ഞു. സന്യാസിയുടെ വാക്കുകൾ കേട്ട രാസശൻ ചോദിച്ചു. ''പരിദശി നിങ്ങൾക്ക് ഈ കോട്ട കാക്കാൻ സാധിക്കുമോ. ഞങ്ങൾ അങ്ങ് ദൂരെ കിഴക്ക് കടലിനക്കരെ പോകുകയാണ് പന്ത്രണ്ട് വർഷത്തിനു ശേഷമേ മടങ്ങി വരുകയുള്ളൂ.'' ഇതു കേട്ട സന്യാസി പറഞ്ഞു. 'അയ്യോ, എന്നെ കൊണ്ട് സാധിക്കില്ല ഈ വലിയ കോട്ടഒറ്റയ്ക്ക കാത്തു സൂക്ഷിക്കാൻ'. കോട്ടയുടെ നാലുഭാഗവും സുരക്ഷയ്ക്കായി *ബീരങ്കികുത്തി*[40] തരാം എന്ന് രാസശൻ പറഞ്ഞു. അതു കേട്ടതും സന്യാസി സമ്മതിച്ചു.

പന്ത്രണ്ടാം വർഷം രാസശൻ കിഴക്കൻ കടലിൽ പൊങ്ങി. എന്നാൽ സന്യാസി *ബീരങ്കികുത്തിരാസശ*വർഗ്ഗത്തെ അവിടെ താഴ്ത്തി. പിന്നീട് പടിഞ്ഞാറാൻ കടലിൽ പൊങ്ങിയപ്പോൾ അവിടെ വെച്ചു രാസശനെ പരാജയപ്പെടുത്തി. മലക്കാരി വില്ല് ഉപയോഗിച്ച് കടലിന്റെ ഇക്കരയിൽ ഒരു വര വരച്ചിട്ടുപറഞ്ഞു. 'ഇനി മേലാൽ വര മറികടക്കരുതെന്ന്'. അങ്ങനെ കിഴക്ക് കടലിനക്കരെ അസുരന്മാരെ ഓടിക്കുകയും ബാണാസുര കോട്ട പിടിച്ചെടുക്കുകയും ചെയ്തു. ഒരു ദിവസം ബാണാസുര മലയിൽ നിന്നും മലക്കാരി നോക്കുമ്പോൾ നരിനരങ്ങ് എന്ന മലയിൽ പുള്ള്യാരൻ രാജാവ് നട്ട പട മഞ്ഞൾ ആ വഴി വന്ന ഒരു കാട്ടു പന്നി കിളയ്ക്കുന്നത് കണ്ടു. മലക്കാരി പന്നിക്കുനേരെ അസ്ത്രം എയ്തു. ആദ്യത്തെ അമ്പും രണ്ടാമത്തെ അമ്പും പന്നിക്കുകൊള്ളാതെ കാട്ടിലേക്ക് പോയി. മൂന്നാമത്തെ അമ്പ് പന്നിക്ക് കൊണ്ടു. അസ്ത്രം എയ്ത് വീഴ്ത്തിയ പന്നിയെയും അന്വേഷിച്ച് മലക്കാരി എത്തിയപ്പോൾ പന്നിയെ വിട്ടുതരണമെങ്കിൽ വെള്ളമുണ്ടയിലെ *ബപ്പുനടയിൽ*[41] വടിയും കയറുമൊന്നുമില്ലാതെ പന്നിയെ എത്തിക്കണം എന്ന് രാജാവ് പറഞ്ഞു. മലക്കാരി പന്നിയെ എടുത്ത് എറിഞ്ഞതും ബപ്പുനടയിൽ വന്നു വീണു. രാജാവിനു അതുകണ്ട് അത്ഭുതം തോന്നി. മലക്കാരിയെ പരീക്ഷിക്കാനായി രാജാവ് മലക്കാരിയോട് കത്തിയും ഇരുമ്പുമൊന്നുമില്ലാതെ പന്നിയെ മുറിച്ചുവീതിക്കാൻ പറഞ്ഞു. സ്വന്തം ചൂണ്ടു വിരൽ ഉപയോഗിച്ച് മലക്കാരി പന്നിയെ മുറിച്ചു.

മലക്കാരി രാജാവിനെ പരീക്ഷിക്കാനായി കള്ളും കൂട്ടി ഇറച്ചി കഴിക്കാമെന്ന് പറഞ്ഞു. 'കള്ളെവിടെ കിട്ടും' രാജാവ് ചോദിച്ചു. മലക്കാരി മുത്തപ്പനെ ധ്യാനിച്ചു മുത്തപ്പനോട് കള്ളെടുത്ത് കൊണ്ടു വരാൻ മലക്കാരി ആവശ്യപ്പെട്ടു. കള്ളുകുടവുമായി മലക്കാരിയുടെ അരികിൽ മുത്തപ്പൻ വന്നു. രാജാവും മലക്കാരിയും കാര്യസ്ഥന്മാരും അടക്കം അവർ ഒൻപതു

പേരുണ്ടായിരുന്നു. രാജാവ് ഒരു കാര്യസ്ഥനെ കള്ളുകുടിക്കുവാൻ ആവശ്യമായ കൂവ്വയുടെ ഇല കൊണ്ടുവരാൻ പറഞ്ഞു. എന്നാൽ എട്ട് ഇല മാത്രമെ കൊണ്ടുവരാൻ പാടുള്ളൂ എന്നും കൽപ്പിച്ചു. രാജാവ് പറഞ്ഞതനുസരിച്ച് കാര്യസ്ഥൻ എട്ട് കൂവ്വ ഇല കൊണ്ടുവന്നു. മലക്കാരിക്ക് കുടിക്കുവാനുള്ള കൂവ്വയില ഇല്ലായിരുന്നു. മലക്കാരി തന്റെ ഉള്ളംകൈയിൽ ഒരു വര വരച്ചപ്പോൾ ചെറിയ പാത്രം കൈയിൽ പ്രത്യക്ഷപ്പെട്ടു. ആ ചെറിയ പാത്രത്തിൽ നിറയുന്ന കള്ള് മാത്രം മതി എന്നും ബാക്കിയുള്ള കള്ള് മുഴുവനും നിങ്ങൾ കുടിച്ചു കൊള്ളൂ എന്നും മലക്കാരി പറഞ്ഞു. മുത്തപ്പൻ തന്റെ കൈയിൽ ഉള്ള കുടത്തിലെ കള്ള് മലക്കാരിയുടെ ചെറിയ പാത്രത്തിൽ ഒഴിച്ചു കൊടുക്കാൻ തുടങ്ങി. എന്നാൽ ആ പാത്രത്തിൽ ഒഴിക്കുന്ന കള്ള് നിറയുന്നില്ല. മലക്കാരി വീണ്ടും മുത്തപ്പനോട് കള്ള് കൊണ്ടുവരാൻ ആവശ്യപ്പെട്ടു. എന്നാൽ മലക്കാരി എല്ലാപനയിലെയും കള്ളു വറ്റിച്ചിരുന്നു. മുത്തപ്പൻ എല്ലാ പനയിലും കള്ള് അന്വേഷിച്ച് പോയി. എന്നാൽ എവിടെ നിന്നും കള്ള് കണ്ടെത്താൻ മുത്തപ്പനു സാധിച്ചില്ല. കള്ള് ഇല്ലാതെ മലക്കാരിയുടെ അരികിൽ പോകാനും കഴിയില്ല എന്ന് ഓർത്ത് മുത്തപ്പൻ കാടുവഴി നാടുവിടാൻ തീരുമാനിച്ചു. പോകുന്ന വഴിയിലെ കാട്ടിൽ നിന്നും മുത്തപ്പന്റെ കാലിൽ പാമ്പു കടിച്ചു. അങ്ങനെ ആ വഴി കാടു താണ്ടിയാണ് മുത്തപ്പൻ പറശ്ശിനിയിൽ എത്തിപ്പെട്ടത്. അവിടെ ഒരു കല്ലിന്റെ മുകളിൽ ഇരിപ്പിടവും കണ്ടെത്തി.

മലക്കാരി തനിക്ക് കിട്ടിയ കള്ള് കുടിച്ചതിനു ശേഷം പന്നിയുടെ ഇറച്ചി വീതം വയ്ക്കാൻ തീരുമാനിച്ചു. എന്നാൽ മലക്കാരി ഇറച്ചിയുടെ മൂന്നു പങ്ക് വേണമെന്ന് പറഞ്ഞു. 'എന്റെ പങ്ക് ആരെങ്കിലും ബാണാസുരയിൽ എത്തിച്ചു തരണമെന്ന്'മലക്കാരി ആവശ്യപ്പെട്ടു. രാജാവിന്റെ ഒന്നാം കാര്യസ്ഥനും രണ്ടാം കാര്യസ്ഥനും മലക്കാരിയുടെ പങ്കും കൊണ്ട് ബാണാസുരമലയിലേക്ക് പോയി. രാജാവിന്റെ മറ്റൊരു കാര്യസ്ഥനോട് മുത്തപ്പനെ അന്വേഷിച്ച് പോകാൻ ആവശ്യപ്പെട്ടു. മുത്തപ്പനെ അന്വേഷിച്ച് പോയ കാര്യസ്ഥൻ നോക്കിയപ്പോൾ പാമ്പിന്റെ കടിയുമേറ്റ് മുത്തപ്പൻ കല്ലിന്റെ മുകളിൽ ഇരിക്കുന്നതു കണ്ടു. മുത്തപ്പൻ കാര്യങ്ങളൊക്കെ കാര്യസ്ഥനോട് പറഞ്ഞു. ഈ മൂന്നാം കാര്യസ്ഥൻ പിന്നീട് തിരിച്ചുവന്നില്ല. ഇന്ന് മുത്തപ്പന്റെ തുണയ്ക്ക് പറശ്ശിനിക്ക് ഉള്ളത് ഈ കാര്യസ്ഥനാണ്. അതാണ് താഴെ രാജ്യക്കാര് വല്ല്യമുത്തപ്പൻ എന്ന് വിളിക്കുന്നത്.

മലക്കാരിക്ക് ഇറച്ചിയുടെ പങ്കും കൊണ്ടുപോയ രണ്ടു കാര്യസ്ഥന്മാർ പിന്നീട് ബാണാസുരയിൽ തന്നെ താമസിച്ചു. അങ്ങനെ രാജാവിന്റെ മൂന്ന് കാര്യസ്ഥന്മാരും പലയിടത്തും എത്തിപ്പെട്ടു. പിന്നീട് രാജാവിന്റെ പ്രദേശം മലക്കാരി പടിച്ചെടുക്കുകയും ചെയ്തു.

**മുത്തപ്പനും മലക്കാരിയും**

മലക്കാരി ബാണാസുര കോട്ട പിടിച്ചെടുത്തതിനു ശേഷം അവിടെ കുടികൊള്ളുന്ന പേയ് പിശാചുക്കളെ ഇല്ലാതാക്കാൻ പനക്കള്ള് അത്യാവശ്യമായി വന്നു. പനക്കള്ള് കിട്ടണമെങ്കിൽ മുത്തപ്പനെ കൊണ്ടുവരണം. അതിനായി മുത്തപ്പനെ വയനാട്ടിലേക്ക് കൊണ്ടുവരാൻ മലക്കാരി തീരുമാനിച്ചു. വടക്കു വൈകുണ്ഡത്തിലെ ബെള്ള്യം കല്ലിന്റെ മുകളിലായിരുന്നു മുത്തപ്പന്റെ ഇരിപ്പിടം. മലക്കാരി മുത്തപ്പന്റെ അരികിൽ പോയി പറഞ്ഞു.

'നിന്നെ ഞാൻ എന്റെ നാട്ടിലേക്ക് കൊണ്ടുപോകുകയാണ്. എന്റെ നാടിന്റെ കാൽഭാഗം നിനക്ക് തന്നു കൊള്ളാം'. അങ്ങനെ ബെള്ള്യം കല്ലിന്റെ മുകളിൽ നിന്ന് കൊട്ടിയൂർ മല വഴിവരുമ്പോൾ മുത്തപ്പൻ ചെറിയ കല്ലുകൾ കൈയ്യിൽ മുറുക്കെ പിടിച്ചിരുന്നു. വരുന്ന വഴികളിലെ ഓരോ പ്രദേശങ്ങളിൽ മുത്തപ്പൻ ആ കല്ലുകൾ താഴെ ഇട്ടു. കല്ലുകൾ പതിഞ്ഞ ഇടങ്ങളിൽ പന, ഈന്ത്, ചൂരൽ എന്നിവ ഉണ്ടായിവന്നു. അങ്ങനെ വടക്കു വൈകുണ്ഡത്തിൽ നിന്ന് മുത്തപ്പൻ ആദ്യമായി വയനാട്ടിൽ എത്തിച്ചേർന്നു.

**കുരുക്കലാൽ ഭഗവതിയുടെ ഉത്ഭവം**

കുറിച്യ സമുദായം ആരാധിക്കുന്ന ഒരു കുലദൈവമാണ് കുരുക്കലാൽ ഭഗവതി. കുരക്കലാൽ ഭഗവതി[42] കനകചിറയിൽ നിന്നാണ് പൊന്തി വന്നത്. കനകചിറയിൽ നിന്ന് കൊട്ടിയൂർവഴി പാമ്പറക്കൽ തോട്, പാലായിചൊരം[43] വഴിയാണ് വയനാട്ടിലേക്ക് എത്തിയത്. വയനാട്ടിലേക്ക് വരും വഴി ഭഗവതി നെട്ടിവിത്ത്, ചൂരൽവിത്ത്, പനവിത്ത് തുടങ്ങിയവ കൊണ്ടുവരുകയും വരുന്ന വഴിയിൽ ഓരോ സ്ഥലങ്ങളിലായി ആ വിത്തുകൾ ഇടുകയും ചെയ്തു. അങ്ങനെ ഭഗവതി എത്തിചേർന്നത് എടമന തെറ്റിലാണ്. ഭഗവതി വന്നത് ചെറോടു ചെറുമനുഷ്യന്റെ ചോര കുടിക്കുവാനാണ്. ഇതു മനസ്സിലാക്കിയ മലക്കാരിയും മുത്തപ്പനും ഭഗവതിയെ കയറ്റി വിടാതിരിക്കാൻ തീരുമാനിക്കുകയും എടമന തെറ്റിൽ ഭഗവതിയെ തടഞ്ഞു നിർത്തുകയും ചെയ്തു. മലക്കാരി മുത്തപ്പനോട് പനയുടെ മുകളിൽ നിന്ന് കള്ള് കൊണ്ടുവരാൻ പറഞ്ഞു. മലക്കാരി ഭഗവതിയെ തടഞ്ഞുനിർത്തി വരവിന്റെ ഉദ്ദേശം ചോദിച്ചു. ''ചെറുമനുഷ്യന്റെ[44] ചോര കുടിക്കണമെന്ന്'' ഭഗവതി മറുപടി പറഞ്ഞു. ചെറു മനുഷ്യന്റെ ചോര തരാമെന്നും അതിനായി വായി തുറക്കാൻ മലക്കാരി ആവശ്യപ്പെട്ടു. ഭഗവതി വായി തുറന്നപ്പോൾ മുത്തപ്പൻവെള്ളമൊട്ട് കൊണ്ട് മുളങ്കുറ്റിയിൽ ഏയ്തു മുളങ്കുറ്റിയിലെ കള്ള് ഭഗവതിയുടെ വായിൽ ഒഴിച്ചു കൊടുത്തു. കള്ള് മുഴുവൻ കുടിച്ച് കുടിച്ച് ഭഗവതിയുടെ ബോധം നഷ്ടപ്പെട്ടു. മലക്കാരി ഭഗവതിയുടെ പല്ലിനു ഒപ്പിച്ചു പല്ലും നാവിനു ഒപ്പിച്ചു നാവും മുറിച്ചു. 'കുരുക്കലാൽ അമ്മ കക്കുടിച്ച്[45], എടമന തെറ്റാലെ കൈപിടിച്ച് എടമന പള്ളിയറയിൽ വന്നു കുടികൊണ്ടു' എന്ന് വിശ്വസിക്കുന്നു.

**വയനാട്ടിൽ കടൽ ഉണ്ടാകാതിരുന്ന കഥ**

വയനാട്ടിൽ കടലുണ്ടായിരുന്നു എന്ന ഐതിഹ്യകഥ കുറിച്യർക്കിടയിലുണ്ട്[46]. വയനാട്ടിൽ കടലുണ്ടായിരുന്ന ചരിത്രത്തോട് ബന്ധപ്പെട്ട കഥ ഇങ്ങനെ വിശദീകരിക്കുന്നു. മലക്കാരിയും രാജാവും ഉറ്റ ചങ്ങാതികളായിരുന്നു. അവർ നാടു സഞ്ചരിച്ചുകൊണ്ടിരിക്കുമ്പോഴാണ് ഒരു കാര്യം മനസ്സിലാക്കിയത്. ഭൂമിയുടെ മുക്കാൽ ഭാഗവും വെള്ളമായിരുന്നു. അതിൽ ഒരു കാൽഭാഗം മാത്രമായിരുന്നു കരയുണ്ടായിരുന്നത്. ആയതിനാൽ ഭൂമിയിലെ മനുഷ്യർക്ക് ആവാസ സൗകര്യം വളരെ പരിമിതമായിരുന്നു. അതിനാൽ രാജാവും മലക്കാരിയും കൂടി കടലു കരയാക്കിക്കൊണ്ട് നാടുനീളെ നടക്കാൻ തുടങ്ങി. അങ്ങനെ അവർ 'ഉപ്പാണ്ടി' എന്ന സ്ഥലത്തെത്തിപ്പെട്ടു. അവർ ഉപ്പാണ്ടിയിൽ പുൽമൈതാനത്ത് ഇരുന്നു വിശ്രമിക്കാൻ തുടങ്ങി. മലക്കാരി രാജാവോട് പറഞ്ഞു. 'ഞാൻ ഈ

ഉപ്പുവെള്ളം കുടിച്ചു വറ്റിക്കും'. 'താൻ ഈ ഉപ്പുവെള്ളം കുടിക്കുന്നതിനു പകരമായി ഞാൻ ഈ ഉപ്പുവെള്ളം കുന്നിൻ മുകളിലേക്ക് കയറ്റും', രാജാവ് മറുപടി നൽകി. അങ്ങനെ ഇരുവരും പന്തയംവെച്ചു. രാജാവ് കല്ലുവെച്ച് കെട്ടി ഒഴുകിപോകുന്ന ഉപ്പുവെള്ളം കുന്നിൻ മുകളിലേക്ക് കയറ്റുവാൻ തുടങ്ങി. ആ സ്ഥലം ഇന്ന് 'കല്ലറകുന്ന്' എന്ന പേരിലറിയപ്പെടുന്നു. അങ്ങനെ രാജാവ് കുന്നിൻ മുകളിലേക്ക് പതിനാറ് കെട്ടുകെട്ടി. ആ കെട്ട് ഇന്നും അവശേഷിക്കുന്നു. ക്ഷീണിതനായ രാജാവ് അവസാനം പരാജയം സമ്മതിച്ചു. അങ്ങനെ രാജാവും മലക്കാരിയും അവിടെ നിന്ന് വേർപിരിഞ്ഞു.

'കീഞ്ഞ് കീഞ്ഞ് പോയത് കുഞ്ഞോത്ത്

കോറി കോറി പോയത് കോറോം

കണ്ട് കണ്ട് പോയത് കണ്ടത്ത് വയൽ

പാഞ്ഞാ പാഞ്ഞ് പോയത് പാഞ്ചണ'

മലക്കാരിയുടെ വരവിനെക്കുറിച്ചാണ് ഇങ്ങനെ പറയുന്നത്. ഇതിലെ കുഞ്ഞോത്ത്, കോറോം, കണ്ടത്ത്വയൽ, പാഞ്ചണ എന്നീ സ്ഥലങ്ങൾ ഇന്നും വയനാട്ടിൽ കാണപ്പെടുന്നു. ആ വഴി മലക്കാരി ബാണാസുര കോട്ടയിൽ വന്ന് കുടിയിരുന്നു എന്ന് വിശ്വസിക്കുന്നു. രാജാവ് ഉപ്പാണ്ടിയിൽ നിന്നും ചന്ദനകോട്ടയിലേക്ക് പോയി അവിടെ ഒരു കല്ലിൻ മുകളിൽ ഇരിപ്പിടം സ്ഥാപിച്ചു. അങ്ങനെ ഇരുന്നു നോക്കുമ്പോഴാണ് ഏഴല്ലം കന്യകളെ[47] കണ്ടുമുട്ടി. ആ സ്ഥലമാണ് ഇന്ന് കന്നികോട്ട എന്ന പേരിലറിയപ്പെടുന്നത്. കന്യകൾ രാജാവിനോട് ഈ നിൽക്കുന്ന ഏഴ് കന്യകമാരെയും കുടിയിരുത്തിയാൽ[48] മാത്രമേ ചന്ദനകോട്ടയിലേക്ക് കടന്നുപോകാൻ സാധിക്കുകയുള്ളൂ എന്ന പറഞ്ഞു. അങ്ങനെ ആ ഏഴു കന്യകളെയും ചന്ദനകോട്ടയിൽ കുടിയിരുത്തി. അവിടെ ഇന്നും കരിങ്കല്ലിനു ചന്ദന നിറമായി കാണാം.

**വയനാട്ടിൽ കടൽ ഉണ്ടാകാതിരുന്ന മറ്റൊരു കഥ[49]**

ഒരു ദിവസം രാജാവും മലക്കാരിയും മലകയറിപടിഞ്ഞാറൻ കടലിൽ എത്തിയപ്പോൾ കടലമ്മയെ കണ്ടുമുട്ടി. കടലമ്മയ്ക്ക് വയനാട് കയറണം എന്ന് കടലമ്മ മലക്കാരിയോട് ആവശ്യപ്പെട്ടു. എന്നാൽ മലക്കാരി അതിനു സമ്മതിച്ചില്ല. മലക്കാരി വില്ല് കൊണ്ട് ഒരു വര വരച്ചു കൊണ്ട് അത് മറികടക്കാൻ പറ്റുമെങ്കിൽ കടക്കാൻ കടലമ്മയോട് വെല്ലുവിളിച്ചു. എന്നാൽ കടലമ്മയ്ക്ക് ആ വര താണ്ടി ഇപ്പുറത്ത് കടക്കാൻ സാധിച്ചില്ല. 'നീ വെള്ളം താരാനായി ഇവിടെ കയറി വരണ്ട നിനക്ക് വേണ്ടിയുള്ള വെയിലു ഞാൻ തരാം ആ വെയിലിൽ ആവിയായി പൊന്തി മഴയായി പെയ്താൽ മതി' എന്ന് മലക്കാരി കടലമ്മയോടു പറഞ്ഞു. അടുത്ത പരീക്ഷണം രാജാവിനോടായി. കടലമ്മ രാജാവിനോട് പറഞ്ഞു. 'ഞാൻ വയനാട് കയറി വരുമെന്ന്'. അങ്ങനെ ഉപ്പാണ്ടി എന്ന സ്ഥലത്ത് ഉറവയായി കടൽ വെള്ളവും മീനും കുതിച്ചു പായാൻ തുടങ്ങി. ഇത് രാജാവിനു തടയാൻ കഴിഞ്ഞില്ല. ഇതു കണ്ട മലക്കാരി തന്റെ ചെറുവിരൽ കൊണ്ട് കല്ലെടുത്തു ആ ഉറവയെ ചിവിട്ടി അമർത്തി കടലമ്മയെ തിരിച്ചുവിട്ടു. അതു കൊണ്ടാണ് വയനാട്ടിൽ കടലില്ലാതായതെന്ന് ഇവർ വിശ്വസിക്കുന്നു.

**തെളിവ് നോക്കൽ**

നിത്യ ജീവിതത്തിൽ സംഭവിക്കുന്നതും സംഭവിക്കാൻ പോകുന്നതുമായ എല്ലാ അവസ്ഥകളെയും അതിനുള്ള കാരണങ്ങളെയും മുൻകൂട്ടി കണ്ടെത്താനും പ്രതിവിധി തീരുമാനിക്കാനുമുള്ള രീതി കുറിച്യർക്കിടയിൽ കണ്ടുവരുന്നു. വിശ്വാസത്തി ലധിഷ്ഠിതമായാണ് കുറിച്യർ ഇതിനെ കണക്കാക്കുന്നത്. ദൈവാരാധനയുമായി ബന്ധപ്പെട്ട് പലകയിൽ പൈസയിട്ട് വിധിനോക്കുന്നു. അതിനെ 'തെളിവ് നോക്കൽ' എന്നുപറയുന്നു. ഈ തെളിവ് അല്ലെങ്കിൽ വിധിയിലൂടെയാണ് കുറിച്യർ ദൈവത്തെ കാണുന്നത്. നാണയങ്ങളുടെ *ചാപ്പയും പുള്ളിയും* നോക്കിയാണ് വിധി തീരുമാനിക്കുന്നത്. കുറിച്യരുടെ വിശ്വാസപ്രകാരം ഒരണ[50], അരയണ[51], കാലണ[52] എന്നിവ ഉപയോഗിച്ച് വിധിനോക്കുന്നു. ഈ മൂന്ന് അണയും സൂചിപ്പിക്കുന്നത് കുറിച്യരുടെ ആരാധനാമൂർത്തികളായ മൂന്ന് ദൈവങ്ങളെയാണ്. കാലണ തെയ്യത്തെ സൂചിപ്പിക്കുന്നു. അരയണ തമ്പിരാട്ടിയെയും, ഒരണ മലക്കാരിയെയും സൂചിപ്പിക്കുന്നു. കാലണയെ 'നെകലിന്റെ' വിധിയായും കണക്കാക്കുന്നു. ഈ മൂന്ന് അണയും തെളിവായി വീണാൽ മാത്രമേ എല്ലാം ഉത്തമമായി കാണുകയുള്ളൂ. ഉത്തമമായി വന്നില്ലെങ്കിൽ ദോഷങ്ങൾ കണ്ടെത്തി പരിഹാരം ചെയ്തതിനു ശേഷം മാത്രമേ ചടങ്ങുകൾ നടത്തുകയുള്ളൂ. ഇതിനു നേതൃത്വം നൽകുന്നത് മൂപ്പന്മാരാണ്.

പലകയിൽ പൈസയിട്ടു നോക്കുന്നതോടൊപ്പം അരി വച്ച് വിധി നോക്കുകയും ചെയ്യുന്നു. ഒരു പിടി അരി വാരിയെടുത്ത് മൂന്ന് വരിയായി പലകയിൽ നിരത്തി വച്ചാണ് നോക്കുക.

**മലക്കാരി തെയ്യം**

വയനാടൻ കുറിച്യർ അവരുടേതായ പ്രത്യേക കാവുകളിൽ വച്ചാണ് മലക്കാരി തെയ്യം കൊണ്ടാടുക. മലക്കാരി എന്ന ദേവതയുടെ സങ്കൽപത്തിൽ കെട്ടിയാടുകയാണ് ചെയ്യുക. കുംഭ മാസത്തിലാണ് തിറ ഉത്സവം നടത്താറുള്ളത്. തറവാടുകളിൽ നിന്നും എല്ലാവരും വ്യതമെടുത്ത് ഇതിൽ പങ്കെടുക്കുന്നു. വലിയ മുളങ്കുറ്റിയിൽ കള്ള് നിറച്ച് വ്യത്യസ്ത തറവാടുകളിൽ നിന്ന് കുംഭം കാവുകളിലേക്ക് എഴുന്നള്ളിക്കുന്നു. ഈ കുംഭങ്ങളെ ചുറ്റിയാണ് കുറിച്യർ കുംഭപ്പാട്ട് പാടുന്നത്. മലക്കാരി ദേവതയെക്കുറിച്ച് കുറിച്യർ കുംഭപ്പാട്ടിലൂടെ പാടുന്നു. എന്നാൽ മലക്കാരി തെയ്യം കെട്ടുന്നത് മലയസമുദായത്തിൽ നിന്നുള്ള ആളായിരിക്കും.

**തിറ**

കുറിച്യ സമുദായത്തിന്റെ തിറയുത്സവവുമായി ബന്ധപ്പെട്ട് കുംഭമാസത്തിൽ 'മലക്കാരി','കേളമ്പിലി', 'കുളിയൻ' തുടങ്ങിയ ദൈവങ്ങളുടെ തിറ നടത്തുന്നു. മൂന്നൂറ്റാന്മാരാണ് തിറ കെട്ടുന്നത്. തിറയുടെ കുറച്ചു ദിവസങ്ങൾക്ക് മുൻപായി തിറ കെട്ടുന്നയാൾക്ക് അറുപത് സേർ[53] നെല്ല് തിറ നടത്തുന്ന തറവാട്ടിൽ നിന്ന് കൊടുക്കുന്നു. തിറയ്ക്ക് മുൻപ് അമ്പലത്തിൽ വച്ച് ദൈവത്തിന്റെ ആയുധം പീഠത്തിൽ വച്ച് തെളിക്കുന്നു. ആയുധം എടുത്ത് കോമരം തുള്ളി ഉറയുന്നു. ഒരു നാക്കിലയിൽ അരി, ഒരു തേങ്ങ, പച്ചരി,

പുഴുങ്ങലരി, കിണ്ടി, പറയിൽ നെല്ല്, മുണ്ട് എന്നിവ വയ്ക്കുന്നു. കോമരം ഉറഞ്ഞു തുള്ളി മലകയറുന്നു. മല കയറി അവിടെയുള്ള തറയിൽ വിളക്ക് കത്തിച്ച്, നെകല് ഉറഞ്ഞു തുള്ളുന്നു. മലയിലേക്ക് എല്ലാവരും വാളും ആയുധങ്ങളും എടുത്തുപോകുന്നു. നൂറ്റിയൊന്ന് കൂപ്പയില ചുറ്റികെട്ടി കോമരം കൈയ്യിൽ എടുത്തു പിടിക്കുന്നു. വ്രതശുദ്ധിയോടെ പൊറങ്കാലന്മാർ നിരന്നു നിൽക്കുന്നു. അവർ കാർണവന്മാരുടെ കാൽ പിടിച്ച് അനുഗ്രഹം വാങ്ങുന്നു. ഓരോ ദൈവതറയിലും ഓരോ ദൈവങ്ങളുടെ ആയുധങ്ങൾ വയ്ക്കുന്നു. കോമരത്തിന്റെ തോളിലെ അമ്പികുറ്റിയിൽ നൂറ്റിയൊന്ന് കുപ്പയില ഇട്ടു വയ്ക്കുന്നു. കോമരം ഉറഞ്ഞു തുള്ളുമ്പോൾ നിരന്നു നിൽക്കുന്ന പൊറങ്കാലന്മാരുടെ *ശരീരച്ചി*ലേക്ക്[54] ദൈവം ഉറഞ്ഞുവരുന്നു. ഉറഞ്ഞുവരുന്നവുടെ കൈയ്യിലേക്ക് മറ്റു കോമരങ്ങൾ പച്ചരി കൊടുക്കുന്നു. കാർണവരുടെ കൈയ്യിൽ ദൈവങ്ങളുടെ അമ്പ്, വാള് തുടങ്ങിയവ ഉണ്ടാകും. പൊറങ്കാലന്മാർ ഉറഞ്ഞു മലമുകളിലേക്ക് ഓടി കയറുന്നു. അവർ കാട്ടിൽ നിന്നും ഏറ്റവും വലിയ ചൂരൽപറിച്ചു കൊണ്ടു ദൈവ തറയുടെ അടുത്ത് എത്തിച്ചേരുന്നു. പിന്നീട് കോമരം പൊറങ്കാലന്മാരുടെ ശരീരത്തിൽ പച്ചരി ഇട്ട് ദൈവത്തെ ഇറക്കുന്നു. കോമരം ദൈവത്തറയിൽ തേങ്ങ ഉടയ്ക്കുന്നു. തറയിൽ വച്ച കള്ള് പ്രസാദമായി നൽകുന്നു. തറയുടെ മുന്നിൽ കുപ്പയില നിരത്തി വച്ച് അതിൽ മഞ്ഞൾപൊടി, അരി, തേങ്ങമുറി എന്നിവ വയ്ക്കുന്നു. പൊറങ്കാലന്മാർ കാർണവന്മാരായ കോമരത്തിനു ചുറ്റും ശബ്ദം ഉണ്ടാക്കി തുള്ളുമ്പോൾ കോമരങ്ങൾ ഇരുന്നു ഉറയുന്നു. എല്ലാവരും ഉറഞ്ഞു കൊണ്ട് മല ഇറങ്ങിവരുന്നു. പിന്നീട് പച്ചരിയിട്ട് ശരീരത്തിൽ നിന്ന് ഇറങ്ങുന്നു.

അന്ന് രാത്രി ദൈവത്തറയുടെ മുന്നിൽ കൂപ്പയില ഇട്ട് അതിൽ അരിയും മഞ്ഞളും ഇടുന്നു. കാർണവരുടെ ശരീരത്തിൽ ദൈവം ഉറഞ്ഞു നിരത്തി വച്ച ചൂരലിൽ കിടന്നുരുളുന്നു. പിന്നീട് പച്ചരിയിട്ട് ദൈവത്തെ ശരീരത്തിൽ നിന്ന് ഇറക്കുന്നു.

**കുംഭപ്പാട്ട്**

വയനാട്ടിലെ കുറിച്യ സമുദായത്തിനിടയിൽ തിറ ഉത്സവസമയത്തു പാടി വരുന്ന ഒരു പാട്ടാണ് കുംഭപ്പാട്ട്. തിറ ഉത്സത്തിനു മുമ്പ് കുറിച്യരുടെ ദൈവമായ മലക്കാരിയുടെ കുമ്പം എഴുന്നള്ളിക്കുന്ന ചടങ്ങ് ഉണ്ട്. ഈ കുംഭം എഴുന്നള്ളത്തിന്റെ ഭാഗമായാണ് കുറിച്യർക്കിടയിൽ കുംഭപ്പാട്ട് വന്നത്. മൂന്നോ നാലോ പേർ ഒരുമിച്ച് കൂട്ടത്തോടെ ഇരുന്നു ഉത്സവപറമ്പിൽ നിന്ന് പാടുന്ന പാട്ടാണിത്. മലക്കാരി തിറ എഴുന്നള്ളിക്കുമ്പോഴാണ് ഈ പാട്ട് പാടുന്നത്.

ലേലോ... ലേലോ ലേലോ ലോ... ലോ...

ലോ... ലോലോ ലേലോ ലോ... ലോലോ...

യോ... എടവം വലഞ്ഞ്ക്കും കാറോണാമാരേ

യോ... നാനേരി പാട്ടും പാട്ന്ന്...ഊട

യേ…കാലി പയറ്റാടി നേരോമോയോളല്ലേ…

യോ… പൊന്നും മലക്കാരി തിരുവമ്പായല്ലേ

യേ…എളവം വലഞ്ഞ്ക്കും ചങ്ങാതീമാരേ

യോ… പാട്ട്ല് തപ്പെയബന്നാല് അല്ലേ

യേ… നിങ്ങള് ചിരിക്കൊരു ചങ്ങാതീമാരേ

യോ… നിങ്ങളും ചിരിച്ചാ പലര്ണ്ട് ഊട

പലരു ചിരിച്ചാ ചിലര്ണ്ട് ഊടാ…

പൊന്നും മലക്കാരി തിരുവുമ്പായല്ലേ

യോ…കൂത്ത്ല വരമ്പത്ത് കൂത്ത് കുറിച്ച്

പാട്ട്ലം വരമ്പത്ത് പാട്ട് കുറിച്ച്

യേ.. .. കള്ളും കളിയാട്ടം എല്ലായേ.. ..ഓട

പൊന്നും മലക്കാരി നിച്ചമിച്ച. … നിച്ച

യോ…മകയ്ല മാപ്പയ്യ അരങ്ങാന്ന് ദൈവം

യേ…കീയ്യര വീയ്മണ്ടം മൂക്ക്ന്ന് ദൈവം

യോ…നാലമ്മ പാട്ടേല് കാണ്ന്ന്… ദൈവം

യേ… അറത്ത്ട്ട് ആയിരം തലതുള്ള്…ന്നല്ലേ

അങ്ങനെ നിരുവള ദൈവാന്ന്…

ഇങ്ങനെ ആയല് എല്ലേയോ… തന്നെ

ചരടു ചരുമഞ്ച തീരുന്ന്…പോവ്വ്

യോ…പൊന്നും മലക്കാരി ദൈവാണ്…തന്നെ

യേ… ഉതരാള തെറ് കെട്ടന്ന് ദൈവം

യോ...ഉതരാള തേറ്ല് കയറിയ്ര്ന്ന് തന്നെ

യേ... ഉതരാള തേറ്ല് പോന്നയ്ല്ലേ...ദൈവം

യോ... വടക്കേ വൈക്ണ്ടം ചെല്ല്ന്ന്.. ദൈവം

യോ... വടക്കന്റെ നാട്ടില് താണുയല്ലോ... ദൈവം

യേ... ട മൂന്ന് കട തേറ് നെല്ലുമായല്ലേ...

യോ... ഇരുട്ട് കടലല്ലേ ചെങ്കടലല്ലേ...

യേ... ഇരുട്ട് കടലല്ലേ ചെങ്കടലല്ലേ...

യോ...വെള്ള്യം കടല് നെല്ലുമായല്ലേ...

മൂന്ന് കടല് കൂട്യേത്യന്ന്

യോ... അവിടെ കാല് കുത്ത്ന്ന് ദൈവം[55]

ഒരു പ്രത്യേക ഈണത്തിൽ തനത് ഭാഷ ഉപയോഗിച്ചാണ് കുറിച്യർ ഈ പാട്ട് പാടാറുള്ളത്. തിറ ഉത്സവത്തിന്റെ സമയം കാർണവന്മാരൊക്കെ ഒത്തുകൂടി ഇരിക്കുന്നിടത്തു നിന്ന് 'ഞാൻ ഒരു പാട്ട് പാടാൻ പോകുകയാണ് എന്നു പറഞ്ഞു കൊണ്ട്' പാട്ടു തുടങ്ങുന്നു. പൊന്നും മലക്കാരിയുടെ കുമ്പമാണ് എഴുന്നള്ളിക്കുന്നത് എന്നും, ചുറ്റിനും ഇരിക്കുന്ന ചങ്ങാതിമാരോട് പാട്ടിൽ തെറ്റ് വന്നു പോയാൽ ചിരിക്കരുതെന്നും നിങ്ങൾ ചിരിച്ചാൽ ബാക്കി ഉള്ളവരും ചിരിക്കും എന്നും പറയുന്നു. മലക്കാരിയുടെ തിറ എഴുന്നള്ളിക്കുന്നു. കള്ളു നിറച്ച കുമ്പമാണ് കളിയാട്ടത്തിന് കൊണ്ടുവന്നിരിക്കുന്നത്. മേലേ ലോകവും താഴേ ലോകവും മലക്കാരി ദൈവത്തിന്റെ കൈയ്യിലാണ്. അങ്ങനെ ഇരിക്കുമ്പോഴാണ് ലോകത്ത് ഒരു തരം രോഗം പിടിപെട്ടത്. അതിന്റെ മോക്ഷത്തിനായി മനുഷ്യന്റെ ചോര ബലിയായി കൊടുക്കാൻ ആയിരം തല അറുത്തിടുന്നത് കണ്ടു. ഇങ്ങനെ മനുഷ്യനെ ബലി കൊടുക്കാൻ തുടങ്ങിയാൽ മനുഷ്യൻ തന്നെ ഇല്ലാതാകും എന്നതിനാൽ മലക്കാരി അതിനെ എതിർത്തു. അതിരാളൻ തിറയെ കുറിച്ചാണ് പിന്നത്തെ വരികളിൽ പറയുന്നത്. അതിരാളൻ തിറ കെട്ടിയാടുന്നു. വടക്കേ വൈകുണ്ഡത്തിലേക്ക് ചെല്ലുന്നു ദൈവം.

കുംഭ പാട്ടിൽ തന്നെ പ്രാദേശിക വ്യതിയാനം കാണാൻ സാധിക്കുന്നു. ഈണത്തിലും വരികളിലും കുറേയേറെ മാറ്റങ്ങൾ കാണാൻ സാധിക്കും.

ലോ ലോ ലോ...

ലോ ലോ ലോ...

ലോ ലോ ലോ... ലോലോ...

ലോ ലോ ലോ...

ലോ ലോ ലോ...

ലോ ലോ ലോ... കേപി

പെന്നു മലക്കാരി കുംഭാന്നോ കേപി

എല്ലാരും കേട്ടോളി നിങ്ങള് ...ങ്ങല്ലേ

പെന്ന് പര്രോ തിരു കുംഭോ കേപി

തിരു കുംഭോ എല്ലാരു കേട്ടോളീ പിന്നാ...

മകയ്ലം ബാഗുന്ന ചീവോതീ... ച്ച് യമ്മേ...

ക്... അയ്ലം ക്... മണ്ടം കേക്കീന്... പിന്നാ...

ക്... അയ്ലം ക്... മണ്ടം കേക്കീന്... പിന്നാ...

പെന്നു മലക്കാരി തിരുകുംഭോ.. ങ്ങല്ലേ

പെന്നു മലക്കാരി തിരുകുംഭോ... ങ്ങല്ലേ

നാല് ദേവങ്ങളേ ചൂതാട്ടോ...

നാലല്ലോ... ദേവ്ങ്ങളെ ചൂ... ചൂതാട്ടോ... ങ്ങല്ലേ

ഞങ്ങള് പൂക്കളരി തന്നതു കൊണ്ടോന്ന്...ങ്ങല്ലേ...[56]

മലക്കാരിക്ക് തിറ സമയം മുളയിൽ കള്ളു നിറച്ച് കാഴ്ച വയ്ക്കുന്നതാണ് കുംഭം. ദേവന്റെ ഒരു കളികോൽ ആണ് കുംഭം എന്ന് പറയപ്പെടുന്നു. അതിനാലാണ് ഈ പാട്ടിനു കുംഭപ്പാട്ട് എന്ന് പേര് വരാൻ കാരണം. ഈ പാട്ടിൽ പറയുന്നത് മലക്കാരിക്ക് നേർച്ചയുള്ള കുംഭംമകയ്ലം വാഴുന്ന അമ്മയോട് ചോദിച്ചാണ് കുംഭം എഴുന്നള്ളിക്കുന്നത്. കുംഭപ്പാട്ടുകളിലെ 'അല്ലേ' 'തന്നെ' 'പിന്നാ' എന്നിങ്ങനെയുള്ള പദങ്ങൾ പാട്ടിന്റെ ഈണത്തിനു സഹായിക്കുന്നു. കൂടാതെ ഇത് പ്രേഷകരെ പിടിച്ചിരുത്താനുള്ള ഉപാധികൂടിയാണ്.

കുംഭം എഴുന്നള്ളിച്ചത്തിനു ശേഷം മുന്നൂറ്റനെയും[57]കൂട്ടി എല്ലാവരും മല കയറണം. ഉത്സവത്തിന്റെ തുടക്കം മുതൽ അവസാനം വരെ സമുദായത്തിലെ ഒരാളുടെ ശരീരത്തിൽ നെകല് ഉറഞ്ഞുവരുന്നു. ഉറഞ്ഞു വന്ന നെകലാണ് ഉത്സവത്തിനു വേണ്ടിയുള്ള നിർദ്ദേശങ്ങൾ നൽകുന്നത്. നെകല് മുന്നൂറ്റനോട് മുത്താച്ചിയമ്മയുടെ കോട്ടയ്ക്ക് പോയി വെള്ളാട്ടം കഴിപ്പിച്ചു വരാൻ ആവശ്യപ്പെട്ട് അരിയും മഞ്ഞളും മുന്നൂറ്റന്റെ കൈയ്യിലേക്ക് വച്ചു കൊടുക്കുന്നു. അതോടെ മുന്നൂറ്റൻ ഉറയാൻ തുടങ്ങുന്നു. മലയുടെ മുകളിലെ വലിയ പാറക്കെട്ടിന്റെ

ഉള്ളിലേക്ക് മുന്നൂറ്റൻ മറയുന്നു. കുറേ സമയത്തിനു ശേഷം മുത്താച്ചിയമ്മയ്ക്കുള്ള വെള്ളാട്ടം കഴിഞ്ഞ് മുന്നൂറ്റൻ മല ഇറങ്ങി വരും. കുംഭത്തിൽ എഴുന്നള്ളിച്ചകള്ള് നെകല് കൂപ്പയിൽ മുന്നൂറ്റനു എടുത്തു കൊടുക്കുന്നു. ഈ വെള്ളാട്ടത്തിനു ശേഷമാണ് മലക്കാരി തെയ്യം കെട്ടിയാടുന്നത്.

**മുത്തപ്പൻ കെട്ടിയാടൽ**

വയനാടൻ കുറിച്യരുടെ പ്രധാനപ്പെട്ട മറ്റൊരു ആരാധനമൂർത്തിയാണ് മുത്തപ്പൻ. നായാട്ടുമായി ബന്ധപ്പെട്ടാണ് മുത്തപ്പനെ ആരാധിക്കുന്നത്. മലയ സമുദായത്തിലുള്ളയാളാണ് മുത്തപ്പൻ കോലം കെട്ടുന്നത്. തിറ കെട്ടിയ ആൾ കാവിനു ചുറ്റും ഓടുന്നു. കൂടെ കുട്ടികളും അതിൽ ഒരാളെ തുണി എറിഞ്ഞു വീഴ്ത്തുകയും വീണയാൾ അനങ്ങാതെ കിടക്കുന്നു. അയാളുടെ മുകളിൽ ചുവന്ന പട്ടു വിരിച്ച് തമ്പ്രാന്റെ തറവാട്ടിൽ നിന്നും കൊണ്ടുവന്ന വളയും വയ്ക്കുന്നു. നരിയെ വീഴ്ത്തുന്ന നായാട്ടുകൂട്ടമാണ് ഇതിലൂടെ ഉദ്ദേശിക്കുന്നത്. മുത്തപ്പൻ തിറയോടനുബന്ധിച്ചാണ് കുറിച്യർക്കിടയിൽ നരിപ്പാട്ട് വന്നത്.

**നരിപ്പാട്ട്**

വയനാട്ടിലെ കുറിച്യ സമുദായത്തിനിടയ്ക്ക് നിലനിന്നിരുന്ന ഒന്നാണ് നരിപ്പാട്ട്. മുത്തപ്പൻ തിറയോടനുബന്ധിച്ച് പാടുന്ന പാട്ടാണ് നരിപ്പാട്ട്. നരിപ്പാട്ടിന് കുറിച്യർക്കിടയിലെ നായാട്ടുമായി ബന്ധമുണ്ട്. മലയന്മാർ തിറകെട്ടി ആടുമ്പോൾ കുറിച്യർ നരിപ്പാട്ട് നടത്തുന്നു. ചെണ്ടകൊട്ടി പുരുഷന്മാർ മാത്രം പങ്കെടുക്കുന്നതാണിത്. പുരുഷന്മാർ വെള്ളമുണ്ടിന്റെ മുകളിൽ ചുവന്ന പട്ട് ഉടുത്താണ് ഈ കലാരൂപം അവതരിപ്പിക്കുന്നത്. പശുക്കിടാവ്. പുലി തുടങ്ങിയവരെയാണ് ഈ പാട്ടിൽ പരാമർശിക്കുന്നത്. പുലി കിടാവിനെ ആക്രമിക്കുകയും പുലിയെ നായാട്ടുകൂട്ടം ചേർന്ന് കൊല്ലുന്നതുമൊക്കെയാണ് നരിപ്പാട്ടിന്റെ ഉള്ളടക്കം. ഒരു നരിപ്പാട്ട് ചുവടെ കൊടുക്കുന്നു.

1

ലാലേ... ലോ... ലാലെല്ലോ...

ലാലേ... ലേ... ബുവേ...

അങ്ങനം... തന്നല്ലേ... പൈരുംമാരാ... മുത്തപ്പ്ന്

ഊടും പാട്ടും...അല്ലേതല്ലേ

പൈരുംമാരാ... മുത്താച്ചിക്ക് കോതല്ച്ചി പൈയെയുള്ളു

കോതല്ച്ചീ പൈക്കല്ലേ... എണപിടിക്കാൻ അല്ലേതല്ല

മൂരിക്കുട്ട... കുട്ടനൊന്നും കിട്ടുന്നില്ല... അല്ലെതല്ല

പൈരുമാരാ... മുത്താച്ചിയമ്മ ബടിയും കുത്തീ പോന്നുണ്ടല്ലേ

പൈരുംമാരാ... മുത്താച്ചിയമ്മ നാലുകണോം നാലുകൈരം

ബെളുത്ത വാവ്... കറ്ത്തവാവിന് കെരയുന്ന്ണ്ട് കോതാല്ച്ചീ

ആലപടിക്കാ... ചെല്ല്ന്നമ്മാ മുത്താച്ചിയമ്മാ... അല്ലെതല്ല

എന്ത്ന്...കെരയ്ന്നത് കോതല്ച്ചീ പൈയെ നീയ്

നിനക്ക്...ഒത്ത കുട്ടനെ കിട്ട്ന്നില്ലാ...കോതാല്ച്ചീ

അങ്ങനല്ലം ബെളുത്തവാവ് കറ്ത്തവാവിന് കെരയും പൈ

കെരഞ്ഞ് കെരഞ്ഞ് മച്ചിപൈയ് ആയിപോയി കോതാല്ച്ചി

നാല്കാടം... നാല് കൊയ്ലം ചെല്ലുന്നുണ്ട് മുത്താച്ചിയമ്മ

എന്തീ... ബന്നത് മുത്തച്ചിയമ്മേ... നിങ്ങളോട്

ഒന്നുണ്ട്... കേക്കിനിന്ന് നാല് കൊയ്ലം തമ്പമാരെ...

എനക്കൊരൂ... കുട്ടനാ താരണമ്പിന്നാ... നിങ്ങളോട്

കുട്ടനാ... തരണെങ്കില് കുമ്പളം കുത്തീ... പണം ചെരിയണോ

എന്ത് പണോം...ബെള്ളി പണോം ചെരിഞ്ഞ് തന്നാ... അല്ലെതല്ല

ഞങ്ങള് ... കുട്ടനാ ബിട്ട്തരാ... മുത്താച്ചിയമ്മേ

അങ്ങനാ..പറയുന്ന്ണ്ട്... മുത്താച്ചിയമ്മാ... അല്ലെതല്ല...

ബെള്ളിപണോം..ചെറിയാനൊന്നു എന്റെ കയില്.. അല്ലെതല്ല

അവ്ട്ന്ന്... മടങ്ങ്ന്നുണ്ട് മുത്തച്ചിയമ്മ... അല്ലെതല്ല

പൈരുമാ... രാ... പതിനെട്ടറപ്പ... കേക്ക്ന്ണ്ട്... മുത്താച്ചിയമ്മ

ആറോത്തൂ... പൊയില്ലല്ലേ എറപ്പകേക്കു... മുത്തച്ചിയമ്മ

പതിനെട്ടറപ്പ... കേട്ട് അമ്മ ആലോത്ത്... പൊയില്ലല്ലേ

അന്നേരോ... കാലിക്കാരനാ... കണ്ട് അമ്മ... മുത്താച്ചിയമ്മ

ഒന്ന്ണ്ട്... കേക്ക്നീയ്... പൈെരുമാരാ... കാലിക്കാരാ..

കുട്ടത്ത്...മിഞ്ചതല്ലേ... ചേകര്ത് കുട്ടനല്ലേ

കുട്ടനാ കണ്ട് അമ്മ... പൈെരുമാരാ... മുത്താച്ചിയമ്മേ

കുട്ടനാ...ബിട്ട്തരിയോ... കാലിക്കാരാ നിന്നോടല്ലേ...

ഇല്ലയല്ലാ...ബിട്ട് തരിയല്ലാ പൈെരുമാരാ... മുത്താച്ചിയമ്മ

മക്കുറ്ടുംചെരതാൻതിന്ന്... ചേകര്ത് കുട്ടനല്ലേ

പൈെരുമാരാ... മുത്താച്ചിയമ്മ ആലപ്പടിക്കാ... ബന്ന് അമ്മ

പൈെരുമാരാ... മുത്തപ്പന് ഊട്ടും പാട്ടും കൈപ്പിച്ചാരാ

പൈെരുമാരാ... പൊറങ്കാലേ ദൈവത്ത്ന്... അല്ലെതല്ല

എറ്റചറോ... എറ്റതേങ്ങ മേടിച്ചമ്മാ... വച്ച്യമ്മ...

ചേകറ്ത്... തന്നതാനെ ബാണ്ന്നല്ലീ നേടിച്ചമ്മ

പൈെരുമാരാ... മുത്തപ്പന് എല്ലതല്ലേം തെന്നകിട്ടി

ഏതാലാ..കാലിയുണ്ട്പൈെരുമാരാ... മുത്തപ്പന്

കുട്ടത്ത്...മിഞ്ചതല്ലെ ചേകര്ത് കുട്ടനല്ലേ

അങ്ങനേ... തന്നയല്ലേ... പൈെരുമാരാ... കാലിക്കാരൻ

നേര്ച്ച... പലിക്കുന്ന്ണ്ട് ചേകര്ത്... കുട്ടനല്ലേ

കാലിപ്പടിയോ... തൊറക്ക്ന്ന്ണ്ട് കാലികാരൻ കൈകുളേര്

കോളിനടിക്കി... കേറ് കാലിയേ നിന്നോട് അല്ലെതല്ല

ഓക്കൂട്ട്ന്ന് ... ഓക്കൂട്ട്ന്ന് കാലിക്കാരൻ കൈകുളേര്

കാലീ...കോളിമലിക്കി കേര്ന്ന്ണ്ട് കാലികൾ

കാലിപൈക്കടി…നേരവുമോ…കാലിമടിക്കീ… കാലിക്കാരൻ

ചേകര്ത്… മുമ്പിലല്ല മൊക്കര്ട്ട്…പോന്ന് മൂരി

അങ്ങനേ...ചേകര്ത് പൈരുമാലേ കോട്ടന്തല്ലേ

ആലപ്പടിക്ക്… ചെന്നത്തുമ്പം ചേകര്ത്…ഓടുന്നല്ലേ

എങ്ങോട്ട്…പോന്നതാടാ…ചേകര്ത് കുട്ടാനീയ്

തടുക്ക്ന്നുണ്ട് കാലിക്കാരൻ കൈക്കുളേര് അല്ലതല്ല

ചേകനാ..കിട്ടിയതല്ല ചേകര്ത്… പോന്നുണ്ടല്ല

പൈരുമാരാ…മുത്താച്ചിയമ്മേന ആലപ്പടിക്കാ…ചെല്ലുന്ന്ണ്ട്

കോതാലിച്ചീ…പൈയിനോ…ആലപ്പടിയേ…മുട്ടിപിന്നെ

ആലപ്പടി..മുട്ടിതെറിപ്പിച്ച് ചേകരത് കുട്ടനല്ലേ…

പൈരുമാരാ… മുത്താച്ചിയമ്മ ഇതെല്ലാ കാണുന്നുണ്ട്

അങ്ങനെ... നോക്കുമ്പല്ലേഎണപിടിച്ച്… ചേകര്ത്

ആലപ്പടി …കടന്നത്… ഓട്ന്ന്ണ്ട് കോതാലിച്ചി

ബയ്യെന്നെ ഓട്ന്ന്ണ്ട് ചേകര്ത് കുട്ടനല്ല

ഒന്നാം മലഞ്ചാര്… എണപിടിച്ച്  ചേകര്ത് കുട്ടനല്ല

രണ്ടാം മലഞ്ചാര്… കാരിമൂരി രണ്ടാം മലഞ്ചാര്… എണപിടിച്ച്

മൂന്നാം മലഞ്ചാര്…കടന്ന് പൈയ് മൂന്നാം മലഞ്ചാര് എണ പിടിച്ച്

നാലാം മലഞ്ചാര് … എണപിടിച്ച് ചേകര്ത് കുട്ടനല്ല

അഞ്ചാം മലഞ്ചാര്…തില്ലുംമാല കളകമലാ…അല്ലതല്ല

കളകമലയിമ്ല്..എണപിടിച്ച് ചേകര്തും കോതല്ച്ചി

കളക മലയിമ്ന്ന് ചിങ്ങത്താന്മല കേരുന്നല്ലോ. മൂരിയല്ല

ചിങ്ങത്താന്മലമിന്ന് പുല്ലും തിന്ന് ബെള്ളം കുടിച്ചീ…കീഞ്ഞ് മൂരി

കോതാല്ച്ചി ചേകരതും അങ്ങനെല്ലാം പോര്ന്നുണ്ട്.

ചുള്ളിനടയിമ്ല് വെച്ച്യല്ലം ചേകര്ത്. തെറ്റിപോന്ന്

കോതാല്ച്ചീ പൈയാക്ന്ന്…കോതാല്ച്ചീ പൈയാക്ന്ന്

മുത്താച്ചിയമ്മേന്റെആലിക്കല്ലേ പോര്ന്നുണ്ട്…കോതാല്ച്ചീ

അങ്ങനല്ലേ.. കോതാല്ച്ചിപൈക്കല്ലേ… അല്ലപന്നെ

പൈ..ക്ക്..കർപം ദരിച്ച് കോതാല്ച്ചീ പൈയാക്ന്ന്

കളക മലയിമ്ല് കളകപുലി ബന്ന് നോക്കുമ്പോ അല്ലപന്നെ

ചിങ്ങത്താന്മലയിമ്ന്ന്ബന്നുനോക്കുമ്പോ ചിങ്ങപെലിയുംകളകപെലിയും

ചിങ്ങത്താന്മലയിമ്ന്ന് എറമ്പ്ന്ന്ണ്ട്ചിങ്ങപുലി… അല്ലപന്നെ

കളകന്മയിമ്ന്ന് എറമ്പ്ന്ന്ണ്ട് കളകപുലി… അല്ലതല്ല

ചെത്ത് വയ്ക്കാ… തേറ് വയ്ക്കാകൈവെറ്ച്ച്… പോരുന്ന്ണ്ട്

രണ്ടുപുലിയും എണപിടിച്ച് ചിങ്ങപെലിയും കളകപെലിയും

അങ്ങനെയോ…കളകമലയിമ്ന്ന് പിരിയുന്ന്ണ്ട് ചിങ്ങപെലി

കളക മലയിമ്ന്ന് പിരിഞ്ഞിട്ടല്ലോ… കർപം ദരിച്ച്… ചിങ്ങപെലി

കളകപുലീ..അങ്ങനാന്ന് നാലോത്തൂ പൊയില്ലെല്ലം കോതാല്ച്ചീപൈയാക്ന്ന്

ആലചാക്കാ.. തിന്ന് പൈയ് മടയ്ന്ന്ണ്ട്… പൈയാക്ന്ന്

അങ്ങനയോ..എല്ലോപിന്നെം ചിങ്ങപെലിക്ക്..കർപാക്ന്ന്

കോതാല്ച്ചിക്കു..കർപാക്ന്ന്… കോതാല്ച്ചീ പൈയാക്ന്ന്

അങ്ങനല്ലം..പെറ്റ്പൈയ് അങ്ങനെയും കന്ന്നെയും കൂട്ടി

കന്ന്നെയും കൂട്ടി പോരുന്ന്ണ്ട് കോതാല്ച്ചീ പൈയാക്ന്ന്

കളകപെലിയും ചിങ്ങപെലിയും ചുള്ളനാടെമില് വന്ന് നോക്കി

ചുള്ളിനാടെമില് വന്ന് നോക്കുമ്പം ചിങ്ങപെലിയോ…കാണുന്ന്ണ്ട്

ചിങ്ങപെലിക്ക്..പച്ചെറച്ചികൊന്തും ചാറാ തിന്നണല്ലോ...

കോളികർപോ അല്ലപെന്ന ചിങ്ങപെലിക്ക് അല്ലതല്ല

പച്ചെറച്ചീ കൊമ്പുംതാറ തിന്നണെര്യേ പൂതിയല്ലോക്ക്...

അങ്ങനെല്ലം...കന്നുംപൈയും കാണുന്ന്ണ്ട് കളകപെലി

അന്നേരം പൊലിയല്ലാന്ന് കന്ന്നാ പിടിച്ചുപോയ അമ്മ കെരയൂം അല്ലപെന്നാ

അമ്മേനെ പിടിച്ചുപോയ കന്ന് കെരയൂ അല്ലപെന്നാ...

അവ്ട്ന്ന്..മടങ്ങുന്ന്ണ്ട് കളകപെലിയും ചിങ്ങപെലയും

പിറ്റന്ന്..നേരം ബെളുക്ക്മ്പം കാലിക്കാരൻ കൈകുളേര്...

ആലചാക്കാ.. ആലോത്തുപെയലിലെല്ലാ ഉണ്ട്പെന്നാ

കാലിക്കാരൻ കൈകുളേര് കാലിതൊറന്ന്... കാലികാരൻ

പൈരുമലയിമ്ന്ന് കെയരും തൊറന്ന് കീയുന്ന്ണ്ട് കാലികാരൻ

മുമ്പ്ല്... നടക്ക്ന്നുണ്ട് ചേകര്ത്...കുട്ടനല്ലേ

പൂഞ്ഞകെട്ട്... ചെരിഞ്ഞും മറിഞ്ഞ് ചെരവാഞ്ചല്ലേ...പോന്ന് മൂരി

അങ്ങനെ... കാലിക്കാരൻ പറയുന്നുണ്ട്...അല്ലപന്നെ

പൈരുമാരാ..ചേകര്താൻ ആലോത്തു... പൊയിലിലേക്ക്

ആലചക്കയ്ക്ക്... പൂവാകര്യ നെല്ലിയല്ലാ...കൊണ്ടേര്ന്ന്

അങ്ങനെ. ആലചക്ക ആലോത്തു പേരിയലല്ലേ

ആലചക്കാ... തിന്നുന്നുണ്ട് കാലിയള്... അല്ലപിന്നെ

ആലമ്മാ...രത്തിന്മില് കേര്ന്നുണ്ട് കാലികാരൻ

ആലചക്കാ... തേച്ചിട്ന്ന് കാലിക്കാരൻ കയികുളേര്

ആലചക്കാ...തിന്നും കാലി അല്ലപന്നാ...അല്ലപന്നാ...

കളകപെലിയും ചിങ്ങപെലി... ആലോത്ത് പൊയിലിലില്ലാ

ആലാ..പെയിലിലില്ലാ... ചിങ്ങപെലി...അല്ലപന്നെ

ചോലക്കാട്... നോക്കിയല്ല...പറ്റി പറ്റിപോരുന്ന്ണ്ട്

ചേകര്ത് കുട്ടനല്ല ചേനലരിയെ മെയുന്നുണ്ട്

മനമ്പില്ലിൽ തിന്നുയരുത് അങ്ങനെ പോരുമെല്ലെ

ചിങ്ങപെലി... കാണുന്നുണ്ട്... അന്നേരം ചിങ്ങപെലിക്ക് നാവ്ന്ന് ബെള്ളം ചാടി

കളകപെലി... അല്ലപിന്നെ പച്ചെറച്ചീ...തിന്നുന്നോന

ചേകര്ത്..കുട്ടനാ അല്ലപിന്നെ...

പൈെരുമാരാ... മുത്തപ്പന് ചേകര്ത് കുട്ടനല്ല

ചാടിപിടിക്കുന്ന്...കളകപെലി ചേകര്ത്...കുട്ടനല്ല

ബേ..ബേ..കേരയുന്ന്ണ്ട് ചേകര്ത്...കുട്ടനല്ല

ആലചക്ക ബെട്ടിയിട്ട് കളിക്കുന്നുണ്ട്... കാലിക്കാരൻ

ഏരുകേരയണ ഒച്ചകേട്ട് കാലിക്കാരൻ കയികുള്ളേര്

ചേര കുടിക്കുന്ന് ചിങ്ങപെലി... കാലിക്കാരൻ കൈകുള്ളേര്

പൊലിയിനാ... ഓടിച്ച്...ബിടുന്നത്...കാലിക്കാരൻ

അങ്ങനെയോ... അല്ലപന്നെ...കാലിമടക്കി കാലികാരൻ

പൈെരുമാരാ... മുത്തപ്പന് ആലിക്കല്ലേപോന്ന് കാലി

പൈെരുമാരാ... നാലുയടംബാങ്ങുന്നേ.. നമ്പൂരിയള്..

ചേകര്ത്.. കുട്ടനാ.. കാണുന്നില്ല... കാലികാര

ആലോത്തുപോയിലില്ല ആലചാക്കയ്ക്ക് കൊണ്ട്പോയി

കാലിനാ കൊണ്ട് ചെന്ന് നോക്കുമ്പോ... അല്ലപന്നെ

ചേകര്ത്നാ...കളകപെലി പിടിച്ചിതിനാ... നിങ്ങളോട്

നിന്നങ്കീ... കേക്ക് കാലികാര നിന്നോട് അല്ലപിന്നെ

നായാട്ടുകൂട്ട ഒന്ന് കൂടണല്ലോ അല്ലപന്നെ

നരിനാ... കൊല്ലണല്ലോ നെല്ലുമോഹോ... അല്ലപന്നെ

അക്കരെക്കാ... മുകലേക്ക... പുള്ളിപെറ്റാ പരീലല്ലാ

ചിങ്ങപെലിയോ... പെറ്റുകൂടി ചിങ്ങപെലിയൂ അല്ലപന്നെ

പൈരമാരാ... മുത്തപ്പന് ഊട്ടുംപാട്ടും അല്ലപന്നെ

കോട്ടപയര്... നാട്ടപയര്... പാൽപായ്സോ... നെയപായ്സോ...

ചെരുവപ്പടോ... ബെരുവപ്പടോം ഊട്ടിനായോ അല്ലപന്നെ

മനുഷൻബള്ളീ... എല്ലത്ത്ഹ്... കുഞ്ഞനമ്പൂരിയല്ല പന്നെ

മുനുഷൻ ബള്ളീ... എല്ലത്ത്ന്ന് ഊട്ടും പാട്ടും കേട്ട്ലല്ലേ

നാവുന്ന്.. ബെള്ളയുറ്റും മനുഷൻബള്ളീ... നമ്പൂരിക്ക്

അക്കരേക്കാ... മുക്കേലക്ക പുള്ളിപെറ്റാ... പാരിലല്ലാ...

പൊലികളെല്ലാ... പെറ്റുകൂടി കെടക്ക്ന്നുണ്ട് അല്ലപന്നെ[58]

പൈെരുമാര മുത്തപ്പന് ഏഴ് ആലയുണ്ട്. ഏഴ് ആലയിലും[59] ഒരുപാട് കാലികൾ ഉണ്ട്. അതിൽ ഏറ്റവും വലിയ മൂരിയാണ് ചേകര്ത മൂരി. അവിടെയുള്ള മുത്താച്ചിയമ്മയ്ക്ക് ഉള്ള ഒരേയൊരു സ്വത്താണ് മുത്താച്ചിയമ്മയുടെ കോതല്ച്ചി പശു. എന്നാൽ ഈ കോതല്ച്ചി പശുവിന് ഇണ പടിക്കാൻ മൂരിക്കുട്ടനെ കിട്ടാത്തതിനാൽ കോതാല്ച്ചി പശു പ്രസവിക്കുന്നില്ല. നാലു കൊയിലും[60] വാഴും തമ്പന്മാരുടെ അരികിൽ ചെന്ന് കോതാല്ച്ചി പശുവിന് ഇണപിടിക്കാൻ കുട്ടന്മാരെ ആവശ്യപ്പെട്ടു. കുട്ടനെ തരണമെങ്കിൽ കുമ്പളം കത്തി[61] ബെള്ളിപണം ചെരിയണം[62] എന്ന് തമ്പന്മാർ മുത്താച്ചിയമ്മയോട് പറഞ്ഞു. എന്നാൽ മുത്താച്ചിയമ്മേയെ കൈയ്യിൽ ബെള്ളിപണം ഇല്ല. എങ്കിൽ മൂരികുട്ടനെ വിട്ട് തരില്ല എന്ന് തമ്പന്മാർ പറഞ്ഞു. അപ്പോഴാണ് പൈരുമാരാ മുത്തപ്പന്റെ കാലികൾ മെയ്യുന്ന എറപ്പ്[63] കേൾക്കുന്നു. മുത്താച്ചിയമ്മ നോക്കുമ്പോൾ കോതാല്ച്ചി പശുവിന് ചേരുന്ന ഒരു കുട്ടനെ കണ്ടു. മുത്താച്ചിയമ്മ കാലികാരന്റടുത്ത് ചെന്ന് മൂരികുട്ടനെ ചോദിച്ചു. എന്നാൽ കാലിക്കാരൻ മൂരിക്കുട്ടനെ വിട്ടുകൊടുത്തില്ല. മുത്താച്ചിയമ്മ സങ്കടത്തോടെ വീട്ടിലേക്ക് തിരിച്ചുപോയി. മുത്താച്ചിയമ്മ കോതല്ച്ചി പശുവിന്റെ ആലയിൽ പോയി പറഞ്ഞു. 'പൈെരുമാര മുത്തപ്പന്

ഊട്ടുംപാട്ടും കഴിപ്പിച്ചു കൊടുക്കാം കൂടാതെ പൊറങ്കാല ദൈവത്തിന് ഒരു ചറോം[64] ഒരു തേങ്ങയും കൊടുക്കാം.' ഈ നേർച്ച ചേകര്ത് കുട്ടന് ഏൽക്കണം എന്ന് പ്രാത്ഥിച്ചു. പിന്നീട് ഈ നേർച്ച ചേകര്ത് കുട്ടന് ഫലിക്കുകയും ഒരു ദിവസം കാലിക്കാരൻ തൊഴുത്ത് തുറന്നപ്പോള് ചേകര്ത് മൂരി ഇറങ്ങി ഓടി കോതല്ച്ചി പശുവിന്റെ ആലയിൽ എത്തിചേർന്നു. അങ്ങനെ കോതല്ച്ചി പശുവും ചേകര്ത് മൂരിയും ഇണ പിടിക്കുകയും അവിടെ നിന്നും കോത്ല്ച്ചിയും കുട്ടനും മലയിലേക്ക് ഓടി. ഒന്നാം മലയിൽ നിന്നും ഇണപിടിച്ച് രണ്ടാം മലയിൽ നിന്നും ഇണപിടിച്ചു. മൂന്നാം മലയിൽ നിന്നും ഇണപടിച്ചു. നാലാം മലയിൽ നിന്നും ഇണപിടിച്ച് അഞ്ചാം മലയിലേക്ക് കയറി. അഞ്ചാം മലയാണ് കളകമല. ആറാം മലയാണ് ചിങ്ങത്താന്മല. അവിടെയുള്ളതാണ് പെൺപുലിയായ ചിങ്ങപ്പുലിയും, ആൺപുലിയായ കളകപ്പുലിയും. കോതല്ച്ചിയും മൂരികുട്ടനും ഇണപിടിച്ചു തിരിച്ചുപോയി. കളകമലയിൽ എത്തിയ കളകപ്പുലിക്ക് മലയിൽ നിന്ന് ഇണപിടിച്ച് മണം കിട്ടി. കളകപ്പുലി മലയിൽ നിന്ന് എരമ്പി[65] അതുകേട്ട് ചിങ്ങത്താൻമലയിൽ നിന്നും ചിങ്ങപ്പുലിയും എരമ്പി. അങ്ങനെ കളകപ്പുലിയും ചിങ്ങപ്പുലിയും എണപിടിച്ചു. ഒരേ സമയം ചിങ്ങപ്പുലിയും കോതല്ച്ചി പശുവും ഗർഭം ധരിച്ചു. കോതല്ച്ചി പശു പ്രസവിച്ചു. ഈ കന്നിനെയും[66] കൂട്ടി കോതല്ച്ചി ചുള്ളിനടയിലൂടെ[67] പോകുകയായിരുന്നു. ചിങ്ങപ്പുലിക്ക് പച്ച ഇറച്ചി തിന്നാൻ കൊതിയായി. അപ്പോഴാണ് ചിങ്ങപ്പുലിയും കളകപ്പുലിയും ഇവരെ കാണുന്നത്. അമ്മയെ പിടിച്ചു പോയാൽ കന്ന്[68] കരയും. കന്നിനെ പിടിച്ചു പോയാൽ അമ്മയും കരയും. ആയതിനാൽ അവയെ വെറുതെ വിട്ടു.

പിറ്റേദിവസം രാവിലെ പൈരുമാരാ മുത്തപ്പന്റെ കാലികാരൻ ആലതുറന്ന് കാലികളെ പുറത്തിറക്കി. അവിടെ അടുത്ത് ആലോത്തു പൊയിലിൽ ആലചക്ക ഉള്ളയിടമാണ്. കാലിക്കാരൻ കാലികളെ അങ്ങോട്ട് ഓടിച്ചു. കാലിക്കാരൻ കയറി ആലചക്ക ഇട്ടു കൊടുത്തു. അതും കഴിച്ചു കൊണ്ട് കാലികൾ മേച്ചുകയാണ്. ചേകരത് കുട്ടനാണ് മുന്നിൽ ആലചക്കയും തിന്ന് ചോലക്കാട് ചേർത്ത് മലപുല്ല് തിന്ന് പോവുകയാണ്. ആലോത്ത് പൊയിലിയിൽ ചിങ്ങപ്പുലിയും കളകപ്പുലിയും ഒളിച്ചിരിക്കുന്നുണ്ടായിരുന്നു. ചേകര്ത കുട്ടൻ പുലികളുടെ മുന്നിൽ വന്ന് പെടുകയും ചെയ്തു. ചേകര്ത് കുട്ടനെ കണ്ടപ്പോൾ ചിങ്ങപ്പുലിക്ക് കൊതിയായി. കളകപ്പുലി കുട്ടനെ ചാടി പിടിച്ചു. ആലചക്ക വെട്ടിയിട്ടുകൊണ്ടിരുന്ന കാലിക്കാരൻ മൂരിയുടെ കരച്ചിൽ കേട്ട് അവിടെ എത്തി പുലിയെ ഓടിച്ചു വിട്ടു. കാലിക്കാരൻ പൈരുമാര മുത്തപ്പന്റെ അമ്പല നടയിൽവന്ന് പ്രാർത്ഥിച്ചു. അവിടെയുള്ള നമ്പൂതിരിയോട് കാലിക്കാരൻ കാര്യങ്ങൾ പറഞ്ഞു. ചേകര്ത് കുട്ടനെ പുലി പിടിച്ചു. നമ്പൂതിരി പറഞ്ഞു അതിനെയും നോക്കി കാര്യമില്ല. നായാട്ടുകൂട്ടം കൂടി പുലിയെ കൊല്ലണം. അവിടെയുള്ള അക്കേരക്കാ മുക്കേരക്ക എന്ന പാറകെട്ടിൽ താമസിച്ചിരുന്നു. ആ പാറകെട്ടിനുള്ളിലാണ് ചിങ്ങപ്പുലി പ്രസവിച്ചത്. പൈരുമാരാ മുത്തപ്പന് ഊട്ടും പാട്ടും കഴിപ്പിക്കാൻ[69] കോട്ടപയർ, നാട്ടപയർ, പാൽപായസം, നെയ്പായസം, ചെറിയപപ്പടം, വലിയപപ്പടം വച്ച് ഊട്ടും പാട്ടു നടത്തുന്നു. മനുഷൻബള്ളി ഇല്ലത്തുള്ള നമ്പൂതിരി പാൽപായസം, നെയ്പായസം എന്നിവയൊക്കെ കഴിക്കാൻ പൈരുമലയ്ക്ക് പുറപ്പെട്ടു. അക്കേരക്കാ മുക്കേലക്ക മല കടന്നുവേണം അവിടെ എത്തിപ്പെടാൻ. കൊതിമൂത്ത നമ്പൂതിരി മല കടന്ന് പൈരുമലയ്ക്ക്

എത്തി. ഊട്ടും പാട്ടും കഴിഞ്ഞു വരുന്ന വഴിയിൽ വച്ച് ഇയാളെ പുലി പിടിക്കുന്നു. കുമ്പുള്ളം കോട്ടയിലെ കുങ്കൻ നമ്പ്യാർ, താഴെയില്ലത്തെ എളയംകമ്മളു നായാട്ടുകൂട്ടം കുറിച്ചു മൂന്നു കുറ്റി തോക്കെടുത്തു. കാലിക്കാരൻ ഓടവില്ലും, ചെലിയമ്പും[70] എടുത്തു. ആലോത്ത് നടയിൽ നിന്നു ബാക്കിയുള്ളവർ മറ്റിടത്തും നിന്നും പുലി ആ വഴി വന്നപ്പോൾ കാരിക്കാരൻ അമ്പെയ്തു വീഴ്ത്തി. നാട്ടുകാരും വീട്ടുകാരും നാടുവാഴ്ചയും പുലിയെ തൂക്കണം പുലിയുടെ പുറത്ത് പട്ടുവിരിച്ചു വളയും വെച്ചു പുലിയെ തൂക്കുന്നു. അതോടെ മുത്തപ്പൻ തിറയും നിരിപ്പാട്ടും കഴിയുന്നു.

നരിപ്പാട്ടിന് പല പ്രാദേശിക ഭേതങ്ങളുണ്ട്. നരിപ്പാട്ടിന്റെ ഒരുപ്രാദേശിക വ്യതിയാനത്തിലെ ഏതാനും വരികൾചുവടെ കൊടുക്കുന്നു.

2

കാലി നോക്കൂ... കാലിചെക്കാ...

ഏല... മല മേല നെരിപുലീ... യല്ലേ...

ഏല... മല മേല... നെരിപുലീ... യല്ലേ

കാലീന മേക്ക്ന്ന ചെക്കനോ... കേപ്പീ...

കാലിയ മേക്കന്ന് ചെക്കനോ... ങ്ങല്ലേ

മൂത്തിറ്റ് കമ്മള കാല് യല്ലേ... കേപ്പീ

അങ്ങിരിയിരിക്കുന്ന നേരത്ത്... ങ്ങല്ലേ

ഏഴ്... മല മേല നെരിപുലീ... യാന്ന്[71]

കാലിയെ മേച്ചു നടന്നത് കാലിചെക്കനായിരുന്നു. അവിടെ ഏലമല എന്ന മലയിൽ നരിപുലി താമസിച്ചിരുന്നു.എന്നിങ്ങനെ പറഞ്ഞുകൊണ്ട് പാട്ടിനു തുടക്കം കുറിക്കുന്നു. നരിപ്പാടിന്റെ മറ്റൊരു പ്രാദേശിക ഭേദം ചുവടെ കൊടുക്കുന്നു.

3

‘‘കാളകല മേലെ കളക പുലി

ഒരു വെള്ളം തേടിയിറങ്ങി

ഒന്നാം മല കേറി

രണ്ടാം മരയിറങ്ങി

രണ്ടാം മലകേറി നോക്കുമ്പോൾ കണ്ടല്ലോ

മൂന്നാം മലയുടെ താഴ്‌വരയിൽ അതാ

കോതലെച്ചി പയ്യും കന്നും മേയന്നല്ലോ

ഇതുകണ്ട് പുലിയല്ലോ

ഇടം കൈ കുത്തി വലം കൈ കൊണ്ട് ആശയും കാട്ടി

പോരുന്നുണ്ട് കാളകപുലി

ഇതുകണ്ടല്ലോ കോതലെച്ചി

നാലാം മലകേറി

അഞ്ചാം മലയിറങ്ങി

ഇതു കണ്ട് പുലിയല്ലോ

ഇടം കൈ കുത്തി വലം കൈ കൊണ്ട് ആശയും കാട്ടി

പോരുന്നുണ്ട് കാളകപുലി

അപ്പോഴല്ലോ കാലിക്കാരൻ

കൈക്കോളൻ ചെക്കൻ

ചക്ക കൈതചക്കവെട്ടി ഉരുട്ടുന്നു

ഇതു കണ്ടല്ലോ പുലി

ആറാം മലകേറി, വഴി മാറി

ഏഴാം മലയിലെത്തി

അപ്പോൾ കണ്ടും കോതാലെച്ചി പയ്യും കന്നും

ഏഴാം മലയിൽ

ഉടനെ പുലിയല്ലോ ചിന്തിച്ചു

അമ്മയെ പിടിച്ചാൽ കുഞ്ഞിന് വിഷമമാകും

കുഞ്ഞിനെ പിടിച്ചാൽ അമ്മയ്ക്ക് വിഷമമാകും

ഈ വക ചിന്ത ആയതിനാൽ

കൂട്ടത്തിൽ മേധാവി

കുട്ടനെ പിടിച്ചല്ലോ പുലി

ഇത് കണ്ട് കൈക്കോളാൻ ചെക്കൻ

മൂപ്പനെ വിവരം അറിയിച്ചല്ലോ

അപ്പോൾ വന്നു നായാട്ടുവീരൻ

പുലിയെ കൊന്നു വീരൻ

ഇത് കണ്ട് സന്തോഷിച്ച്

കുട്ടനെയും കൂട്ടി തിരിച്ചല്ലോ കോതാലെച്ചി പയ്യ്'' (നൈന, 2018:92-93)

നൈന (2018) രേഖപ്പെടുത്തിയ നരിപ്പാട്ടും മുകളിൽ പ്രസ്താവിച്ച നരിപ്പാട്ടും തമ്മിൽ സാരാംശത്തിൽ ഒന്ന് തന്നെയാണെങ്കിലും വരികളിൽ വ്യതിയാനം കാണാൻ സാധിക്കും. ഭാഷാഭേദം പോലെ തന്നെ വായ്മൊഴിയിലും ഭേദങ്ങൾ കാണാൻ സാധിക്കുന്നു. ഒന്നാം നമ്പ റായി മുകളിൽ കൊടുത്തിട്ടുള്ള നരിപ്പാട്ടിൽ കുറിച്യരുടെ തനത് ഭാഷയിലുള്ള വാക്കുകൾ കൂടുതലായും കാണുവാൻ സാധിക്കും.

**മര്മായി പാട്ട്**

നരിപ്പാട്ട് പോലെ തന്നെ കുറിച്യ സമുദായത്തിനിടയിൽ തിറയോടനുബന്ധിച്ച് പാടുന്ന ഒരു പാട്ടാണ് മര്മായി പാട്ട്. തിറ സമയം കൂട്ടത്തോടെ ഇരുന്നു ഈ പാട്ടു പാടാറുണ്ട്. തിറയ്ക്ക് കൂട്ടത്തോടെ മൂന്ന് പേര് പാടേണ്ടഒരു പാട്ട് ചുവടെ കൊടുക്കുന്നു.

താലേലോ താലേലോ...

താലേലേ... ഭുവേ

താലേലോ താലേലോ...

താലേലേ... ഭുവേ

പേരിമ്പേ... രിമ്പേരി ഓമന... ചങ്ങാതി

ഒന്നാം... ബിളിയത് കേട്ടീ... ലാ... ഓല്

രണ്ടാം...ബീ...ളിയല്ലോ ബിളിക്കീന്ന്... തല്ലെ

മൂന്നാം..ബീ.. ളിയതോ ബിളിക്കീ.. ന്ന് തല്ലെ

മൂന്നാം... ബീ... ളികേട്ട് ഓമന... ചങ്ങാതി

നെകലൊപ്പോം ബന്നില്ലാ... ദൈവൊ... പ്പൊം പോരി

ദൈവൊ... പ്പോം ബന്നില്ലാ...നെകലൊ... പ്പൊം പോരി

എവിടാ... കാ ബരണോ... നെല്ലൂമാ... യല്ലേ

ദൈവാ... കളിച്ചാട്യാ... തിരുമിട്ടാ... പോരി

ദൈവാ... കളിച്ചാട്യാ... തിരുമിട്ടാ... എത്തി

ചൂര്യ... നുദിക്കുമ്പോ ബെച്ചേ പൂമരം

ചൂര്യ... നുദിക്കുമ്പോ ബെച്ചേ ബെളക്ക്

പേ... രിമ്പേ ... രിമ്പേരി ഒതന ച... ങ്ങാതി

അങ്ങന... തന്നല്ലേ ദൈവോ... ങ്ങളല്ലേ

കോയി...ബി... ളിക്ക്ന്ന് കോയി കൂ...ട്ട്ന്ന്

നായി... എരക്ക്ന്ന് നകര്ത്ത്ന്നല്ലേ

കുഞ്ഞേ... കെരയ്ന്ന്... അയില്ട്ട്ന്നല്ലേ

പയ്യ്... കെരയ്ന്ന് പൈരു... മാലേന്ന്

മുത്ത്...വെ പൊടിയ്ന്ന് മുത്തൂര് നാട്

ബെള്ളീ... പൊടിയ്ന്ന് ബെളൂര് നാട്

ചോളോം... ബെളയ്ന്ന് ചോളോവയിലല്ലേ

എള്ള് ബെളയ്ന്ന്...എള്ളൂര് നാട്

ഉപ്പ്... പൊടിയ്ന്ന് ഉപ്പൂര് നാട്

എള്ള്... ആട്ട്ന്ന പതിനെട്ട് ചക്ക്

എള്ളെണ്ണ കാ... ച്ചി പോന്നുണ്ട്യല്ലേ

പതിനെട്ട് നാട്ടില് എത്ത്ന്ന് എണ്ണ[72]

കാർണോമാരേ, കാർണോമാരേ, ചങ്ങായികളെ, ചങ്ങായികളെ മര്മായി പാട്ട് പാടാൻ ബരിയോ എന്ന് പറഞ്ഞു കൊണ്ടാണ് ഈ പാട്ട് പാടാൻതുടങ്ങുന്നത്. ഒന്നാം തവണ വിളിച്ചപ്പോൾ ആരും വന്നില്ല. രണ്ടാം തവണ വിളിച്ചപ്പോഴും ആരും വന്നില്ല. മൂന്നാം തവണ ഒരു ചങ്ങാതി ഉരിയാടി. ദൈവത്തിനെ വിചാരിച്ച് പാട്ട് പാടാൻ വന്നുകൊള്ളാൻ പറയുന്നു. ദൈവത്തിനെ അല്ലെങ്കിൽ നെകലിനെ വിചാരിച്ച് തെറ്റൊന്നും വരരുതെന്ന് വിചാരിച്ച് പാട്ടു പാടാൻ പറയുന്നതാണ് ഈ പാട്ടിന്റെ സാരാംശം. ഒരു പ്രത്യേക താളത്തിലും ഈണത്തിലുമാണ് ഇത് പാടുന്നത്. പാട്ടിന്റെ ഓരോ വരികളിലും താളത്തിനനുസരിച്ചുള്ള ഏറ്റകുറച്ചിലുകൾ കാണാം.

**തമ്പായിക്ക് കൊടുക്കൽ**

കുറിച്യർക്കിടയിൽ വർഷത്തിൽ ഒരിക്കൽ ചെയ്യുന്ന ചടങ്ങാണിത്. കുറിച്യരുടെ ദൈവങ്ങളായ മലക്കാരി, തെയ്യം, തമ്പിരാട്ടി എന്നിവർക്ക് വാഴകൊല, തേങ്ങ എന്നിവ കാഴ്ച വെയ്ക്കുന്നു. നാക്കിലയിൽ വിധി വയ്ക്കുന്നു. കർമി കിഴക്കോട്ട് തിരിഞ്ഞ് നാക്കിലയിൽ വിളക്ക് വയ്ക്കും. ആദ്യം മലക്കാരിക്കാണ് കൊല കാഴ്ച വയ്ക്കുന്നത്. പിന്നീട് തെയ്യം, തമ്പിരാട്ടി തുടങ്ങിയവർക്ക് കാഴ്ച വയ്ക്കുന്നു. തേങ്ങ കൊത്തി കുലയുടെ കൂടെ വയ്ക്കുന്നു. കൂടെ കിണ്ടിയിൽ വെള്ളം വയ്ക്കുന്നു. ദേവിക്ക് കിണ്ണത്തിലാണ് വെള്ളം വയ്ക്കുന്നത്. മൂന്ന് തവണ ചന്ദനത്തിരികൊണ്ട പുകച്ച് ദൈവത്തിനു കൊള്ളിക്കുന്നു. പിന്നീട് ഉടച്ചുവച്ച തേങ്ങ മുറി മുകളിലേക്ക് എറിയുന്നു. മലക്കാരിക്ക് മൂന്ന് തേങ്ങ, തെയ്യത്തിനു രണ്ടു തേങ്ങ, തമ്പിരാട്ടിക്ക് രണ്ട് തേങ്ങഎന്നിവയാണ് വയ്ക്കുന്നത്. മലക്കാരിക്ക് തേങ്ങയുടെ കണ്ണുള്ളത് പെൺമുറിയും കൂർത്തവശം ഉള്ളത് ആൺമുറിയുമാണ്. തേങ്ങ ഉടച്ചു മുകളിലേക്ക് ഇട്ടു നോക്കുമ്പോൾ ആൺമുറി കമന്ന് വീണാൽ ദൈവം 'കൈകൂടി പിടി'ച്ചെന്ന് വിശ്വസിക്കുന്നു. തെയ്യത്തിന്റെ നാലു തേങ്ങ മുറി ഇടുമ്പോൾ ഒരു ആൺമുറിയും ഒരു പെൺമുറിയും കമഴ്ന്ന് വീഴണം. അങ്ങനെ വീണാൽ ഭഗവാൻ 'തെയ്യം പിടിച്ച് മൊള പൊന്തി' എന്ന് പറയുന്നു. തമ്പിരാട്ടിയുടെ നാലു തേങ്ങാമുറിയിൽ ഒരു പെൺമുറി കമന്ന് വീഴണം. നെകലിനു ഉടയ്ക്കാത്ത തേങ്ങയാണ് കാഴ്ച വച്ചു കൊടുക്കുന്നത്.

**നാരാണയപ്പാട്ട്**

വയനാട് ജില്ലയിലെ കുറിച്യ സമുദായക്കാർക്കിടയിൽ ചടങ്ങുകൾക്ക് മുമ്പ് ഒരു ദൈവ സ്തുതി പോലെപാടുന്ന പാട്ടാണ് നാരായണപ്പാട്ട്. വിശേഷപ്പെട്ട ദിവസത്തിൽ കൂട്ടത്തോടെ ഇരുന്നാണ് ഈ പാട്ട് പാടാറുള്ളത്. പുരുഷന്മാരാണ് ഈ പാട്ടിൽ പങ്കാളികളാവുന്നത്. ഒരാൾ പാടുകയും മറ്റുള്ളവർ അത് ഏറ്റ് പാടുകയുമാണ് ചെയ്യുന്നത്.

1

നാരായോ നാരായോ... നാരായണാ

പാട്ട് കണപതി നാരായണ

നാരായണാ... പാട്ട് കണപതി ബെളയാടണം

പാട്ട് കണപതി ബെളയാടണം... ബെളയാടണം

കണപതി ബെളയാട്ടകൊണ്ടാണങ്കീ

കണപതി ബെളയാട്ടകാണണെങ്കീ

കാണണെങ്കീ... കണപതിക്കെന്തെല്ലം നേദ്യം വെല്ലാ...

കണപതിക്കെന്തെല്ലം നേദ്യം വെല്ലാ... നേദ്യം വെല്ലാ

വെളക്കും നറനായ് കണപതിക്ക്

വെളക്കും നറനായ് കണപതിക്ക്

കണപതിക്ക്... കെട്ടൂട വെറ്റ്ല കണപതിക്ക്

കെട്ടൂട വെറ്റ്ല കണപതിക്ക്

കണപതിക്ക്. കെട്ടൂടക്ക കണപതിക്ക്

ചെന്തങ്ങാളനിര് കണപതിക്ക്

കണപതിക്ക്...കൊത്തി പയ്പിച്ച ചിങ്ങപ്പയം

കൊത്തി പയ്പ്പിച്ച ചിങ്ങംപ്പയം... ചിങ്ങപ്പയം...

അവിലും മലരോ കണപതിക്ക്...

അവിലും മലരോ കണപതിക്ക്...

കണപതിക്ക്... ഈ വകയെല്ലം കണപതിക്ക്

ഈ വകയെല്ലം കണപതിക്ക്

കണപതിക്ക് ... കണപതിക്കെല്ലങ്ങോ നേദ്യം ബെച്ച്

കണപതിക്കെല്ലതോ നേദ്യം ബെച്ച്

നേദ്യം ബെച്ച്... കണപതി വലവക ബെളയാട്ന്ന്

കണപതി വലവക ബെളായാട്ന്ന്

ബെളയാട്ന്ന്... കണപതി ബെളയാട്ടം കാണണങ്കീ

കണപതി ബെളയാട്ടം കാണണങ്കീ...

കാണണങ്കീ... അടിക്കുന്ന കാറ്റോ തളന്നടിക്കണേ..

കരയ്ന്ന കുഞ്ഞമ്മാണിച്ചുറങ്ങണോ...

കരയ്ന്ന കുഞ്ഞമ്മാണിച്ചുറങ്ങണോ...

കരയ്ന്ന് കുഞ്ഞമ്മാണിച്ചുറങ്ങണോ...

മാണിച്ചുറങ്ങണോ... പാടുന്നയ് പാട്ടിലെ ചങ്ങാത്യള്...

പാടുന്നയ് പാട്ട്ലെ ചാങ്ങാത്യള്

ചങ്ങാത്യള്... പച്ചപ്പനം കിളി പാട്ട് പോലെ

പച്ചപ്പനം കിളി പാട്ട് പോലെ

പാട്ട്പോലെ... തങ്ങനെ കണപതി ബെളയാട്ടുണ്ട്

തങ്ങനെ കണപതി ബെളയാട്ടുണ്ട്...

ബെളയാട്ടുണ്ട്... കൊന്നാനചൂത് കയ്ഞ്ഞോയല്ലോ...

കൊന്നാനചൂത് കയ്ഞ്ഞോയല്ലോ...

കയ്ഞ്ഞോയല്ലോ... രണ്ടാമചൂതിങ്ങെടുക്കുന്ന്ണ്ട്

രണ്ടാമചൂതിങ്ങെടുക്കുന്ന്ണ്ട്...

എടുക്കുന്ന്ണ്ട്...ക്ന്നാല് കേക്കണം ചങ്ങായ്മാരെ

ക്ന്നാല് കേക്കണേ ചങ്ങായ്മാരേ...

ചങ്ങായ്മാരേ...എല്ലാരൊങ്ങൊത്ത് പിടിക്കബേണോ...

എല്ലാരൊങ്ങൊത്ത് പിടിക്കബേണേ...

പിടിക്കബേണോ... പാട്ട് കേക്ക്ന്ന ചങ്ങായ്മാരേ

പാട്ട് കേക്ക്ന്ന ചാങ്ങായ്മാരേ...

ചങ്ങായ്മാരേ... പാടുന്നയ് പാട്ടിലോ കേത്യം ബെല്ലാ...

പാടുന്നയ് പാട്ടിലോ കേത്യം ബെല്ലാ...

കേത്യം ബെല്ലാ... കേറ്റ കൊറച്ചലോ വന്നോയാല്

കേറ്റ കൊറച്ചലോ...വന്നോയാല്...

വന്നോയാല്... കൂട്ടിയെടുക്കണെ ചങ്ങായിമാരേ...

കൂട്ടിയെടുക്കണെ ചങ്ങായിമാരേ...

ചങ്ങായിമാരേ...കെന്നാല് പാട്ട് തൊടങ്ങ്ന്നല്ലേ...

കെന്നാല് പാട്ട് തൊടങ്ങ്ന്നല്ലോ...

തൊടങ്ങ്ന്നല്ലോ... പുത്തൻപുതീ വീട്ടോ പെറ്റൊരമ്മ

പുത്തൻ പുതി വിട്ടോ പെറ്റൊരമ്മേ

പെറ്റൊരമ്മ...ഒമ്പത്ത് കുഞ്ഞനേ പെറ്റോരമ്മ

ഒമ്പത് കുഞ്ഞനേ പെറ്റോങ്ങമ്മ

പെറ്റോങ്ങമ്മേ... കെട്ടു പടച്ചോനോ കൊണ്ടുംപോയി

കെട്ടു പടച്ചോനോ കൊണ്ടുംപോയി

കൊണ്ടുംപോയി...കൊന്നയ്ക്ക്ങ്ങോന്നോരി കുഞ്ഞനുള്ളൂ...

കൊന്നയ്ക്ക്ങ്ങൊന്നോരീ കുഞ്ഞനുള്ളൂ...

കുഞ്ഞനുള്ളൂ... കോണീങ്ങന്നോരിങ്ങാ പൈതല്

കോണിങ്ങന്നോരിങ്ങാ പൈതല്[73]...

ഗണപതിയെ സ്തുതിച്ചുകൊണ്ട് പാടുന്ന പാട്ടാണിത്. ഗണപതിക്ക് വിളക്ക്, നിറനാഴി, വെറ്റില, അടയ്ക്ക, ഇളനീര്, പഴം, അവില്, മലര് തുടങ്ങിയവയൊക്കെ കാഴ്ച വയ്ക്കണം എന്നും എന്നാൽ മാത്രമേ ഗണപതിയുടെ വിളയാട്ടം കാണാൻ സാധിക്കുകയുള്ളൂ. കൂടാതെ ചങ്ങാതികളുടെ പാട്ട് വേണം.. അത് പച്ചപ്പനം കിളി പാട്ടുപോലെ മധുരമുള്ളതായിരിക്കണം. ആ പാട്ട് കേട്ട് കുഞ്ഞുങ്ങൾ ഉറങ്ങണം. പാട്ട് നന്നാകണമെങ്കിൽ ചങ്ങാതികളൊക്കെ കൂട്ടത്തോടെ പാട്ട് ഒത്തു പിടിക്കണം. പാടുന്ന പാട്ടിൽ തെറ്റു വന്നുപോയാൽ ഏറ്റു പിടിച്ചു ശരിയായി പാടണം എന്നു പറഞ്ഞു കൊണ്ട് പാട്ട് തുടങ്ങുന്നതാണ് ഈ പാട്ടിന്റെ സാരാംശം. മുകളിൽ പറഞ്ഞതിൽ നിന്നും വ്യത്യസ്ത രീതിയിലുള്ള ഒരു നാരായണപ്പാട്ട് ചുവടെ കൊടുക്കുന്നു.

നാരായോ നാരായോ... നാരായണം

പാട്ട് കണപതിയോ നാരായണം

പാട്ട് കണപതിയോ നാരായണം

നാരായണാ... തെന്നാല് കെട്ടോള്യോ നാരായണാ

തെന്നാല് കെട്ടോള്യോ നാരായണാ...

നാരായണാ...കണപതി വലവക തുതിക്കണ്ണെങ്കീ

കണപതി വലവക തുതിക്കണ്ണെങ്കീ

തുതിക്കണ്ണെങ്കീകണപതിക്കെന്തല്ലം വേണ്ടിയതപ്പാ

കണപതിക്കെന്തല്ലാം വേണ്ടിയതപ്പാ

വേണ്ടിയതപ്പാ വെളക്ക് നെറനായി കണപതിക്ക്

വെളക്ക് നെറനായി കണപതിക്ക്

കണപതിക്ക്... കെട്ടൂട വെറ്റ്ല കണപതിക്ക്

കണപതിക്ക്...കൊടരൂടടയ്ക്ക കണപതിക്ക്

കണപതിക്ക്... ഇതെല്ലാ കണപതിക്കെല്ലേ പിന്നാ...

ഇതില്ലാ കണപതിക്കെല്ലേ പിന്നാ...

എല്ലേ പിന്നാ... അത് കൊണ്ട് കേക്ക്യപ്പാ നിങ്ങളോട്

നിങ്ങളോട്... പാട്ടിലൂ പാട്ടിലൂ കേക്ക്യാ പിന്നാ

നാവു സരസതീ തേറ്റം വേണോ...

നാവു സരസതീ തേറ്റം വേണോ...

പാട്ന്ന പാട്ടിലോ കേക്കീ പിന്നാ...

പാട്ന്ന പാട്ടിലോ കേക്കീ പിന്നാ...

കേക്ക്യോ...പിന്നാ... ഞാറ പൊയിലീലേ മുത്താച്ച്യമ്മ

ഞാറ പൊയിലീലേ മുത്താച്ച്യമ്മ

മുത്താച്ച്യമ്മ... പേറാനോട്ടൊമ്പതോ പെറ്റീനമ്മാ...

പേറാനൊട്ടൊമ്പതോ... പെറ്റീനമ്മാ...

പെറ്റീനമ്മാ... അഞ്ചല്ലോ മക്കളേ ഉള്ളമ്മയ്ക്ക്

അഞ്ചല്ലോ മക്കളേ ഉള്ളമ്മയ്ക്ക്

ഉള്ളമയ്ക്ക്... നാലല്ലോ മക്കളോ കേക്കീം പിന്നാ...

നാലല്ലോ മക്കളോ കേക്കീം പിന്നാ...

എട്ടും പടച്ചോനോ കൊണ്ടും പോയീ...

എട്ടും പടച്ചോനോ കൊണ്ടും പോയീ...

കൊണ്ടും പോയീ... ട്ടങ്ങനിരിക്കുന്ന കാലത്തല്ലേ

ട്ടങ്ങനിരിക്കുന്ന കാലത്തല്ലേ

കാലത്തല്ലേ... ഇച്ചയ്ക്ക് കഞ്ഞീം കുടി കയിഞ്ഞ്

ഇച്ചയ്ക്ക് കഞ്ഞീം കുടികയിഞ്ഞ്...

അന്നരോം പറയമ്മ പെറ്റമ്മല്ലേ

അന്നരോം പറയമ്മ പെറ്റമ്മല്ലേ

പെറ്റമ്മല്ലേ... ഒന്ന്ണ്ട് കേക്കണോ മക്കളോട്

ഒന്ന്ണ്ട് കേക്കണോ മക്കളോട്

മക്കളോട്... ഏക്കൊര് കാര്യോം പറയാന്ണ്ട്

ഏക്കൊര്‍ കാര്‍യോം പറയാന്ണ്ട്

പറയാന്ണ്ട്... എന്നും പറഞ്ഞോണ്ട് അമ്മയല്ലാന്ന്

ഇരുന്ന പലയോ എട്ത്തോണ്ടല്ലേ

നട്മിറ്റം ചെന്നങ്ങിരുന്നോങ്ങമ്മ

ഇരുന്നുങ്ങമ്മാ... എല്ലോലും മൂത്തോരു എല്ലേ പിന്നാ...

എല്ലോലോ മൂത്തോനാ ബിളിക്കുന്നമ്മാ...

ബിളിക്കുന്നമ്മാ... ബിളിച്ചാ ബിളി കേട്ടോനാക്ന്ന്

ബിളിച്ചാ ബിളി കേട്ടോയാക്ന്ന്

ഓയെന്നുരിയാട്യോ പോരുന്നോനാ...

ഓയെന്നുരിയാട്യോ പോരുന്നോനാ...

പോരുന്നോനാ... എന്തായ് ബിളിച്ചതാ പെറ്റമ്മോട്

എന്തായ് ബിളിച്ചതോ പെറ്റമ്മോട്

പെറ്റമ്മോട്....അന്നേയരോം പറയമ്മയല്ലേ പിന്നാ

അന്നേയരോം പറയമ്മല്ലേ പിന്നാ...

ഒന്ന്ണ്ട് കേക്ക്യപ്പോ എന്റമ്മേനേ...

ഒന്ന്ണ്ട് കേക്ക്യപ്പോ എന്റമ്മേനേ...

നീ... യെങ്ങനാ പെറ്റുയെന്നാ...

നീ...യെങ്ങനാ പെറ്റുയെന്നാ...

അന്ന്യേരം പറഞ്ഞാനോ എല്ലേ പിന്നാ...

അന്ന്യേരം പറഞ്ഞാനോ എല്ലേ പിന്നാ...

എല്ലേ... പിന്നാ... ആരാന്റോ കാലിയോ നോക്കിറ്റല്ലേ

നിങ്ങളെ ഞാനോ പൊലത്തുവമ്മേ

നിങ്ങളെ ഞാനോ പൊലത്തുവമ്മേ

അങ്ങനാ ഓനും പറഞ്ഞൂട്ടില്ലേ

അങ്ങനാ ഓനും പറഞ്ഞൂട്ടില്ലേ

പറഞ്ഞൂട്ടില്ലേ...രണ്ടാമത്തൊനോ ബിളിക്കുന്നമ്മ

രണ്ടാമത്തൊനോ ബിളിക്കുന്നമ്മ

ഒന്നുണ്ട് കേക്ക്യപ്പോ എന്റമ്മേനേ....

ഒന്നുണ്ട് കേക്ക്യപ്പോ എന്റമ്മേനേ....

ബിളിച്ചാ ബിളികോട്ടോ ഓനാക്ന്ന്

ബിളിച്ചാ ബിളികോട്ടോ ഓനാക്ന്ന്

ബേകത്ത് ബരുന്നോനല്ലേ

ബേകത്ത് ബരുന്നോനല്ലേ

എന്തായി ബിളിച്ചതോ പെറ്റമ്മോട്

എന്തായി ബിളിച്ചതോ പെറ്റമ്മോട്

മറ്റൊതട്ടല്ലോപ്പോ എന്റമ്മേനേ

മറ്റൊതട്ടല്ലോപ്പോ എന്റമ്മേനേ

നീയിപ്പോയെങ്ങനെ പൊറ്റുയെന്നാ...

നീയിപ്പോയെങ്ങനെ പൊറ്റുയെന്നാ...

അന്ന്യേരം പറയ്ന്ന് ഓനാക്ന്ന്

അന്ന്യേരം പറയ്ന്ന് ഓനാക്ന്ന്

ആരാന്റെ തോട്ടോ കെളച്ചിട്ടമ്മേ

ആരാന്റെ തോട്ടോ കെളച്ചിട്ടമ്മേ

നിങ്ങളെ ഞാനോ പൊലത്തും കേക്കീ

നിങ്ങളെ ഞാനോ പൊലത്തും കേക്കീ

റ്റങ്ങനെ ഓനോ പറഞ്ഞൂട്ടില്ലേ

റ്റങ്ങനെ ഓനോ പറഞ്ഞൂട്ടില്ലേ

പറഞ്ഞൂട്ടില്ലേ... മൂന്നാമത്തോനോ പറഞ്ഞീകുങ്കൻ

മൂന്നാമത്തോനോ പറഞ്ഞീ കുങ്കൻ

മൂന്നാമത്തോനോ ബിളിക്കുന്നമ്മ...

ബിളിച്ചാ ബിളികേട്ടോ ഓനാക്ന്ന്

ബിളിച്ചാ ബിളികേട്ടോ ഓനാക്ന്ന്

ഓനാക്ന്ന്... ഓയെന്നിരിയാടീ പോരുന്നോനാ...

പേരുന്നോനാ...എന്തായി ബിളിച്ചതോ പെറ്റമ്മോട്...

മറ്റൊതൊട്ടാലേ ബിളിച്ചയിന്നാ...

മറ്റൊതൊട്ടാലേ ബിളിച്ചയിന്നാ...

നീയിപ്പോയെങ്ങനാ... പൊറ്റുയെന്നാ

നീയിപ്പോയെങ്ങനാ... പൊറ്റുയെന്നാ

അന്ന്യേരം പറയ്ന്ന് ഓനാക്ന്ന്

അന്ന്യേരം പറയ്ന്ന് ഓനാക്ന്ന്

ഒന്നുണ്ട് കേക്ക്യമ്മേ പെറ്റമ്മോട്

ഒന്നുണ്ട് കേക്ക്യമ്മേ പെറ്റമ്മോട്

ആരാന്റെ പടുവാള തോട്ടോ കെളച്ചിട്ടല്ലേ

പടുവാള തോട്ടോ കെളച്ചിട്ടല്ലേ

നിങ്ങള ഞാനാവോ പൊറ്റും കേപ്പി[74]...

കുറിച്യർ വിനോദ വേളകളിൽ പാടുന്ന പാട്ടായാണിത് പറയുന്നത്. ഒരു കഥയെ പാട്ടായി അവതരിപ്പിക്കുകയാണ് ചെയ്തിരിക്കുന്നത്. ഞാറപ്പൊയിലിലെ മുത്തച്ചിയമ്മ ഒമ്പത് പ്രസവിച്ചു. എന്നാൽ അമ്മയുടെ നാലു മക്കളെ പടച്ചോൻ കൊണ്ടുപോയി. ബാക്കി അഞ്ച് മക്കൾ മാത്രമായി അമ്മയ്ക്ക്. അമ്മ ഈ അഞ്ച് മക്കളോടും ഓരോരുത്തരോടായി അമ്മയെ എങ്ങനെ പോറ്റുമെന്ന് വിളിച്ചിരുത്തി ചോദിക്കുകയാണ് ചെയ്യുന്നത്. ഒന്നാമൻ അമ്മയോട് ആരേന്റെ കാലിയെ നോക്കിയാണേലും അമ്മയെ പോറ്റുമെന്ന് വാക്കു കൊടുക്കുന്നു. രണ്ടാമനോട് അമ്മ ചോദിച്ചപ്പോൾ ആരാന്റെ തോട്ടം കിളച്ചിട്ടാണേലും അമ്മയെ നോക്കുമെന്ന് ഉറപ്പ് പറഞ്ഞു. മൂന്നാമത്തോൻ പറഞ്ഞു ആരാന്റെ പടുവാഴ തോട്ടം കിളച്ചിട്ടമ്മയെ നോക്കുമെന്ന്. അങ്ങനെ അഞ്ചാമത്തെ മകനോട് ചോദിച്ചപ്പോൾ ഏഴല്ലം പെണ്ണുങ്ങളെ[75]

കല്ല്യാണം കഴിച്ചിട്ടാണേലും നിങ്ങളെ ഞാൻ പോറ്റുമെന്ന് മറുപടി പറഞ്ഞു. ഇതു കേട്ട അമ്മയ്ക്ക് ദേഷ്യം വരുകയും ഇരുന്ന പലക അവനു നേരെ എറിയുകയും ചെയ്തു. നെറ്റിതടത്തിനു ഏറുകൊണ്ട് ചോരയിൽ കിടന്ന് ആ മകൻ പിടച്ചു എന്നതാണ് ഈ പാട്ടിൽ പറയുന്ന സാരാംശം.

**മുള്ളുവെക്കൽ ചടങ്ങ്**

വയനാടൻ കുറിച്യർക്കിടയിൽ കണ്ടുവരുന്ന ഒരു ചടങ്ങാണ് മുള്ളുവെക്കൽ ചടങ്ങ്. മകരമാസം ഇരുപത്തഞ്ചാം തീയ്യതിയാണ് ഈ ചടങ്ങ് നടത്തുന്നത്. മകരം ഇരുപത്തഞ്ചിന് വൈകുന്നേരം കാട്ടിൽ പോയി കൊട്ടമുള്ള് ചെത്തി വീടിന്റെ നടുമുറ്റത്തും പശുവിന്റെ തൊഴുത്തിലുമായി വേലിപോലെ കെട്ടി വയ്ക്കുന്നു. മുള്ളു വച്ച് അഞ്ചു ദിവസങ്ങൾക്ക് ശേഷം മാത്രമേ പെണ്ണ് കൊടുക്കുവാനും തമ്പാനെ കാണാനും പാടുള്ളൂ. തറവാട്ടിലെ പിട്ടനാണ് വയ്ക്കുന്നത്. മകരം മുപ്പതിനു മുള്ള് എടുത്ത് മാറ്റുന്നു. കുംഭം ഒന്നിന് തിറ ഉത്സവം തുടങ്ങുന്നതിനു മുന്നേ ദൈവങ്ങൾ ഒത്തുകൂടുന്നു എന്നും വീടുകളിൽ പ്രേത- പിശാചുക്കൾ കയറാതിരിക്കാനാണ് മുള്ള് വയ്ക്കുന്നത്.

**വിഷു ശങ്കരാന്തി**

കുറിച്യ സമുദായക്കാർക്കിടയിൽ വിഷുവിനോടനുബന്ധിച്ചു നടത്തുന്ന ചടങ്ങാണിത്. വിഷു ദിവസം വൈകുന്നേരമാണ് ഈ ചടങ്ങ് നടത്തുന്നത്. വിഷു ശങ്കരാന്തി എന്ന ചടങ്ങിന്റെ നാമത്തിൽ പ്രാദേശികമായി പലവ്യതിയാനവും കാണാൻ സാധിക്കും. വയനാട്ടിലെ കുറിച്യ സങ്കേതമായ പേരിൽ ഭാഗങ്ങളിൽ *ഏര്ന് നെയ് തൊട്ക* എന്ന് പറയുന്നു. പെരിഞ്ചോല കുറിച്യ സങ്കേത്തിലുള്ളവർ *ആലപ്പടിക്ക് കൊടുക്കല്, വിഗ് കൊടുക്കാ* എന്നും പറയുന്നു. വിഷുവിനു മുൻപുള്ള ദിവസം കുറിച്യ വീടുകളിൽ വീടുകൾ ശുദ്ധിയാക്കി, തേങ്ങ വെള്ളം കൊണ്ട് പുണ്യാഹം ചെയ്തു വീടുകളിൽ പഴം, തേങ്ങ, നിലവിളക്ക്, വെറ്റില, അടയ്ക്ക, അരി, നെല്ല് എന്നിവ കാണിക്ക വെച്ചു കൊടുക്കുന്നു.

വിഷു ദിവസം വൈകുന്നേരം കന്നുകാലികളെ കുളിപ്പിച്ച്, അവയുടെ തൊഴുത്ത് വൃത്തിയാക്കി ഇളനീര് കൊണ്ട് ശുദ്ധി ചെയ്യുന്നു. കന്നുകാലിക്ക് കുറി തൊട്ടു തൊഴുത്തിൽ നിന്നും വൈക്കോൽ കത്തിച്ചു. 'വിഗ് കയിഞ്ഞ് നേരമ്പോയ് കോവിന്ദാ... കോവിന്ദാ...'എന്ന് ഉറക്കെ വിളിച്ചു കൊണ്ട് തൊഴുത്തിനു ചുറ്റും ഓടുന്നു. അന്ന് കാലികളെ കറന്നു കിട്ടുന്ന പാൽ ആദ്യം കുളിയന് വയ്ക്കുന്നു. പിന്നീട് മറ്റു ദൈവങ്ങളായ മലക്കാരി, തെയ്യം, തമ്പിരാട്ടി തുടങ്ങിയവർക്കും കാഴ്ച വയ്ക്കുന്നു.

മലക്കാരി, തമ്പിരാട്ടി, തെയ്യം, മുത്തപ്പൻ, കരിമ്പിൽ ഭഗവതി, നെകല്, പേന തുടങ്ങിയ ദൈവിക ശക്തികളിലുള്ള വിശ്വാസങ്ങൾ, അത്തരം വിശ്വാസങ്ങളെ പിൻപ്പറ്റിയുള്ള ഐതിഹ്യ ങ്ങൾ, ആചാരനുഷ്ഠാനങ്ങൾ, ജീവിത ഘട്ടങ്ങളുമായി ബന്ധപ്പെട്ട വിവിധ ചടങ്ങുകൾ, കുഭപ്പാ ട്ട്, നരിപ്പാട്ട്, മര്മായി പാട്ട് തുടങ്ങിയ പാട്ടുകൾ എന്നിവയിലൂടൊക്കെ മനുഷ്യ

സാമൂഹിക-സാംസ്ക്കാരിക ക്രമത്തിന്റെ വ്യാപ്തിയും ഉന്നതിയും പ്രകടമാക്കുന്നതാണ് കുറിച്യ ഗോത്ര ജനതയുടെ ജീവിതം.

# 5

# ജീവനോപാധികൾ, അന്നവഴക്കം, ഭാഷാപ്രയോഗങ്ങൾ

ആദിമനുഷ്യരുടെ പിൻഗാമികളും പ്രകൃതിയോട് അടുത്ത് ഇടപഴകി വനാന്തരങ്ങളിലും ഒറ്റപ്പെട്ട പ്രദേശങ്ങളിലും വേട്ടയാടിയും വനവിഭവങ്ങൾ ശേഖരിച്ചും കൃഷിചെയ്തുമൊക്കെ യാണ് മിക്ക ഗോത്ര ജനസമൂഹങ്ങളും ജീവിച്ചിരുന്നത്. വയനാട്ടിലെ കുറിച്യ സമുദായം പൂർണ്ണ മായും പ്രകൃതിയെ ആശ്രയിച്ചാണ് ജീവിച്ചിരുന്നത്. 'വില്ലാളികൾ' എന്നാണ് കുറിച്യർ അറിയ പ്പെടുന്നത്. ആദ്യ കാലങ്ങളിൽ കാടുകൾ കയറി മൃഗങ്ങളെയും പക്ഷികളെയും വേട്ടയാടിയിരു ന്നു. കത്തിയമ്പ്, മൊട്ടമ്പ് തുടങ്ങിയ അമ്പുകൾ ഉപയോഗിച്ചാണ് വേട്ടയാടിയിരുന്നത്. മെരുക്, കൂരൻ, പന്നി, കാട്ടാട്, പെരുമ്പന്നി, മാൻ തുടങ്ങിയ മൃഗങ്ങളെയാണ് വേട്ടയാടിയിരുന്നത്. പക്ഷികളെ വേട്ടയാടാനായി മൊട്ടമ്പ് ഉപയോഗിച്ചിരുന്നു.

### നായാട്ട്

കുറിച്യർക്കിടയിലെ ആചാരാനുഷ്ഠാനങ്ങളിൽ നായാട്ട് വലിയ പങ്ക് വഹിക്കുന്നുണ്ട്. എല്ലാ ആചാരങ്ങളിലും നായാട്ട് അഭിവാജ്യ ഘടകമാണ്. കൂട്ടത്തോടെ കാടുകളിൽ പോയി വേട്ടയാടി കിട്ടുന്ന മൃഗത്തെ എല്ലാ വീടുകളിലേക്കുമായി ഓഹരി വച്ചു കൊടുക്കുന്നു. നാട്ടുമൂ പ്പനോ ഊരു മൂപ്പനോ ആണ് ഓഹരി വീതിച്ചു നൽകുന്നത്. മാംസം മുറിച്ച് ഓഹരി വയ്ക്കുന്ന തിലും അവകാശികളുണ്ട്. ആദ്യം ആരുടെ അമ്പ് ഏയ്താണോ മൃഗം വീഴുന്നത് അവർക്ക് അതിന്റെ തലയും കഴുത്തും ഓഹരിയായി കൊടുക്കണമായിരുന്നു. വേട്ടയാടലിനു കാടിള ക്കാൻ ഒരുകൂട്ടം ആളുകൾ ഉണ്ടാകും. അവരെ 'നായിക്കാർ' എന്ന പേരിൽ വിളിക്കുന്നു. നായി ക്കാർ നാലഞ്ചുപേർ കാട്ടിൽ പോയി മൃഗങ്ങളെ ഓടിച്ച് ലക്ഷ്യസ്ഥാനത്തേക്ക് എത്തിക്കുന്നു. അവർക്ക് 'നായിക്കണ്ടം' എന്ന പേരിൽ ഓഹരി കൊടുക്കുന്നു. നായാട്ടിനു പോയ ബാക്കിയുള്ള ആളുകൾക്ക് 'ബില്ലിക്കണ്ടം' എന്ന വീതം നല്കുന്നു. ഇരയെ രണ്ടാമതായി ഏയ്ത് വീഴ്ത്തിയ ആൾക്ക് 'അടിയണി' എന്ന ഭാഗമാണ് ഓഹരിയായി കൊടുക്കുക.

### തിലാപത്ത്

കുറിച്യ സമുദായത്തിനിടയിലെ പ്രധാനപ്പെട്ട ഒരു ചടങ്ങാണ് *തിലാപത്ത്* അല്ലെങ്കിൽ *അമ്പും വില്ലുംതെളിക്കൽ*[76]. തുലാം മാസം പത്ത് നായാട്ടിനുള്ള ആരംഭമായി കുറിച്യർ കാണു ന്നു. തുലാം പത്ത് മുതൽ നാല് ദിവസത്തേക്ക് തങ്ങളുടെ അമ്പും വില്ലും പൂജിച്ച് നായാട്ടിനു പോകുന്നു. തുലാം ഒന്ന് മുതൽ ഒമ്പത് വരെ കുന്നൊറക്കലാണ്. ആ ദിവസങ്ങളിൽ നായാട്ട് പാടില്ല. തുലാം പത്തിന് മുന്നോടിയായി *കായല്*[77] കൊണ്ട് പൊളാമ്പ്[78], കത്തിയമ്പ് തുടങ്ങിയവ ഉണ്ടാക്കുന്നു. മുള്ളൻകായൽ വെട്ടി പൊളിച്ചെടുത്ത് ഒരാഴ്ച ചാണകത്തിൽ ഇട്ട് ഉണക്കി എടുക്കുന്നു. കായല് ഉപയോഗിച്ചാണ് പൊളാമ്പിന്റെ മൊട്ട് ഉണ്ടാക്കുന്നത്.

തുലാം പത്തിന് രാവിലെ എല്ലാവരും അമ്പും വില്ലുമെടുത്ത് തറവാട്ടിൽ ഒത്തുകൂടുന്നു. പിന്നീട് പൂജയ്ക്കായ് ഒരു നാക്കിലയിൽ തേങ്ങ, വെറ്റില എന്നിവ വയ്ക്കുന്നു. മറ്റൊരു നാക്കിലയിൽ കത്തിച്ച വിളക്കും വേറൊരു നാക്കിലയിൽ ഒരു തേങ്ങയും വയ്ക്കുന്നു. വിളക്കിനടുത്തായി രണ്ടു പലക വയ്ക്കുന്നു. ഒരു പലകയിൽ തെളിവ് നോക്കാനായി നാണയങ്ങൾ വെച്ചിരിക്കും. കാർണവർ പലകയിലെ നാണയം എടുത്ത് പ്രാർത്ഥിച്ചു തലയ്ക്ക് ഉഴിഞ്ഞു പലകയിൽ ഇട്ടുനോക്കുന്നു. അങ്ങനെ മൂന്നു പ്രവാശ്യം പണമിട്ടു തെളിവ് നോക്കുന്നു. തെളിവ് നോക്കിയതിനു ശേഷം ഒരു നാക്കില പലകയുടെ മുകളിൽ വച്ച് അതിൽ ഒരു തേങ്ങയും നാണയങ്ങളും വയ്ക്കുന്നു. ആദ്യം തറവാട്ടിലെ കാർണവർ അമ്പും വില്ലുമെടുത്ത് പലകയുടെ മുകളിലായി വയ്ക്കുന്നു. പിന്നീട് ഓരോരുത്തരായി മറ്റൊരു പലകയുടെ മുകളിലായി അമ്പും വില്ലും എടുത്ത് വയ്ക്കുന്നു. അമ്പുംവില്ലും പലകയിൽ വച്ചതിനു ശേഷം കാർണവർ നാണയം കൊണ്ട് ആയുധങ്ങൾ ഉഴിഞ്ഞു മൂന്നു തവണ പലകയിൽ നാണയമിട്ട് തെളിവ് നോക്കുന്നു. തുടർന്ന് നാക്കിലയിൽ വച്ച തേങ്ങ ഉടച്ച് തേങ്ങവെള്ളം കൊണ്ട് അമ്പും വില്ലും തെളിക്കുന്നു. അല്ലെങ്കിൽ പുണ്യാഹം ചെയ്യുന്നു. ഉടച്ച തേങ്ങമുറി മുകളിലേക്ക് ഇട്ട് തെളിവ് നോക്കുന്നു. തേങ്ങ മലർന്നു വീണാൽ ശുഭലക്ഷണമായി കണക്കാക്കുന്നു. അതിനുശേഷം എത്രപേരുണ്ടോ അത്രയും വെറ്റിലയും അടയ്ക്കയും കൈനീട്ടമായി നിരത്തി വയ്ക്കുന്നു. ഓരോരുത്തരായി കൈനീട്ടം സ്വീകരിച്ചു ആയുധം എടുക്കുന്നു.

പിന്നീട് സദ്യ കഴിഞ്ഞ് നായാട്ടിനു പോകുന്നു. കാട്ടുകിഴങ്ങുകളും കണ്ടികിഴങ്ങും മത്തനും ഇട്ടുള്ള കറി അന്നേ ദിവസം നിർബന്ധമാണ്. തുലാം പത്ത് മുതൽ നാല് ദിവസം നായാട്ടിനുപോകും. തുലാം മാസം പത്താം തീയ്യതി രാജാവും, പുള്ളിയാരനുമുള്ള നായാട്ടാണ് നടത്തുന്നത്. രണ്ടാം ദിവസം കേളമ്പ തെയ്യത്തിന്റെ നായാട്ടാണ് നടത്തുന്നത്. രണ്ടാം ദിവസം കേളമ്പ തെയ്യത്തിന്റെ നായാട്ടാണ് നടത്തുന്നത്. മൂന്നാം ദിവസം മുനിമാർക്കുള്ള നായാട്ടാണ്. നാലാം ദിവസം അതിരാളൻ, കരിമ്പിൽപോതി എന്നിവർക്കുള്ള നായാട്ടാണ്. തുലാം പത്തിന് നായയുടെ കഴുത്തിൽ മണി കെട്ടുന്നു. നായക്ക് ഇലയിൽ ഭക്ഷണം കൊടുത്തു നായാട്ടിന് കൊണ്ട് പോകുന്നു. നായാട്ടിനു പോകുന്നതിനു മുൻപ് മൂന്ന് പ്രവാശ്യം കതിന പൊട്ടിച്ച് കാടിനെ ഉണർത്തുന്നു. വേട്ടയ്ക്ക് പോയി കിട്ടുന്ന മൃഗത്തെ കൊണ്ടുവന്ന് 'എട' വച്ചു ദൈവത്തിനെ വിളിക്കും. 'കോന്തലക്കാരന്റെ' ശരീരത്തിൽ ദൈവം ഉറഞ്ഞുവരും.

ആദ്യകാലങ്ങളിൽ കുറിച്യർക്കൊപ്പം വയനാട് കാടരും നായാട്ടിനു പോയിരുന്നു എന്നും എന്നാൽ പിന്നീട് കാടർ നായാടി കിട്ടിയിരുന്ന മാംസം കൊടുക്കാതിരിക്കുകയും *മന്തിയെ*[79] കൊല്ലുകയും മാംസം കുറിച്യരെ പറ്റിച്ചു തിന്നിക്കുകയും ചെയ്തു. അത് മനസ്സിലാക്കിയ കുറിച്യർ *മുറി വച്ചു*[80] കാടരെ നായാട്ടിനു പോകാൻ കൂടെ കൂട്ടാതായതെന്നും ഒരു കഥയുണ്ട്.

**വനവിഭവ ശേഖരണം**

കാടുകൾ കയറിയുള്ള വനവിഭവ ശേഖരണം കുറിച്യരുടെ ഒരു പ്രധാന ജീവനോപാധി ആയിരുന്നു. വേട്ടയാടലിനൊപ്പം തന്നെ ഉൾക്കാടുകളിൽ നിന്നും സ്ത്രീയും പുരുഷനും ഒരു പോലെ വനവിഭവങ്ങൾ ശേഖരിച്ചിരുന്നു. കാടുകളിൽ നിന്നും കിഴങ്ങുകൾ, പഴങ്ങൾ, ഇലകൾ, ഉൾക്കാടുകളിലെ കൂറ്റൻ മരങ്ങളിൽ നിന്നും തേൻ എന്നിവ ശേഖരിച്ചിരുന്നു. കാടുകളിൽ നിന്നും പല ഇനങ്ങളിലുള്ള *കേങ്ങ്*[81] ലഭിച്ചിരുന്നു. പ്രാദേശികമായി പല പേരുകളിലാണ് *കേങ്ങുകൾ* അറിയപ്പെടുന്നത്. പല മാസങ്ങളിലായാണ് വിവിധ തരം *കേങ്ങുകൾ*ശേഖരിക്കുന്നത്. നാരം കേങ്ങ്, നൂരകേങ്ങ്, കവല കേങ്ങ്, അരികേങ്ങ്, കൂവ കേങ്ങ്, കാട്ടു ചേമ്പ്, വെണ്ണി, തല്പ, മൂപ്പാങ്ക് കേങ്ങ്, ചേതാവരികേങ്ങ്, കാളൽ കേങ്ങ്, നാട്ടകേങ്ങ്, ബെള്ള്യം കേങ്ങ്, അടഗയ്യൻ തുടങ്ങിയ *കേങ്ങു*കളാണ് കാടുകളിൽ നിന്നും ശേഖരിച്ചിരുന്നത്.

| **കേങ്ങ്** | **ലഭിക്കുന്ന മലയാള മാസം** |
|---|---|
| നാരം കേങ്ങ് | കന്നി - തുലാം[82] |
| നൂര കേങ്ങ് | കന്നി - തുലാം |
| കവല കേങ്ങ് | കന്നി - തുലാം |
| അരി കേങ്ങ് | കന്നി - തുലാം |
| കൂവ കേങ്ങ് | കന്നി - തുലാം |
| കാട്ടുചേമ്പ് | കന്നി - തുലാം |
| വെണ്ണി | വൃശ്ചികം |
| തല്പ | വൃശ്ചികം[83] |
| മൂപ്പാങ്ക് കേങ്ങ് | വൃശ്ചികം |
| ചേതാവരി കേങ്ങ് | കന്നി - തുലാം |
| കാളൽ കേങ്ങ് | കുംഭം[84] |
| നാട്ട കേങ്ങ് | തുലാം[85] |
| ബെള്ള്യം കേങ്ങ് | തുലാം |

കുറിച്യ സമുദായക്കാർ വിവിധതരം കിഴങ്ങുകൾ ഭക്ഷണത്തിനു പുറമെ ഔഷധത്തിനായും ഉപയോഗിക്കുന്നു. പലതരം രോഗങ്ങൾക്കും മരുന്നായി കിഴങ്ങുകൾ ഉപയോഗിക്കാറുണ്ട്. ചേതാവരി കിഴങ്ങ് പല്ലുവേദനയ്ക്ക് മരുന്നായി ഉപയോഗിക്കുന്നു. കാട്ടുചേമ്പ് മൂലക്കുരു അസുഖം ഭേദമാക്കാനുള്ള മരുന്നായി ഉപയോഗിക്കുന്നു. കൂവകിഴങ്ങ് സ്ത്രീകളിൽ ഉണ്ടാകുന്ന വെള്ളപോക്ക് എന്ന അസുഖത്തിനു മരുന്നായി ഉപയോഗിക്കുന്നു. കിഴങ്ങുകൾക്കു പുറമെ വനാന്തരങ്ങളിൽ നിന്നും പല ഇനം ഇലവർഗ്ഗങ്ങളും ശേഖരിക്കാറുണ്ട്. തൊവരചപ്പ്, ചുരുളി, കുട്ടിപ്പാർപ്പൻ, പര്മചപ്പ്, കാക്കച്ചപ്പ്, പൊന്നുംങ്കണ്ണി, അരി ചേമ്പില, തുമ്പച്ചപ്പ്, കാന്താരിച്ചപ്പ്, പാവൽ എല, മത്തൻചപ്പ്, മരുങ്ങചപ്പ് തുടങ്ങിയവ ഭക്ഷിക്കുവാനായി ശേഖരിക്കുന്ന ചില പ്രധാന ഇലകളാണ്.മേൽപറഞ്ഞ ഇലവർഗ്ഗങ്ങളിൽ ചില ഇനങ്ങൾ ഔഷധമായി ഉപയോഗിക്കുന്നുണ്ട്. കാക്കച്ചപ്പ് കരൾ സംബന്ധമായ മഞ്ഞപ്പിത്തം തുടങ്ങിയ അസുഖങ്ങൾക്ക് മരുന്നായി ഉപയോഗിക്കുന്നു. കൂടാതെ കാക്കച്ചപ്പും, പാവൽച്ചപ്പും കാല് വീക്കത്തിനു മരുന്നായി ഉപയോഗിക്കുന്നു.

ഇലവർഗ്ഗങ്ങൾക്ക് പുറമെ കാട്ടിൽ നിന്നും വിവിധതരം പഴങ്ങൾ ശേഖരിച്ചു ഭക്ഷിച്ചിരുന്നു. *ഞേല്ങ്കായ്*[86], *കൊട്ടപ്പയം*[87], *ചിറ്റേന്ത്പയം*[88], *ചീരിപയം, മുടുമുടുക്കപയം, ചടച്ചിപയം,* ,

*ഈന്ത്കായ്, ചള്ളൂര് പയം, കരുള്ക്ക, വള്ക്ക, പാണപയം, മദരനാറങ്ങ്*[89], *ചെറ് നാറങ്ങ്*[90] തുടങ്ങിയ പഴങ്ങളാണ് മുഖ്യമായും ശേഖരിച്ചിരുന്നത്.

| *പയങ്ങൾ* | ലഭിക്കുന്ന മാസം |
|---|---|
| ഞേല്കായ് | മേടം - ഇടവം[91] |
| കൊട്ടപ്പയം | മീനം[92] |
| ചിറ്റേന്ത്പയം | മേടം[93] |
| മുടുമുടുക്കപയം | ഇടവം[94] |
| ചടച്ചിപ്പയം | തുലാം - വൃശ്ചികം[95] |
| ചീരിപയം / ചീരിപഴം | |

പഴശേഖരണങ്ങളോടൊപ്പം കാട്ടിൽ നിന്നും കുറിച്യർ കൂണുകളും ശേഖരിച്ചു ഭക്ഷിച്ചിരുന്നു. കൂണിനു *കുമ്മായം* എന്നാണ് കുറിച്യ ഭാഷയിൽ പറയുന്നത്.

| *കുമ്മായം* | ലഭിക്കുന്ന മാസം |
|---|---|
| മുരു *കുമ്മായം* | ഇടവം[96] |
| പുറ്റു *കുമ്മായം* | മിഥുനം-കർക്കിടകം[97] |
| മര *കുമ്മായം* | കന്നി - തുലാം[98] |
| അവരണ *കുമ്മായം* | വൃശ്ചികം - ധനു[99] |
| ചവല *കുമ്മായം* | ഇടവം[100] |
| കരടി *കുമ്മായം* | മേടം - ഇടവം[101] |

**തേൻ ശേഖരണം**

ഉൾക്കാടുകളിലെ കൂറ്റൻ മരമുകളിൽ നിന്നും കുറിച്യർ പലതരം തേനുകൾ ശേഖരിക്കാറുണ്ട്. പെരുന്തേൻ, ചെറുതേൻ, പുറ്റുതേൻ, കോതേൻ, ഗണ്ടികോറ്റ തുടങ്ങിയ തേനുകളാണ് പ്രധാനം. തേൻ ശേഖരണത്തിനായി പല രീതികൾ ഉപയോഗിക്കുന്നു. കൂറ്റൻ മരത്തിന്റെ ചുവട്ടിൽ പുകയിട്ടും, തേൻകൂട് ഊതി തേനീച്ചയെ അകറ്റിയും, ചൂട്ടുകത്തിച്ച് തേനീച്ചയെ ഓടിച്ചും തേൻ ശേഖരിച്ചിരുന്നു. തേനുകൾ ഭക്ഷിക്കുന്നതിനു പുറമെ ഔഷധത്തിനായും ഉപയോഗിക്കാറുണ്ട്. തേനുകളിൽ ഗുണമേറിയതും ഔഷധമായി ഉപയോഗിക്കുന്നതും ചെറുതേനാണ്. ചുമ, ശ്വാസംമുട്ടൽ തുടങ്ങിയ അസുഖങ്ങൾക്ക് ചെറുതേനിൽ കുരുമുളക്, കാഞ്ചികുരു, അന്തൻപൂനീർ എന്നിവ ചേർത്തു കഴിക്കുന്നു.

**മീൻപിടുത്തം**

കുറിച്യർ വനവിഭവ ശേഖരണത്തോടൊപ്പം തന്നെ വിനോദവേളകളിലും വിശേഷപ്പെട്ട ദിവസങ്ങളിലും മീൻമിടുത്തം നടത്തിവരാറുണ്ട്. ബാള മീന്, നൊണ്ണേംബാള, മുള്ളൻ, തോട്ടുമുള്ളൻ, പച്ചപ്പരല്, നെടുഞ്ചേരിപ്പരല്, കലങ്കേര[102], തോടൻ, കൊഅഅ, മാറാൻമീന്, കാക്കായമീന്, ആറ്ള്, കല്മ്മ, ചെള്ളി[103], ചെമ്പല്ലി, കിരമെച്ചം, കീര്, മാവൂള്, ബെമ്മീന്, ചെത്ത്ള്, ഏട്ട, കൊട്ട്ബാള കല്മ മീന്, പരള്, മാരായി മീന്, മുള്ളൻ, ആറ്ള്, മാവൂള്, തോടൻ മീന് തുടങ്ങിയ നിരവധി മീനുകളെ പുഴയിൽ നിന്നും പിടിച്ചു ഭക്ഷിച്ചിരുന്നു. പുഴയിൽ ചൂണ്ടയിട്ടും, ചരം[104] എയ്തും പുഴയിൽ തടംകെട്ടി വെള്ളത്തിന്റെ ഒഴിക്കിന്റെ ദിശമാറ്റി ചാടകൊണ്ട് തേവിയും മീൻപിടിച്ചിരുന്നു. ഇതിനെ *മീൻതേയ്ന്ത്* എന്നു പറയുന്നു. കൂടാതെ മീൻപൊന്തി, മീൻകൂട

എന്നിവ ഉപയോഗിച്ചും മീനിനെ പിടിച്ചിരുന്നു. പിടിച്ച മീനിനെ മുളകൊണ്ടുണ്ടാക്കിയ ഉണക്കാനുപയോഗിക്കുന്ന പരന്ന ആകൃതിയിലുള്ള *ബെരഞ്ചി*യിൽ വച്ച് ഉണക്കിയെടുക്കുന്നു. ആദ്യകാലങ്ങളിൽ *പേയക*ളിലും[105] തോടുകലിലും കുറിച്യർക്ക് ആവശ്യമായിരുന്ന മീനുകൾ വളരെയധികമുണ്ടായിരുന്നു. മീൻ ചുട്ട് കഴിക്കുകയോ അല്ലെങ്കിൽ കൊടംപുളി[106]യിട്ട് കറിവെക്കുകയോ ആണ് ചെയ്യുന്നത്. അടുപ്പിന് മുകളിൽ കുടംപുളി മാലപോലെ കോർത്ത് ഉണക്കാനിട്ടിരിക്കുന്നത് കുറിച്യവീടുകളിൽ സ്ഥിരം കാഴ്ചയാണ്.

**അന്നവഴക്കത്തിലെയും കൃഷിയിലെ കുറിച്യൻ ഭാഷാപദങ്ങൾ**

കാടിന്റെ നന്മകളെ വേണ്ടവിധത്തിൽ ഉപയോഗിച്ചും സമ്പന്നമായ കൃഷിഭൂമിയിൽ പകലന്തിയോളം നെൽകൃഷി ചെയ്തും ജീവിക്കുന്നവരാണ് കുറിച്യർ. വയനാട്ടിലെ മിക്ക കുറിച്യമിറ്റങ്ങളും സ്ഥിതി ചെയ്യുന്നത് വയലോരങ്ങളിലാണ്. വിശാലമായ നെൽപ്പാടങ്ങൾ ഓരോ കുടുംബത്തിന്റെയും സമ്പദ്ഘടനയെ വെളിപ്പെടുത്തുമ്പോൾ തന്നെ കൂട്ടുകുടുംബവ്യവസ്ഥയുടെ എല്ലാതരത്തിലുള്ള നന്മകളും കുറിച്യരുടെ ജീവിതവുമായി ചേർന്നു നിൽക്കുന്നു. കൂട്ടുകുടുംബവ്യവസ്ഥയുടെ ഉല്പ്പാദന പാരമ്പര്യത്തിൽ കാർഷികവൃത്തി ഉത്സവമായി മാറുമ്പോൾ ഓരോ തറവാട്ടിലെയും അംഗങ്ങൾ മുഴുവൻ ഒത്തൊരുമിക്കുന്നു. ഇങ്ങനെ പരസ്പര സമ്പർക്കത്താൽ ഓരോ കുറിച്യമിറ്റങ്ങളും കാത്തിരിക്കുന്ന വിശേഷദിവസമായി വിത്ത് വിതയ്ക്കലും കൊയ്ത്തും മാറുന്നു. വയനാട്ടിലെ മറ്റ് ഗോത്രങ്ങളിൽ നിന്നും കുറിച്യരെ വേറിട്ടു നിർത്തുന്നതും ഈ കാർഷികപാരമ്പര്യമാണ്. നെല്ലിന്, *ണെല്ല്* എന്നാണ് കുറിച്യ ഭാഷയിലെ പദപ്രയോഗം.

ആദ്യകാലങ്ങളിൽ പ്രധാനമായും കൃഷി ചെയ്തിരുന്ന നെല്ലിനങ്ങൾ തൊണ്ടി, ചോമാല, പാൽത്തൊണ്ടി, ചെമ്പത്തി, ചേറ്റുവെളിയൻ, ബില്ലി, രാജാണി, വല്യജണ്ണ, കുറിയജണ്ണ, ജന്തശാല്, പാലുവെളിയൻ, മുണ്ടവായൻ, കൂർചൊണ്ണ എന്നിവയായിരുന്നു. മേൽപറഞ്ഞ നെൽവിത്തുകളിൽ പലതും മാറിവരുന്ന ഋതുഭേദങ്ങളിൽ ഇന്ന് കൃഷിക്ക് പര്യാപ്തമല്ലാതായിത്തീരുന്നുണ്ട്. എന്നാൽ മാറിവരുന്ന കാലാവസ്ഥയും സർക്കാർ നൽകുന്ന വീടുകളും കൂട്ടുകുടുംബകാർഷിക വൃത്തിയിൽ ചെറിയ മാറ്റങ്ങൾ ഉണ്ടാക്കുന്നുണ്ട്. എന്നിരുന്നാലും കാർഷികവൃത്തിയെ അടിസ്ഥാനമാക്കി മുന്നോട്ട് പോകുന്നതാണ് ഓരോ കുറിച്യൻ ജീവിതവും.

വിത്തിടുന്നത് മുതൽ നെല്ല് കൊയ്യുന്നത് വരെ നിരവധി ആചാരങ്ങളിലൂടെയും വിശ്വാസങ്ങളിലൂടെയും കടന്നുപോകുന്ന കുറിച്യർക്കിടയിൽ *അകത്തൂട്ട്കോള്, പുത്തരിക്കോള്, നാട്ടുകോള്* തുടങ്ങി നിരവധി ചടങ്ങുകളുണ്ട്. അതിൽ ആളുകൾക്ക് കൊടുക്കാതെ ദൈവത്തിന് നൽകാൻ വേണ്ടി നെല്ല് മാറ്റി വയ്ക്കുന്നതാണ് *പുത്തരിക്കോള്*. പച്ചരികുത്തിയിട്ടാണ് പിന്നീട് ആഹാരത്തിന് നെല്ല് ഉപയോഗിക്കുന്നത്. ഞാറ് നടുന്നതിനെ *വെള്ളനാട്ടി/നാട്ടി വെക്ക്ന്ന്* എന്നും നെല്ല് കൊയ്യുന്നതിനെ *കെയ്ത്ത്* എന്നും പറയുന്നു. എന്നാൽ ആചാരപരമായി നെല്ല് കൊയ്യുന്നതിന് ഉപയോഗിക്കുന്ന പദമാണ് *കെയ്പിടിക്ക* എന്നത്. നെല്ല് മെതിക്കുന്നതിനെയാണ് *ഒക്കൽ* എന്ന വാക്കുപയോഗിക്കുന്നത്. കൊയ്ത്ത് കഴിഞ്ഞ് നെല്ലും പുല്ലും

*മറോല്*[107] ഉപയോഗിച്ച് വേർതിരിക്കുന്നു. ഇങ്ങനെ നെല്ലും പുല്ലും വേർതിരിച്ചെടുത്ത് കിട്ടുന്ന പൊടിക്ക് *തലപ്പൊലി* എന്ന വാക്കാണ് കുറിച്യഭാഷാ പ്രയോഗത്തിലുള്ളത്. നെല്ലിൽ നിന്ന് പുല്ല് തോണ്ടി മാറ്റുന്നതിന് *ഒക്കൽ തോണ്ടല്* എന്നാണ് പറയുന്നത്. *ബീയണ, പൊലിപ്പാറ്റി* തുടങ്ങിയവ ഉപയോഗിച്ചാണ് നെല്ല് വീശി മറ്റ് കരടുകൾ ഒഴിവാക്കുന്നത്. നെല്ല് അടിച്ചുകൂട്ടുന്നതിന് *പെലിക്കൂട്ടി* എന്ന മരംകൊണ്ട് നിർമ്മിച്ച ഉപകരണമാണ് ഉപയോഗിക്കുന്നത്. നെല്ലുണക്കാൻ വേണ്ടി *പരമ്പ്*[108] ഉപയോഗിക്കാറുണ്ട്. നെൽകൃഷിയുമായി ബന്ധപ്പെട്ട് ഒട്ടേറെ ഉപകരണങ്ങൾ കുറിച്യർ സ്വന്തമായി നിർമ്മിക്കുന്നുണ്ട്.

നെല്ല് വിരിച്ചിടുന്നതിനെ *ചിക്ക* എന്നാണ് പറയുന്നത്. ഞാറ് കെട്ടിവെക്കുന്നതാണ് *മെരട്*. ഒരു കണ്ടത്തിൽ നിന്ന് മറ്റൊരു കണ്ടത്തിലേക്ക് വരമ്പ് മുറിച്ച് ഓവ് വെച്ച് വെള്ളം ഒഴുക്കി വിടുന്നതിന് *കൊഅഅ* എന്നാണ് പറയുന്നത്. കൂടാതെ ഞാറ് നടുമ്പോൾ കണ്ടത്തിന്റെ നാല് വശവും വെള്ളംപോകാൻ പാകത്തിൽ ചെളി മാന്തിക്കൊടുത്ത് ചെറിയതോട് നിർമ്മിക്കുന്നതിനെ *പെണരി* എന്ന വാക്കാണ് കുറിച്യ ഭാഷയിലുള്ളത്. കൂടാതെ ചെറിയതോടിന് *കണ്ടിത്തോട്* എന്നും പറയുന്നു. കണ്ടം നികത്തുന്നതിനെ *ഞവരി* എന്ന് പറയുമ്പോൾ നെല്ല്കുത്തുന്ന കുഴിക്ക് *കുണ്ട്* എന്നും നെല്ല് കുത്തുന്നതിനെ *കുത്ത്* എന്നും പറയുന്നു. ഉലക്ക '*എലക്ക*'യും ഉരല് '*എറളു*'മാണ് കുറിച്യൻ ഭാഷയിൽ.

നെല്ല് വിതയ്ക്കുന്നതിനെ '*പൊനവെതയ്ക്ക*' എന്നാണ് പറയുന്നത്. നെല്ല് വേർതിരിച്ചെടുക്കുന്ന വൈക്കോലിന് '*പില്ല്*' എന്നാണ് പ്രാദേശികപദം. കൂടാതെ നെൽകൃഷി ഉള്ളത്കൊണ്ട് തന്നെ ഭൂരിഭാഗം കുറിച്യതറവാടുകളിലും *പയ്യ്*[109], ആട് തുടങ്ങിയ വീട്ടുമൃഗങ്ങളും ഉണ്ട്. പുല്ല്കൊണ്ടു നിർമ്മിച്ച പശുത്തൊഴുത്തിന് '*പൊദാല*' എന്നാണ് പറയുന്നത്. ആട്ടിൻകൂടിന് ആടാല എന്നാണ് പറയുന്നത്. വൈക്കോൽക്കൂനയ്ക്ക് നിരവധി പദങ്ങളാണ് കുറിച്യഭാഷയിലുള്ളത്. *പില്ല്ക്കിറ്റി*[110], *പില്ക്കായം*[111], *പില്ല്സുറ്*[112], *പില്ല്ക്കറ്റ*[113], *പില്ല്ന്തുറ്*[114],*തുർക്ക്*[115], *പില്ല്പെത്*[116], *പില്ല്ങായ്*[117], *പില്ല്മുണ്ട*[118], *മെത*[119] തുടങ്ങി ഓരോ സങ്കേതങ്ങളിലും വളരെ വ്യത്യസ്തമായ പദമാണ് വൈക്കോൽക്കൂനയ്ക്ക്. കലപ്പക്ക് *ചില്ലറ്, മേഞ്ഞ്ല് /ഞേഞ്ഞ്ല്* തുടങ്ങിയ പദങ്ങൾ ഉപയോഗിക്കുന്നു. കാള/മൂരി *എര്ത്* ആകുമ്പോൾ നാല്ക്കാലിപ്പൂട്ടിന് *ഏര്* എന്ന വാക്കാണ് കുറിച്യർ ഉപയോഗിക്കുന്നത്. കാളയുടെ പുറത്തുവെക്കുന്ന തടിക്കഷ്ണത്തെ നൊകം എന്നും എര്തിന്റെ കഴുത്തിൽ തടിക്കഷ്ണത്തിലൂടെ കയറ് കെട്ടുന്നതിനെ എറപ്പ എന്നു പറയുന്നു. ഹോ..., ഹോ... ശബ്ദമുണ്ടാക്കി കാലിയെ തെളിക്കുന്നതിനെ *ഓക്കോട്ടുന്ന്* എന്ന വാക്കാണ് കുറിച്യർ ഉപയോഗിക്കുന്നത്. ഞേഞ്ഞ്ലിന്റെ മേൽ ഇരുമ്പ് അടിച്ച് കയറ്റുന്നതിനെ *കൊവ്വ* എന്ന് പറയുന്നു.

**കൃഷി**

നായാട്ട്, വനവിഭവ ശേഖരണം, മീൻപിടുത്തം എന്നിവയോടൊപ്പം കൃഷി കുറിച്യർ വിദഗ്ധരാണ്. മലബാറിലെ സമതലങ്ങളിൽ നിന്നും ആദ്യമായി വയനാട് കയറി കൃഷിയാരംഭിച്ചത് കുറിച്യരാണെന്ന് വിശ്വസിക്കുന്നു. ആദ്യകാലങ്ങളിൽ കുറിച്യർ കാട് വെട്ടിത്തെളിച്ച് പുനം

കൃഷി ചെയ്തിരുന്നു. ഒരു ഭൂമിയിൽ ഒരു വർഷം കൃഷി ചെയ്തു അടുത്ത വർഷം മറ്റൊരിട ത്തേക്ക് കൃഷി ചെയ്യുകയും ആറു വർഷത്തിനു ശേഷം വീണ്ടും ആദ്യ സ്ഥലത്തു തന്നെ കൃഷി തുടങ്ങുന്നതുമാണ് പുനം കൃഷിയുടെ പ്രത്യേകത. ആദ്യകാലത്ത് ചോളം ആയിരുന്നു കൃഷി ചെയ്തിരുന്നത്. മറ്റേതു കൃഷിയേക്കാളും പ്രാധാന്യം നെൽകൃഷിക്ക് നൽകിയിരുന്നവരാ ണ്കുറിച്യർ. വെളിയൻ, തൊണ്ടി, ഗന്ധകശാല, ചോമാല, പാൽത്തൊണ്ടി, ചെമ്പത്തി, മുണ്ടവായൻ തുടങ്ങിയവയാണ് കൃഷി ചെയ്തിരുന്ന പ്രധാന നെല്ല് ഇനങ്ങൾ. തറവാട്ടിലുള്ള സ്ത്രീകളും പുരുഷന്മാരും ഒത്തൊരുമിച്ചാണ് പാടത്ത് പണി ചെയ്തിരുന്നത്. കൃഷിയുടെ ഓരോ ഘട്ടവും കുറിച്യർ വളരെ ആഘോഷത്തോടെയാണ് ചെയ്യാറുള്ളത്. വയലുകൾ ഉഴുതുമ റിച്ച് ചാണകം, ചാരം എന്നീ വളങ്ങൾ മാത്രം ഉപയോഗിച്ചാണ് കൃഷി ചെയ്തിരുന്നത്.

വയനാട്ടിലെ കുറിച്യ സമൂഹം തങ്ങളുടെ പ്രധാന ജീവനോപാധിയായ കൃഷിപോലും തങ്ങളുടെ ആചാരനുഷ്ഠാനങ്ങൾ കൊണ്ട് സമ്പന്നമാക്കിയിരിക്കുന്നു. കുറിച്യർ തങ്ങളുടെ കൃഷി തുടങ്ങുന്നതിനു മുന്നോടിയായി തറവാട്ടിൽ വിളക്ക്, തേങ്ങ തുടങ്ങിയവ വച്ച് തങ്ങളുടെ മൂന്നാം ദൈവമായ തെയ്യത്തെ *മുമ്പാക്കുന്നു*[120]. മൂന്നാം ദൈവമാണ് കൃഷി വിളവ് തരുന്നത്. 'ഇട്ട വിത്ത് നട്ടവള്ളി, അതുകൊണ്ട് ഞങ്ങൾക്ക് മൂന്ന് പിടിവിത്തിടണം അതുകൊണ്ട് നിങ്ങള് വരണം' എന്നു പറഞ്ഞുകൊണ്ട് മൂന്നാം ദൈവത്തെ *മുമ്പാക്കുകയും* ദൈവം കോമരത്തിന്റെ ശരീരത്തിൽ ഉറഞ്ഞുവരുകയും ചെയ്യുന്നു. മൂന്ന് പിടി വിത്തിൽ നിന്ന് പത്തിൽ പതിനാറാക്കി തരണമെന്ന് ആവശ്യപ്പെടുന്നു. മൂന്നാം ദൈവം വിധി നൽകുന്നു. *നാലമ്മ നീറ്റട്ടാളും*[121] സമ്മതിച്ച് പണമിട്ടു *മുമ്പാക്കുന്നു*. ദൈവം *മുമ്പായത്* നോക്കുവാൻ അമ്പും വില്ലുമെടുത്ത് തെളിവിനായി നായാട്ടിനു പോകുന്നു. നായാട്ടിനു പോയി മൃഗത്തെ കിട്ടിയെങ്കിൽ അത് തെളിവായി കണക്കാക്കുന്നു. ഇല്ലെങ്കിൽ തറവാട്ടിലേക്ക് തിരിച്ചുവന്നു തപ്പ് കൊടുത്തു വിധി ശരിയാക്കി വീണ്ടും നായാട്ടിനു പോകും. തെളിവ് ശരിയായതിനു ശേഷം കൃഷിയുടെ ആരംഭം കുറിക്കുന്നു.

കുംഭമാസത്തിൽ വിത്തൊക്കെ മുളപ്പിക്കാൻ വയ്ക്കുന്നു. പാത്രത്തിൽ വെള്ളം നിറച്ച് രാവിലെ വിത്ത് അതിൽ ഇട്ട് വയ്ക്കുന്നു. പിറ്റേന്ന് രാവിലെ അത് കോരിയെടുത്ത് മാറ്റി വച്ചതിനു ശേഷം എത്ര വിത്തുണ്ടോ അതിനനുസരിച്ച് മറ്റൊരു പാത്രത്തിൽ ചാണകം കലക്കി അതിൽ പൊത്തി വയ്ക്കുന്നു. അതിൽ വായു കടക്കാത്ത വിധത്തിൽ കല്ലുകൊണ്ടോ പലക കൊണ്ടോ മൂടി വയ്ക്കുന്നു. രണ്ടാം ദിവസം ആകുമ്പോൾ വിത്ത് മുളയ്ക്കുന്നു.

**വിത്തിടൽ ചടങ്ങ്**

വയനാടൻ കുറിച്യർക്കിടയിൽ കൃഷിയുമായി ബന്ധപ്പെട്ട് നടത്തുന്ന ഒരു ചടങ്ങാണ് വിത്തിടൽ ചടങ്ങ്. കുംഭമാസത്തിലാണ് വിത്തിടൽ ചടങ്ങ് നടത്താറുള്ളത്. മുളപ്പിച്ച വിത്ത് ആദ്യമായി അന്നാണ് നടുന്നത്. അന്ന് രാവിലെ തറവാട്ടിൽ വിളക്ക്, പഴം, ചന്ദനം തുടങ്ങിയവ വച്ച് ദൈവത്തെ മുമ്പാത്തി തറവാട്ടുകാർ എല്ലാവരും കണ്ടത്തിലേക്ക്[122] പോകുന്നു. തറവാട്ടിലെ ഒടയ്ക്കാരനാണ് ആദ്യമായി മുറത്തിൽ നിന്നും ഓരോ പിടി വിത്ത് എടുത്ത് കണ്ടത്തിൽ വിതയ്ക്കുന്നത്. തുടർന്ന് തറവാട്ടിലെ എല്ലാവരും ഓരോ പിടി വിത്ത് എടുത്ത് വിതയ്ക്കുന്നു.

**വെളനാട്ടി**

വിത്ത് വിതച്ചതിനു ശേഷം ഞാറ് പറിക്കുന്നതിന്റെ സമയം അടുക്കുമ്പോൾ കുറിച്യർതറവാട്ടിൽ മൂന്നാം ദൈവത്തെ മുമ്പാക്കുന്നു. 'മൂന്ന് പിടി ഞാറ് പറിച്ച് ഊന്നണം'. അതിനുള്ള വിധി തരാൻ തെയ്യത്തോട് ആവശ്യപ്പെടുന്നു. ദൈവത്തിന്റെ വിധി അറിയാൻ നായാട്ടിനു പോകുന്നു. നായാട്ടിനു പോയി വിധി കിട്ടിയതിനു ശേഷം അന്നേ ദിവസം തറവാട്ടിൽ വിളക്ക്, തേങ്ങ തുടങ്ങിയവ വച്ച് ദൈവത്തെ മുമ്പാക്കി കണ്ടത്തിലേക്ക് പോകുന്നു. ഒടയ്ക്കാരനും ഒടയ്ക്കാരത്തിയും 'ഈ രണ്ട് മുമൂന്ന് തെളി[123]' എല്ലാവർക്കും കൊടുക്കുന്നു. പിന്നീട് ഒടയ്ക്കാരനും ഒടയ്ക്കാരത്തിയും ആദ്യം ഞാറ് നടുന്നു. ഇതിനെ വിതയ്ക്കൽ എന്ന് പറയുന്നു.

**മാങ്കുളിപ്പിക്കൽ**

കൃഷിയുമായി ബന്ധപ്പെട്ട ഒരു ചടങ്ങാണ് 'മാങ്കുളിപ്പിക്കൽ'. കന്നി മാസത്തിലെ ആയില്യ മകത്തിലാണ് 'മാങ്കുളിപ്പിക്കൽ ചടങ്ങ്' നടത്തുന്നത്. കുറിച്യർക്കിടയിൽ തന്നെ ചട ങ്ങിന്റെ നാമത്തിൽ പ്രാദേശിക വ്യതിയാനം കാണാൻ സാധിക്കും. തിരുനെല്ലിയിലെ നടുവ ന്താർ കുറിച്യ സങ്കേതങ്ങളിൽ മാങ്കുളിപ്പിക്കൽ ചടങ്ങിന് 'മകം കുളിപ്പിക്കൽ' എന്നും പറയു ന്നു.മാങ്കുളിപ്പിക്കൽ ചടങ്ങിന്റെ അന്ന് സൂര്യനുദിക്കുന്നതിനു മുൻപായി വയലിൽ *കൊവ്വ*[124] കെട്ടി വയ്ക്കുന്നു. ചടങ്ങ് നടത്തുന്നിടത്ത് ചാണം കൊണ്ട് മെഴുകി വയ്ക്കുന്നു. ചടങ്ങിനായി തറവാട്ടിൽ നിന്ന് വിളക്ക്, പഴം, ചന്ദനം, പന്തം, തേങ്ങ, കിണ്ടി, അവിൽ തുടങ്ങിയവ എടുത്തു വയലിൽ എവിടെയാണോ ആദ്യം നാട്ടി നട്ടത് അവിടെ കൊണ്ടു പോകുന്നു. അവിടെ വെച്ചാണ് നെല്ലിനെ കുളിപ്പിക്കുന്നത്. വരമ്പ് ചേർന്ന് നിൽക്കുന്ന നെല്ലിനെ ഒടയ്ക്കാകൻ കിണ്ടിയിലെ വെള്ളം കൊണ്ട് കുളിപ്പിച്ചു ചന്ദനം തേച്ച് തേങ്ങ വെട്ടി പുണ്യാഹം ചെയ്യുന്നു. വെട്ടിയ തേങ്ങ മുകളിലേക്ക് ഇട്ട് തെളിവും നോക്കുന്നു. ചടങ്ങിനു ശേഷം കത്തിച്ചു വച്ച വിളക്കുമായി എല്ലാവരും തറവാട്ടിലേക്ക് എത്തുകയും വിളക്ക് തമ്പായിയകത്ത് കത്തിച്ചുവയ്ക്കുകയും ചെയ്യുന്നു. അന്ന് ഉച്ചയ്ക്ക് തറവാട്ടിൽ സദ്യ തയ്യാറാക്കുന്നു. സദ്യയ്ക്ക് വീട്ടി കേങ്ങ്[125], കുമ്പളം തുടങ്ങിയവ അടങ്ങിയിട്ടുള്ള കറി നിർബന്ധമാണ്.

നെല്ല് വിളഞ്ഞതിനുശേഷം കൊയ്ത്താണ്. കൊയ്ത്ത് നടത്തേണ്ട ദിവസം കാണുവാൻ മൂന്നാം ദൈവത്തെ *മുമ്പാക്കുന്നു*. ദൈവത്തിനെ *മുമ്പാക്കി* നായാട്ടിനു പോയി തെളിവ് കൊണ്ടുവരുന്നു. കൊയ്ത്ത് നടത്തേണ്ട ദിവസം രാവിലെ എല്ലാവരും തറവാട്ടിൽ എത്തിച്ചേരുന്നു. അന്ന് ഗുരു കാർണവരന്മാർക്കും പേനമ്മയ്ക്കും മൂന്നു കണ്ടം അടയ്ക്ക, മൂന്നു കണ്ടം വെറ്റില വച്ചു കൊടുക്കുന്നു.ആദ്യ നുരി കൊയ്യലിനെ 'കെയിപിടിക്കൽ' എന്നും പറയുന്നു. ആദ്യ നുരി കൊയ്ത് ഒടയ്ക്കാരത്തി വയൽ വരമ്പിൽ മാറ്റി വയ്ക്കുന്നു. തുടർന്ന് മുറ്റുള്ള സ്ത്രീകളും കൊയ്യാൻ തുടങ്ങുന്നു.

**വെള്ളൊക്കൽ**

കുറിച്യ സമുദായത്തിനിടയിൽ വർഷാരംഭത്തിലെ ആദ്യത്തെ കൊയ്ത്തിനാണ് വെള്ളൊക്കൽ ചടങ്ങ് നടത്തുന്നത്. ആദ്യത്തെ കൊയ്ത്ത് കഴിഞ്ഞതിനു ശേഷം കൊയ്തെടുത്ത നെല്ല് തറവാട്ടിൽ കൊണ്ടുവരുന്നു. അന്ന് രാത്രി എല്ലാവരും തറവാട്ടിൽ എത്തിചേരുകയും വെതയാക്കി ഇട്ട നെല്ല് *ഒക്കല് കൊടയുന്നു*[126]. അന്ന് രാവിലെ ഏരിനെ കൊണ്ട് ഒക്കലിടാൻ തുടങ്ങുന്നു. നെല്ലും പുല്ലും വേർതിരിച്ച് *നെല്ല് മറോൽ*[127] ഉപയോഗിച്ച് മാറ്റി വൃത്തിയാക്കി വയ്ക്കുന്നു. ഒക്കലിനു ശേഷമുള്ള തലപൊലി[128] പേനമ്മയുടെ മുറിയുടെ മുന്നിൽ കൂട്ടിവയ്ക്കുന്നു. ഭക്ഷണത്തിനു ശേഷം തറവാട്ടിലെ മുത്തായിയമ്മമാർ ഈ പൊടി അടിച്ചു കൂട്ടുന്നു. പിന്നീട് നെല്ല് പത്തായ അകത്തേക്ക് മാറ്റുന്നു. അതിനായി ഒടയ്ക്കാരൻ ആദ്യം ആ മുറത്തിൽ നെല്ല് നിറച്ച് പത്തായത്തിൽ കൊണ്ടു പോയിടുന്നു. തുടർന്ന് എല്ലാവരും ഒരുമിച്ച് പത്തായം നിറയ്ക്കുന്നു.

**കുളിയൻ കറ്റ**

വയലിലെ കൊയ്ത്ത് കഴിയാറാകുമ്പോൾ മകര മാസത്തിൽ നടത്തുന്ന ഒരു ചടങ്ങാണ് കുളിയൻകറ്റ. കൊയ്ത്ത് കഴിയാറാകുമ്പോൾ കൊയ്ത് തീർക്കുവാൻ വേണ്ടി വെളഞ്ഞ നെല്ല് ഒരു കുണ്ട മുറിച്ചെടുക്കാതെ മാറ്റി വയ്ക്കുന്നു. അതിനോട് ചേർത്ത് ഒരു പിടിനെല്ലും വയ്ക്കുന്നു. വയലിലെ കൊയ്ത്ത് കഴിയാറാകുമ്പോൾ കൊയ്ത് തീർക്കലിനോടനുബന്ധിച്ച് തെളിവിനായി നായാട്ടിനു പോകുന്നു. കൊയ്ത് തീർക്കലിന്റെ അന്നേ ദിവസം എല്ലാവരും ഒത്തു ചേരുന്നു. അന്നേ ദിവസം വൈകുന്നേരം ഒടയ്ക്കാരനും ഒടയ്ക്കാരത്തിയും കുളിയൻകറ്റ മുറിച്ചെടുത്ത് കൊയ്ത് തീർക്കുന്നു.

**കുളിയനു കൊടുക്കൽ**

കൊയ്ത്ത് കഴിഞ്ഞതിനു ശേഷം വയലിൽ കുളിയനു ചെയ്യുന്ന ചടങ്ങാണ് കുളിയനു കൊടുക്കൽ. കൊയ്ത് തീരുന്ന ദിവസം രാത്രി വയലിൽ പൂവൻവാഴയുടെ പോള മുറിച്ചു ചതുരത്തിൽ വയ്ക്കുന്നു. അത് നാല് അറകളായി തിരിക്കുന്നു. അതിൽ അവിൽ, നെല്ല്, തേങ്ങ എന്നിവ ഇട്ടു വയ്ക്കുന്നു. അതിന്റെ നാലു മൂലയിലായി കരി കിരുതിയും, മഞ്ഞളും നൂറും കലക്കിയുള്ള കിരുതിയും കുമ്പിളിൽ കലക്കി വയ്ക്കുന്നു. അതിൽ രണ്ടു മുക്കണ്ണൻ തിരിയും, ഒറ്റത്തിരിയും വയ്ക്കുന്നു. വാഴ പോളയുടെ ചതുരത്തിന്റെ നടുവിലായി ഒരു മുക്കണ്ണൻ തിരിയും ചുറ്റുമായി ഒറ്റത്തിരിയും കത്തിച്ചു വച്ച് കുളിയനെ തൊഴുത് കുളിയനെ കണ്ടത്തിൽ നിന്ന് നടുമുറ്റത്തേക്ക് കൊണ്ടുപോകുന്നു. കുളിയൻകറ്റ, ഒരു മുക്കണ്ണൻ തിരി എന്നിവ തറവാട്ടിലേക്ക് കൊണ്ടുവരുന്നു. തറവാട്ടിലെ നടുമുറ്റത്ത് മുക്കണ്ണൻ തിരി കൊണ്ടുവയ്ക്കുകയും, കുളിയൻകറ്റ വിതയുടെ മുകളിൽ കൊണ്ടു പോയിടുകയും ചെയ്യുന്നു.

**കെതിര് കേറ്റൽ**

തിലാപത്തിന്റെ അന്ന് പുലർച്ചെയാണ് കെതിര് കേറ്റൽ ചടങ്ങ് നടത്തുന്നത്. തിലാപത്തിന്റെ തലേദിവസം സന്ധ്യയ്ക്ക് ഒടയ്ക്കാരൻ മറ്റൊരു കണ്ടത്തിൽ (വയൽ) നിന്ന് നെൽകതിര് കൊയ്ത് കൊണ്ടുവന്നു കണ്ടത്തിൽ വയ്ക്കുന്നു. തിലാപത്തിന്റെ രാവിലെ കതിർവള്ളി, പുത്തരിവള്ളി എന്നിവ പറിച്ചു കൊണ്ടു വരുന്നു. ഒടയ്ക്കാരൻ കുളി കഴിഞ്ഞു കൊയ്ത് കൊണ്ടുവന്ന നെൽകതിർ കളത്തിൽ വയ്ക്കുന്നു. കാനത്തി[129] അതിൽ പച്ചരി ചാർത്തുന്നു. അതിനു ശേഷം കൊയ്ത നെൽകതിരോടൊപ്പം കതിർവള്ളിയും പുത്തരി വള്ളിയും കൂട്ടി നെകലിന്റെ വാതിലിൽ കെട്ടി വയ്ക്കുന്നു.

**ചമ്പളൂട്ട്**

നാട്ടി കഴിഞ്ഞാൽ നടത്തുന്നതാണ് ചമ്പളൂട്ട്. നാട്ടി കഴിഞ്ഞ് ഞാറ് പറിച്ചു തീർക്കുന്ന അന്ന് ഒരു പിടി ഞാറ് വയലിൽ മാറ്റി വയ്ക്കുന്നു. അതാണ് ചമ്പളൂട്ടിനു വയ്ക്കുന്നത്. ഒടയ്ക്കാരനും ഒടയ്ക്കാരത്തിയുമാണ് ആ ഞാറ് പറിക്കുന്നത്. ചമ്പളൂട്ടിന്റെ അന്ന് രാവിലെ ഏരിനെ കുളിപ്പിച്ച് പച്ചരി, എണ്ണ, തുമ്പപ്പൂ, മഞ്ഞൾ എന്നിവ കുഴയ്ക്കുന്നു. തുടർന്ന് എല്ലാ ഏരിനും എണ്ണ തൊട്ടു കൊടുക്കുന്നു. ഇതിന് 'ഏരിന് നെയ് തൊട്ക' എന്നും പറയുന്നു. ഏരിന് നെയ് തൊട്ടതിനു ശേഷം കിണ്ടിയിലെ വെള്ളം തെളിച്ച് അരിയും പൂവും ഇട്ട് പുണ്യാഹം ചെയ്യുന്നു.

**നെല്ല്കുത്ത് പാട്ട്**

വയനാട് ജില്ലയിലെ കുറിച്യ സമുദായത്തിനിടയിൽ ഉള്ള ഒരു വായിപ്പാട്ടാണ് നെല്ല്കുത്ത് പാട്ട്. ഒരു ഉലക്ക ഉപയോഗിച്ച് നാലു സ്ത്രീകൾ വട്ടത്തിൽ നിന്ന് പ്രത്യേക താള ത്തിലും ഈണത്തിലും പാട്ട് പാടിയാണ് നെല്ല് കുത്തുന്നത്.

1

ചെയ്വമ്മേഹേ...
അങ്ങനെന്ത്...
അരിയേ... ഹ്...
നെല്ലല്ലേ ... ഹ്...
കുത്ത്ന്നത്...
അച്ഛനും... ഹ്...
അമ്മാമനും.... ഹ്...
അമ്മായിയും... ഹ്....
നാട്ടിപ്പണിക്ക് ... ഹ്...
പോയ് മേളേ... ഹ്...
കെരയല്ല മേളേ... ഹ്[130]...

ചെയ്വ മ്മേഹേ, ചീവോതിയമ്മേ തുടങ്ങിയവദേവതകളെ സൂചിപ്പിക്കുന്ന വാക്കുകളാണ്. ഒരു പ്രത്യേക ഈണത്തിൽ 'ചെയ്വമ്മേഹേ...' എന്ന് പാടികൊണ്ട് ഒരു ഭാഗത്ത് നിന്ന് താളത്തിൽ

മറ്റൊരു വശത്തേക്ക് ഉലക്ക ചെരിച്ച് ഇട്ടു കൊടുക്കുന്നു. നെല്ല് കുത്തുമ്പോൾ അരി വേഗം വെളുക്കട്ടെ എന്നും അച്ഛനും അമ്മായിയും അമ്മാവനും നാട്ടിപ്പണി കഴിഞ്ഞു വരുമ്പോൾ കഞ്ഞി വെച്ചു കൊടുക്കണം എന്നും പറഞ്ഞു കൊണ്ട് നെല്ല് കുത്തുന്നു. അതാണ് ഈ പാട്ടിന്റെ സാരാംശം.

2

ചെയ്‌വമ്മേഹേ...
ചെയ്‌വമ്മേഹേ...
അരിയേ... ഉം...
നെല്ല ഒന്ന്....
ബെള്ക്കണെല്ലോ...
ഒന്ന്ണ്ട്.... കേക്ക് ദൈവേ...
ചീവോച്ചീ.... വടക്ക്ച്ചിയമ്മ....
നെല്ലുമ്മല്ലേ...
എലക്ക താളോം...
കേട്ട്യല്ലം...
അരിയേ... ഉം... നെല്ല്...
അരിയാവുമ്പോ...
അന്നേരത്ത്...
കുഞ്ഞൻ കെരയും...
ഒന്ന്ണ്ട്...
കേക്ക് കുഞ്ഞാ...
അച്ഛനൂം...ഉം....
അമ്മയൂം....ഉം...
അമ്മായിയൂം...ഉം...
നാട്ടിപ്പണിക്ക്...
പോയി....കുഞ്ഞാ...
കെരയല്ലാ...
അരിയേ...നെല്ല്...ബെളുത്തോട്ടേ[131]...

മറ്റ് നെല്ല് കുത്ത് പാട്ടുകളിൽ നിന്നും മാറി ഇതിൽ പ്രാദേശിക വ്യതിയാനം കാണാൻ സാധിക്കുന്നു. ചോമാല അരി വേഗം വെളുക്കട്ടെ എന്ന് പറഞ്ഞുകൊണ്ട് ഈണത്തിൽ പാടുന്ന ഒരു നെല്ല് കുത്ത് പാട്ട് ചുവടെ കൊടുക്കുന്നു.

3

സെയൂവാ...മ്ഹും...
സെയൂവാ....മ്ഹും...
ചെയ്‌വാമാ...ഹും...
ശോമാലാ...ഹും...

ശാരീയാ....ഹും...

ശാരീയാ...ഹും...

സെയൂവാ...ഹും...

ശോമാലാ...ഹും

ശയ്വാമാ...ഹും....

ശോമാലാ...ഹും...

ശയൂവാ...ഹും...

പണിക്ക്... പോവാനുണ്ട്...

ബേകത്തില് കുത്തനെ...

അരി ബെള്ക്കട്ട്...

അന്തിക്ക് അത്തായം ബെക്കാൻ

ബേകം കുത്തപ്പോ നെല്ല്[132]

കുറിച്യ സങ്കേതമായ ചുരുളിയിൽ നെല്ലുകുത്തുപാട്ടിനെ 'ചീവോച്ചിയമ്മ പാട്ട്' എന്നും പറയുന്നു. ചീവോച്ചിയമ്മ പാട്ടിന്റെ ഏതാനും വരികൾ താഴെ കൊടുക്കുന്നു.

മകയ്ലം ബാഞ്ന്നേ ചീവോച്ച്യമ്മ

ചീലാതിരീ മകോ പെമകനോ

മകയ്ലം ബാഞ് ചീവോച്ച്യമ്മ

മകയ്ലം ബാഞ്ന്നേ പെമകനോ

കീയയ്ലം താണന്നോ പോണം നീയേ

കീയയ്ലം താണന്നോ പോണം നീയേ

കീയയ്ലം ബാഞ്ന്ന ചെറുമാനിച്ചീ

എന്തിനോ ഏതിനോ അമ്മയോട്

എന്തിനോ ഏതിനോ പെറ്റമ്മോട്

മറ്റെതൊട്ടല്ലോ മകനോടല്ലേ

മറ്റെതൊട്ടല്ലോ മകനോടല്ലേ

മകനോടല്ലേ...കീയയ്ലം ബാഉം ചെറുമനുചൻ

കീയയ്ലം ബാഉം ചെറുമനുചൻ

ചെറുമനുചൻ...പോയിറ്റ് നോക്കിറ്റോ ബാകോ നീയ്

പോയിറ്റ് നോക്കിറ്റോ ബാകോ നീയ്[133]

'ചീവോച്ചിയമ്മ' എന്നത് കുറിച്യരുടെ നെല്ല്ദേവൻ ആണ്. *മകയ്ലം*[134] വാഴുന്ന ചീവോച്ചിയമ്മ തന്റെ മകനോട് *കീയയ്ലം*[135] ലോകത്തുള്ള മനുഷ്യന്റെ അവസ്ഥ എന്തെന്നറിയാൻ നോക്കി വരാൻ ഏൽപ്പിക്കുന്നു. എന്നാൽ മകൻ കീയയ്ലം വന്നു നോക്കിയപ്പോഴാണ് അവിടെയുള്ള മനുഷ്യർ അനുഭവിക്കുന്ന കഷ്ടതകളും പട്ടിണിയും

കാണുന്നത്. അങ്ങനെ കീയയ്ലത്തെ അവസ്ഥകൾ വിവരിച്ചുകൊണ്ട് ചീവോച്ചിയമ്മയെ മുൻനിർത്തി പാടുന്ന പാട്ടാണിത്.

കൃഷിപ്പണിയെ 'നാട്ടിപ്പണി' എന്ന ഒറ്റവാക്കിൽ ഒതുക്കുമ്പോൾ തന്നെ പണ്ടത്തെ *ഏല ക്കുട*[136] ഇന്ന് 'ശീല'ക്കുടയിലേക്കും തുടർന്ന് തലയിൽ ഒരു പ്ലാസ്റ്റിക് കവർ ചുറ്റുന്നതിലേക്കും മാറിപ്പോയിരിക്കുന്നു. ഞാറ് പറിക്കുന്നതിനെ *ഞാറ് പെരിക്കല്* ആണ് കുറിച്യഭാഷ. ശേഖരിച്ചു വെച്ചിരിക്കുന്ന നെല്ലെടുത്ത് വൃത്തിയുള്ള പായയിൽ ചെരിഞ്ഞശേഷം തറവാട്ടിലെ ഏറ്റവും പ്രായംകൂടിയ സത്രീകളിരുന്ന് കട്ടികുറഞ്ഞ കമ്പിളിപ്പുതപ്പ് കയ്യിൽ ചുരുട്ടിപ്പിടിച്ച്, നെല്ലിലെ *ഉണ്ടൻ/കൊത്തൻ*[137]നെയും നെപ്പാറ്റ[138]കളെയും നെല്ലിൽ പുതപ്പ് തൊട്ട് *മൊറ*[139]ത്തിലേക്ക് തട്ടി വേർതിരിക്കുന്നു. ഇങ്ങനെ ചെയ്യുമ്പോൾ ഉണ്ടനും, പാറ്റയും, കല്ലും പതിരുമെല്ലാം പുതപ്പിൽ പറ്റിപ്പിടിച്ചിരിക്കുകയും നെല്ല് എളുപ്പത്തിൽ വേർതിരിക്കാൻ സാധിക്കുകയും ചെയ്യുന്നു. ഈ രീതിയിൽ നെല്ല് വൃത്തിയാക്കിയെടുക്കുന്നതിന് പറയുന്ന പേരാണ് '*നെല്ലൊപ്പ്*'. നെല്ല് മറ്റ് വസ്തുക്കളിൽ നിന്നും ഒപ്പിയെടുക്കുന്നുവെന്ന അർത്ഥം മാത്രമേ ഈ വാക്കിനുള്ളൂ[140].

മണ്ണിൽ നേല്ല് വീഴാതെ കറ്റയും നെല്ലും വേർതിരിക്കാൻ വേണ്ടി ഓട ഉടച്ചുണ്ടാക്കിയ വലിയ പായയാണ് '*ചെറ്റ*'. എന്നാൽ ഇന്ന് ചെറ്റക്ക് പകരമായി ടാർപായ ഉപയോഗിക്കുന്നുണ്ട്. നെല്ല് സൂക്ഷിക്കുന്ന കുട്ടയെ പൊതുവെ '*നെല്ല്ക്കൂട്ട*' എന്നാണ് കുറിച്യർ വിളിക്കുന്നത്. കൂടാതെ '*മക്കിരി*', '*തുമ്പ*'തുടങ്ങിയ കുട്ടകളും നെല്ല് സൂക്ഷിക്കാൻ ഉപയോഗിക്കുന്നുണ്ട്. ഓട കൊണ്ട് നിർമ്മിച്ച നെല്ല് സൂക്ഷിക്കുന്ന കുട്ടകളെല്ലാം തന്നെ ചെളിതേച്ച് ചാണകം മെഴുകി നൂറ്റാണ്ടുകളോളം കേടുവരാത്ത വിധത്തിൽ ഉപയോഗിക്കാവുന്നതാണ്. മച്ചില് ഓട മെടഞ്ഞുണ്ടാക്കി മണ്ണും ചാണകവും ചേർത്ത് മെഴുകി നെല്ലുണക്കാൻ വിശാലമായ സ്ഥലം ഓരോ കുറിച്യതറവാടുകളിലുമുണ്ട്. ഇതിനു വേണ്ടി മച്ചില് മരം പാകുന്നതിനെ '*പണ*' എന്നും ഇങ്ങനെ നെല്ലുണക്കാൻ പാകത്തിൽ തയ്യാറാക്കിയെടുത്ത മച്ചിനെ '*മദ്ജെ*' '*മെദങ്ങ*' എന്നും പറയുന്നു. ഇതേ അർത്ഥത്തിൽ തന്നെ '*പണ*' എന്ന വാക്കും ഉപയോഗിക്കാറുണ്ട്.

നെൽകൃഷി കൂടാതെ പല വിധത്തിലുള്ള ചേമ്പുകളും ചപ്പുകളും[141] കുറിച്യർ കൃഷി ചെയ്യുന്നുണ്ട്. ചേമ്പിന് '*താള്*' എന്ന പദമാണ് കുറിച്യർ ഉപയോഗിക്കുന്നത്. *ബിലാത്തിതാള്, പാൽത്താള്, നനഞ്ചേമ്പ്*[142]തുടങ്ങിയവ കൃഷി ചെയ്തുണ്ടാക്കുന്ന ചേമ്പുകളാണ്. കൂടാതെ പല തരം മുളകിന്റെ ഇലകൾ, പാവല്ചപ്പ്[143], മത്തൻചപ്പ്[144] തുടങ്ങിയവയും ഭക്ഷണത്തിനായി ഉപയോഗിക്കുന്നു. ചപ്പിന് 'ചൊപ്പ' എന്ന പദവും ചില കുറിച്യ സങ്കേതങ്ങളിൽ[145]ഉപയോഗിക്കുന്നുണ്ട്. വിത്തിട്ടാൽ മുളയ്ക്കുന്ന രീതിയിൽ വയനാട്ടിലെ ഭൂപ്രകൃതിയും കാലാവസ്ഥയും അനുയോജ്യമാകുമ്പോൾ *പാറ്*[146], *വെള്ളക്കുമ്പള*[147], *പൂതക്കുമ്പള*[148], *തൂത്ത*[149], *ചെറങ്ങ*[150], *ബെള്ളരിക്ക*[151], *ആകായബെള്ളരി* തുടങ്ങി പല പച്ചക്കറികളും വയലോരങ്ങളിൽ കുറിച്യർ കൃഷി ചെയ്യുന്നുണ്ട്.

**പഴങ്ങൾ, കായ്കൾ,കേങ്ങ്കൾ**[152]

ഓരോ ജനവിഭാഗത്തിന്റെയും സംസ്കാര നിർമ്മിതിയിൽ ഭക്ഷ്യപാരമ്പര്യം പ്രധാനപങ്കു വഹിക്കുന്നു. ഓരോ ഗോത്രവിഭാഗത്തിന്റെയും ഭക്ഷണപാരമ്പര്യം ആ ഗോത്രവിഭാഗം ജീവിക്കുന്ന പരിസ്ഥിതിയിൽ നിന്ന് ഏറ്റവും എളുപ്പത്തിൽ ലഭ്യമാകുന്ന ഭക്ഷണപദാർത്ഥങ്ങളെ ആശ്രയിച്ചിരിക്കും. കുറിച്യരുടെ ഭക്ഷണപാരമ്പര്യവും കാടിനോട് ചേർന്ന് നിൽക്കുന്നു. കൃഷിയോടൊപ്പം തന്നെ ഋതുഭേദങ്ങൾക്കനുസരിച്ച് കാടുകളിൽ സുലഭമായി ലഭിക്കുന്ന പഴങ്ങളും,കിഴങ്ങുകളും, ചപ്പുകളും ഇറച്ചിയും കുറിച്യരുടെ ആരോഗ്യത്തെ സംരക്ഷിച്ചുനിർത്തുന്നതിൽ ഒഴിച്ചുകൂടാനാവാത്തവയാണ്.

കായ്/കായി തുടങ്ങിയ പദങ്ങളാണ് ‘കായ’ എന്ന വാക്കിനെ സൂചിപ്പിക്കാൻ കുറിച്യർ ഉപയോഗിക്കുന്നത്. ‘ഴ’ എന്ന ഉച്ചാരണം കുറിച്യഭാഷയിൽ ഇല്ലാത്തതിനാൽ പഴത്തിന് ‘പയം’ എന്നുച്ചരിക്കുന്നു. *ഞേല്ങ്കായ്*[153], *കൊട്ടപ്പയം*[154], *ചിറ്റേന്ത്പയം*[155], *ചീരിപ്പയം*[156], *മുടുമുടുക്കൻ*[157], *ഈന്ത്ങ്കായ്*[158], *ചടച്ചിപ്പയം*[159], *കരുള്ക്ക* , *വള്ക്ക*, *പാണപ്പയം*[160], *ചള്ളൂറ്ങ്കായ്*, *കുട്ടിപ്പാർപ്പൻ*, *പാലക്കായി*[161], *മാദളങ്ങ*[162], *ഉറുമാങ്കായ്*[163],പലതരം മാങ്ങകൾ,*പാഞ്ചക്ക*[164], *ബരിക്ക ചക്ക*[165],*ഞെല്ലിക്ക*[166]. *ചെറ്നാരങ്ങ*[167], *മദറനാറങ്ങ* (മധുരനാരങ്ങ) തുടങ്ങി പഴങ്ങളും കായ്കളും അനന്തമായി നീളുന്നു. ഓറഞ്ചാണ് കുറിച്യഭാഷയിൽ മദറനാറങ്ങയാവുന്നത്.റോബർട്ട് കാൾഡ് വെല്ലിന്റെ ദ്രാവിഡഭാഷാവ്യാകരണത്തിൽ സംസ്കൃതഭാഷയിൽ ‘നാഗരംഗ’ എന്ന പേരിലറിയപ്പെട്ടിരുന്ന ‘ഓറഞ്ച്’ ദ്രാവിഡത്തിൽ ‘നാറ്’ (മണക്കുക) എന്ന അർത്ഥത്തിലാണ് ഉപയോഗിക്കുന്നത്. എന്നാൽ മലയാളഭാഷയിലേക്കെത്തുമ്പോൾ നാരങ്ങ ‘നാറുംകായ്’ (മണമുള്ള കായ) ആയി മാറുന്നു. ഇപ്പോഴും ഓറഞ്ച് (നാരങ്ങ) എന്ന പേര് തന്നെയാണ് പൊതുവിൽ ഉപയോഗിക്കുന്നത്. എന്നാൽ കുറിച്യർ പേരിൽത്തന്നെ മധുരം നൽകി ‘മദ്റനാറങ്ങ’എന്ന് ഓറഞ്ചിനെ വിളിക്കുന്നു. കൂടാതെ നാട്ടിൽ കയ്പ്പുള്ളതും വിഷക്കായയുമായ ‘കാഞ്ഞിരക്കായ’ യിൽ നിന്ന് വ്യത്യസ്തമായി മധുരമുള്ള കാഞ്ഞിരവും പഴങ്ങളുടെ കൂട്ടത്തിലുണ്ട്. ‘കാഞ്ഞറം’ എന്നാണ് കാഞ്ഞിരത്തിന് കുറിച്യ പദപ്രയോഗം. അതു പോലത്തന്നെ നാട്ടുഞാവൽപ്പഴത്തേക്കാൾ ചെറുതും മധുരമേറിയതുമാണ് കാട്ടിലെ ഞാവൽപ്പഴം. എന്നാൽ നാട്ടുമാങ്ങ/പഞ്ചാര മാങ്ങ എന്നീ പേരുകളിലൊക്കെ നാട്ടിൽ അറിയപ്പെടുന്ന മാങ്ങകൾക്ക് സമാനമായ രൂപവും മധുരമൂറുന്ന മണവുമുള്ള മാങ്ങകൾ കാടുകളിൽ സുലഭമായിട്ടുണ്ട്. മധുരത്തിന് പകരം നമുക്ക് കടിച്ചുനോക്കാൻ പറ്റാത്ത വിധത്തിലുള്ള പുളിയാണെന്ന് മാത്രം. എന്നാൽ കുറിച്യരുടെ ഭക്ഷണവിഭവങ്ങളിൽ ഇവ പ്രധാനപ്പെട്ടവയാണ്. ചക്കയും മാങ്ങയും കൂടുതലായി ലഭിക്കുന്നതുകൊണ്ട് ‘മിഥുന’ മാസത്തിന് ‘ചക്കേന്മാസം’ എന്നാണ് കുറിച്യർ പറയുന്നത്.

കുറിച്യരുടെ ആരോഗ്യത്തെ ശക്തിപ്പെടുത്തുന്നതിൽ *കേങ്ങ്*ന് വളരെ പ്രാധാന്യമുണ്ട്. *നാരം കേങ്ങ്, നൂക്കേങ്ങ്, കവലകേങ്ങ്, അരിക്കേങ്ങ്, കൂവക്കേങ്ങ്, കാട്ടുചേമ്പ്, വെണ്ണിക്കേങ്ങ്, തല്പക്കേങ്ങ്, മൂപ്പാങ്ക്, ചേതാവരിക്കേങ്ങ്, നാട്ടക്കേങ്ങ്, ബെള്ള്യംങ്കേങ്ങ്, അടഗയ്യൻ, കീരിയേലിക്കേങ്ങ്, ബീട്ട്യേങ്ങ്* തുടങ്ങിയവയെല്ലാം കാട്ടിൽ നിന്നും ലഭിക്കുന്ന പലതരം ഔഷധഗുണമുള്ള ഭക്ഷ്യയോഗ്യമായ കേങ്ങ്കളാണ്. കൂടാതെ *മദ്റക്കേങ്ങ്*[168], *ചേന*, *മഞ്ഞള്*[169], *കാച്ചില്*, *പൂള*[170]തുട

ങ്ങിയവയും കുറിച്യർ കൃഷിചെയ്യുന്നുണ്ട്. കപ്പ കുഴിച്ചെടുക്കുന്നതിന് '*കാച്ചില്കീക്കി*' എന്നാണ് കുറിച്യരുടെ ഭാഷാപ്രയോഗം '*കീക്കി*' എന്ന വാക്കിന് 'കുഴിക്കുക' എന്നാണർത്ഥം. *ബിലാത്തിതാള്, കുട്ടിത്താള്, തോട്ട്താള്* എന്നിവയുടെ കിഴങ്ങും കൂടാതെ ചേമ്പിന്റെ തണ്ടും കുറിച്യർ ഭക്ഷണപദാർത്ഥമായി ഉപയോഗിക്കുന്നു. കിഴങ്ങുകളും മറ്റും കുഴിച്ചെടുക്കാൻ പാക ത്തിലുള്ള '*കൂറുങ്കോടം*[171]' ആണ് കുറിച്യരുടെ പ്രധാനപ്പെട്ട കൃഷിയായുധങ്ങളിലൊന്ന്.

കുട്ടിപ്പാർപ്പൻ, മരുങ്ങച്ചപ്പ്[172], തൊവരച്ചപ്പ്[173], ചുരുളി, പര്മച്ചപ്പ്, കാക്കച്ചപ്പ്, പൊന്നുംങ്ക ണ്ണി, അരിചേമ്പില, തുമ്പച്ചപ്പ് തുടങ്ങിയവ പ്രകൃതിയിൽ സ്വാഭാവികമായി വളരുമ്പോൾ കുറിച്യ'*അട്ക്കാത്തി*'ൽ[174] അവയെല്ലാം രുചികരമായ ഭക്ഷണപദാർത്ഥമായി മാറുന്നു. കൂടാതെ പല സമയങ്ങളിലായി കാട്ടിൽ നിന്നും ലഭ്യമാകുന്ന കുമ്മായം[175] ഒരേസമയംരോഗത്തിനുള്ള മരുന്നും ഭക്ഷണവുമാണ്. ചിങ്ങത്തിൽ വെളുത്ത നിറത്തിൽ കാണപ്പെടുന്ന *പിറ്റിക്കീന്*[176], *കൂടാതെ അരിക്കുമ്മായം, മുക്കിൽക്കുമ്മായം, മാതാളൻ*[177], *മുത്കുമ്മായം, പുറ്റുകുമ്മായം, മര ക്കുമ്മായം, അവരണക്കുമ്മായം, ചവലക്കുമ്മായം* തുടങ്ങിയവയാണ് പ്രധാനപ്പെട്ട കൂണുകൾ.

പെരുന്തേൻ, ചെറുതേൻ, പുറ്റുതേൻ, കോതേൻ, ഗണ്ടികോറ്റ എന്നിവ കുറിച്യർ ശേഖരി ക്കുന്ന പ്രധാനപ്പെട്ട തേൻവിഭാഗങ്ങളാണ്. ചില്ലക്ഷരം ഒഴിവാക്കി സംവൃതോകാരം നൽകി '*തേന്*' എന്നാണ് കുറിച്യ പദപ്രയോഗം, കിഴങ്ങുകളും ചപ്പും തേനും ഒരേ സമയം ഭക്ഷണവിഭ വവും മരുന്നുമാകുമ്പോൾ കാടിന്റെ രഹസ്യങ്ങളറിയാവുന്ന, പ്രമേഹം, മഞ്ഞപ്പിത്തം, നാഡീ രോഗങ്ങൾ തുടങ്ങി ഒട്ടുമിക്ക രോഗങ്ങൾക്കും ചികിത്സ അറിയാവുന്ന, നിരവധി കുറിച്യവൈദ്യ ന്മാർ തിരുനെല്ലിയിലും കാട്ടിക്കുളത്തും തുടങ്ങി വയനാടിന്റെ വിവിധ പ്രദേശങ്ങളിലുണ്ട്. കുറി ച്യരുടെ ബൃഹത്തായ വൈദ്യപാരമ്പര്യം കേരളത്തിന്റെ വിവിധഭാഗങ്ങളിലുള്ളവർ പ്രയോജന പ്പെടുത്തുന്നുമുണ്ട്.

ഓരോ ജനവിഭാഗത്തിന്റെയും ജീവിതം, സംസ്കാരം എന്നിവ അവരുടെ ഭക്ഷണവസ്തു ക്കളിലൂടെയും അവ പാകം ചെയ്യുന്ന രീതികളിലൂടെയും മനസ്സിലാക്കാൻ സാധിക്കും. തിര ണ്ട്കല്യാണത്തിന് മാംസാഹാരം പ്രധാന വിഭവമായിരുന്നതുകൊണ്ടും നായാട്ട് കുറിച്യരുടെ ജീവിതത്തിന്റെ ഭാഗമായിരുന്നതുകൊണ്ടും '*എറ്ച്ചി*[178]' കുറിച്യജീവിതത്തിൽ ഒഴിച്ചുകൂടാനാവാ ത്തതാണ്. ശിക്കാറിന[179] പോകുമ്പോൾ കുറിച്യരുടെ അമ്പേൽക്കാത്ത കാട്ടുമൃഗങ്ങൾ വളരെ വിരളമാണ്. മെരുക്, കൂരൻ, പന്നി, പെരുമ്പന്നി, മാന്, കേയ[180] തുടങ്ങിയ മൃഗങ്ങളുടെയും ചില പക്ഷികളുടെയും ഇറച്ചിയാണ് ചുട്ടും കറിവെച്ചും കഴിക്കുന്നത്. എന്നാൽ വേട്ടയാടൽ നിയമം മൂലം നിർത്തലാക്കിയപ്പോൾ വളരെ ആഘോഷമായി നടത്തിയിരുന്ന തിരണ്ട്കല്യാണങ്ങളെയും ദൈനംദിനജീവിത്തെയും തളർത്തുന്ന രീതിയിൽ പല പ്രശ്നങ്ങളും കുറിച്യർ അഭിമുഖീകരി ക്കുന്നുണ്ട്. എങ്കിലും അവർക്കാവശ്യമായ മാംസാഹാരം ഇന്നും അവർ കണ്ടെത്തുന്നുണ്ട്. ആവശ്യമായവയെല്ലാം സമയത്ത് തന്നെ എങ്ങിനെയെങ്കിലും *തമ്പായി*[181] എത്തിക്കുമെന്നാണ് കുറിച്യരുടെ വിശ്വാസം.

*ബായ*[182] കുറിച്യരുടെ പ്രധാനകൃഷിയായി ഇന്ന് മാറിയിട്ടുണ്ട്. '*കെല*'[183] എല്ലാ കുറിച്യ വീടുകളിലും ഉണ്ടാക്കാറുണ്ട്. *വായമോണി*[184]തുടങ്ങി പച്ചക്കായ കൊണ്ട് പല രുചികളുള്ള ഉപ്പേരി[185]കളുമുണ്ടാക്കുന്നു. ചക്കക്കാലമാകുമ്പോൾ '*ചക്ക്റ്*'[186] ചുട്ട് തേൻ ചേർത്ത് ഒരു മധുര വിഭവമുണ്ടാക്കും. കൂഞ്ഞിയും[187] ചക്കക്കുരുവുമിട്ട് ധാരാളം വിഭവങ്ങൾ ഉണ്ടാക്കാറുണ്ട്.

ചാണകം മെഴുകിയ അടുക്കളയിൽ നിലത്ത് തന്നെയാണ് അടുപ്പുകളുള്ളത്. തിരണ്ട്ക ല്യാണവും കൊയ്ത്തുത്സവങ്ങളും വരുമ്പോൾ തറവാട്ടിലെ മുഴുവനാളുകൾക്കും ഭക്ഷണമു ണ്ടാക്കാൻ പാകത്തിലുള്ള ചെമ്പുകൾ വെയ്ക്കാൻ പര്യാപ്തമായ വലിയ അടുപ്പുകൾ കുറിച്യ തറവാടുകളിലെല്ലാമുണ്ട്. എന്നാൽ ഇന്ന് തനത് ഭക്ഷണങ്ങളിലും ചെറിയ മാറ്റങ്ങളെല്ലാം വന്നി ട്ടുണ്ട്. സദ്യക്ക് '*അടിയാന്തറം*' എന്ന വാക്കാണ് കുറിച്യർ ഉപയോഗിക്കുന്നത്. മാത്രമല്ല സദ്യ യുണ്ടാക്കുന്നതിന് വേണ്ട കാര്യങ്ങൾ ഒരുക്കുന്നതിന് '*കോപ്പ് കൂട്ടുന്ത്*' എന്നും പറയുന്നു. സാമ്പാറിന് '*വെള്ളക്കരി/കരിഓളം*[188]' തുടങ്ങിയ പദങ്ങളാണ് കുറിച്യഭാഷയിലുള്ളത്. കൂടാതെ ഒരു വിധം വീടുകളിലെല്ലാം പശു പ്രധാനപ്പെട്ട വളർത്തുമൃഗമായത് കൊണ്ട് '*മേറ്*[189]' ഒരു പ്രധാന ഭക്ഷണവിഭവം തന്നെയാണ്. തേങ്ങയും മുളകും കൊണ്ട് വ്യത്യസ്തമായി ചമ്മന്തിയു ണ്ടാക്കുന്നവരാണ് കുറിച്യർ. കഞ്ഞിയുടെയും കപ്പ പുഴുങ്ങിയതിന്റെയും കൂടെ നാവില ലിഞ്ഞു ചേരുന്ന ചമ്മന്തികളുടെ രുചിക്കൂട്ട് സൃഷ്ടിക്കാൻ കുറിച്യരുടെ കൈപ്പുണ്യത്തിന് കഴി യും. ചമ്മന്തിക്ക് '*തിമ്മിന്തി*' എന്ന പദമാണ് കുറിച്യഭാഷയിലുള്ളത്.

വീടിന് പുറത്തിറങ്ങിയാൽ ഭക്ഷണത്തോടും അയിത്താചാരം നിലനിർത്തുന്നവരാണ് കുറിച്യർ. മറ്റുജാതിയിൽപ്പെട്ടവരുടെ ഭക്ഷണം കഴിക്കാത്തതും, പുറത്തുപോയി വന്നാൽ കുളി ച്ചിട്ടു മാത്രമേ കഴിക്കുള്ളൂ തുടങ്ങിയ ആചാരങ്ങളും കുറിച്യർക്കിടയിൽ ഇന്നുമുണ്ട്. മാത്രമല്ല, കുടുംബത്തിൽ ഒരു മരണം നടന്നാൽ മരണാനന്തരചടങ്ങുകൾ കഴിഞ്ഞ് സ്വന്തം വീട്ടിലെത്തിയ തിന് ശേഷം മാത്രമേ ഭക്ഷണം കഴിക്കുകയുള്ളൂ. പുറത്ത് ദീർഘദൂരയാത്രക്ക് പോകുമ്പോൾ വീട്ടിൽ നിന്നും ആവശ്യമായ വെള്ളം, അവില് തുടങ്ങിയവ കൈയ്യിൽ കരുതുന്നവരുമുണ്ട്. വിശപ്പിന്, 'പയ്പ്പ്'എന്ന പദവും രുചിക്ക് 'ശിവാദ്'/'ചിവാദ്' തുടങ്ങിയ പദങ്ങളുമാണ് കുറിച്യ രുടെ ഭാഷാ പ്രയോഗത്തിലുള്ളത്.

മൂന്ന് നേരമുള്ള ഭക്ഷണത്തിന് കുറിച്യഭാഷയിൽ പദങ്ങളുണ്ട്. രാവിലത്തെ ഭക്ഷണ ത്തിന് 'കഞ്ഞി' എന്നാണ് പറയുന്നത്. ഉച്ചയ്ക്കത്തെ ഭക്ഷണത്തിന് 'കത്തല്' എന്നുപയോഗി ക്കുന്നു. രാത്രി ഭക്ഷണത്തിന് 'അത്തായം' എന്ന പദമാണ് കുറിച്യഭാഷയിലുള്ളത്. പ്ലാവില ഈർക്കിൾകൊണ്ട് കുത്തി കോരിയാക്കി പണ്ട് കാലത്ത് കഞ്ഞി കുടിച്ചിരുന്നു. അതിന് '*പിലാ ലകുത്ത്ന്ന്*' എന്ന വാക്കാണ് ഉപയോഗിച്ചിരുന്നത്. കൂടാതെ തവിക്ക് '*കയ്ല്*' എന്ന പദമാണ് കുറിച്യഭാഷാപ്രയോഗത്തിലുള്ളത്. അരി കൈകൊണ്ട് ഞെരടിക്കഴുകുന്നതിന് '*ഞൗണ്ടി*' എന്നും അരികഴുകി വൃത്തിയാക്കുന്നതിന്'*എല്മ്പി എടുക്കുക*' യെന്നും പറയുന്നു. അരി കഴു കുകയും ഊറ്റുകയും ചെയ്യുന്ന കായല്കൊണ്ട് നിർമ്മിച്ച കുട്ടയ്ക്ക് '*കൊമ്മ*' എന്നാണ് കുറിച്യ പദം. കഞ്ഞിവെള്ളത്തിന് '*കഞ്ഞോളം*' എന്നും വറ്റിന് '*കഞ്ഞിപ്പറ്റ്*' എന്ന പദവും കുറിച്യർ

ഉപയോഗിക്കുന്നു. നെല്ല്, അരി തുടങ്ങിയവ ചേറുന്നതിന് വേണ്ടി '*മൊറം*' ഉപയോഗിക്കുന്നു. നീളൻ മുറങ്ങളും ഒറ്റമൂലയുള്ള മുറങ്ങളും ഇത്തരത്തിൽ ഉപയോഗിക്കപ്പെടുന്നു. മീന്, ഉപ്പേരി തുടങ്ങിയവ വറുത്തുകോരുന്ന കോരിക്ക് '*കേര*' എന്ന പദമാണ് ഉപയോഗിക്കുന്നത്. അടുപ്പിന് മുകളിൽ മുളകൊണ്ടുണ്ടാക്കിയ *'വരഞ്ചി'* യിലാണ് മീനും ഇറച്ചിയും ഉണക്കുന്നത്. ഉപ്പും മുളകും ഇടുന്ന പാത്രത്തിന് *'ഉപ്പ്ചാട'* എന്നു പറയുന്നു. പാത്രത്തിന് പൊതുവെ '*ക്ണ്ണം'/'കിഞ്ഞാണി'* തുടങ്ങിയ പദങ്ങളാണ് ഉപയോഗിക്കുന്നത്. '*ചാട*' എന്ന പേരിലറിയപ്പെടുന്ന മുറമാണ് മണ്ണും മറ്റ് മാലിന്യങ്ങളും കളയാൻ വേണ്ടി ഉപയോഗിക്കുന്നത്.നെല്ലും അരിയും അളക്കുന്നതിനു വേണ്ടി അളവു പാത്രങ്ങൾ കുറിച്യവീടുകളിൽ വളരെ കാര്യക്ഷമമായി സൂക്ഷിക്കുന്നുണ്ട്. അളവിന് '*സേറ്*' എന്ന വാക്കാണ് കുറിച്യർ ഉപയോഗിക്കുന്നത്. നെല്ലളക്കുന്നതിന് വേണ്ടി *'പറ'* എന്ന പാത്രം ഉപയോഗിക്കുന്നു. പതിനഞ്ച് സേറാണ് ഒരു പറ. പറയേക്കാൾ ഉള്ള് വീതിയുള്ള പാത്രമാണ് '*കൊളം*'. മൂന്ന് സേറാണ് ഒരു കൊളം. കൂടാതെ അരി അളക്കാൻ വേണ്ടി ഉപയോഗിക്കുന്ന അളവ് പാത്രമാണ് '*നായി'.*

വയനാട്ടിലെ എല്ലാ വിഭാഗക്കാരെയും പോലെ കട്ടൻ കാപ്പിയാണ് കുറിച്യരുടെയും ഇഷ്ടപ്പെട്ട പാനീയം. പുറത്തുനിന്നുള്ളവരെ സൽക്കരിക്കുമ്പോഴും കാപ്പിയാണ് കൂടുതലായും കൊടുക്കാറുള്ളത്. ഒരു ശരാശരി മലയാളിയെപ്പോലെ വളരെ കൃത്യമായി മൂന്ന് നേരം ഭക്ഷണം കഴിക്കുന്നവരല്ല കുറിച്യർ. രാവിലെയും വൈകുന്നേരവുമാണ് പ്രധാനമായും ഭക്ഷണം കഴിക്കുന്നത്. മറ്റ് ആരോഗ്യപ്രശ്നങ്ങൾ ഒന്നുമില്ലെങ്കിലും ബെത്തലയും[190] അടക്കയും കൂട്ടി മുറുക്കുന്നവരാണ് കുറിച്യർ. എന്നാൽ കാട്ടിലും സ്വന്തമായി ഉല്പാദിപ്പിക്കുന്ന കാർഷികവിഭവങ്ങളിലും അലിഞ്ഞ് ചേർന്ന ഭക്ഷണപാരമ്പര്യമായത് കൊണ്ടാകാം കുറിച്യർക്ക് രോഗങ്ങൾ വളരെ കുറവും ആയുസ്സ് കൂടുതലുമാണ്. വാർദ്ധക്യത്തിലും[191] അമ്മമാർ പത്തായപ്പുരയുടെ താക്കോലും അരയിൽ തൂക്കി വളരെ സന്തോഷത്തോടെ വീട്ടുജോലികളിലും മറ്റും വ്യാപൃതരായിരിക്കുന്ന കാഴ്ച കുറിച്യവീടുകളിൽ വളരെ സാധാരണമാണ്.

# 6

# പാട്ടുകൾ, കടങ്കഥകൾ, പഴഞ്ചൊല്ലുകൾ

സമ്പന്നമായ ഒരു വാങ്മയ സംസ്കാരത്തിന്റെ ഉടമകളാണ് ഗോത്രജനത. വാമൊഴിയായി ഗോത്ര സമൂഹങ്ങൾ പാരമ്പര്യത്തെ സൂക്ഷിക്കുകയും തലമുറകളിലേക്ക് കൈമാറ്റപ്പെടുകയും ചെയ്യുന്നു. ഏതൊരു ഗോത്രജനതയുടെ പാട്ടുകളായാലും നൃത്തമായാലും ആതാതു ജനതയുടെ സാമൂഹ്യ-സാമ്പത്തിക പരിതസ്ഥിതികളിൽ നിന്നാണ് ഉടലെടുത്തിട്ടുള്ളത്. ഒരു ജനതയുടെ ചൂരും ചൂടും ഉൾക്കൊള്ളുന്നവയാണ് അവരുടെ പാരമ്പ ര്യപാട്ടുകൾ. അവർക്കിടയിലെ കൂട്ടായ്മയുടെയും സംഘബോധത്തിന്റെയും കണ്ണാടിയാണ് പാട്ടുകൾ. അതിൽ അവരുടെ ജീവിതവും ആവലാതികളുമെല്ലാം ഇടകലർന്നിരിക്കുന്നു. ഏതോ ഒരു കാലത്ത് ഉടലെടുത്ത ഒരു പാട്ടിന്റെ വരികളായാലും മൂളലായാലും കാലത്തിനനുസരിച്ച് മറ്റുചിലർ അതിൽ മാറ്റം വരുത്തുകയും ചെയ്തിട്ടുണ്ടാവണം. വാമൊഴിപാട്ടുകൾ ഒരു സമൂഹസൃഷ്ടിയാണ്. ആയതിനാൽ തന്നെ അവ നിരന്തരം മാറ്റത്തിനു വിധേയമായി കൊണ്ടിരിക്കുന്നവയാണ്. ജീവിതോപാധികളും ആചാരനുഷ്ഠാനങ്ങളും പാട്ടുകളാൽ സമ്പന്നമാക്കുന്നവരാണ് കുറിച്യർ. ചുണ്ടുകളിൽ നിന്ന് ചുണ്ടുകളിലേക്ക് വാമൊഴിയായി പകർന്ന് പുതുതല മുറകളിലേക്കെത്തുമ്പോൾ ഭാഷാവ്യതിയാനം പാട്ടുകളിൽ പ്രകടമായി കാണാം.

നരിപ്പാട്ട്, കുംഭപ്പാട്ട്, മര്മായി പാട്ട്, നാരായണപ്പാട്ട്, ചോയിപ്പാട്ട് തുടങ്ങിയ ലഘു ഗാനങ്ങൾ അനുഷ്ഠാനാവശ്യങ്ങൾക്ക് വേണ്ടിയാണ് കുറിച്യർ പാടുന്നത്. കുറിച്യർ പാടുന്ന പാട്ടുകളിൽ ഭൂരിഭാഗവും ദേവതാസ്തുതികളോടെയാണ് ആരംഭിക്കുന്നത്. *കണപതി*[192]യെയോ മലക്കാരിയേയോ വാഴ്ത്തിക്കൊണ്ട്, അനുഗ്രഹം തേടിക്കൊണ്ടാണ് മിക്കപാട്ടുകളും തുടങ്ങുന്നത്. ആഗ്രഹങ്ങളും സങ്കടങ്ങളും പ്രതീക്ഷകളും പാരമ്പര്യ ഗാനങ്ങളിൽ വിരചിതമാകുമ്പോൾ വാമൊഴിയുടെ വലിയ സാധ്യതകൾ തുറന്നിടാൻ പര്യാപ്തമാണ് കുറിച്യഭാഷ. പാട്ടുകളിൽ കുറിച്യർ ഉപയോഗിക്കുന്ന മൂളലുകൾ, ചില ശബ്ദങ്ങൾ തുടങ്ങിയവ വരമൊഴിലേക്ക് പകർത്താനാവാത്തതിനാൽ വാമൊഴി പാട്ടുകളിലാണ് കുറിച്യഭാഷയുടെ സൗന്ദര്യം പൂർണ്ണമായും ഉൾകൊണ്ടിരിക്കുന്നത്.

ആചാരനുഷ്ഠാനപരമായ പാട്ടുകൾക്ക് പുറമെ കുറിച്യർക്കിടയിൽ വിനോദ വേളകളിൽ പാടുന്ന നാടൻപാട്ടുകളും പ്രചാരത്തിലുണ്ട്. ചോയിപ്പാട്ട്, കയ്തോല, എയുത്തും പൊയ്ത്തും, മന്നിപ്പെണ്ണ് തുടങ്ങിയ നിരവധി നാടൻപാട്ടുകൾ കുറിച്യർ ക്കിടയിലുണ്ട്.

## ചോയിപ്പാട്ട്

**1**

ബിട്ടൂവ് കോട്ടേലേ ബിട്ടൂവ് കുമ്പാ
താമില്ല തില്ലാ തില്ലേലം
അങ്ങനെ തന്നല്ലേ കിങ്ങിണി കുമ്പാ
താമില്ല തില്ലാ തില്ലേലം
ഒന്നുണ്ട് കേക്കണം ചക്കിച്ചി പെണ്ണേ
താമില്ല തില്ലാ തില്ലേലം
ചക്കിച്ചി പെണ്ണിനെ ബിളിക്ക്ന്ന് കുമ്പാ
താമില്ല തില്ലാ തില്ലേലം
അന്നേരം ഇരിയാടി പെണ്ണ്
താമില്ല തില്ലാ തില്ലേലം
എന്തേ ബിളിച്ചത് നിങ്ങള് എന്നെ
താമില്ല തില്ലാ തില്ലേലം
ഒന്നുണ്ട് കേക്കണം ചക്കിച്ചി പെണ്ണേ
താമില്ല തില്ലാ തില്ലേലം
ഒരു താക കഞ്ഞിക്ക് ബെള്ളം ബെക്ക്
താമില്ല തില്ലാ തില്ലേലം
ഏഴാല കാലി കറക്കാനാ പോന്ന്
താമില്ല തില്ലാ തില്ലേലം
ഏഴല്ലം പശൂനെ കറക്കണെ കുമ്പാ
താമില്ല തില്ലാ തില്ലേലം
പെങ്കിറ്റും പെങ്കാര് എടുക്ക്ന്ന് കുമ്പാ
താമില്ല തില്ലാ തില്ലേലം
അങ്ങനെ തന്നല്ലേ ബിട്ടൂവ് കുമ്പാ
താമില്ല തില്ലാ തില്ലേലം
കാലി കറക്കാനാ പോന്ന് കുമ്പാ
താമില്ല തില്ലാ തില്ലേലം
അങ്ങനെ ചെല്ല്ന്ന് കുമ്പാ
താമില്ല തില്ലാ തില്ലേലം
കോതലാച്ചി പശൂനെ ചെന്ന് തൊട്ട്
താമില്ല തില്ലാ തില്ലേലം
പാല് കറക്ക്ന്ന് കുമ്പാ
താമില്ല തില്ലാ തില്ലേലം
ചക്കിച്ചി പെണ്ണ് തന്നെ നിന്ന്
താമില്ല തില്ലാ തില്ലേലം

ചക്കിച്ചി പെണ്ണ് പോന്ന്ണ്ട് പിന്നെ
താമില്ല തില്ലാ തില്ലേലം
ഒരു താക കഞ്ഞിക്ക് ബെള്ളോ ബെച്ച്
താമില്ല തില്ലാ തില്ലേലം
ഒരു താക കഞ്ഞിക്ക് ബെള്ളോം ബെക്കുമ്പോ
താമില്ല തില്ലാ തില്ലേലം
ചക്കിച്ചി പെണ്ണ് തെരണ്ടോയി പിന്നേ
താമില്ല തില്ലാ തില്ലേലം
അങ്ങനെ തന്നല്ലേ കുമ്പാ
താമില്ല തില്ലാ തില്ലേലം
കാലി കറന്നല്ലേ ബന്ന്
താമില്ല തില്ലാ തില്ലേലം
ബക്ക് നടക്ക്ല് ചെന്ന് നോക്കുമ്പം
താമില്ല തില്ലാ തില്ലേലം
ചക്കിച്ചി പെണ്ണിനെ കണ്ടില്ലാ പിന്നാ
താമില്ല തില്ലാ തില്ലേലം
ബെള്ളവൻ തന്നെ പതിക്ക്ന്ന് തന്നെ
താമില്ല തില്ലാ തില്ലേലം
ചക്കിച്ചി പെണ്ണ് ബിളിക്ക്ന്ന് കുമ്പാ
താമില്ല തില്ലാ തില്ലേലം
നാലു ഭാഗത്ത് ഇരുന്ന്
താമില്ല തില്ലാ തില്ലേലം
എവ്ടെ ബിളിച്ചാലും കേക്ക്ന്ന് ഇല്ല
താമില്ല തില്ലാ തില്ലേലം
പൊടുവായ കുണ്ടയ്ക്ക് പോന്ന് കുമ്പാ
താമില്ല തില്ലാ തില്ലേലം
പൊടുവായ കുണ്ടക്ക് ചെന്ന് നോക്കി
താമില്ല തില്ലാ തില്ലേലം
പൊടുവായ കുണ്ടയ്ല് ചെന്ന് നോക്കുമ്പം
താമില്ല തില്ലാ തില്ലേലം
മൂടല് ഇട്ട് ഇരിക്ക്ന്ന് പെണ്ണ്
താമില്ല തില്ലാ തില്ലേലം
എന്തേ ഇരിക്ക്ന്ന് പെണ്ണേ
താമില്ല തില്ലാ തില്ലേലം
അങ്ങനെ കുമ്പ നോക്കുമ്പോ അല്ലേ
താമില്ല തില്ലാ തില്ലേലം
ചക്കിച്ചി പെണ്ണ് തെരണ്ടോയി പിന്നാ

താമില്ല തില്ലാ തില്ലേലം
ഓള കൂട്ടി വന്ന്
താമില്ല തില്ലാ തില്ലേലം
കുത്ത്നെരക്കൂട്ട് ആക്ക്ന്ന് അമ്മ
താമില്ല തില്ലാ തില്ലേലം
ബിട്ടൂവ് കോട്ടേലേ ബിട്ടൂവ് കുമ്പാ
താമില്ല തില്ലാ തില്ലേലം
ഒന്ന്ണ്ട് കേക്കണം ചക്കിച്ചി പെണ്ണേ
താമില്ല തില്ലാ തില്ലേലം
മങ്ങലം കല്ലാണം കയിക്കണം പിന്നാ....
താമില്ല തില്ലാ തില്ലേലം
അയിനിപ്പം ആര് ഉണ്ട് പെണ്ണേ....
താമില്ല തില്ലാ തില്ലേലം
ബീട്ടില് കാവല് ആരു... യില്ലാ...
താമില്ല തില്ലാ തില്ലേലം
ഒന്ന്ണ്ട് കേക്കണം ചക്കിച്ചി പെണ്ണേ
താമില്ല തില്ലാ തില്ലേലം
ഏഴ് ദെവസോം കീഴ്ഞ്ഞ്.. പിന്നാ...
കുത്ത്നെരക്കൂട്ടിലല്ലേ ഓക്ക്....
താമില്ല തില്ലാ തില്ലേലം
ചോറൂം കറിയൂം കൊടുക്കുന്ന് കുമ്പാ
താമില്ല തില്ലാ തില്ലേലം
അങ്ങന ഏഴ് ദെവസോം കയിഞ്ഞ്
താമില്ല തില്ലാ തില്ലേലം
അങ്ങിനിരിക്കുമ്പോ അല്ലേ പിന്നാ
താമില്ല തില്ലാ തില്ലേലം
തെരണ്ട് കുളിപ്പിക്കണം പിന്നാ
താമില്ല തില്ലാ തില്ലേലം
തെരണ്ട് കുളിക്കാനും പിന്നാ.... യല്ലേ പിന്നാ....
താമില്ല തില്ലാ തില്ലേലം
ബിട്ടൂവ് കോട്ടേലേ ബിട്ടൂവ് കുമ്പാ
താമില്ല തില്ലാ തില്ലേലം
ഒമ്പത് ആങ്ങളു മാറു ഉണ്ട്
താമില്ല തില്ലാ തില്ലേലം
ഒമ്പത് ആങ്ങളുമാറ്ട് ചെന്ന് പറഞ്ഞ്
താമില്ല തില്ലാ തില്ലേലം
ഒന്ന്ണ്ട് കേക്കണം ബിട്ടൂവ് കുമ്പേ

താമില്ല തില്ലാ തില്ലേലം
ബിട്ടൂവ് കോട്ടേല് തന്നെ പിന്നെ
താമില്ല തില്ലാ തില്ലേലം
കോപ്പും കറീകളുമൊരുക്കീ ഓള്
താമില്ല തില്ലാ തില്ലേലം
അരീ നെല്ലൂം കുത്തൂന്നോള്
താമില്ല തില്ലാ തില്ലേലം
അങ്ങനെ തന്നല്ലേ ബിട്ടൂവ് കുമ്പാ
താമില്ല തില്ലാ തില്ലേലം
കല്ലാണം ചില്ലാനം ബാങ്ങണേങ്കില്ലേ
താമില്ല തില്ലാ തില്ലേലം
കോഴിക്കോട്ടങ്ങാടീ പോണോം പിന്നാ
താമില്ല തില്ലാ തില്ലേലം
കോഴിക്കോട്ടങ്ങാടീ പോണേങ്കില്
താമില്ല തില്ലാ തില്ലേലം
കാളക്ക് തന്നെയും പിന്നാ
താമില്ല തില്ലാ തില്ലേലം
മൂന്നല്ലം കാള ബേണോം പിന്നാ
താമില്ല തില്ലാ തില്ലേലം
കയര് പിടിക്ക്ന്ന് കുമ്പാ
താമില്ല തില്ലാ തില്ലേലം
ബെള്ളീം പെട്ടീ തൊറക്ക്ന്ന് കുമ്പാ
താമില്ല തില്ലാ തില്ലേലം
കല്ലാണം ചില്ലാനം ബാങ്ങാപിന്നാ
താമില്ല തില്ലാ തില്ലേലം
പൊൻപണോ തന്നല്ലേ എടുക്ക്ന്ന് കുമ്പാ
താമില്ല തില്ലാ തില്ലേലം
അങ്ങനെ തന്നെല്ലേ കുമ്പാ
താമില്ല തില്ലാ തില്ലേലം
കാള തെളിക്ക്ന്ന് കുമ്പാ
താമില്ല തില്ലാ തില്ലേലം
കോഴിക്കോട്ടങ്ങാടീ പോവാനല്ലേ
താമില്ല തില്ലാ തില്ലേലം
കല്ലാണം ചില്ലാനം ബാങ്ങാ കുമ്പാ
താമില്ല തില്ലാ തില്ലേലം
കാള പൊറം തന്നെ കേറ്ന്ന് കുമ്പാ
താമില്ല തില്ലാ തില്ലേലം

കാള തെറിച്ചല്ലേ പോന്ന്
താമില്ല തില്ലാ തില്ലേലം
കാള തെളിച്ചല്ലേ കുമ്പാ
താമില്ല തില്ലാ തില്ലേലം
ലക്ക്ടി ചൊരം ബയിക്ക് പോന്ന് കുമ്പാ
താമില്ല തില്ലാ തില്ലേലം
ലക്ക്ടി ചൊരത്തില് ബെച്ച്
താമില്ല തില്ലാ തില്ലേലം
കാളാ കാല് തെറ്റി
താമില്ല തില്ലാ തില്ലേലം
മൂന്നല്ലം കാളയും കുമ്പാ
താമില്ല തില്ലാ തില്ലേലം
ലക്ക്ടി ചൊരത്തില് ബീണോയി കുമ്പാ
താമില്ല തില്ലാ തില്ലേലം
കോഴിക്കോട്ടങ്ങാടീ എത്തില്ല കുമ്പാ
താമില്ല തില്ലാ തില്ലേലം
അങ്ങനെ തന്നെയും പിന്നാ
താമില്ല തില്ലാ തില്ലേലം
ബിട്ടൂവ് കോട്ടേലെ ചക്കിച്ചി പെണ്ണ്
താമില്ല തില്ലാ തില്ലേലം
കല്ലാണം ചില്ലാനം ബാങ്ങാനാ കുമ്പാ
പോയാ കുമ്പാ തിരിച്ച് ബരവ് ഇല്ല
താമില്ല തില്ലാ തില്ലേലം
അങ്ങന തന്നെല്ലേ ബിട്ടൂവ് കുമ്പാ
താമില്ല തില്ലാ തില്ലേലം
ലക്ക്ടി ചൊരത്തില് ബീണോയി കുമ്പാ
താമില്ല തില്ലാ തില്ലേലം
കാള ഉരുണ്ടല്ല പോന്ന്
താമില്ല തില്ലാ തില്ലേലം
ലക്ക്ടി ചൊരത്തില് ബീണ് കുമ്പാ
താമില്ല തില്ലാ തില്ലേലം
ഒരു നാക ബെള്ളോം കുടിക്കാനാ പിന്നാ
താമില്ല തില്ലാ തില്ലേലം
അങ്ങനെ തന്നല്ലേ ബിട്ടൂവ് കുമ്പാ
താമില്ല തില്ലാ തില്ലേലം
മൂന്നല്ലം കാളയും ചത്ത്
താമില്ല തില്ലാ തില്ലേലം

കുമ്പയും തന്നെ മരിക്ക്ന്ന് പിന്നാ
താമില്ല തില്ലാ തില്ലേലം
ബിട്ടൂവ് കോട്ടേലേ ചക്കിച്ചി പെണ്ണ്
താമില്ല തില്ലാ തില്ലേലം
കല്ലാണം ചില്ലാനം ബാങ്ങാനല്ലേ
താമില്ല തില്ലാ തില്ലേലം
അങ്ങന തന്നല്ലേ ചക്കിച്ചി പെണ്ണ്
താമില്ല തില്ലാ തില്ലേലം
കണ്ണീരും കയ്യായും പെണ്ണ്
താമില്ല തില്ലാ തില്ലേലം
അങ്ങനെ തന്നല്ലേ ബിട്ടൂവ് കുമ്പാ
താമില്ല തില്ലാ തില്ലേലം
അങ്ങിനിരിക്കുമ്പോ അല്ലേ
താമില്ല തില്ലാ തില്ലേലം
ആറും പോയില്ല പിന്നാ
താമില്ല തില്ലാ തില്ലേലം
അങ്ങനെ തന്നല്ലേ ചക്കിച്ചി പെണ്ണ്
താമില്ല തില്ലാ തില്ലേലം
ബിട്ടൂവ് കോട്ടേല് ഒറ്റയ്ക്ക് ആയി
താമില്ല തില്ലാ തില്ലേലം
ഇന്ന്യൂം നോക്കീറ്റ് കാര്യായില്ല
താമില്ല തില്ലാ തില്ലേലം
കുത്ത്നെരക്കൂട്ട്ന്നല്ലേ ഓള്
താമില്ല തില്ലാ തില്ലേലം
തുണീം മുണ്ടും എടുത്ത്... ഓള്
താമില്ല തില്ലാ തില്ലേലം
ഓള് കുളിക്കാനാ പോന്ന്
താമില്ല തില്ലാ തില്ലേലം
ബിട്ടൂവ് കോട്ടേല് അല്ലേ
താമില്ല തില്ലാ തില്ലേലം
ഓള് കുളിച്ച് തന്നെ
താമില്ല തില്ലാ തില്ലേലം
കുളിച്ച് കരകേരി ഓള്
താമില്ല തില്ലാ തില്ലേലം
ബിട്ടൂവ് കോട്ടേല് അല്ലേ
താമില്ല തില്ലാ തില്ലേലം
അങ്ങനെ ഇരിക്കുമ്പോയല്ലേ

താമില്ല തില്ലാ തില്ലേലം
അങ്ങിനെ ഇരിക്ക്ന്ന് ഓള്
താമില്ല തില്ലാ തില്ലേലം
ഇര്പത്തി ഒന്ന് ദെവസോം
താമില്ല തില്ലാ തില്ലേലം
ഇര്പത്തി ഒന്നാം ദെവസോം കയിഞ്ഞ്
താമില്ല തില്ലാ തില്ലേലം
കുളിച്ച് അകത്ത് കേരി
താമില്ല തില്ലാ തില്ലേലം
അങ്ങനെ തന്നല്ലേ ചക്കിച്ചി പെണ്ണ്
താമില്ല തില്ലാ തില്ലേലം
അങ്ങനെയിരിക്കുമ്പം അല്ലേ
താമില്ല തില്ലാ തില്ലേലം
കല്ലാണം ചില്ലാനം വാങ്ങാനെന്തേയെതീ
താമില്ല തില്ലാ തില്ലേലം
അങ്ങന തന്നല്ലേ ബിട്ടൂവ് കുമ്പാ
താമില്ല തില്ലാ തില്ലേലം

കുറിച്യർക്കിടയിൽ വിനോദവേളകളിൽ പാടുന്ന പാട്ടാണിത്. കുമ്പ പശുവിനെ മേക്കുവാൻ വേണ്ടി കയറും, ചെപ്പടവും എടുത്ത് ഇറങ്ങിയപ്പോൾ ചക്കിച്ചി പെണ്ണിനെ വിളിച്ച് കഞ്ഞിക്ക് വെള്ളം വയ്ക്കാൻ പറഞ്ഞു. കുമ്പ പശുവിനെയും കൊണ്ട് പുറത്തു പോയതിനു ശേഷം ചക്കിച്ചി പെണ്ണ് കഞ്ഞിക്ക് വെള്ളം വച്ചു. അപ്പോഴാണ് ചക്കിച്ചി പെണ്ണ് തെരണ്ട് പോയത്. പെണ്ണ് അടുക്കളയിൽ നിന്ന് ഓടി വടക്കേ കണ്ടിയിൽ[193] വാഴ ചുവട്ടിൽ പോയി ഇരുന്നു. കുമ്പ തിരിച്ച് വീട്ടിൽ വന്നപ്പോൾ ചക്കിച്ചി പെണ്ണിനെ അവിടെ കാണാനില്ല. അടുപ്പിൽ കഞ്ഞിക്കുള്ള വെള്ളവും തിളയ്ക്കുന്നുണ്ടായിരുന്നു. കുമ്പ വീടിനു നാലുഭാഗവും ചക്കിച്ചി പെണ്ണിനെ വിളിച്ചു നടന്നു. പിന്നീട് വാഴത്തോട്ടത്തിൽ ചെന്നു നോക്കിയപ്പോൾ മുണ്ട് തലയിലൂടെ മൂടി ചക്കിച്ചിപെണ്ണ് പേടിച്ചിരിക്കുന്നത് കണ്ടു. കുമ്പ നോക്കുമ്പോഴാണ് കണ്ടത് ചക്കിച്ചി പെണ്ണ് തെരണ്ടു പോയത്. കുമ്പ പെണ്ണിനെയും കൂട്ടി എരക്കൂട്ടിൽ കൊണ്ടെത്തിച്ചു. കൂടാതെ കുമ്പ കഞ്ഞി വച്ച് ചക്കിച്ചി പെണ്ണിന് എരക്കൂട്ടിൽ ഏഴു ദിവസം എത്തിച്ചു കൊടുത്തു. ഏഴു ദിവസത്തിനു ശേഷം കുട്ടിയെ കുളിപ്പിച്ച് തെരണ്ടു കല്ല്യാണവും നടത്തണം. അതിന്റെ ഒരുക്കത്തിന്റെ ഭാഗമായി കുമ്പ അരിയും നെല്ലും കുത്തുന്നു. കൂടാതെ കല്യാണത്തിനു വേണ്ടിയുള്ള സാധനങ്ങൾ വാങ്ങാൻ കോഴിക്കോട് അങ്ങാടിയിലേക്ക് പോകണം. കോഴിക്കോട് അങ്ങാടിയിൽ പോകാൻ മൂന്ന് കാളയും എത്തി. അങ്ങനെ പൊൻപണവും കാളപ്പുറത്ത് കുമ്പ കോഴിക്കോട് അങ്ങാടിയിലേക്ക് പുറപ്പെട്ടു. എന്നാൽ ലക്കിടി ചുരത്തിൽ വച്ച് കാള കാല് തെറ്റി വീണു. കൂടെ കുമ്പയും വീണു. ചുരത്തിൽ വീണ് മൂന്ന് കാളയും കുമ്പയും മരിക്കുന്നു.

കോഴിക്കോട് അങ്ങാടിയിൽ സാധനം വാങ്ങാൻ പോയ കുമ്പ വരുന്നതും കാത്ത് എല്ലാവരും ഇരുന്നു. എന്നാൽ കുമ്പ തിരിച്ചു വരാത്തതുകണ്ട് ഇനി നോക്കിയിട്ട് കാര്യമില്ല എന്ന് മന

സ്സിലാക്കി അവർ ചക്കിച്ചിപ്പെണ്ണിന്റെ കല്ല്യാണം നടത്താൻ തീരുമാനിച്ചു. അതിനായി മൂന്ന് ആങ്ങളമാർ കോഴിക്കോട് അങ്ങാടിയിൽ സാധനം വാങ്ങാൻ പോയി. പോകുന്ന വഴിക്ക് ചുര ത്തിനടുത്ത് കുമ്പയുടെ എല്ലും പൊടിയും കണ്ടതോടെ കുമ്പ മരിച്ചതായി ഇവർ മനസ്സിലാക്കി. പിന്നീട് അവർ കോഴിക്കോട് പോയി ബെള്ളി ചെട്ടിയുടെ പാണ്ട്യാലയിൽ പോയി സാധനം വാങ്ങി. ചക്കിച്ചി പെണ്ണിനെ എരക്കൂട്ടിൽ നിന്ന് പുറത്തിറക്കി. ചക്കിച്ചി പെണ്ണിന്റെ തെരണ്ടു കല്ല്യാണം നടത്തി. ഇതാണ് ഈ പാട്ടിന്റെ സാരാംശം.

വിനോദ വേളകളിൽ കൂട്ടത്തോടെ ഇരുന്നു പാടുന്ന ഒരു വിനോദ പാട്ട് ചുവടെ കൊടുക്കുന്നു.

**2**

അറിയാതെ പാടി കളിക്കെന്റെ ചോയാരൂട്ടീ
ആടി കളിക്കെന്റെ ചോയാരൂട്ടീ...
കത്തിയെടുക്കെന്റെ ചോയാരൂട്ട്യേ...
പാടി കളിക്കുന്ന കളിയാണിത്...
കത്തിയെടുത്തെന്റെ ബെട്ട് ചോയ്യേ...
കത്തിയെടുക്കു നീ ചോയാരൂട്ടീ...
ഓനെ പോയ് ബെട്ടന്റെ ചോയാരൂട്ടീ
അയ്യോ ബെട്ടല്ലേ ചോയാരൂട്ടീ
ഇത് കളിയാന്ന് കാര്യല്ല ചോയാരൂട്ടീ
തീയിങ്ങെടുക്കെന്റെ ചോയാരൂട്ടീ
പേരക്ക് ബെക്കന്റെ ചോയാരൂട്ടീ
പേരക്ക് തീയങ്ങു ബെക്കല്ലൂട്ടീ
ഇത് കളിയാന്ന് കാര്യല്ല ചോയാരൂട്ടീ
ഓളെങ്ങടിക്കെന്റെ ചോയാരൂട്ടീ
അത് കളിയാന്ന് കാര്യല്ല ചോയാരൂട്ടീ
ഓളെങ്ങോടിക്ക് ചോയാരൂട്ടീ
ഇത് കാര്യല്ല കളിയാന്ന് ചോയാരൂട്ടീ
ഓളെ പിടിക്കെന്റെ ചോയാരൂട്ടീ
ഓളെ പിടിക്കാനോ പോകുന്നുണ്ടേ
പിടിക്കല പിടിക്കല ചോയാരൂട്ടീ
ഇത് കളിയാന്ന് കാര്യല്ല ചോയാരൂട്ടീ[194].

വിനോദ വേളകളിൽ പാടുന്ന മറ്റൊരു പാട്ട് ചുവടെ കൊടുക്കുന്നു. ഒരാൾക്ക് കൈതപ്പൂ കിട്ടുകയും, ആ കൈതപ്പൂ അയാൾ തട്ടാനു കൊടുത്ത് പൊൻവള വാങ്ങി. ആ വള മുക്കുവനു കൊടുത്ത് മുക്കുവന്റെ കൈയ്യിൽ നിന്നും വീശുവല വാങ്ങി. ആ വീശുവല വിരിച്ച് മീനിനെ പിടിക്കുകയും ആ മീനിനെ ചങ്ങാതിമാരൊക്കെ കൂടി വീതിച്ചെടുക്കുകയും ചെയ്തു. ഇതാണ്

പാട്ടിന്റെ സാരാംശം. ഈ പാട്ടിൽ കുറിച്യ ഭാഷ പാരമ്പര്യ തനിമയോട് കൂടിയാണ് ഉപയോഗിക്കുന്നത്.

**കയിതോല**

അതിലൂടി ഇതിലൂടി കയ്തക്ക ചെല്ലുമ്പോ
കയിതയെനിക്കൊരു പൂക്കുല തന്നിതാ
പൂക്കുല കൊണ്ടോയി ഞാൻ തട്ടാന് കൊടുത്തിതാ...
തട്ടാനെനിക്കൊരു പൊൻബള തന്നിതാ
പൊൻബള കോണ്ടോയി ഞാന് മുക്കോന് കൊടുത്തിതാ
മുക്കോനെനിക്കൊരു വീശിവല തന്നിതാ
വീശിവല കൊണ്ടോയി ഞാൻ കടലൊക്കെ വീതോക്കി
ആ മേന് പെമേന് രണ്ടല്ലോ മീൻബെട്ട്
മുറുക്കീനടോ ബെട്ടീനെടോ അയ്യംബെക്കീനടോ കയ്യേറേ[195]...

**എയുത്തും പൊയിത്തും**

പൊയിത്ത്ന് പോണോം...കുട്ടിയാ...
എയുത്തിന് പൊയിത്ത്ന് പോണോം... മേനേ..
എയ്ത്തും പൊയ്ത്തും പടിച്ചില്ലെങ്കീ
അത് കൊണ്ട്യ്ത്ത്ന് പോണോ മേനേ...
അത് കൊണ്ട്യ്ത്ത്ന് പോണോം മോനേ....
ഏത് കളരിക്ക് പോവ്യന്റമ്മേ...
ഏത് കളരിക്ക് പോവ്യന്റമ്മേ...
ചൂര്യൻ കളരിക്ക് പോട്.. മോനേ....
ചൂര്യൻ കളരിക്ക് പോട്.. മോനേ...
ചൂര്യൻ കളരിക്കുരുക്കളച്ചൻ
ചൂര്യൻ കളരിക്കുരുക്കളച്ചൻ
നല്ലൊരു വിദ്യ പിടിക്കു മേനേ...
നല്ലൊരു വിദ്യ പിടിക്കു മേനേ....
അത് കേട്ട് വേകത്ത് കുഞ്ഞാനല്ലേ
പോകും പുറപ്പാടൊരുമാപ്പാട്
ഒരുമാപാട്... കുളിച്ച് കുരിയവൻ തൊട്ടോണ്ടല്ലേ
കുളിച്ച് കുറിയുമേ തൊട്ടോണ്ടല്ലേ
ആമറപറമാല ടുത്തോടുത്ത്
കാമറപറമാലൊടുത്തോടുത്ത്
അമ്മോടും യാത്ര പറഞ്ഞുങ്ങോനാ...
അമ്മോടും യാത്ര പറഞ്ഞൂങ്ങോനാ...
കോണിതോൻ കീഞ്ഞല്ലേ പോന്നൂണ്ടോനാ

കോണിതോൻ കീഞ്ഞല്ലേ പോന്നൂണ്ടോനാ
പാടവയലും വരമ്പത്തൂടീ
പാട വയലും വരമ്പത്തൂടീ.....
അന്നേരത്തോമന പെറ്റോമല്ലേ
അന്നേരത്തോമന പെറ്റോമല്ലേ
മേന്റെടെ പോക്കമ്മ നോക്കീകൊണ്ട്
പുതിയ മതിലേരി നിക്ക്ന്നമ്മ
പുതിയ മതിലേരി നിക്ക്ന്നമ്മ
കുഞ്ഞനോ പോയ് മറഞ്ഞൊനേരം
അമ്മ മടങ്ങ്യല്ലേ പേരുന്നത്
അമ്മ മടങ്ങ്യല്ലേ പേരുന്നത്
ബെക്കും നടക്കിൽ കടന്നൂങ്ങമ്മ
ബെക്കും നടക്കൽ കടന്നൂങ്ങമ്മ

പണ്ട് കാലത്ത് പുതിയ വീട്ടിലെ കണ്ണൻ എന്ന കുട്ടിയെ അമ്മ എഴുത്തും കളരിയും പഠിക്കാൻ വിടുന്നതാണ് ഈ പാട്ടിലൂടെ പാടുന്നത്. കൂടാതെ സൂര്യൻ കളരിക്ക് പോകുന്ന അമ്മയും കുഞ്ഞും തമ്മിലുള്ള ബന്ധവും ഈ പാട്ട് വ്യക്തമാക്കുന്നു.

**നാടൻപാട്ട്**

ഏല മല മേല കീഞ്ഞന്ത്യീ
ഏഴല്ലം നേല മലയുണ്ടോക്ക്
ഏഴാല കാലി തൊറ കാല്യുണ്ട്
ഏഴാല കാലി തൊറ കാല്യുണ്ട്
മുന്നൂറ്ററപ്പൊതി ചെമ്മകണ്ടം
മുന്നൂറ്ററപ്പൊതി പാട്ട കണ്ടം
ഏഴുമല മേൽ കളരിയുണ്ട്
കളരി തികഞ്ഞൊരു പെണ്ണവള്

**മന്നിപ്പെണ്ണ്**

കത കത മന്ന്യംകുന്ന് മല
മന്നിപെണ്ണേ കദ കദ
അങ്ങന തന്നല്ലേ മന്നിപെണ്ണേ കദ കദ
മന്നിയൻ കുന്ന്മ്മലുണ്ട് കേക്കണം
നിങ്ങളോട് കദ കദ
അന്ന്യേരം ബിളിക്ക്ന്ന്
കുഞ്ഞിക്കണ്ണൻ കദ കദ
ഒന്ന്ണ്ട് കേക്കണം മന്നിപെണ്ണേ കദ കദ
നാ പന്നി ബെടി ബെക്കാൻ പോന്ന് പെണ്ണേ കദ കദ

എവ്ടാ പോന്നത് നെല്ലും മെല്ലെ കദ കദ
വയനാട്ടിലെങ്കക്ക് പോന്നത് പെണ്ണേ കദ കദ
വയനാട്ടിലെങ്കമേലല്ലേ പെണ്ണേ കദ കദ
നാ പന്നീം ബെടിബെക്കാൻ പോന്ന് കണ്ണേൻ കദ കദ
നാ പന്നീം ബെടി ബെക്കാൻ ഒരിങ്ങീ കണ്ണേൻ കദ കദ
ബേകം പൊറപ്പെട്ട് കുഞ്ഞികണ്ണേൻ കദ കദ
നേരോം തന്നല്ലേ പോന്നുണ്ടല്ലേ കദ കദ
വയനാട്ട് ലെങ്കക്ക് പോകുമ്പാന്ന് കദ കദ
അന്നേരം കാണ്ന്ന് ബാളുന്നോര് കദ കദ
എങ്ങോട്ട് പോന്നത് കുഞ്ഞിക്കണ്ണാ കദ കദ
ഒന്ന്ണ്ട് കേക്കണോ ബാള്ന്നോരേ കദ കദ
വയനാട്ട്ലെങ്കക്ക് പോന്ന് ഞാന് കദ കദ
എന്തിന് ഏതിന് കുഞ്ഞിക്കണ്ണാ കദ കദ
നാ പന്നി ബെടി ബെക്കാൻ പോന്ന് ഞാന് കദ കദ
ഒന്ന്ണ്ട് കേക്കണോ ബാള്ന്നോരേ കദ കദ
നിങ്ങള് എബിടേക്ക് പോന്നതാണ് കദ കദ
നാട്ടുമ്മ് തെണ്ടക്ക് പോന്ന് കണ്ണാ കദ കദ
ഒന്നെങ്കി പോവ്യപ്പാ ബാള്ന്നോരേ കദ കദ
അങ്ങന പിര്യ്ന്ന് ഓല് രണ്ടാളും കദ കദ
അങ്ങന തന്നല്ലേ ബാള്ന്നോര് കദ കദ
കണ്ണനാ അബ്ടാ ഇല്ലാ പിന്നാ കദ കദ
മന്ന്യം കുന്ന്മ്മ ചെല്ല്ന്ന്ണ്ട് കദ കദ
മന്ന്യം കുന്ന്മ്മ ചെന്നിട്ടല്ലേ കദ കദ
ഒത്തത്തപാതര ദാഅ്ആഅ്ന്ന്... ദാ അ്ത്ത്ന്ന്... കദ കദ
അന്നേരം ബാതില് മുട്ട്ന്ന്ണ്ട് കദ കദ
ആരാന്ന് ഏവനോ നെല്ലുമെല്ലെ കദ കദ
നോക്ക്ന്ന് ബാതില് തൊറാ തൊറക്ക് മന്നിപ്പെണ്ണേ കദ കദ
ബാതില് തൊറക്ക്ന്ന് മന്നിപെണ്ണ് കദ കദ
ബാതില് തൊറന്നിട്ട് നോക്കുമ്പല്ലേ കദ കദ
വയനാട്ട് ലെങ്കമ് ബാള്ന്നോര് കദ കദ
എന്താന്ന് ഏതാന്ന് ബാള്ന്നോരേ കദ കദ
ഒന്ന്ണ്ട് കേക്കണോ മന്നിപെണ്ണേ കദ കദ
അന്തി ഒറങ്ങണോ മന്നിപെണ്ണേ കദ കദ
അങ്ങനതന്നല്ലേ ബാളുന്നോരേ കദ കദ
ബേകത്ത് തന്നല്ലേ മന്നിപെണ്ണ് കദ കദ
കട്ടില് മുട്ടി പിരിക്ക്ന്ന്ണ്ട് കദ കദ
ഒന്ന്ണ്ട് കേക്കണോ മന്നിപെണ്ണേ കദ കദ

അത്താഴ ചോറത് ഉണ്ടാ പെണ്ണേ കദ കദ
ബേകത്ത് തന്നല്ലേ മന്നിപെണ്ണ് കദ കദ
ബെള്ളീം കിഞ്ഞാണം എടുക്ക്ന്ന്ണ്ട് കദ കദ
ചോറ് ബെളമ്പ്ന്ന് മന്നിപ്പെണ്ണ് കദ കദ
ബാള്ന്നോർക്ക് ചോറ് കൊടുക്ക്ന്ന്ണ്ട് കദ കദ
അങ്ങന തന്നല്ലേ ബാള്ന്നോര് കദ കദ
ചോറു കഴിഞ്ഞ് പിന്നാ കദ കദ
ഒന്ന്ണ്ട് കേക്കണോ മന്നിപ്പെണ്ണേ കദ കദ
വെറ്റ്ല മുറുക്കാനോ എട്ക്ക് പെണ്ണേ കദ കദ
ഏഴ് കെട്ട് വെറ്റ്ല എട്ക്ക്ന്ന്ണ്ട് കദ കദ
ഏഴട്ട് വെറ്റ്ല ചുരുട്ട്ന്നോള് കദ കദ
ഏഴ്മാരി കോളാമ്പി എടുക്ക്ന്ന്ണ്ട് കദ കദ
ഏഴ്മാരി കോളാമ്പി തുപ്പുന്ന്ണ്ട് കദ കദ
അങ്ങന തന്നല്ലേ മന്നിപ്പെണ്ണ്  കദ കദ
കട്ട്ല് മുട്ടി പിരിച്ച് പെണ്ണ് കദ കദ
കട്ട്മ്മ ചെരിയ്ന്ന് ബാള്ന്നോര് കദ കദ
കൂടെ ചെരിയ്ന്ന് മന്നിപ്പെണ്ണ് കദ കദ
അങ്ങന തന്നല്ലേ ബാള്ന്നോര് കദ കദ
നേരോം ബെളുത്ത് അല്ലേ പന്നേ കദ കദ
വയനാട്ട് ലെങ്കെമ് അല്ലേ പന്നേ കദ കദ
നാ പന്നി ബെടിബെക്കാൻ പോയി പെണ്ണേ കദ കദ
മന്ന്യം കുന്ന്മ്മ കുഞ്ഞികെണ്ണേൻ കദ കദ
വയനാട്ട് ലെങ്കക്ക് പോന്ന്ണ്ട് കദ കദ
വയനാട്ട് ലെങ്കമ ചെന്നുട്ട്ണ്ട് കദ കദ
ബാള്ന്നോരേ ബീട്ടില് പോന്ന് പിന്നാ കദ കദ
ബാളുന്നോര ബീട്ടില് ചെല്ല്ന്ന്ണ്ട് കണ്ണൻ കദ കദ
ബാതില് മുട്ട്ന്ന് കുഞ്ഞികെണ്ണൻ കദ കദ
ബാതില് മുട്ട്മ്പോ അല്ലേ പിന്നാ കദ കദ
ബാതില് തൊറക്ക്ന്ന് കെട്ടിലമ്മ കദ കദ
ബാതില് തൊറന്നിട്ട് നോക്കുമ്പല്ലേ കദ കദ
മന്ന്യം കുന്ന്മ്മ കുഞ്ഞികണ്ണൻ കദ കദ
എന്താന്ന് ഏതാന്ന് കുഞ്ഞികണ്ണാ കദ കദ
ഒന്ന്ണ്ട് കേക്കണോ കെട്ടിലമ്മേ കദ കദ
എനക്ക് ഊട അന്തിയൊറങ്ങണം കദ കദ
അങ്ങന തന്നല്ലേ കെട്ടിലമ്മ കദ കദ
നാ പന്നി ബെടി ബെക്കാൻ ബന്ന് ഞാന് കദ കദ
ഒന്നങ്കീ കേക്കപ്പാ കെട്ടിലമ്മേ കദ കദ

അന്തി ഒറങ്ങണോ കെട്ടിലമ്മേ കദ കദ
അത്താഴ ചോറത് ഉണ്ടാ പിന്നാ കദ കദ
ബേകത്ത് തന്നല്ലേ കെട്ടിലമ്മ കദ കദ
ചോറ് എട്ക്ക്ന്ന് കെട്ടിലമ്മ കദ കദ
ചോറൂണ് കയിന്ന് കുഞ്ഞികെണ്ണൻ കദ കദ
ഇങ്ങന തന്നല്ലേ കുഞ്ഞികെണ്ണൻ കദ കദ
ഏഴ് കെട്ട് വെറ്റ്ല് എടുത്ത്കെണ്ണൻ കദ കദ
ഏഴട്ട് വെറ്റ്ല ചുര്ട്ട്ന്ണ്ട് കദ കദ
ബേകത്ത് തന്നല്ലേ കുഞ്ഞികെണ്ണൻ കദ കദ
വെറ്റ്ല മുറ്ക്ക് കയിഞ്ഞ് കെണ്ണൻ കദ കദ
ഒന്ണ്ട് കേക്കണോ കെട്ടിലമ്മേ കദ കദ
കട്ടില് മുട്ടി പിരിക്ക്ങ്ങള് കദ കദ
കട്ട്മ്മ ചെര്യ്ന്ന് കുഞ്ഞികെണ്ണൻ കദ കദ
കൂട ചെര്യ്ന്ന് കെട്ടിലമ്മ കദ കദ
അങ്ങന തന്നല്ലേ കെട്ടിലമ്മ കദ കദ
ബേകത്ത് തന്നല്ലേ നോക്കുമ്പല്ലേ കദ കദ
നേരോം തന്നല്ലേ ബെളുത്ത് പോയി കദ കദ
ബേകത്ത് കീഞ്ഞല്ലോ കുഞ്ഞികെണ്ണൻ കദ കദ
വയനാട്ട് ലെങ്കെന്ന് കീഞ്ഞ് കെണ്ണൻ കദ കദ
മന്ന്യം കുന്ന്മ്മ്ന്നല്ലേ കെണ്ണൻ കദ കദ
അങ്ങന തന്നല്ലേ ബാള്ന്നോര് കദ കദ
മന്ന്യം കുന്ന്മ്മ്ന്ന് കീഞ്ഞ് പിന്നാ കദ കദ
പായീ ബയീ തൊറാ എത്തുമ്പ്ണ്ട് കദ കദ
അന്നേരം പേര്ന്ന് കുഞ്ഞികെണ്ണൻ കദ കദ
എവ്ടേക്ക് പോയത് കുഞ്ഞികെണ്ണാ കദ കദ
വയനാട്ട് ലങ്കെക്ക് പോയീ ഞാന് കദ കദ
പന്നീനെ ഒന്നൂം കണ്ടതില്ല കദ കദ
ഒന്ണ്ട് കേക്കണോ ബാള്ന്നോരേ കദ കദ
എന്നോട പോട്ടക്ക് പോയ്ട്ടുണ്ടോ കദ കദ
ഇല്ലപ്പാ ഇല്ലപ്പാ കുഞ്ഞികെണ്ണാ കദ കദ
അങ്ങന തന്നല്ലേ കുഞ്ഞികെണ്ണൻ കദ കദ
മന്ന്യം കുന്ന്മ്മ ചെല്ല്ന്ണ്ട് കദ കദ
മന്ന്യം കുന്ന്മ്മ ചെന്ന് കെണ്ണൻ കദ കദ
ബേകത്ത് തന്നല്ലേ മന്നിപെണ്ണ് കദ കദ
അങ്ങിനിരിക്ക്ന്ന് മന്നിപ്പെണ്ണ് കദ കദ
ഒന്ണ്ട് കേക്കണേ മന്നിപെണ്ണേ കദ കദ
ബാള്ന്നോര് ഇങ്ങോട്ട് ബന്നിട്ടുണ്ടോ കദ കദ

ഇല്ലപ്പാ ഇല്ലപ്പാ നിങ്ങളോട് കദ കദ
നേര് പറാ പറാ മന്നിപ്പെണ്ണേ കദ കദ
നേര് പറയൂല മന്നിപ്പെണ്ണ് കദ കദ
ബേകത്ത് തന്നല്ലേ കുഞ്ഞികെണ്ണൻ കദ കദ
പാര വരമ്പത്ത് കേരി കെണ്ണൻ കദ കദ
പാണ വടീയൊന്നു ബെട്ടീ കെണ്ണൻ കദ കദ
നേര് പറാ പെണ്ണേ മന്നിപ്പെണ്ണേ കദ കദ
നേര് പറയൂല മന്നിപെണ്ണ് കദ കദ
അങ്ങന തന്നല്ലേ കുഞ്ഞികെണ്ണൻ കദ കദ
പാണ വടീ കൊണ്ട് അടിക്കന്ന്ണ്ട് കദ കദ
പാണ വടീനാല് നുറ്ക്കീ കെണ്ണൻ കദ കദ
അന്നേര പറയ്ന്ന് മന്നിപെണ്ണ് കദ കദ
എന്നേല് തെറ്റ് ബന്ന് പോയ് കദ കദ
ഒന്ന്ണ്ട് കേക്കണം മന്നിപെണ്ണ് കദ കദ
അങ്ങന ബീണോയി മന്നിപെണ്ണ് കദ കദ
അങ്ങന തന്നല്ലേ കുഞ്ഞികെണ്ണൻ കദ കദ
എണ്ണാ പാച്ചിക്ക് കൊണ്ട്പോന്ന് കദ കദ
കണ്ണാ തന്നെ അല്ലേ പിന്നാ കദ കദ
എണ്ണ തേക്ക്ന്ന് കുഞ്ഞികെണ്ണൻ കദ കദ
എണ്ണ തേച്ച് കുളിപ്പിക്ക്ന്ന് കദ കദ
അങ്ങന തന്നല്ലേ മന്നിപെണ്ണ് കദ കദ
അങ്ങന തന്നല്ലേ കുഞ്ഞികെണ്ണൻ കദ കദ
മന്ന്യം കുന്ന്മ്മ ബാണുപോയ് കദ കദ.

**കടങ്കഥളും പഴഞ്ചൊല്ലുകളും**

ആഖ്യാന രൂപത്തിലല്ലാത്ത നാടോടി വാങ്മയങ്ങളാണ് കടങ്കഥകളും പഴഞ്ചൊല്ലുകളും. അവ രണ്ടും പ്രത്യക്ഷപ്പെടുന്ന സാഹചര്യം പ്രവചനീയമല്ല. ആവർത്തിക്കപ്പെടുന്ന ജീവിതാവസ്ഥയിൽ നിന്ന് ഉണ്ടാകുന്ന അറിവുകൾ സാമാന്യ വൽക്കരിക്കപ്പെടുമ്പോഴാണ് പഴഞ്ചൊല്ല് ഉണ്ടാകുന്നത്. ഈ അറിവ് തലമുറകളിലൂടെ കൈമാറ്റം ചെയ്യപ്പെടേണ്ട ഒന്നാണ്. ഉപദേശ സ്വഭാവമുള്ള ഒരു ഭാഷാപ്രയോഗമാണ് പഴഞ്ചൊല്ലിന് ഉള്ളത്. സന്ദർഭത്തിനനുസരിച്ച് സംഭാഷണത്തിനിടയ്ക്ക് കടന്നുവരുമ്പോൾ മാത്രമാണ് പഴഞ്ചൊല്ലിന്റെ അർഥം മനസ്സിലാക്കാൻ സാധിക്കുകയുള്ളു. പഴഞ്ചൊല്ലിൽ നിന്നും വിഭിന്നമാണ് കടങ്കഥ. കടങ്കഥകളുടെ പ്രധാന ധർമം എന്നത് വിനോദമാണ്. ജീവിതത്തെക്കുറിച്ചും, ജീവിക്കുന്ന ചുറ്റുപാടിനെക്കുറിച്ചും അറിവുണ്ടാക്കിയെടുക്കുന്നതിൽ കടങ്കഥയ്ക്ക് ഗണ്യമായ പങ്കുണ്ട്. കുറിച്യരുടെ ചില കടങ്കഥ കൾ ചുവടെ കൊടുക്കുന്നു.

'കടല് കരക്കര കയ്യെയുത്ത്

മുപ്പനാറ കോട്ട വര ഉണ്ട് '

ഉത്തരം : ചെള്ളി[196]

ചെമ്മീൻ കടലിൽ നിന്ന് കരയിലേക്ക് കയറി നടന്നു നീങ്ങുമ്പോൾ ഉണ്ടാകുന്ന അടയാളത്തെ സൂചിപ്പിക്കാനാണ് കയ്യെഴുത്ത് എന്ന പദം ഉപയോഗിക്കുന്നത്. ആ ചെമ്മീനിന് അതിരുകളില്ല അത് എല്ലായിടത്തും നടന്ന് എത്ര ദൂരം വരെയും പോകും എന്നതാണ് മുപ്പനാറ കോട്ട വര ഉണ്ട് എന്നതിൽ പരാമർശിക്കുന്നത്.

'കാട്ടിൽ കാലില്ലാത്തവൻ'

ഉത്തരം : പാമ്പ്

'കണ്ണില്ലാത്ത തേങ്ങ'

ഉത്തരം : കോയിമുട്ട[197]

'മുട്ടില്ലാത്ത കര്മ്പ്'

ഉത്തരം : തലനാര[198]

'ബീട്ടിൽ പൂവുള്ളവൻ'

ഉത്തരം : പൂങ്കോയി[199]

ഇവിടെ ബീട്ടിൽ എന്ന് ഉദ്ദേശിച്ചിരിക്കുന്നത് തലയിൽ എന്നാണ്. തലയിൽ പൂവുള്ളവനാണ് പൂവൻകോഴി.

'ആകാശത്തിന്റെ നട്'

ഉത്തരം : കോയിമുട്ട[200]

ആകാശത്തിന്റെ നടുഭാഗം ഏതാണെന്ന് നിർണയിക്കാൻ കഴിയാത്തതു പോലെ കോഴിമുട്ട ഉരുണ്ടത് ആയതിനാൽ അതിന്റെ നടുഭാഗം കൃത്യമായി നമുക്ക് നിർണയിക്കാൻ കഴിയില്ല.

'നച്ചത്രത്തിന്റെ എണ്ണോം[201]'

ഉത്തരം : രോമക്കുഴി

ആകാശത്തിലെ നക്ഷത്രത്തിന്റെ എണ്ണം കൃത്യമായി നിർണയിക്കാൻ പറ്റാത്തതുപോലെ ശരീരത്തിലെ രോമക്കുഴിയുടെ എണ്ണവും നമുക്ക് നിർണയിക്കാൻ കഴിയില്ല.

'ബൂമിമ്മലിരിക്കാത്ത ജന്തു'

ഉത്തരം : വാദല് [202]

'എന്നമ്മ വീടിനു ചിറ്റും കൊത്റക്കും'

ഉത്തരം : എരവെള്ളം വീഴുന്നത്

ഇവിടെ അമ്മ എന്നത് വീടെന്ന സങ്കല്പമാണ്. മഴ പെയ്യുമ്പോൾ എര വെള്ളം വീടിനു ചുറ്റും വീഴുന്നതിനെയാണ് *കൊത്റക്കും*[203] പോലെ എന്ന് സങ്കല്പിച്ചിരിക്കുന്നത്.

10) 'ഇവിട നിട്ട നീല് പിന്നാട്ടോളം'

ഉത്തരം : നെരത്ത്[204]

'ബേവുള്ള ബീട്'

ഉത്തരം : കട്ട ചുട്ടത്[205]

ചുട്ട ഇഷ്ടിക കൊണ്ട് വീട് നിർമ്മിക്കുന്നതിനെയാണ് വേവുള്ള വീട് എന്ന് ഉദ്ദേശിക്കുന്നത്.

'ബേവില്ലാത്ത ബീട്'

ഉത്തരം : കുദ്റേന്റെ ആല[206]

'കോണി കേറി വന്ന്,
നടുമുറ്റം കണ്ട്,
പടിഞ്ഞേറ്റ കണ്ട്,
ചിത്തിര തൂണ് കണ്ട്,
ബെച്ച വെളക്ക് കണ്ട്,
നാലു മണ്ഡപം കണ്ട്,
അമ്മാമനെയും കണ്ട്, അമ്മായിയെയും കണ്ട്,
ആലകണ്ട്, ചീല കണ്ട്, അട്ടത്ത് മൂന്ന്
തേങ്ങ കണ്ട്, മുറ്റത്ത് നാല് ദൈവത്തിനെ കണ്ട്,
ഞാൻ ആ തറവാട്ടിൽ ഇരുന്ന്
ആര് ?'

ഉത്തരം : മരുഓൻ (മരുമകൻ)

പടികെട്ട് കയറി വന്ന് നടുമുറ്റം കണ്ട്, പടിഞ്ഞേറ്റ[207] കണ്ടു. തറവാട്ടിന്റെ വലത്തേ വാതിക്കലിലെ ചിത്തിര തൂണ്[208]കണ്ടു. കത്തിച്ച് വച്ചിരിക്കുന്ന നിലവിളക്കും കണ്ട്, കുല ദൈവത്തിനെ കുടിയിരുത്തിയിരിക്കുന്ന നാലു മണ്ഡപം കണ്ടു. അമ്മാവനെയും അമ്മായിയെയും കണ്ടു. ആല[209] കണ്ടു. ചീല[210] കണ്ടു. അട്ടത്ത് മൂന്ന് തേങ്ങ കണ്ടു എന്നാൽ കുറിച്യരുടെ ദൈവങ്ങളായ മലക്കാരി, തമ്പിരാട്ടി, തെയ്യം എന്നീ മൂന്ന് ദൈവങ്ങളെ കണ്ടു എന്നതാണ് സൂചിപ്പിക്കുന്നത്. ഞാൻ ആ തറവാട്ടിൽ കയറി കൂടി. ഞാൻ എന്ന് ഉദ്ദേശിക്കുന്നത് ആ തറവാട്ടിലെ മരുമകനാണ്. ആ ഒരു കാലഘട്ടത്തിലെ മരുമക്കത്തായ സമ്പ്രദായത്തെയാണ് ഈ കടങ്കഥയിലൂടെ സൂചിപ്പിക്കുന്നത്.

'ഒരു കുണ്ടില് രണ്ടു പാമ്പ് ആട്ന്ന്'

ഉത്തരം : നെല്ലുകുത്തൽ

ഉരലിൽ ഉലക്ക കൊണ്ട് നെല്ലു കുത്തുന്നതാണ് സൂചിപ്പിക്കുന്നത്.

**പഴഞ്ചൊല്ലുകൾ**

'കയ്യാടിയാ... വായാടടോ...'

കഠിനാധ്വാനം ചെയ്താൽ മാത്രമേ ഭക്ഷണം കിട്ടുകയുള്ളൂ എന്നതാണിതിന്റെ സാരാംശം.

'പൊത്തൻ പെണ്ണ് പെര പൊറത്ത്

പിന്ന പെണ്ണ് അടുപ്പിലു തൂറും'

കല്ല്യാണ ശേഷമുള്ള പെണ്ണിന്റെ ജീവിതത്തെയാണ് ഇത് സൂചിപ്പിക്കുന്നത്. പുതിയ പെണ്ണിനെ വളരെ സ്ഥാനമാനങ്ങളോടെ വീട്ടിൽ ഇരുത്തുന്നു. പിന്നീട് കുറച്ചു കാലം കഴിയുമ്പോൾ പുതുപെണ്ണിന്റെ സ്ഥാനം മാറി അടുക്കളയിൽ ഒതുങ്ങി പോവുകയും ചെയ്യുന്നു.

'ആട് ഓട്മ്പോ, നട് ഓടി

ഓട്മ്പോ ആട്ന് നെല്യില്ല'

കാലഘട്ടത്തിന്റെ മാറ്റത്തിനനുസരിച്ച് മനുഷ്യനു മാറ്റങ്ങൾ വന്നുകൊണ്ടിരിക്കുന്നു. മനുഷ്യനു നില ഇല്ലാത്ത ഒരു ജീവിതം ഉണ്ടാകുന്നു.

കടങ്കഥകളും പഴഞ്ചൊല്ലുകളും പുരാവൃത്തങ്ങളും ശൈലീപ്രയോഗങ്ങളും കുറിച്യരുടെ സാമൂഹിക-സാംസ്ക്കാരിക ജീവിതത്തിന്റെ ഒരു സുപ്രധാന മേഖലയാണ്. വിശ്രമവേളകളിൽ വിനോദകരമായി പാരമ്പര്യ ജ്ഞാനം പകർന്ന് കൊടുക്കുവാൻ കടങ്കഥകളും പഴഞ്ചൊല്ലുകളും പ്രയോജനകരമാണ്.

കുറിച്യ വാങ്മയങ്ങൾ പാട്ടുകളായും, കഥകളായും, കടങ്കഥകളായും, പഴഞ്ചൊല്ലുകളായും ചിതറിക്കിടക്കുകയാണ്. വാങ്മയങ്ങളിൽ തന്നെ കുറിച്യർക്കിടയിൽ സജീവമായ ഒന്നാണ് പാട്ടുകൾ. കുറിച്യർ അവരുടെ ദൈനംദിന ജീവിതം, വിശ്വാസം, ആചാരം തുടങ്ങിയവ പാട്ടുകളുമായി ലയിപ്പിച്ചിരിക്കുന്നു. തിരണ്ട്കല്യാണം, കല്യാണം തുടങ്ങിയ അവസരങ്ങളിലും വൈകുന്നേരങ്ങളിൽ വിനോദത്തിന് വേണ്ടിയും പാട്ട് പാടുന്നു. അതിനൊക്കെ അപ്പുറത്ത് പുരാവൃത്തങ്ങളെയും ജീവിതപരിസരങ്ങളെയും സ്വാംശീകരിച്ചു കൊണ്ട് പാട്ട് നിർമ്മിക്കാൻ കഴിവുള്ളവരാണ് കുറിച്യർ. എന്നാൽ ചില പാട്ടുകൾ ചില പ്രത്യേക സന്ദർഭങ്ങളിൽ മാത്രമെ പാടുകയുള്ളൂ എന്ന കീഴ്വഴക്കം, ഉദാ: നെല്ല്കുത്ത് പാട്ട് നെല്ല് കുത്തുമ്പോൾ മാത്രമേ പാടുന്നുള്ളൂവെന്നത്, മാറിയ സാമൂഹിക ചുറ്റുപാടുകളിലെ അവയുടെ പരിപോഷണത്തിന് വിഘാതമാവുന്നുണ്ട്.

7

# കുറിച്യഭാഷയിലെ ശബ്ദഭേദങ്ങൾ

മനുഷ്യന്റെ സകല സാംസ്കാരിക മണ്ഡലങ്ങളെയും പ്രതിഫലിപ്പിക്കുകയും പരിപോഷിപ്പിക്കുകയും പരിണാമവിധേയമാക്കുകയും ചെയ്യുന്ന ഒരത്ഭുത പ്രതിഭാസമാണ് ഭാഷ. വികാരവിചാരങ്ങളുടെ വിനിമയത്തിൽ മറ്റ് ജീവജാലങ്ങളിൽ നിന്ന് മനുഷ്യന് സവിശേഷമായ സ്ഥാനം നൽകുന്നതും ഭാഷയാണ്. ഓരോ ജനതയുടെയും ജീവനാഡിയായി ഭാഷ നിലനിൽക്കുകയും കൈമാറുകയും കടംകൊള്ളുകയും ചെയ്യുന്നു. ഭാഷയുടെ രൂപഘടനയാണ് എല്ലാ അർത്ഥത്തിലും ആശയവിനിമയത്തിന്റെ അടിസ്ഥാനഘടകമായി വർത്തിക്കുന്നത്. സംസാരം മനുഷ്യന്റെ ഏറ്റവും വലിയ ചോദനയായി മാറുമ്പോൾ ഭാഷ അടിസ്ഥാന മാനവവൃത്തിയായിത്തീരുന്നു. അതുകൊണ്ടുതന്നെ ഭാഷകളെ വാമൊഴി/ വായ്മൊഴി (സംസാരഭാഷ), വരമൊഴി (എഴുത്തുഭാഷ) എന്നിങ്ങനെ രണ്ടായി തരം തിരിക്കുന്നു.

വായ്മൊഴി ഭാഷ ചുണ്ടുകളിൽ നിന്ന് ചുണ്ടുകളിലേക്ക് പകർന്ന് തലമുറകളായി കൈമാറ്റം ചെയ്യപ്പെട്ട് കാലാന്തരങ്ങളിലൂടെ ജീവിക്കുന്ന ഭാഷയാണ്. വാമൊഴിയിലൂടെ എല്ലാ ഗോത്രജനതയും ജീവിക്കുന്ന ചുറ്റുപാടുമായി വളരെയധികം ഗാഢമായ ബന്ധം പുലർത്തുന്നു. കൂടാതെ പാരമ്പര്യ ജൈവികതയോടും വിധിവിലക്കുകളോടും അനുഷ്ഠാനരീതികളോടും കെട്ടുപിണഞ്ഞു കിടക്കുന്ന ഒന്നായി വികസിക്കുകയോ, ചുരുങ്ങിപ്പോവുകയോ ചെയ്യുന്നരീതിയിൽ ഗോത്രഭാഷകൾക്ക് ഭാഷാവ്യതിയാനവും സംഭവിക്കാം. എന്നാൽ മറ്റ് ഗോത്രങ്ങളിൽ നിന്നു വ്യത്യസ്തമായി സാമുദായികകൂട്ടായ്മയിൽ കൂട്ടുകുടുംബത്തോടൊപ്പം ഭാഷയുടെ തനത് മൂല്യങ്ങളെ വലിയ മാറ്റം വരുത്താതെ കൂടെ ചേർത്തവരാണ് കുറിച്യർ. അടുക്കും ചിട്ടയുമുള്ള ഗോത്രജീവിതത്തിന് ഭാഷ കൈമുതലാവുമ്പോൾ വാമൊഴിയുടെ അനേകം സാധ്യതകൾ തുറന്നിടാൻ പര്യാപ്തമാണ് കുറിച്യഭാഷ.അതുകൊണ്ടു തന്നെ ഭാഷാശാസ്ത്രപരമായി വിശകലനം ചെയ്യാനാവശ്യമായ പല ചേരുവകളും കുറിച്യഭാഷയിലുണ്ട്. ഈ വസ്തുതയുടെ അടിസ്ഥാനത്തിൽ കുറിച്യഭാഷിയിലെ ശബ്ദഭേദങ്ങളെ ഭാഷാശാസ്ത്രപരമായി വിലയിരുത്തുകയാണ് ഈ അദ്ധ്യായത്തിൽ ചെയ്യുന്നത്.

**സ്വരശബ്ദങ്ങൾ**

യാതൊരു തടസ്സവും കൂടാതെ നിശ്വാസവായു ബഹിർഗ്ഗമിക്കുമ്പോൾ ഉണ്ടാകുന്ന സ്വനങ്ങളാണ് സ്വരങ്ങൾ. നാവിന്റെ ഉയർച്ചയുടെ സ്ഥിതി, വായ്ക്കുണ്ടാകുന്ന ആകൃതിഭേദം ചുണ്ടുകളുടെ വർത്തുളാവർത്തുള സ്വഭാവം ശ്വാസകോശം തുടങ്ങിയവയാണ് സ്വര ശബ്ദങ്ങളെ വിഭജിക്കുന്നത്. പ്രധാനമായും നാവിന്റെ സ്ഥാനഭേദവും ഉയർച്ചയുടെ വ്യത്യാസവും ആസ്പദമാക്കി സ്വരങ്ങളെ മൂന്നായി തരം തിരിക്കുന്നു. ജിഹ്വാതലത്തെ (front of the tongue) കഠിനതാലു (hard palate) വിന്റെ നേർക്കുയർത്തി ഉച്ചരിക്കപ്പെടുന്നവയാണ് അഗ്രസ്വരങ്ങൾ (front vowels) /i/ഇ, /ii/ഈ എന്നിവ ഉദാഹരണം. ജിഹ്വാമൂലത്തെ (back of the tongue) മൃദു

താലു (soft palate) വിന്റെ നേർക്കുയർത്തി ക്രമീകരിച്ച് ഉച്ചരിക്കുന്ന സ്വരങ്ങൾ മൂല സ്വരങ്ങൾ (back vowels)/a/അ, /aa/ആ എന്നിവ ഉദാഹരണം. ജിഹ്വാതലത്തിന്റെയും ജിഹ്വാമൂലത്തിന്റെയും മധ്യഭാഗത്തെ കഠിനമൃദുതാലുക്കളുടെ നേർക്കുയർത്തി ഉച്ചരിക്കപ്പെടുന്ന വർണ്ണങ്ങളാണ് കേന്ദ്രസ്വരങ്ങൾ. /e/എ, /ee/ഏ- എന്നിവയെ മധ്യസ്വരങ്ങളായി പരിഗണിച്ചു വരുന്നു.

കൂടാതെ വായ്ക്കുണ്ടാകുന്ന ആകൃതഭേദമനുസരിച്ച് മൂന്നുവിധം സ്വരങ്ങൾ ഉണ്ടാകുന്നു. നാവു താഴ്ത്തി ഉച്ചരിക്കുന്ന വിവൃതസ്വരങ്ങൾ (open vowels) /a/അ, /aa/ആ എന്നിവ വിവൃതസ്വരങ്ങൾക്ക് ഉദാഹരണങ്ങളാണ്. നാവുയർത്തി ഉച്ചരിക്കുന്ന സംവൃതസ്വരങ്ങൾ (close vowels) /i/ഇ, /ii/ ഈ എന്നിവ സംവൃതസ്വരങ്ങളാണ്. /e/എ, /ee/ഏ തുടങ്ങിയ സ്വനങ്ങൾ അർദ്ധവിവൃത (half open) ങ്ങളാണ്. ചുണ്ടുകളെ വൃത്താകൃതിയിൽ ചുളിച്ചും സാധാരണ സ്ഥിതിയിൽ വെച്ചും രണ്ടുതരത്തിൽ സ്വരങ്ങൾ ഉച്ചരിക്കാം. വൃത്താകൃതിയിലാണെങ്കിൽ വർത്തുളിതം (rounded) /u/ ഉ, /o/ഒ എന്നിവ ഉദാഹരണം. /a/അ, /i/ഇ, /e/എ എന്നിവ സാധാരണസ്ഥിതിയിൽ വെച്ച് ഉച്ചരിക്കുകയായതിനാൽ അവർത്തുളിതം (unrounnded).

കണ്ഠ്യം (velar), താലവ്യം (palatal) ഓഷ്ഠ്യം - (bilabial) എന്നീ ഉച്ചാരണസ്ഥാനങ്ങളെ ആസ്പദമാക്കിയും സ്വരങ്ങളെ വിഭജിക്കാം. കണ്ഠ്യം /a/അ, താലവ്യം /i/ഇ, /e/എ, ഓഷ്ഠ്യം /u/ഉ, /o/ഒ.ഇത്തരത്തിൽ ഉച്ചാരണ അവയവങ്ങളുടെ ചലനത്തിന്റെയും ഉച്ചാരണസ്ഥാന (point of snticulation) ത്തിന്റെയും അടിസ്ഥാനത്തിൽ ശബ്ദങ്ങൾ വേർതിരിക്കപ്പെടുമ്പോൾ കുറിച്യഭാഷയിലെ ഹ്രസ്വ, ദീർഘ, വ്യഞ്ജനശബ്ദങ്ങളെ തരംതിരിക്കുകയാണിവിടെ ചെയ്യുന്നത്.

### 1.ഹ്രസ്വസ്വരശബ്ദങ്ങൾ (short vowels)


ഏതു ഭാഷയിലെയും സ്വരങ്ങളെ അർത്ഥശങ്ക കൂടാതെ നിർവചിക്കാൻ സഹായകമാകുന്ന സൂചനാസ്ഥാനങ്ങളാണ് ബ്രിട്ടീഷ് ഭാഷാശാസ്ത്രജ്ഞനായ ഡാനിയൽ ജോൺസണ്ട നിർമ്മിച്ച മാനസ്വരവ്യവസ്ഥ (candinal vowels). ഭാഷാപഠനങ്ങളിലും ഉച്ചാരണ പരിശീലനങ്ങളിലും ഭാഷാവൈകല്യങ്ങൾ ഒവിവാക്കുകയെന്ന ലക്ഷ്യത്തോടെയാണ് അദ്ദേഹം എട്ട് മാനസ്വരങ്ങൾ നിർവചിച്ച് ഉദാഹരിച്ചത്. മുൻവിവരങ്ങളിൽ വ്യക്തമാക്കിയ /a/അ, /e/എ, /i/ഇ, /o/ഒ, /u/ഉ എന്നീ ഹ്രസ്വസ്വരശബ്ദങ്ങൾ എല്ലാ ഭാഷകളിലും ഏറ്റവും കൂടുതൽ വാക്കുകൾ സംവേദനം ചെയ്യാൻ പര്യാപ്തമാണ്. കുറിച്യഭാഷയിലും പ്രസ്തുതശബ്ദങ്ങൾ ധാരാളമുണ്ട്. പദാദ്യത്തിലും പദമധ്യത്തിലും പദാന്ത്യത്തിലുമാണ് കുറിച്യഭാഷയിൽ ഹ്രസ്വസ്വരശബ്ദങ്ങൾ കാണുന്നത്.

ചില ഉദാഹരണങ്ങൾ താഴെകൊടുക്കുന്നു.

| | സ്വനിമം | പദാദ്യം | പദമധ്യം | പദാന്ത്യം |
|---|---|---|---|---|
| /a/ | അ | അൽത്ത (കുറുന്തോട്ടി) | പണ (നെല്ലുന്നക്കുന്ന മച്ച്) | ഉളിയ (കുനിയുക) |
| | | അരിമ്പാറ (അമ്മി) | തലപ്പൊലി (നെല്ലിൽ നിന്നും പുല്ല്, മറ്റ് വസ്തുക്കൾ തുടങ്ങിയവ വേർതിരിച്ചു കിട്ടുന്ന പൊടി) | ചെറ്റ (മണ്ണിൽ നെല്ല് വീഴാതിരിക്കാൻ കണ്ടത്തിൽ വിരിക്കുന്ന ഓടകൊണ്ട് നിർമ്മിച്ച പായ) |
| /e/ | എ | എററ്പ്പക്ക (വീടിന്റെ പിൻവശം) | കെറങ്ങ (കുരങ്ങ്) | ദാഞ്ഞ്ലെ (രാവിലെ) |
| | | എലക്ക (ഉലക്ക) | ബെയ്ല (വെയിൽ) | തേയ്നെ (കൂടുതൽ അധികം) |
| /i/ | ഇ | ഇച്ച (ഉച്ച) | കിറ്റി (കുറ്റി) | പെണരി (അരുവി) |
| | | ഇറ്മ്പ് (ഉറുമ്പ്) | മിളി (വരമ്പ്) | ബെണ്ണി (ചാരം) |
| /o/ | ഒ | ഒറ്ക്ക്മുള്ള് (തൊട്ടാവാടിച്ചെടി) | ബൊള്ളം (വെള്ളം) | അടക്കമരൊ (കമുക്) |
| | | ഒടയ്ക്കാരത്തി (കാർണവരുടെ/മൂപ്പന്റെ ഭാര്യ) | കൊമ്മ (അരികഴുകുന്ന കുട്ട, മുളകൊണ്ട് നിർമ്മിച്ചത്) | |
| /u/ | ഉ | ഉറുമാങ്കായ് (പേരക്ക) | മുട്ക്ക് (തീപുക) | മയ്യു (മതി) |
| | | ഉറായൻ (എട്ടുകാലി) | ചിനുചിനുക്കൻ (ചാറ്റൽ മഴ) | |

കുറിച്യഭാഷയിലെ ഹ്രസ്വസ്വരശബ്ദങ്ങൾ /a/ അ, /e/ എ, /i/ ഇ, /o/ ഒ, /u/ ഉ എന്നിവയാണ്. ചുണ്ടുകളുടെ ചലനവ്യത്യാസങ്ങൾക്കനുസരിച്ച് ൾ /a/ അ വർത്തുളിതസ്വര (rounded vowel) വും /e/ എ, /i/ ഇ എന്നിവ അവർത്തുളിതസ്വര (unrounded vowel) വുമാണ്. കൂടാതെ /o/ ഒ, /u/ ഉ എന്നിവ വർത്തുളിതസ്വര (rounded vowel) വുമാണ്.

സ്വരോച്ചാരണച്ചിൽ നാവിന്റെ സ്ഥാനം മാനസ്വരവ്യവസ്ഥ (candinal vowels) യുടെ അടിസ്ഥാനത്തിൽ ചുവടെ കൊടുക്കുന്നു.




**2.ദീർഘസ്വരശബ്ദങ്ങൾ**

കുറിച്യഭാഷയുടെ ഘടനയിൽ ദീർഘസ്വരശബ്ദങ്ങൾ വളരെ സജീവമായി ഭാഷയെ നിലനിർത്താൻ സഹായിക്കുന്നു. കൂടാതെ ഭാഷയുടെ വാമൊഴിസൗന്ദര്യത്തിൽ ആശയവിനിമയങ്ങളെ അരക്കിട്ടുറപ്പിക്കുന്ന ശക്തിയേറിയ ഉപാധിയായി ദീർഘസ്വരശബ്ദങ്ങൾ ധാരാളം കാണാൻ സാധിക്കുന്നു. കുറിച്യഭാഷയിലെ ദീർഘസ്വരശബ്ദങ്ങൾ താഴെ കൊടുക്കുന്നു.

| | സ്വനിമം | പദാദ്യം | പദമധ്യം | പദാന്ത്യം |
|---|---|---|---|---|
| /aa/ | ആ | ആകായം (ആകാശം) | കീയാന (കുഴിയാന) | - |
| | | ആയം (ആഴം) | കുമ്മായം (കൂൺ) | - |
| /ee/ | ഏ | ഏല (ഓല) | തേറ് (കുന്നിൻ മുകൾ) | അമൊട്ടേ (മകനെ സംബോധന ചെയ്യാൻ ഉപയോഗിക്കുന്ന പദം) |
| | | ഏര് (കാള) | ചേറ (രക്തം) | |

| | | | | |
|---|---|---|---|---|
| /ii/ | ഈ | ഈരിയേലി<br>(ഈരോലി) | നീല<br>(നൂല്) | നീ<br>(നീ) |
| | | ഈറ്റ<br>(പിശുക്ക്) | ചീല്<br>(ചൂല്) | |
| /oo/ | ഓ | ഓട<br>(എവിടെ) | തോള<br>(തവള) | പോക്കോ<br>(പുഴയിൽ) |
| | | ഓന്ത്ക്കുടിയൻ<br>(ഓന്ത്) | എർക്കോട്<br>(ആർത്തവമായ സ്ത്രീകളെ പാർപ്പി ക്കുന്ന മുറി) | തീക്കോളോ<br>(തീനാളം) |
| /uu/ | ഊ | ഊളമ്പൊക<br>(മൂടൽ മഞ്ഞ്) | മൂയി<br>(വെള്ളപ്പൊക്കം) | |
| | | ഊത്തകേറ<br>(മീൻ മുട്ടയിടാൻ കയറുന്നതിന് പറ യുന്ന പേര്) | കൂളി<br>(പിശാച്) | |

കുറിച്യഭാഷയിൽ ഹ്രസ്വസ്വരശബ്ദങ്ങൾക്കെല്ലാം സമാനമായ ദീർഗസ്വരശബ്ദങ്ങളുമുണ്ട്. /aa/ ആ, /ee/ഏ,/ii/ ഈ, /oo/ ഓ, /uu/ ഊ തുടങ്ങിയവയാണ് ദീർഘസ്വരശബ്ദങ്ങൾ. കുറിച്യഭാഷയിൽ പദാദ്യത്തിലും പദമധ്യത്തിലും ദീർഘസ്വരശബ്ദങ്ങൾക്ക് ധാരാളം പദങ്ങൾ ലഭിച്ചിട്ടുണ്ട്. എന്നാൽ പദാന്ത്യത്തിൽ /uu/ ഊ സ്വനിമത്തിന് ഉദാഹരണങ്ങൾ കണ്ടെത്താൻ കഴിഞ്ഞിട്ടില്ല.ചുണ്ടുകലുടെ ചലനവ്യത്യാസങ്ങൾക്കനുസരിച്ച് /aa/ ആ വിവൃത (open) വും /ee/ഏ,/ii/ഈ ശബ്ദങ്ങൾ അവർത്തുളിതസ്വര (unrounded vowels) ങ്ങളുമാണ്. /oo/ഓ , /uu/ ഊ തുടങ്ങിയവ വർത്തുളിതസ്വര (rounded vowels) ങ്ങളുമാണ്.

സ്വരോച്ചാരണത്തിന്റെ അടിസ്ഥാനത്തിൽ കുറിച്യഭാഷയിലെ ഹ്രസ്വസ്വരശബ്ദങ്ങളും ദീർഘസ്വരശബ്ദങ്ങളും താഴെ പട്ടികപ്പെടുത്തുന്നു.

| ജിഹ്വസ്ഥാനം | ഹ്രസ്വസ്വരശബ്ദങ്ങൾ (short vowels) | | | ദീർഘസ്വരശബ്ദങ്ങൾ (long vowels) | | |
|---|---|---|---|---|---|---|
| | മുൻഭാഗം (front) | മധ്യം (central) | പിൻഭാഗം (back) | മുൻഭാഗം (front) | മധ്യം (central) | പിൻഭാഗം (back) |
| ഉച്ച (high) | /i/ഇ | | /u/ഉ | /ii/ ഈ | | /uu/ ഊ |
| മധ്യം (mid) | /e/എ | | /o/ഒ | /ee/ ഏ | | /oo/ ഓ |
| നിമ്നം (low) | | /a/അ | | | /aa/ആ | |

**വ്യഞ്ജന ശബ്ദങ്ങൾ**

കുറിച്യഭാഷയിൽ വ്യഞ്ജനശബ്ദങ്ങൾ ധാരാളമുണ്ടെങ്കിലും ഭാഷണത്തിൽ സ്വരശബ്ദങ്ങളെക്കാൾ വളരെ കുറച്ച് മാത്രമേ സംവേദനം ചെയ്യപ്പെടുന്നുള്ളൂ. കുറിച്യഭാഷയിലെ വ്യഞ്ജനശബ്ദങ്ങൾ താഴെ കൊടുക്കുന്നു.

| | സ്വനിമം | പദാദ്യം | പദമധ്യം | പദാന്ത്യം |
|---|---|---|---|---|
| /k/ | ക | കയ്ല്<br>(തവി) | തൊങ്കം<br>(സുഖം) | – |
| | | കമ്പിരി<br>(പുരികം) | നൊകം<br>(കാളയുടെ പുറത്ത് വെക്കുന്ന തടിക്കഷ്ണം) | – |
| /g/ | ഗ | ഗെരണം<br>(ഗ്രഹം) | ഭാഗ്<br>(രാത്രി) | അമൊട്ടേ<br>(മകനെ സംബോധന ചെയ്യാൻ ഉപയോഗിക്കുന്ന പദം) |
| | | – | പ്രാഗ്<br>(പ്രാവ്) | |
| /c/ | ച | ചാച്ചി<br>(വയസ്സായ സ്ത്രീകളെ വിളിക്കുന്നത്) | തച്ചിപ്പില്ല്<br>(വൈക്കോൽ) | – |
| | | ചമ്പ്<br>(കുറച്ച്) | ഉപ്പ്ചാട<br>(ഉപ്പും മുളകുമിടാൻ ഉപയോഗിക്കുന്ന മുളകൊണ്ട് നിർമ്മിച്ച പ്രത്യേകതരം കുട്ട) | |
| /j/ | ജ | ജനല്<br>(ജനാല) | – | – |
| | | ജേല്<br>(ജയിൽ) | – | – |
| /n/ | ഞ | ഞണ്ട്റ്ക്ക്<br>(തേൾ) | മേഞ്ഞ്ല്<br>(കലപ്പ) | – |
| | | ഞെല്ല്<br>(നെല്ല്) | കെഞ്ഞി<br>(കഞ്ഞി) | – |
| /t/ | ട | – | മെരട്<br>(ഞാറ് കെട്ടിവെക്കുന്നതിന് പറയുന്ന പേര്) | – |
| | | – | കടന്നല്<br>(കടന്നൽ) | – |
| /t/ | ത | തഞ്ചി<br>(സഞ്ചി) | – | – |
| | | തങ്കടം<br>(സങ്കടം) | – | – |
| /d/ | ദ | ദാവണ<br>(തെയ്യംകെട്ടുന്ന | ബേദന<br>(വേദന) | – |

| | | | | |
|---|---|---|---|---|
| | | ആളിന് നൽകുന്ന ദക്ഷിണ) | | |
| | | ദർമ്മം (ഭിക്ഷ) | ചീദം (ശീതം) | – |
| /n/ | ന | നച്ചത്രം (നക്ഷത്രം) | ചക്കേനമാസം (മിഥുനമാസം | – |
| | | – | മേനെ (മകനെ അഭിസംബോധന ചെയ്യുന്ന പദം/മോനെ | |
| /l/ | ല | – | പിലാല (പ്ലാവില) | – |
| | | – | പൊദാല (പുല്ലുകൊണ്ട് നിർമ്മിച്ച തൊഴുത്ത്) | – |
| /n/ | ണ | – | കിഞ്ഞാണം (പാത്രം) | – |
| | | – | കൊണം (ഗുണം) | – |
| /R/ | റ | – | മേറ് (മോര്/തൈര്) | – |
| | | – | ചെറ ( കുളം) | – |
| /r/ | ര | – | വരഞ്ചി (മീനും ഇറച്ചിയും ഉണക്കുന്നതിനു വേണ്ടി അടുപ്പിന് മുകളിലായി മുളകൊണ്ട് നിർമ്മിച്ച വസ്തു) | – |
| | | – | തലനാര് ( തലമുടി) | – |
| /n/ | ന | നണ്ട് (രണ്ട്) | – | – |
| | | നട്ടദാങ് (അർദ്ധരാത്രി) | – | – |
| /i/ | ള | – | ബള (വള) | – |
| | | – | വളം ( ചാണകം) | – |
| /p/ | പ | പള് (രക്തം) | മീൻപൊത്തി (മീൻ പൊത്തിപ്പിടിച്ച് പിടിക്കാൻ ഉപയോഗിക്കുന്ന മുള കൊണ്ട് നിർമ്മിച്ച ഉപകരണം) | – |
| | | പയ്മ്പ് (തുണി തുന്നി ച്ചേർത്ത് നിർമ്മിച്ച വലിയ ചാക്ക്) | | – |
| /b/ | ബ | ബട്ടി (വയറ്) | – | പാവായൻബില്ല് (മഴവില്ല്) |
| | | ബടി | – | നടുബെരള് |

| | | | | |
|---|---|---|---|---|
| | | (വടി) | | (നടുവിരൽ |
| /m/ | മ | മറോല്<br>(ഒക്കൽ കൊക്ക) | ഞാമ<br>(ആമ) | ഇട്ടം<br>(ഇഷ്ടം) |
| | | മയ്മ്പ്<br>(സന്ധ്യ) | തൊമര്<br>(ചുമര്) | കൊളം<br>(നെല്ലും അരിയും അള ക്കുന്ന ഒരു തരം സേറ്പാത്രം) |
| /v/ | വ | വയിപ്പൊറ്ക്ക<br>(വീടിന്റെ പിൻവശം) | ചിവാദ്<br>(രുചി) | - |
| | | വരിയ<br>(വരുക) | നിലാവ്<br>(ചന്ദ്രൻ) | - |
| /y/ | യ | യോയിപ്പ്<br>(യോജിപ്പ്) | പേയ<br>(പുഴ) | - |
| | | - | കായല്<br>(ശകാരം) | - |
| /S/ | ശ | ശിവാദ്<br>(രുചി) | മെശി<br>(മഷി) | - |
| | | - | - | - |

**വ്യഞ്ജന ശബ്ദങ്ങൾ**

കുറിച്യ ഭാഷയിൽ'22' വ്യഞ്ജനസ്വനിമങ്ങൾ ഉണ്ട്. ഉച്ചാരണസ്ഥാനങ്ങളുടെയും ഉച്ചാരണരീതികളുടെയും അടിസ്ഥാനത്തിൽ ആവയെ താഴെ പട്ടികയിൽ സൂചിപ്പിക്കുന്നു.

| **ഉച്ചാരണ സ്ഥാനം →**<br><br>**ഉച്ചാരണ രീതി ↓** | ഓഷ്ഠ്യം **Bilabial** | ഓഷ്ഠ്യ ദന്ത്യം **Labiodenta l** | ദന്ത്യം **Dental** | വർത്സ്യം **Alveolan** | മൂർധന്യം **Retnoflex** | താലവ്യം **Palatal** | കണ്ഠ്യം **Velan** |
|---|---|---|---|---|---|---|---|
| | | | | | | | |
| Voiceless / Voiced<br>ശ്വാസി /നാദി | Vl Vd | Vl Vd | Vl Vd | Vl Vd | Vl Vd | Vl Vd | Vl Vd |
| Stop<br>സ്പർശം | P b<br>പ ബ | | t d<br>ത ദ | R<br>റ | t<br>ട | c j<br>ച ജ | k g<br>ക ട |
| Nasal<br>അനുനാസികം | m<br>മ | | ṉ<br>ന | n<br>ന | ṇ<br>ണ | ഞ ň | ṅ<br>ങ |
| Lateral<br>പാർശ്വികം | | | l<br>ല | !<br>ള | | | |

| | | | | | | | |
|---|---|---|---|---|---|---|---|
| Flap<br>ദ്രുത സ്പർശം | | | r<br>ര | | | | |
| Fricative<br>ശീല്ക്കാരം | | | | | | Ś<br>ശ | |
| Continuant<br>പ്രവാഹി | | v<br>വ | | | | y<br>യ | |

ഉച്ചാരണസ്ഥാനങ്ങശുടെ അടിസ്ഥാനത്തിൽ കുറിച്യഭാഷയിലെ വ്യഞ്ജനശബ്ദങ്ങലെ ഓഷ്ഠ്യം, ഓഷ്ഠ്യദന്ത്യം, ദന്ത്യം, വർസ്യം, മൂർധന്യം, താലവ്യം, കണ്ഠ്യം എന്നിങ്ങനെ ഏഴ് വിഭാഗങ്ങളായി തിരിച്ചിരിക്കുന്നു. ഓഷ്ഠ്യത്തിലെ വ്യഞ്ജനശബ്ദങ്ങൾ 'പ, മ, ബ'എന്നിവയാണ്. ഓഷ്ഠ്യദന്ത്യത്തിലെ വ്യഞ്ജനശബ്ദം 'വ' ആണ്. ത, ദ, ന തുടങ്ങിയ ശബ്ദങ്ങൾ ദന്ത്യമാണ്. 'റ, ന, ല, ര' തുടങ്ങിയവ വർത്സ്യ ശബ്ദങ്ങളാണ്. മൂർധന്യശബ്ദങ്ങളാണ് 'ട, ണ, ള' എന്നിവ. താലവ്യത്തിലെ വ്യഞ്ജനശബ്ദങ്ങൾ 'ച, ജ, ഞ, ക, യ' തുടങ്ങിയവയാണ്. 'ക, ഗ, ങ' എന്നിവ കാണ്ഠ്യത്തിലെ വ്യഞ്ജനശബ്ദങ്ങളാണ്.

ഉച്ചാരണരീതിയുടെ അടിസ്ഥാനത്തിൽ കുറിച്യ ഭാഷയിലെ വ്യഞ്ജനശബ്ദങ്ങളെ സ്പർശം, അനുനാസികം, പാർശ്വികം, ദ്രുതസ്പർശം, ശില്ക്കാരം, പ്രവാഹി തുടങ്ങിയ വിഭാഗങ്ങളായി തിരിക്കാം. സ്പർശത്തിലെ ശ്വാസിവ്യഞ്ജനശബ്ദങ്ങൾ 'പ, ത, റ, ട, ച, ക' എന്നിവയും കൂടാതെ നാദി വ്യഞ്ജനശബ്ദങ്ങൾ 'ബ, ദ, ജ, ഗ' തുടങ്ങിയവയുമാണ്. അനുനാസികത്തിലുള്ള ശ്വാസിവ്യഞ്ന ശബ്ദങ്ങൾ 'മ, ന, ങ' ആണ്. നാദിശബ്ദങ്ങൾ 'ണ'യും 'ഞ' യും ആകുന്നു. പാർശ്വകത്തിലെ ശ്വാസി വ്യഞ്ജനശബ്ദം 'ല' യും നാദി ശബ്ദം 'ള' യുമാണ്. ദ്രുതസ്പർശ ശ്വാസി വ്യഞ്ജന ശബ്ദം 'ര' ആണ്. ശീല്ക്കാര ശ്വാസി വ്യഞ്ജന ശബ്ദം 'ശ' യും പ്രവാഹി വ്യഞ്ജനശബ്ദങ്ങൾ 'വ, യ' എന്നിവയുമാണ്. ഇവ ശ്വാസി വ്യഞ്ജനശബ്ദങ്ങളാണ്.

കുറിച്യഭാഷയിലെ ഓഷ്ഠ്യശബ്ദങ്ങൾ മൂന്നും, ഓഷ്ഠ്യദന്ത്യശബ്ദം ഒന്നും, ദന്ത്യശബ്ദങ്ങൾ മൂന്നും, വർത്സ്യ വ്യഞ്ജനശബ്ദങ്ങൾ നാലെണ്ണവുമാണ്. കൂടാതെ മൂർധന്യവ്യഞ്ജന ശബ്ദങ്ങൾ മൂന്നും താലവ്യശബ്ദങ്ങൾ അഞ്ചെണ്ണവുമാണ്. കണ്ഠ്യശബ്ദങ്ങൾ മൂന്നെണ്ണവുമാണ് കുറിച്യഭാഷയിലുള്ളത്.

കുറിച്യഭാഷയിലെ സ്പർശശബ്ദങ്ങൾ പത്തും അനുനാസികശബ്ദങ്ങൾ ആറും പാർശ്വികശബ്ദങ്ങൾ രണ്ടും ആണ്. കൂടാതെ ദ്രുതസ്പർശ ശബ്ദങ്ങൾ ഒന്നും ശീല്ക്കാര ശബ്ദങ്ങൾ ഒന്നും പ്രവാഹി ശബ്ദങ്ങൾ രണ്ടെണ്ണവുമാണുള്ളത്. അങ്ങനെ കുറിച്യഭാഷയിലെ തിരിച്ചറിഞ്ഞ വ്യഞ്ജന ശബ്ദങ്ങൾ ആകെ 22 എണ്ണമാണുള്ളത്. വ്യഞ്ജനശബ്ദങ്ങളോ

ടൊപ്പം ഹ്രസ്വസ്വരശബ്ദങ്ങൾ അഞ്ചും ദീർഗ സ്വരശബ്ദങ്ങൾ അഞ്ചും ചേർത്ത് ആകെ 32 ശബ്ദങ്ങൾ (സ്വനിമങ്ങൾ) കുറിച്യഭാഷയിലുണ്ട്.

### 3. അനുനാസികങ്ങൾ (nasals)

മേൽചുണ്ട് മുതൽ പ്രജിഹ്വ (uvula) വരെയുള്ള സ്ഥലത്ത് പൂർണ്ണതടസ്സം സംഭവിച്ച് മൃദുതാലു (soft palate) പ്രജിഹ്വയോടു കൂടി താഴേക്കിറങ്ങി വായുവിനെ മൂക്കിലൂടെ പുറത്തുവിടുമ്പോൾ ഉണ്ടാകുന്ന സ്വനങ്ങളാണ് അനുനാസികങ്ങൾ. കുറിച്യഭാഷയിലെ അനുനാസികങ്ങൾ താഴെകൊടുക്കുന്നു.

| സ്വനിമം | പദാദ്യം | പദമധ്യം | പദാന്ത്യം |
|---|---|---|---|
| /ň/ ഞ | ഞണ്ട്<br>(ഞണ്ട്)<br>ഞൗണ്ടി<br>(ഞെരടുന്നത്) | കഞ്ഞിപ്പറ്റ്<br>(പറ്റ്)<br><br>ഞേഞ്ഞ്ല്<br>(കലപ്പ) | - |
| /n̠/ന | നച്ചത്രം<br>(നക്ഷത്രം) | ചക്കേനമാസം<br>(മിഥുന മാസം)<br>തേയ്നെ /തോനെ<br>(ധാരാളം/കൂടുതൽ) | - |
| /m/മ | മക്കിരി<br>(നെല്ല് സൂക്ഷിക്കുന്ന ഓട കൊണ്ട് നിർമ്മിച്ച കുട്ട)<br><br>മച്ചിച്ചി<br>(ഭർത്താവിന്റെ പെങ്ങൾ) | തമ്ശയം<br>(സംശയം)<br>ചൊമറ്<br>(ചുമര്) | കൊണം<br>(ഗുണം)<br><br>മറം<br>(മരം) |
| /n/ന | ന്ട്<br>(നടുഭാഗം)<br>നായി<br>(നായ) | ബയ്ന്നേരം<br>(വൈകുന്നേരം)<br><br>വാല്ച്ചമിന്ന്ന്<br>(മിന്നൽ) | |
| / ṇ /ണ | | ബീയണ<br>(നെല്ല് ഉണക്കാനും, വീശിക്കൊണ്ട് മറ്റ് വസ്തുക്കൾ നെല്ലിൽ നിന്ന് വേർതിരിക്കാനും ഉപയോഗിക്കുന്ന ഉപകരണം.<br>പെണരി<br>(അരുവി) | |

കുറിച്യഭാഷയിൽ അനുനാസികസ്വനിമങ്ങൾ പദാദ്യത്തിൽ ഉച്ചരിക്കപ്പെടുന്നുണ്ട്. എന്നാൽ പദാന്ത്യത്തിൽ /ഞ/, /ന/, /ണ/ തുടങ്ങിയ സ്വനിമങ്ങൾ ഉച്ചരിച്ച് കാണുന്നില്ല. പക്ഷേ, കുറിച്യഭാഷയിൽ അനുനാസികശബ്ദങ്ങൾക്ക് വളരെ പ്രധാന്യമുണ്ട്. കാരണം കുറിച്യരുടെ വാമൊഴിപ്പാട്ടുകളിൽ അവർ ഉപയോഗിക്കുന്ന മൂളലുകളും ശബ്ദങ്ങളും പ്രത്യക്ഷത്തിൽ അനുനാസികമാണ്. എന്നാൽ അവരേഖപ്പെടുത്താൻ ബുദ്ധിമുട്ടുണ്ട്. അത്തരം ശബ്ദങ്ങൾ സംഗ്രഹിക്കുകയെന്നത് വരമൊഴിയുടെ വെല്ലുവിളിയാണ്. അതുകൊണ്ട് തന്നെ അനുനാസികങ്ങൾ പൊതുവെ ഇരട്ടിച്ച് പറയുന്ന രീതിയാണ് കുറിച്യർക്കിടയിലുള്ളത്. ങ്ങ, ഞ്ഞ, ന്ന, ണ്ണ, മ്മ എന്നിങ്ങനെയാണ് ഭാഷയിലുപയോഗിക്കുന്നത്. ഇങ്ങനെ ഇരട്ടിച്ച ധാരാളം അനുനാസിക സ്വനിമ പദങ്ങൾ കുറിച്യഭാഷയിൽ ഉണ്ട്.

**4.കൂട്ടക്ഷരങ്ങൾ**

കൂട്ടിച്ചേർത്ത് ഉച്ചരിക്കുന്ന സ്വനങ്ങളാണ് കൂട്ടക്ഷരങ്ങൾ. സ്വനങ്ങൾ തമ്മിൽ ചേരുമ്പോഴാണ് കൂട്ടക്ഷരങ്ങളുണ്ടാകുന്നത്. കുറിച്യഭാഷയിലെ കൂട്ടക്ഷരങ്ങൾ താഴെ കൊടുക്കുന്നു.

| സ്വനിമം | പദാദ്യം | പദമധ്യം | പദാന്ത്യം |
|---|---|---|---|
| /kk/ക്ക | – | കക്കാളി<br>(കള്ളൻ) | – |
| | – | അട്ക്കാത്ത്<br>(അടുക്കള) | – |
| /cc/ച്ച | – | ഇച്ചേരി<br>(പൊടിയരി) | – |
| | – | അച്ചി<br>(ഞൗഞ്ഞി) | – |
| /ṭṭ /ട്ട | – | വെള്ളനാട്ടി<br>(ഞാറ് നടുന്നതിന് പറയുന്ന പേര്) | – |
| | – | കുട്ടി<br>(കുഞ്ഞ്) | – |
| /tt/ത്ത | – | ബെത്തല<br>(വെറ്റില) | – |
| | – | കൊത്ത്ള്<br>(പക്ഷിച്ചുണ്ട്) | – |
| /pp/പ്പ | – | കുപ്പാണത്തി<br>(ചെമ്പോത്ത്) | – |
| | – | ചക്കപ്പീലി<br>(ചക്കച്ചവിണി) | – |
| /mm/മ്മ | – | ചിമ്മകം<br>(സിംഹം) | – |
| | – | ഉമ്മച്ചിപ്പെണ്ണ്<br>(മുസ്ലീം സ്ത്രീ) | – |
| /nn/ന്ന | – | ചന്നനം<br>(ചന്ദനം) | – |
| | – | തിന്നൽക്കാരൻ<br>(നെയ്ത്തുകാരൻ) | – |
| /ṇṇ/ണ്ണ | – | അണ്ണക്കൊട്ടൻ<br>(അണ്ണാൻ) | – |

| | | | |
|---|---|---|---|
| | – | മണ്ണൻ<br>(മുതല) | – |
| /ḷḷ/ള്ള | – | പുള്ള്തലയൻ<br>(കഷണ്ടി) | – |
| | – | വെള്ളക്കരി<br>(സാമ്പാർ) | – |
| /ňka /ങ്ക | – | പനങ്ക്റ്<br>(പനങ്കുരു) | – |
| | – | അങ്കാ<br>(അതാ) | – |
| /ňň/ങ്ങ | – | തേയ്ങ്ങമച്ചി<br>(മച്ചിങ്ങ) | – |
| | – | മെദ്ങ്ങ<br>(മച്ചില് ഓടകെട്ടി-മെടഞ്ഞ് മണ്ണും ചാണകവും ചേർത്ത് നെല്ല് ഉണക്കാൻ പാകത്തിൽ മെഴുകി എടുക്കുന്ന വിശാലമായ സ്ഥലം) | – |
| /ñc/ഞ്ച | – | വരഞ്ചി<br>(ഇറച്ചിയും മീനും അടുപ്പിന്റെ ചൂടേറ്റ് ഉണങ്ങാൻ പാകത്തിൽ ഓടകൊണ്ട് നിർമ്മിക്കുന്ന വസ്തു ചേവ്) | – |
| | – | പാഞ്ചക്ക<br>(ഒരിനം ചക്ക) | – |
| /ṇt/ങ്ങ | – | കുണ്ട്<br>(നെല്ല് കുത്തുന്ന കുഴി) | – |
| | – | കണ്ടം<br>(നെൽപ്പാടം) | – |
| /mb/മ്പ | – | തമ്പായി<br>(ദൈവം) | – |
| | – | കുമ്പാത്തം<br>(ജലദോഷം/ജലദോഷം മൂത്തുപോകുന്ന അവസ്ഥ) | – |
| /nt/ന്ത | – | പിരാന്തൻ<br>(ഭ്രാന്തൻ) | – |
| | – | പന്ത്ള്<br>(പഴുതാര) | – |
| /ññ/ഞ്ഞ | – | കിഞ്ഞാണം | – |

| | | | |
|---|---|---|---|
| | | (പാത്രം) | |
| | - | ഞേഞ്ഞ്ല്<br>(ഏര് പൂട്ടുന്ന ഉപകരണം) | - |
| /RR/റ്റ | - | തലചേറ്റടി<br>(തലക്കറക്കം) | - |
| | - | കിറ്റി<br>(കുറ്റി) | - |
| /w/വ്വ | - | കൊവ്വ<br>(ഞേഞെലിന്റെ മേൽ ഇരുമ്പ് അടിച്ചുകയ<br>റ്റുന്നതിന് പറയുന്ന പേര്) | - |
| | - | കൊവ്വരയൻ<br>(കടുവവർഗ്ഗത്തിൽപ്പെട്ടത്) | - |
| /ll/ല്ല | - | കെല്ലൻ<br>(കൊല്ലൻ) | - |
| | - | കല്ല്<br>(കല്ല്) | - |
| /śś/ശ്ശ | - | നശ്ശത്രം<br>(നക്ഷത്രം) | - |
| /yy/യ്യ | - | കെയ്യ്ത്ത്<br>(കൊയ്ത്ത്) | - |
| | - | പൊക്ക്ട് കിയ്യി<br>(പൊക്കിൾകുഴി) | - |

കുറിച്യഭാഷയിൽ 'ക്ക, ച്ച, ട്ട, ത്ത, പ്പ, മ്മ, ന്ന, ണ്ണ, ള്ള, ങ്ക, ങ്ങ, ഞ്ച, ണ്ട, മ്പ, ന്ത, ഞ്ഞ, റ്റ, വ്വ, ല്ല, ശ്ശ, യ്യ' തുടങ്ങിയ കൂട്ടക്ഷരങ്ങളാണ് കൂടുതലായുള്ളത്. എന്നാൽ പദാദ്യത്തിലും , പദമധ്യത്തിലും ഈ സ്വനിമങ്ങൾക്ക് ഉദാഹരണങ്ങൾ കുറിച്യഭാഷയിൽ കാണുന്നില്ല.

**5.ചില്ലക്ഷരങ്ങൾ**

കുറിച്യഭാഷയിൽ ചില്ലക്ഷരങ്ങൾക്ക് പകരം സംവൃതോകാരം ഉപയോഗിക്കുന്ന രീതിയാണ് കൂടുതലായും കണ്ടുവരുന്നത്. ഉദാഹരണമായി ഓന് (അവൻ), ഓള് (അവൾ), ബെയ്ല് (വെയിൽ), ചെതല് (ചിതൽ) തുടങ്ങിയ വാക്കുകൾ പരിശോധിച്ചാൽ ഇക്കാര്യം വ്യക്തമാണ്. കുറിച്യഭാഷയിലെ ചില്ലക്ഷരങ്ങൾ താഴെ കൊടുക്കുന്നു.

| സ്വനിമം | പദാദ്യം | പദമധ്യം | പദാന്ത്യം |
|---|---|---|---|
| /n/ൻ | - | പാവായൻ ബില്ല<br>(മഴവില്ല്) | കൊമ്പൻ<br>(മുയൽ) |
| | - | ചൂര്യൻപൊന്തി | ബെടിക്കാരൻ |

| | | | |
|---|---|---|---|
| | | (സൂര്യോദയം) | (വേട്ടക്കാരൻ) |
| /l/ൽ | – | ഓൽക്ക് (അവർക്ക്) | തേറ്മ്മൽ (മലമുകൾ) |
| | – | – | മറത്ത്മ്മൽ (മരത്തിൽ) |
| | – | അപ്പർത്ത് (അപ്പുറം) | – |
| | – | അർണ (അരണ) | – |

കുറിച്യഭാഷയിൽ 'ൻ, ർ, ൽ' തുടങ്ങിയ സ്വനിമങ്ങളാണ് കണ്ടുവരുന്നത്. പദമധ്യത്തിൽ 'ൽ' സ്വനിമം കുറിച്യർ ഉപയോഗിക്കുന്നില്ല. 'ർ' സ്വനിമം പദാന്ത്യത്തിൽ ഉപയോഗിക്കാറില്ല. എന്നാൽ 'ൾ' സ്വനിമവും 'ർ' സ്വനിമവും കുറിച്യർ പരോക്ഷമായി ഭാഷയിൽ ഉപയോഗിക്കുന്നുണ്ട്. 'ൾ' സ്വനിമത്തിന് പകരമായി 'ള്' (ഓള്- അവൾ) 'ർ' സ്വനിമത്തിന് പകരം 'ല്' (ഓല് – അവർ) എന്നിങ്ങനെ ലോപിച്ച് ഉപയോഗിക്കുന്നു. 'ൻ, ൽ, ർ' സ്വിനിമങ്ങൾ പദാദ്യത്തിൽ ഒട്ടും ഉപയോഗിക്കുന്നില്ല.

## സംഹിതകൾ (clusters)

### സ്വരസംഹിതകൾ (vowel clusters)

പദങ്ങളുടെ കൂട്ടമാണ് 'സംഹിത' എന്ന പദം കൊണ്ടുദ്ദേശിക്കുന്നത്. സ്വരശബ്ദങ്ങളുടെ കൂട്ടമാണ് സ്വരസംഹിതകൾ. എന്നാൽ കുറിച്യഭാഷയിലെ സ്വരസംഹിതകൾ പരിശോധിച്ചപ്പോൾ '/ai/ ഐ /au /ഔ' ഉച്ചാരണങ്ങൾ കുറവാണ്. എന്നാൽ വളരെ അപൂർവമായി പദാന്ത്യത്തിൽ '/au /ഔ' ഉച്ചാരണം വരുന്ന ചില പദങ്ങളുണ്ട്. ഉദാ: 'അടക്കഔ' – 'ഔ' സ്വരസംഹിത. പദാന്ത്യത്തിലാണ് ഈ ഉച്ചാരണം വരുന്നത്. കുറിച്യഭാഷയിൽ 'ഐ' ഉച്ചാരണം പ്രത്യക്ഷത്തിൽ ഇല്ലെങ്കിലും പരോക്ഷമായി മറ്റൊരു വിധത്തിലുണ്ട്. 'അയിറ്റിങ്ങക്ക്' (അവർക്ക്) 'അയിനക്കൊണ്ട്' (അതുകൊണ്ട്) തുടങ്ങിയവ 'ഐ' ഉച്ചാരണത്തിന് പരോക്ഷമായ ഉദാഹരണങ്ങളാണ്.

### വ്യഞ്ജനസംഹിതകൾ (consonant clusters)

ഉച്ചാരണവേഗത്തിൽ ആവശ്യമായ നിയന്ത്രണമില്ലായ്കയാൽ വാക്കുകൾ കൂടിക്കുഴഞ്ഞ് കിടക്കുമ്പോഴാണ് ഈ സംഹിതകൾ വാക്കുകളെ വേർതിരിക്കാൻ നമ്മെ സഹായിക്കുന്നത്. കുറിച്യഭാഷയിൽ പൊതുവെ വ്യഞ്ജനസംഹിതകൾ വളരെ വിരളമായേ കാണാൻ സാധിക്കുന്നുള്ളൂ.

**പദാദ്യത്തിൽ വരുന്ന ശബ്ദങ്ങൾ**

| | | |
|---|---|---|
| /RR/പ്ര | - | പ്രാഗ് /പ്രോഗ് |
| | | (പ്രാവ്) |
| | - | പ്രാന്ത് |
| | | (ഭ്രാന്ത്) |

**പദമധ്യത്തിൽ വരുന്ന ശബ്ദങ്ങൾ**

| | | |
|---|---|---|
| /ty/ത്യ | - | കിർത്യാനി |
| | | (ക്രിസ്താനി) |
| /KR/ക്ര | - | ചക്രിറ് |
| | | (ചക്കക്കുരു) |
| | | മാക്രാൻ |
| | | (വലിയ തവള) |
| /m/മ്പ | - | കൂമ്പാരെൻ |
| | | (കൊശവൻ) |
| | | കൊമ്പട്ടി |
| | | (പ്രാണി) |
| /nt/ന്ത | - | അടിയാന്ത്റം |
| | | (സദ്യ) |
| | | പറ്ന്ത് |
| | | (പരുന്ത്) |
| /nṅ/ങ്ങ | - | കുണ്ട് |
| | | (നെല്ല് കുത്തുന്ന കുഴി) |
| | | അണ്ടിപ്പൊറത്തമാങ് |
| | | (കശുമാവ്) |
| /ṅk/ങ്ക | - | ചെരങ്കി |
| | | (തലയുടെ പുറക് വശം) |
| | | ചിങ്കം |
| | | (സിംഹം) |
| /ntR/ന്ത്ര | - | എന്ത്രോം |
| | | (സ്ത്രീലൈംഗികാവയവം) |
| /tR/ത്ര | - | പാത്രവെട്ടി |
| | | (ഗർഭപാത്രം) |
| /nt/ന്റെ | - | തെങ്ങ്ന്റെ കൂമ്പ് |
| | | (തെങ്ങിൻ പൂക്കുല) |

/nc/ഞ്ച - പാഞ്ചക്ക

(ഒരിനം ചക്ക)

**എണ്ണൽ സംഖ്യകൾ**

കൈവിരലുകൾ, വടികൾ, കാട്ടിലെ വൃക്ഷങ്ങൾ, വൃക്ഷത്തിലെ വെട്ടുകൾ തുടങ്ങി പലതും എണ്ണിപ്പോന്നിരുന്നതിൽ നിന്നും വ്യത്യസ്തമായി സംഖ്യകൾക്ക് പേരു നൽകാൻ അനേകം വർഷങ്ങൾ വേണ്ടി വന്നിട്ടുണ്ട്. ഗോത്രജീവിതത്തിൽ എണ്ണുന്നതിന് അനേകം മാറ്റങ്ങളുണ്ട്. കാരണം കാലികളുടെ എണ്ണം തിട്ടപ്പെടുത്താനും സൂര്യന്റെ നിഴൽ നോക്കി സമയം എത്രയായെന്ന് കണ്ടെത്താനും അവർ സംഖ്യകൾ ഉപയോഗിച്ചിരുന്നു. എന്നാൽ കുറിച്യഭാഷയിൽ മലയാളഭാഷയുടെ അനിയന്ത്രിതമായ സ്വാധീനം കാരണമാകാം എണ്ണൽ സംഖ്യകളുടെ സംജ്ഞകൾക്ക് വലിയ വ്യത്യാസമൊന്നും കാണാൻ സാധിച്ചില്ല. കുറിച്യരുടെ എണ്ണൽ സംഖ്യകൾ താഴെ നൽകുന്നു.

| മലയാളഭാഷ | കുറിച്യഭാഷ |
|---|---|
| ❖ ഒന്ന് | ഒന്ന് |
| ❖ രണ്ട് | നണ്ട് |
| ❖ മൂന്ന് | മൂന്ന് |
| ❖ നാല് | നാല് |
| ❖ അഞ്ച് | അഞ്ച് |
| ❖ ആറ് | ആറ് |
| ❖ ഏഴ് | ഏയ് /ഏക് |
| ❖ എട്ട് | എട്ട് |
| ❖ ഒൻപത് | ഒമ്പത് |
| ❖ പത്ത് | പത്ത് |

കുറിച്യഭാഷയിൽ മലയാളത്തിൽ നിന്നു വ്യത്യസ്തമായി 'രണ്ട്' എന്ന എണ്ണൽ സംഖ്യയ്ക്ക് 'നണ്ട്' എന്നാണ് പറയുന്നത്. അതുപോലെ 'ഴ'കാര ഉച്ചാരണമില്ലാത്തതിനാൽ 'ഏയ്' എന്നാണ് പൊതുവെ 'ഏഴ്' എന്ന, എണ്ണൽ സംഖ്യ കുറിച്യർക്കിടയിൽ ഉച്ചരിക്കുന്നത്. കുറിച്യസങ്കേതമായ ചുരുളിയിൽ 'ഏഴ്' എന്ന സംഖ്യയ്ക്ക് 'ഏക്' എന്നും ഉച്ചരിക്കുന്നുണ്ട്. കൂടാതെ ഓൻപത് എന്ന എണ്ണൽ സംഖ്യ 'ഒമ്പത്' എന്നാണ് കുറിച്യർ പറയുന്നത്. എന്നാൽ ഇതിൽ നിന്നും വ്യത്യസ്തമായി 'ഇര്തേദം' (രണ്ടു ദിവസം) എന്നു പറയാറുണ്ട്. 'ഒരു' എന്ന വാക്കിന് 'എര്' എന്നാണ് കുറിച്യപ്രയോഗം. 'എര്തേദം' എന്നു പറഞ്ഞാൽ ഒരു ദിവസം എന്നാണർത്ഥം.

**നാമം**

വസ്തുവിന്റെയോ വ്യക്തിയുടെയോ പേരായ ശബ്ദമാണ് നാമം. നാമം നിർദ്ദേശിക്കുന്നത് ഒന്നുകിൽ ഒരു ധർമത്തെയാകാം. അല്ലെങ്കിൽ ഒരു ധർമിയെ ആകാം. എന്തെങ്കിലും ഒരു സ്വഭാവം അല്ലെങ്കിൽ സവിശേഷതയാണ് ധർമം. കുറിച്യ ഭാഷയിലെ നാമവിഭാഗങ്ങൾ താഴെ നൽകുന്നു.

**നാമം ഒൻപത് വിഭാഗമായി തിരിച്ചിരിക്കുന്നു**

**1. ദ്രവ്യനാമം**

ഒരു ദ്രവ്യത്തിന്റെ പേരായ ശബ്ദം

| | | |
|---|---|---|
| ഉദാ: | മറം | (മരം) |
| | ചൂര്യൻ | (സൂര്യൻ) |
| | അന്തിയെളി | (സന്ധ്യാസമയത്ത് ചന്ദ്രന്റെ വലിപ്പംതോന്നിക്കുന്ന നക്ഷത്രം. പുലർച്ചവരെ ആകാശത്ത് ഈ നക്ഷത്രം മിന്നിതിളങ്ങുന്നു. ശുക്രനാണിതെന്ന് പറയപ്പെടുന്നു.) |
| | കുളേറ് | (തണുപ്പ്) |
| | പേയ | (പുഴ) |

**2. ഗുണനാമം**

ഗുണത്തെക്കുറിക്കുന്ന നാമമാണിത്

ഉദാ: എയരം ( ഉയരം) /നീട്ടം (പൊക്കം)

റസം (ഭംഗി)

**3. ക്രിയനാമം**

ഒരു പ്രവൃത്തിയുടെ പേരായ ശബ്ദമാണിത്.

| | | |
|---|---|---|
| ഉദാ: | ഒറക്കം | (ഉറക്കം) |
| | കെര | (കുര) |
| | തക്ക | (അടിക്കുക) |
| | ഉളിയ | (കുനിയുക) |
| | കീക്ക | (കുഴിക്കുക) |
| | ബരിയ | (വരുക) |

**4. സർവനാമം**

ഒരു നാമത്തിന് പകരം നിൽക്കുന്ന മറ്റൊരു പദമാണിത്.

| | | |
|---|---|---|
| ഉദാ: | ഓൻ/ ഓയെൻ | (അവൻ) |
| | അവറ്/ ഓല് | (അവർ) |
| | നാന് | (ഞാൻ) |

| | |
|---|---|
| ന്ങ്ങള് | (നിങ്ങൾ) |
| ഓള് | (അവൾ) |
| നങ്ങള് | (ഞങ്ങൾ) |
| ഓല്/ഇബര് / ഇവറ് | (ഇവർ) |
| ചെക്കൻ | (ആൺകുട്ടി) |

**5. സംഖ്യാനാമം**

സംഖ്യകളെക്കുറിക്കുന്ന നാമപദമാണിത്.

ഉദാ:

| | | | |
|---|---|---|---|
| ഒന്ന് | (ഒന്ന്) | ആറ് | (ആറ്) |
| നണ്ട് | (രണ്ട്) | ഏയ്/ഏക് | (ഏഴ്) |
| മൂന്ന് | (മൂന്ന്) | എട്ട് | (എട്ട്) |
| നാല് | (നാല്) | ഒമ്പത് | (ഒൻപത്) |
| അഞ്ച് | (അഞ്ച്) | പത്ത് | (പത്ത്) |

**6. സംജ്ഞാനാമം**

ഒരു വ്യക്തിയെയോ വ്യവസ്ഥിതമായരൂപത്തോടു കൂടിയ ഒന്നിനെയോ പ്രത്യേകം എടുത്തുപറയുന്ന നാമമാണിത്.

ഉദാ: കുമ്പ
ചന്തു
തേയി
വെള്ളൻ
കേളു
ദാമൻ

**7. സാമാന്യനാമം**

ഒരേ ഇനത്തിൽപെട്ട ഒന്നിലധികം വസ്തുക്കളെയോ വ്യക്തികളെയോ ഒന്നായി കുറിക്കുന്നതാണിത്.

ഉദാ: മറക്കൂട്ടം (മരങ്ങൾ)

പേയ (പുഴകൾ) (ഒന്നിലേറെ പുഴകൾ ഉണ്ടെങ്കിലും 'പേയ' എന്ന വാക്കാണ് ഉപയോഗിക്കുക)

**8. മേയനാമം**

ഒരു വ്യക്തിയായോ ജാതിയായോ സമൂഹമായോ തരം തിരിക്കാനാവാത്ത നാമമാണിത്.

ഉദാ:

| | |
|---|---|
| മായ | (മഴ) |
| ബെയ്ല് | (വെയിൽ) |
| ആകായം | (ആകാശം) |
| കാറ്റ് | (കാറ്റ്) |

**9. സമൂഹ നാമം**

സമൂഹത്തെക്കുറിക്കുന്ന നാമമാണിത്

ഉദാ: കുലം/കൊലം (സമുദായം)

മുകളിൽ കൊടുത്ത ഉദാഹരണങ്ങളിൽ നിന്നും മലയാളത്തിന് സമാനമായ നാമപദങ്ങൾ കുറിച്യഭാഷയിൽ ധാരാളമുണ്ടെന്നുള്ളത് വ്യക്തമാണ്. സാമുദായികമായി നൽകപ്പെട്ട സംജ്ഞാനാമപദങ്ങളെ കൂടാതെ തന്നെ ദ്രവ്യനാമവും, ഗുണനാമവും, ക്രിയാനാമവും, സർവനാമവും, സാമാന്യനാമവും, മേയനാമവും, സമൂഹനാമവുമെല്ലാം തന്നെ ഉച്ചാരണങ്ങളിൽ നിന്നു വ്യത്യസ്തമായി മലയാളവുമായി സാമ്യം പുലർത്തുന്നു. എന്നാൽ സംഖ്യാനാമത്തിൽ 'നണ്ട്' (രണ്ട്) ഏയ്/ഏക് (ഏഴ്) ഒമ്പത് (ഒൻപത്) എന്നീ എണ്ണൽ സംഖ്യകൾ മാത്രം മലയാളത്തിൽ നിന്നും വിഭിന്നമായിക്കാണാം.

**സർവനാമങ്ങളുടെ തരംതിരിവ്**

1.**ഉത്തമപുരുഷസർവനാമം.**

പറയുന്നയാളിനെ (വക്താവിനെ) സൂചിപ്പിക്കുന്ന സർവനാമമാണിത്.

| | | |
|---|---|---|
| ഉദാ: | നാന് | (ഞാൻ) |
| | നങ്ങള് | (ഞങ്ങൾ) |
| | ഞാക്ക് | (ഞങ്ങൾക്ക്) |
| | എന്ന | (എന്റെ) |
| | എക്ക് | (എനിക്ക്) |
| | നമ്ക്ക് /നമ്മക്ക് | (നമുക്ക്) |

2. **മധ്യമപുരുഷസർവനാമം**

കേൾക്കുന്നയാളിനെ (ശ്രോതാവിനെ) സൂചിപ്പിക്കുന്ന സർവനാമം.

| | |
|---|---|
| നിയ്യ്/ നീ | (നീ) |
| നിന്ന | (നിന്നെ) |
| ന്ങ്ങള് /നിങ്ങള് | (നിങ്ങൾ) |
| ന്ങ്ങക്ക് | (നിങ്ങൾക്ക്) |
| ന്ന്ക്ക് /നിന്ക്ക് | (നിനക്ക്) |

3. പ്രഥമ പുരുഷ സർവനാമം.

വക്താവിനെയും ശ്രോതാവിനെയുമല്ലാതെ മൂന്നാമതൊരാളിനെയോ വസ്തുവിനെയോ കുറിച്ച് പറയുന്ന നാമമാണിത്.

| | | |
|---|---|---|
| ഉദാ: | ഓന് / ഓയെൻ | (അവൻ) |
| | അവള് /ഓള് | (അവൾ) |
| | ഓറ്/ ഓര്/ഓല്/ അവറ് | (അവർ) |

| | |
|---|---|
| ഈറ്റള്/ഇബര് /ഇവറ്/ഓല് | (ഇവർ) |
| ഓൽക്ക് | (അവർക്ക്) |
| അയിനോട് | (അതിനോട്) |
| ഈനോട് | (ഇതിനോട്) |
| അത് | (അവ) |
| ഇത് | (ഇവ) |

മലയാളത്തിൽ നിന്നു താൻ, താങ്കൾ തുടങ്ങിയ മധ്യമപുരുഷസർവനാമങ്ങൾ കുറിച്യഭാഷയിൽ കാണുന്നില്ല. കൂടാതെ പ്രഥമപുരുഷസർവനാമമായ അവ എന്നതിന് 'അത്' ഇവ എന്നതിന് 'ഇത്' എന്നുമാണ് കുറിച്യഭാഷയിൽ ഉപയോഗിക്കുന്നത്. മറ്റെല്ലാം മലയാളത്തിന് സമാനമായി നിലനിൽക്കുന്നു.

**ലിംഗം**

പുരുഷൻ, സ്ത്രീ, നപുംസകലിംഗം എന്നീ വിഭാഗങ്ങൾക്കാണ് ഭാഷയിൽ ലിംഗം എന്നു പറയുന്നത്. പദങ്ങൾ കുറിക്കുന്ന അർഥം, സ്ത്രീയോ പുരുഷനോ നപുംസകലിംഗമോ എന്ന് നോക്കി ആ പദങ്ങൾക്ക് രൂപഭേദം വരുത്തുന്ന വ്യവസ്ഥകളാണ് ലിംഗം. കുറിച്യ ഭാഷയിലും ലിംഗവ്യവസ്ഥകളുണ്ട്. അവ താഴെ രേഖപ്പെടുത്തുന്നു.

**പുല്ലിംഗം**

പുരുഷജാതിയെ കുറിക്കുന്ന ശബ്ദം.

| | | |
|---|---|---|
| ഉദാ: | പൂപ്പച്ചൻ/തടിയച്ചൻ | (അച്ഛന്റെ അച്ഛൻ) |
| | ഓൻ/ഓയെൻ | (അവൻ) |
| | ദാമൻ | (രാമൻ) |
| | പിട്ടൻ | (വയസ്സൻ) |
| | വൈദറ് | (വൈദ്യൻ) |
| | ഒടയ്ക്കാരൻ | (കാർണവർ/മൂപ്പൻ/പിട്ടൻ/പൂപ്പൻ) |
| | അളാപ്പൻ | (ഭർത്താവിന്റെ ഇളയ സഹോദരൻ) |
| | കൂയൻ | (മുറച്ചെറുക്കനെക്കുറിച്ച്/ഭർത്താവിനെക്കുറിച്ച് ഭാര്യ മറ്റുള്ളവർക്ക് മുന്നിൽ പരിചയപ്പെടുത്താനുപയോഗിക്കുന്ന പദം) |

**സ്ത്രീലിംഗം**

സ്ത്രീജാതിയെ കുറിക്കുന്ന ശബ്ദം.

| | | |
|---|---|---|
| ഉദാ: | കാനത്തി | (മൂപ്പന്റെ ഭാര്യ/കാർണവരുടെ ഭാര്യ) |
| | ചോളിച്ചി /ചൂളച്ചി | (ആരോടും തന്റേടത്തോടെ സംസാരിക്കുന്ന പെണ്ണ്/ വ്യഭിചാരിണി) |
| | കൂയത്തി | (ഭാര്യയെ മറ്റുള്ളവർക്ക് മുന്നിൽ പരിചയപ്പെടുത്താൻ ഉപയോഗിക്കുന്ന പദം/ മുറപ്പെണ്ണ്) |

| | |
|---|---|
| മൂത്തടി | (ആദ്യഭാര്യ) |
| ഇളയടി | (രണ്ടാം ഭാര്യ) |

പൊളിച്ചിക്കിറ്റി/കൊണിച്ചി (അമിതമായി കൊഞ്ചുന്ന പെണ്ണ്/ പുരുഷന്മാരെ കാണുമ്പോൾ സ്വാഭാവികമായും ഒരു ഇളക്കമുള്ള പെണ്ണ്)

**നപുംസകലിംഗം**

സ്ത്രീപുരുഷ ഭേദമില്ലാത്ത നാമം.

| | | |
|---|---|---|
| ഉദാ: | ബൊള്ളം | (വെള്ളം) |
| | മിറ്റം | (തറവാട്) കുറിച്യ/ കുറിച്യവീട് |
| | ചെറ | (കുളം) |
| | മൊററം | (മുററം) |
| | പേയ | (നദി) |
| | നിലാവ് | (ചന്ദ്രൻ) |

മലയാളത്തിന് സമാനമായ ലിംഗവ്യവസ്ഥയാണ് കുറിച്യ ഭാഷയിലുള്ളത്. പുല്ലിംഗത്തിൽ മലയാളത്തിലെ 'അൻ' എന്ന ലിംഗപ്രത്യയത്തെ കൂടാതെ 'യെൻ' (ഓയെൻ), 'അറ്' (വൈദറ്) തുടങ്ങിയ ലിംഗപ്രത്യയങ്ങൾ കുറിച്യഭാഷയിൽ കാണാൻ സാധിക്കുന്നു.

സ്ത്രീലിംഗവ്യവസ്ഥയിൽ 'ത്തി', 'ച്ചി' തുടങ്ങിയ ലിംഗപ്രത്യയങ്ങളോടൊപ്പം മലയാളത്തിലെ 'ആട്ടി' (തമ്പുരാട്ടി) എന്ന ലിംഗപ്രത്യയത്തിന് പകരം 'ടി' (മൂത്തടി) പ്രത്യയമാണ് കുറിച്യഭാഷയിലുള്ളത്.

**വചനം**

ഒരു വസ്തു ഒന്നോ അതിലധികമോ എന്ന് കാണിക്കുവാൻ നാമത്തിൽ ചെയ്യുന്ന രൂപഭേദമാണ് വചനം. കുറിച്യഭാഷയിലെ വചനരൂപങ്ങൾ താഴെ നൽകുന്നു.

**1.ഏകവചനം**

ഒന്നിനെക്കുറിക്കുന്നത്. അതായത് ശബ്ദത്തിന്റെ സ്വന്തം രൂപം തന്നെ ഏകവചനത്തെ കാണിക്കുന്നു.

| | | |
|---|---|---|
| ഉദാ: | ദാമൻ | (രാമൻ) |
| | തല | (തല) |
| | പിലി | (പുലി) |
| | നാന് | (ഞാൻ) |
| | വൈദറ് | (വൈദ്യൻ) |

**2. ബഹുവചനം**

ഒന്നിലധികം എണ്ണത്തെ കുറിക്കുന്നതാണ് ബഹുവചനം

| | | |
|---|---|---|
| ഉദാ: | മറക്കൂട്ടം | (മരങ്ങൾ) |
| | തമ്പായി | (ദൈവങ്ങൾ) |

| | |
|---|---|
| ചെക്കമ്മാറ് | (ആൺകുട്ടികൾ) |
| പെമ്പ്ളേള് | (പെൺകുട്ടികൾ) |

കുറിച്യഭാഷയിലും മലയാളത്തിലുള്ളതുപോലെ ഏകവചനം, ബഹുവചനം എന്നീ രണ്ട് വചനവ്യവസ്ഥകൾ കാണാൻ കഴിയും.

**ക്രിയ**

ഒരു പ്രവൃത്തിയെക്കുറിക്കുന്ന ശബ്ദമാണ് ക്രിയ. ക്രിയക്ക് രണ്ടംശങ്ങളുണ്ട്. വ്യാപാരവും ഫലവും. വ്യാപാരം ചെയ്യുന്നയാൾ കർത്താവ്. ഫലം അനുഭവിക്കുന്നയാൾ കർമ്മവുമാണ്. ഒരു ക്രിയാപദത്തിന്റെ അടിസ്ഥാനഘടകങ്ങൾ ക്രിയാംഗവും അതിനോട് ആവശ്യാനുസൃതം അപ്പോഴപ്പോൾ കൂട്ടിഘടിപ്പിക്കുന്ന നിരവധി പ്രത്യയ ചിഹ്നങ്ങളുമാണ്. ലഘുക്രിയകളായും ഒന്നിലധികം സങ്കീർണക്രിയകളാലും സമ്പന്നമാണ് കുറിച്യഭാഷ. വളരെ സന്ദർഭികമായി മാത്രം ഭാഷ ഉപയോഗിക്കുന്നവരാണ് കുറിച്യർ. കുറിച്യഭാഷയിലെ ക്രിയാവിഭാഗങ്ങൾ താഴെ നൽകുന്നു.

**ക്രിയാവിഭാഗങ്ങൾ**

**1. അകർമ്മക ക്രിയ**

അർഥം പൂർത്തിയാക്കുന്നതിന് കർമ്മം ആവശ്യമില്ലാത്ത ക്രിയയാണിത്. വ്യാപാരവും ഫലവും കർത്താവിന് തന്നെയായിരിക്കും.

| | | |
|---|---|---|
| ഉദാ: | ചിരിച്ചി | (ചിരിച്ചു) |
| | നുള്ളുന്ത് | (നുള്ളി) |
| | ഉളിയ | (കുനിഞ്ഞു) |
| | കെരക്ക | (കുരച്ചു) |
| | കൈതക്ക | (കയ്യടിച്ചു) |
| | ചോട്ട | (ചവിട്ടി) |
| | പാഞ്ഞൂട്ട് | (ഓടി) |
| | കീഞ്ഞ് | (ഇറങ്ങി) |

**2. സകർമ്മ ക്രിയ**

അർഥം പൂർത്തിയാകാൻ കർമം ആവശ്യമുള്ള ക്രിയ. വ്യാപാരം കർത്താവിനും ഫലം കർമ്മത്തിനുമാണ് ഈ ക്രിയയിൽ.

| | | |
|---|---|---|
| ഉദാ: | കെരയിച്ച് | (കരയിപ്പിച്ചു) |
| | ബയ്യത്തിക്കൂട്ട | (ഓടിപ്പിച്ചു) വീട്ടിൽ കള്ളനോ നായയോ കയറിയാൽ 'ബയ്യത്തിക്കൂട്ട' എന്നു പറയും. വീട്ടിൽ നിന്നും ഓടിപ്പിച്ചു വിടുന്നതിനെയും ഇറക്കി വിടുന്നതിനെയും ബയ്യത്തിക്കൂട്ട എന്ന് പറയുന്നു. |
| | വളഞ്ഞി | (വളഞ്ഞു) |

കുത്തിപ്പിച്ച്ർത്തി (പിടിച്ച് ഇരുത്തി)

ഈ രണ്ട് ക്രിയാ വിഭാഗങ്ങളെയും വിശകലനം ചെയ്യുമ്പോൾ കുറിച്യ ഭാഷയിലെ ക്രിയാരൂപങ്ങളെ രണ്ടായി തരം തിരിക്കാവുന്നതാണ്.

1. സമാനമായി സകർമക ക്രിയാരൂപങ്ങളില്ലാത്ത അകർമക ക്രിയകൾ

   ഉദാ: ചിരിച്ചി (ചിരിച്ചു)

   കെരക്ക (കുരച്ചു.)

2. സകർമക ക്രിയകൾക്കു സമാനമായി അകർമക ക്രിയകളുള്ള ക്രിയകളടങ്ങിയ വിഭാഗം.

   ഉദാ: പാഞ്ഞ് (ഓടി)

   വളഞ്ഞി (വളഞ്ഞു)

അകർമ്മകക്രിയ സ്വയം ചെയ്യുന്ന പ്രവൃത്തിയും സകർമ്മകക്രിയ മാറ്റൊരാൾ ചെയ്യുന്ന പ്രവൃത്തിയുമാകുമ്പോൾതന്നെ പ്രേരണാർഥകക്രിയകളും പ്രേരണാർഥകല്ലാത്ത ക്രിയകളാലും കുറിച്യഭാഷ സമ്പന്നമാണെന്ന് കാണാം. കുറിച്യഭാഷയിലെ വാക്യങ്ങളെ എടുത്തുപരിശോധിക്കുമ്പോൾ രണ്ടും തമ്മിലുള്ള വ്യത്യാസം പ്രകടമാണ്.

ഉദാ: ഓന് പോത്തകെല ത്ന്ന്

അവൻ പഴുത്തപഴം തിന്നു

↓ ↓ ↓

കർത്താവ് + കർമം+ പ്രേരണാർഥകമല്ലാത്തക്രിയ → അകർമ്മകക്രിയ

→ ഓന് ഓളെ പോത്തകെല തീറ്റിച്ചി

അവൻ അവളെ പഴുത്ത പഴം തീറ്റിച്ചു

↓ ↓ ↓ ↓

കർത്താവ് + കർമം 1 + കർമം 2 + പ്രേരണാർഥകക്രിയ → സകർമ്മകക്രിയ

**കാലം**

കാലം ഒരു ക്രിയ നടക്കുന്ന സമയത്തെക്കുറിക്കുന്നു. കഴിഞ്ഞതു 'ഭൂതം', നടക്കുന്നത് 'വർത്തമാനം', വരാനുള്ളത് 'ഭാവി' ഇങ്ങനെ കാലം മൂന്നെണ്ണമാണ്. ഭൂതം, ഭാവി, വർത്തമാനം എന്നീ മൂന്നുകാലങ്ങളെ കുറിക്കുന്നതിന് 'ഇ, ഉന്നു, ഉം' എന്ന മൂന്നു പ്രത്യയങ്ങൾ മുറയ്ക്കുവരും.

ഉദാ: ഇളകി, ഇളകുന്നു, ഇളകും

കുറിച്യഭാഷയിലും ഭൂതം, ഭാവി, വർത്തമാനം തുടങ്ങിയ കാലങ്ങളുണ്ട്. ചില വാക്യങ്ങളുടെ അടിസ്ഥാനത്തിൽ കുറിച്യഭാഷയിലെ കാലരൂപങ്ങൾ താഴെ നൽകുന്നു.

| | ഭൂതം | വർത്തമാനം | ഭാവി |
|---|---|---|---|
| 1.. | ഓല് പാഞ്ഞൂട്ട് →<br>(അവർ ഓടി) | ഓല് പായ്ന്ന് →<br>(അവർ ഓടുന്നു) | ഓല് പായും →<br>(അവർ ഓടും) |
| 2. | നിന്ന മേന് ബന്ന് →<br>(നിന്റെ മകൻ വന്നു) | നിന്ന മേന് ബര്ന്ന് →<br>(നിന്റെ മകൻ വരുന്നു) | നിന്ന മേന്ബരും →<br>(നിന്റെ മകൻ വരും) |
| 3. | കുട്ടി കെരഞ്ഞ് →<br>(കുഞ്ഞ് കരഞ്ഞു) | കുട്ടി കെരയ്ന്ന് →<br>(കുഞ്ഞ് കരയുന്നു) | കുട്ടി കെരയും →<br>(കുഞ്ഞ് കരയും) |
| 4. | ഓൻ പുള്ളിനെ കണ്ട് →<br>(അവൻ പക്ഷിയെ കണ്ടു) | ഓൻ പുള്ളിനെ കണ്ട് →<br>(അവൻ പക്ഷിയെ കാണുന്നു) | ഓൻ പുള്ളിനെ കാണും →<br>(അവൻ പക്ഷിയെകാണും) |
| 5. | നാന് തേന് എട്ത്ത് →<br>(ഞാൻ തേൻ എടുത്തു) | നാന് തേന് എട്ക്ക്ന്ന് →<br>(ഞാൻ തേൻ എടുക്കുന്നു) | നാന് തേന് എട്ക്കും →<br>(ഞാൻ തേൻ എടുക്കും) |

മേൽപറഞ്ഞ ഉദാഹരണങ്ങളിൽ നിന്ന് 'പാഞ്ഞൂട്ട്' എന്ന ഭൂതകാലരൂപത്തിൽ 'ഊട്ട്' എന്ന പ്രത്യയമാണ് 'ഇ' എന്ന മലയാള പ്രത്യയത്തിന് പകരമായി കുറിച്യ ഭാഷയിൽ കാണുന്നത്. വർത്തമാനകാല പ്രത്യയമായ 'ഉന്നു'വിന് വിഭിന്നമായി 'ന്ന്' എന്ന പ്രത്യയവും കുറിച്യഭാഷയിൽ പ്രകടമാണ്. 'ബന്ന്' (വന്നു) എന്ന ക്രിയയിൽ 'വ'കാരത്തിന് പകരം 'ബ'കാര ഉച്ചാരണമാണ് കൂടുതലായും ഉപയോഗിക്കുന്നത്. പുള്ളിനെ കണ്ടു, പുള്ളിനെ (പക്ഷിയെ) കണ്ടിരുന്നു തുടങ്ങിയ ഭൂത വർത്തമാന കാലരൂപങ്ങളിലെല്ലാം 'കണ്ട്' എന്ന ഒരൊറ്റ ക്രിയയിൽ ഒതുക്കുന്ന ഭാഷാ പ്രയോഗമാണ് കുറിച്യർക്കുള്ളത്. കൂടാതെ 'എടുത്തു' എന്ന ഭൂതകാലക്രിയക്ക് 'എട്ത്ത്', 'എടുക്കുന്നു' എന്ന വർത്തമാനകാലക്രിയക്ക് 'എട്ക്ക്ന്ന്' തുടങ്ങിയ ഭാഷാപ്രയോഗമാണ് കുറിച്യർക്കിടയിലുള്ളത്. മാലയാളത്തിന് സമാനമായി ഭാവികാലപ്രത്യമായ 'ഉം' തന്നെയാണ് കുറിച്യ ഭാഷയിലുള്ളത്.

**വിഭക്തി**

നാമപദത്തിന് മറ്റ് പദങ്ങളോടുള്ള ബന്ധം കാണിക്കുന്ന പ്രത്യയങ്ങളാണ് വിഭക്തി. നിർദ്ദേശിക, പ്രതിഗ്രാഹിക, സംയോജിക, ഉദ്ദേശിക, പ്രയോജിക, ആധാരിക എന്നിങ്ങനെ വിഭക്തികൾ ഏഴെണ്ണമുണ്ട്. കുറിച്യഭാഷയിലും ഈ ഏഴ് വിഭക്തികളുമുണ്ട്. ഉദാഹരണ സഹിതം കുറിച്യഭാഷയിലെ വിഭക്തികൾ താഴെ പട്ടികപ്പെടുത്തുന്നു.

| | വിഭക്തി | പ്രത്യയം | ഉദാഹരണം |
|---|---|---|---|
| 1. | നിർദ്ദേശിക | പ്രത്യയമില്ല | ❖ ദാമൻ (രാമൻ)<br>❖ വെള്ളൻ |
| 2. | പ്രതിഗ്രാഹിക | എ | ❖ ദാമരെ(രാമനെ)<br>❖ വെള്ളനെ<br>❖ തയിയെ(ഇതിലെ) |
| 3. | സംയോജിക | ഓട് | ❖ അയിനോട് (അതിനോട്)<br>❖ നങ്ങളോട് (ഞങ്ങളോട്)<br>❖ ഓലോട് (അവരോട്)<br>❖ ഓനോട് (അവനോട്) |
| 4. | ഉദ്ദേശിക | ക്ക് | ❖ എക്ക് (എനിക്ക്)<br>❖ ഓക്ക് (അവൾക്ക്)<br>❖ നെനക്ക് (നിനക്ക്)<br>❖ ഓല്ക്ക് (അവർക്ക്)<br>❖ ഈറ്റിങ്ങെക്ക് (ഇവർക്ക്)<br>❖ ആറ്ക്ക് (ആർക്ക്) |
| 5. | പ്രയോജിക | ആല് | ❖ നിങ്ങളാല് (നിങ്ങളാൽ) |
| 6. | സംബന്ധിക | ടെ | ❖ ദാമര്ടെ ബുക്ക് (രാമന്റെ പുസ്തകം)<br>❖ കാട്ടൂടെ (കാട്ടിലൂടെ) |
| 7. | ആധാരിക | ഇല്, അൽ | ❖ ഓലില് (അവരിൽ)<br>❖ ന്ങ്ങളില് (തന്നിൽ<br>❖ ആറില് (ആരിൽ)<br>❖ മറത്ത്മ്മൽ (മരത്തിൽ)<br>❖ ബട്ടിമ്മൽ (വയറിൻമേൽ) |

കുറിച്യഭാഷയിലെ വിഭക്തികൾ മലയാളവുമായി താരതമ്യം ചെയ്യുമ്പോൾ നിർദ്ദേശിക പ്രത്യയത്തിന്റെ കാര്യത്തിൽ കുറിച്യഭാഷയും മലയാളവും തമ്മിൽ യാതൊരു വ്യത്യാസവുമില്ല. കൂടാതെ പ്രതിഗ്രാഹികയുടെ 'എ' പ്രത്യയവും സംയോജികയുടെ 'ഓട്' പ്രത്യയവും മല യാളത്തിന് സമാനമായി നിലനിൽക്കുന്നു. അതോടൊപ്പം ഉദ്ദേശികവിഭക്തിയുടെ 'ക്ക്' , പ്രത്യ യവും കുറിച്യഭാഷയിലുണ്ട്.

പ്രയോജിക വിഭക്തിയുടെ 'ആൽ' എന്ന പ്രത്യയം ചുരുക്കി 'ആല്' എന്ന രീതിയിലാണ് കുറിച്യർ ഉപയോഗിക്കുന്നത്. മിക്ക പദങ്ങളിലും ചില്ലക്ഷരങ്ങളില്ലാതെ 'സംവൃതോകാരം' ഉപ യോഗിക്കുന്ന രീതിയാണ് കുറിച്യ ഭാഷയുടെ മറ്റൊരു പ്രത്യേകത. ഉദാഹരണം : ഓല് (അവർ), നിങ്ങളാല് (നിങ്ങളാൽ), ബെരല് (വിരൽ), തേന് (തേൻ). സംബന്ധിക വിഭക്തിയുടെ 'ന്റെ' പ്രത്യയത്തിന് പകരം 'ടെ' വിഭക്തി പ്രത്യയമാണ് കുറിച്യഭാഷയിലുള്ളത്. ഉദാഹരണത്തിന് 'ന്റെ' (രാമന്റെ) പ്രത്യയത്തിനു പകരമായി 'ടെ' (ദാമര്ടെ) പ്രത്യയം പ്രത്യേകം കാണുന്നു. ഭാഷയെ കുറുക്കി ഉച്ചരിക്കുന്നവരാണ് കുറിച്യർ എന്നത് മേൽപറഞ്ഞ ഉദാഹരണങ്ങളിൽ നിന്ന് വ്യക്തമാണ്.

മലയാളത്തിലെ ആധാരിക വിഭക്തി പ്രത്യയങ്ങൾ 'ഇൽ' 'കൽ' എന്നിവയാണ്. 'ഇൽ' 'കൽ' പ്രത്യയങ്ങൾക്കു പകരം കുറിച്യഭാഷയിൽ 'ഇല്' 'അൽ' (മറത്ത്മ്മൽ) തുടങ്ങിയ പ്രത്യയ ങ്ങളാണുള്ളത്. ഈ പ്രത്യയങ്ങൾ മലയാളത്തിനു വിപരീതമായി വേറിട്ടു നിൽക്കുന്നു. വിഭക്തി പ്രത്യയങ്ങൾ മലയാളവുമായി താരതമ്യം ചെയ്യുമ്പോൾ മലയാളത്തിനു വിഭിന്നമായി പ്രയോ ജിക വിഭക്തിയുടെ 'ആല്' സംബന്ധികയുടെ 'ടെ' ആധാരികയുടെ 'ഇല്' 'അൽ' തുടങ്ങിയ പ്രത്യയങ്ങൾ കുറിച്യഭാഷയുടെ ഘടനയെ വളരെയധികം സവിശേഷമായി നിലനിർത്തുന്നു. അതോടൊപ്പം തന്നെ സംബന്ധിക പ്രത്യയങ്ങളായ 'ന്റെ' , 'ഉടെ' എന്നിവ കുറിച്യഭാഷയിൽ നേരിട്ട് കാണുന്നില്ല. ഭാഷാപ്രയോഗത്തിൽ കുറുക്കി വേഗത്തിൽ ഉച്ചരിക്കാൻ ഈ വിഭക്തി പ്രത്യയങ്ങൾ കുറിച്യരെ സഹായിക്കുന്നുണ്ട്.

## കുറിച്യഭാഷയിലെ ആഭ്യന്തരഭാഷാവൈവിധ്യം

ഭാഷയുടെ ആഭ്യന്തരവൈവിധ്യമാണ് ഭാഷാഭേദം. പ്രാദേശികമായും സാമൂഹികമായും ഒരു ഭാഷയ്ക്കുള്ളിൽ വരുന്ന വ്യതിയാനങ്ങളെയും സവിശേഷതകളെയും അടയാളപ്പെടുത്തുകയാണ് ഭാഷാഭേദപഠനത്തിലൂടെ ചെയ്യുന്നത്. ആഭ്യന്തരവൈവിധ്യങ്ങളാൽ ഭാഷയ്ക്കുള്ളിൽ മറ്റൊരുഭാഷാ ശൈലി രൂപപ്പെടുമ്പോൾ ഗോത്രസ്വത്വങ്ങളുടെയും ഭൂമിശാസ്ത്രപരമായ പ്രത്യേകതകളുടെയും അടിസ്ഥാനത്തിൽ ഭാഷാവൈവിധ്യങ്ങളുടെ കലവറയായി വയനാട് മാറുന്നു. വയനാടിന്റെ സാംസ്കാരിക മണ്ഡലങ്ങളെ നിലനിർത്തുകയും പുതുക്കിപ്പണിയുകയും ചെയ്യുന്നതിൽ ഗോത്രഭാഷകൾക്കുള്ള പങ്ക് വളരെ വലുതാണ്. കാലത്തിനനുസരിച്ച് മാറ്റങ്ങൾക്ക് വിധേയമായിക്കൊണ്ടിരിക്കുമ്പോൾ തന്നെ അകത്തളങ്ങളിൽ ഒതുങ്ങിപ്പോകുന്ന രീതിയിലേക്ക് ഗോത്രഭാഷകളും ചുരുങ്ങിപ്പോകുന്നു. ആധുനികവിദ്യാഭ്യാസവും വിപണിയുടെ കീഴടക്കലുകളും കുടിയേറ്റങ്ങളും രാഷ്ട്രീയാതിർത്തികളും ഭാഷകൾ തമ്മിലുള്ള സമ്പർക്കങ്ങളും ഗോത്രഭാഷകളുടെ തനത് മൂല്യങ്ങളെ ഇല്ലായ്മ ചെയ്യുമ്പോൾ തന്നെ പ്രാദേശിക ഭാഷാഭേദങ്ങളാണ് ഒരു പരിധിവരെ ഗോത്രഭാഷകളെ സജീവമാക്കുന്നത്. അതിനൊരുദാഹരണമാണ് കുറിച്യരുടെ തനത് ഭാഷ.

വയനാടിന്റെ പാരിസ്ഥിതിക സാഹചര്യങ്ങളും ഉപജീവനമാർഗ്ഗങ്ങളും കുറിച്യജീവിതത്തെ സമ്പന്നമാക്കുമ്പോൾ അവരുടെ തനത് ഭാഷയും പരിവർത്തനം ചെയ്തുകൊണ്ടേയിരിക്കുന്നു. അതുകൊണ്ടു തന്നെ കുറിച്യഭാഷയുടെ ഭാഷാഭേതപഠനത്തിന് പ്രസക്തി വർദ്ധിച്ചുവരുന്നു. കുറിച്യഭാഷയുടെ ദത്തശേഖരണവുമായി ബന്ധപ്പെട്ട് മാങ്ങോക്കൊല്ലി, നടുവന്താർ, അരീക്കര, ചോകാടി, ചക്കിണി, വെള്ളറോഡി, നിട്ടറ, മക്കോല, ഓടുടുമ്പിൽ, പെരിഞ്ചോല, ചെറുവയൽ, ഒതയോത്ത്, കുണ്ടൂർമൂല, കാവേരിപൊയിൽ, ചീനിക്കമൂല, കാതങ്കൊല്ലി, പുലച്ചിക്കുനി, വീട്ടിക്കണ്ടി, ചുരുളി, എടത്തന, നെടുമ്പിലാശ്ശേരി, മാങ്കാണി, അയനിത്തേരി, കൊല്ലിയിൽ, ഏച്ചിപ്പൊയിൽ, തെനവയൽ, നിട്ടമാനി, തണ്ണീർവയൽ, മാങ്കാണി, കാക്കാഞ്ചിറ, മേലെതലപ്പുഴ, താഴെതലപ്പുഴ, മാനിവയൽ, കാളിക്കൊല്ലി തുടങ്ങിയ കുറിച്യസങ്കേതങ്ങളിൽ നിന്നും ശേഖരിച്ച ഭാഷാവ്യതിയാനങ്ങളെ സംഗ്രഹിച്ച് വിശദമായി ചേർക്കുകയാണ് ചുവടെ.

ഭാഷാഭേദങ്ങൾ ഉത്ഭവിക്കുന്നതിനും നിലനിൽക്കുന്നതിനും പ്രധാനപ്പെട്ട ഒരു കാരണം ഭൂമിശാസ്ത്രപരമായ പ്രത്യേകതകളാണ്. കാടും മലകളും പുഴകളും വയലുകളും എടയ്ക്കൽഗുഹയും കുറുവാദ്വീപുമെല്ലാം വയനാടിന്റെ പ്രകൃതിസൗന്ദര്യം വർദ്ധിപ്പിക്കുന്നതോടൊപ്പം ഭാഷാഭേദങ്ങളും സൃഷ്ടിക്കുന്നതിന് വലിയ കാരണമായിട്ടുണ്ട്. കൂടാതെ കുടിയേറ്റങ്ങളും ഭാഷകൾ തമ്മിലുള്ള സമ്പർക്കവും ഭാഷാഭേദങ്ങളെ സ്വാധീനിക്കുന്നു. സാമൂഹികാചാരങ്ങൾ (socio variables), ദേശം, മതം, ജാതി, തൊഴിൽ, പ്രായം, വിദ്യാഭ്യാസനിലവാരം, വാർത്താവിനിമയോപാധികളുടെ ഉപയോഗം, സ്ത്രീ-പുരുഷഭേദം എന്നിവയും ഭാഷാഭേതങ്ങളെ വളരെയധികം സ്വാധീനിക്കുന്നുണ്ട്. ആവേദകരായി തിരഞ്ഞെടുത്ത അറുപത് വയസ്സിനു മുകളിൽ പ്രായമുള്ളവർ സംസാരിക്കുന്ന ഭാഷയല്ല ചെറുപ്പക്കാരും കുട്ടികളും സംസാരി

ക്കുന്നത്. പദതലം, ഉച്ചാരണം, വ്യാകരണതലം, പ്രയോഗം തുടങ്ങിയവയിലെല്ലാം വൈവിധ്യങ്ങൾ കുറിച്യ ഭാഷയിൽ സംഭവിച്ചുകൊണ്ടേയിരിക്കുന്നു.

ശൈലികൾ, പ്രത്യയങ്ങൾ, ഈണം, ആചാരാനുഷ്ഠാനവുമായി ബന്ധപ്പെട്ടപദങ്ങൾ, ബന്ധസൂചകപദങ്ങൾ തുടങ്ങി കുറിച്യജീവിതത്തിന്റെ പ്രാദേശികസംസ്കൃതിയെ അടയാളപ്പെടുത്താൻ ഭാഷ വളരെയധികം സഹായിക്കുന്നുണ്ട്.പദതലത്തിലും ഉച്ചാരണം, വ്യാകരണം തുടങ്ങിയവയിലുമാണ് പ്രധാനഭേദങ്ങൾ കണ്ടുവരുന്നത്. പദങ്ങളിലുള്ള വർണവ്യത്യാസം, ഒരേ പദത്തിന് രണ്ടുതരത്തിൽ അർത്ഥവ്യത്യാസം വരുന്നത്, പര്യായപദങ്ങൾ, പ്രാദേശിക വ്യതിയാനം വരുന്ന പദങ്ങൾ തുടങ്ങി നാല് തരത്തിലാണ് പദങ്ങളിൽ പ്രധാനമായും വ്യത്യാസങ്ങൾ കണ്ടുവരുന്നത്.

1. **വർണവ്യത്യാസം**

ഉദാ: എച്ച (ഒച്ച), പടി (വടി), മാഞ് (മാവ്)
ബൂമി (ഭൂമി), നണ്ട് (രണ്ട്), ദൈര്യം (ധൈര്യം)
ചീദം (ശീതം), കുരി (കുറി), ആയം (ആഴം)
ഇച്ച (ഉച്ച), എല (ഇല) , ഞെല്ല് (നെല്ല്)
കെറ (കുര), ബരം (വരം), ദോഗം (രോഗം)
തഞ്ചി (സഞ്ചി) , ആകായം (ആകാശം)

2. **നനാർത്ഥപദങ്ങൾ /ഒരേ പദത്തിന് പല തരത്തിൽ അർത്ഥവ്യത്യാസം വരുന്ന പദങ്ങൾ.**

ഉദാ:
കൊഞ്അ : കഴുകൻ, വയലിൽ വരമ്പ്കെട്ടി വെള്ളം കെട്ടിവെക്കുന്നത്
ഓട : മുള, എവിടെ
പെണരി : അരുവി, ഞാറ് നടുമ്പോൾ നാല് വശത്തേക്കും വെള്ളം പോകാൻ ചെളി മാന്തിക്കൊടുത്ത് ചെറിയതോട് ഉണ്ടാക്കുന്നത്.
കുണ്ട് : ചെളിക്കുഴി, നെല്ല് കുത്തുന്ന കുഴി
കണ്ടം : വയല്, നടുഭാഗം
മിറ്റം : കുറിച്യവീട്, കുറിച്യതറവാട്, മുറ്റം
നായി : നായ, അരി അളക്കുന്ന പാത്രം
തൊപ്പ : പക്ഷിയുടെ ശരീരത്തിൽ പറ്റിപ്പിടിച്ചിരിക്കുന്ന തൂവൽ, മനുഷ്യശരീരത്തിലുള്ള രോമം
കേക്ക് : കിഴക്ക്, കേൾക്കുക
തമ്പായി : ദൈവം, ദൈവങ്ങൾ
കണ്ടി : സ്ഥലം, ഭൂമി
തുമ്പ : നെല്ല് സൂക്ഷിക്കാൻ വേണ്ടി ഉപയോഗിക്കുന്ന ഓടകൊണ്ട് നിർമ്മിച്ച കുട്ട, ഒരു ഔഷധച്ചെടി.

| | | |
|---|---|---|
| അമ്മായി | : | അച്ഛന്റെ സഹോദരി, ഭർത്താവിന്റെ അമ്മ |
| ശബ്ദം | : | എച്ച, കൂറ്റ്, കീറ്റ് |

**3. പര്യായപദങ്ങൾ**

| | | |
|---|---|---|
| ജലദോഷം | : | ചിറാപ്പ്, കുമ്പാത്തം |
| രക്തം | : | ചേറ , പള് |
| രുചി | : | ചിവാദ്, റഡം, കൊണം |
| ഭർത്താവിന്റെ സഹോദരി | : | മച്ചിച്ചി, നാത്തൻ |
| ഭംഗി | : | കൊണം , റസം, ബഅ്സ് |
| വെള്ളപ്പൊക്കം | : | മൂയി, വൊള്ളപ്പൊക്കം |
| സന്ധി | : | അന്തി, മയ്മ്പ് |
| മുതല | : | മണ്ണൻ, മൊദല |
| ശബ്ദം | : | എച്ച, കീറ്റ് |
| തണുപ്പ് | : | കുളേറ്, ചീദം |
| കഷണ്ടി | : | ബെങ്ക്, പുള്ള്തല |
| ഞൗഞ്ഞി | : | അച്ചി, പിരി |
| തോൾ | : | ഞണ്ട്റ്ക്ക്, കരിഞ്ഞെണ് |
| ചന്ദ്രൻ | : | നിലാവ്, കെറ്റി |
| കാർണവർ | : | ഒടയ്ക്കാരൻ, മൂപ്പൻ |
| കാർണവരുടെ ഭാര്യ | : | ഒടയ്ക്കാരത്തി, കാനത്തി |
| വയസ്സൻ | : | പൂപ്പൻ, പിട്ടൻ |
| നെല്ലിലെ ചെള്ള് | : | ഉണ്ടൻ, കൊത്തൻ |
| വീടിന്റെ മുൻവശം | : | എറപ്പക, നുമ്പില് |

**4.പ്രാദേശികഭേദം/ശൈലീവ്യത്യാസങ്ങൾ**

ഭാഷണത്തിൽ ഏറ്റവും അടിസ്ഥാനമായത് നാട്ടുഭാഷ (Venavulan)ശൈലിയാകുമ്പോൾ വക്താവ് ഉൾപ്പെടുന്ന പ്രാദേശികതയുടെയും സാമൂഹികവിഭാഗങ്ങളുടെയും ഭൂമിശാസ്ത്രപരമായ പ്രത്യേകതകളുടെയും സ്വാധീനത്താൽ ശൈലി (style) യിൽ വ്യത്യാസം വരാം. കൂടാതെ ഉച്ചാരണഭേദങ്ങൾക്കനുസരിച്ചും തമ്മൊഴികൾക്കനുസരിച്ചും പ്രാദേശികമായി ഭാഷാശൈലിയിൽ വ്യത്യാസങ്ങൾ പ്രകടമാണ്. ഓരോ കുറിച്യസങ്കേതങ്ങൾക്കുമനുസരിച്ച് ചില പദങ്ങൾക്കെങ്കിലും ഇത്തരത്തിൽ ധാരാളം വ്യതിയാനങ്ങൽ കാണാം.

ഉദാഹരണമായി 'സൂര്യൻ' എന്ന പദത്തിന് *നേരം* എന്ന വാക്കാണ് കുറിച്യഭാഷയിൽ പൊതുവെ ഉപയോഗിക്കുന്നത്. എന്നാൽ *ചൂരിയൻ*[211], *ചൂര്യൻ*[212], *ചീരിയൻ*[213] എന്നിങ്ങനെ പ്രാദേശികാടിസ്ഥാനത്തിൽ ഉപയോഗിച്ചുവരുന്നു. 'സൂര്യോദയം' എന്നതിന്*ഉദിപ്പ്*[214], *നേരം പെലർന്നു*[215], *നേരം ബെള്ത്ത്*[216], *നേരം ഉദിക്ക്ന്ന്*[217], *നേരഉദിച്ചു*[218], *നേരദിച്ച്*[219], *നേരുച്ച്*[220]എന്നിങ്ങനെ വിവിധ പദങ്ങൾ പല കുറിച്യസങ്കേതങ്ങളിലും നിലവിലുണ്ട്. സൂര്യൻ കിഴക്ക് ഉദി

ക്കുന്നു എന്നർത്ഥത്തിൽ *കേക്കുദിക്ക*[221] എന്ന പദവും പ്രാദേശികാടിസ്ഥാനത്തിൽ സൂര്യോദയ ത്തിന് വ്യത്യസ്തമായി ഉപയോഗിക്കുന്നു. മറ്റ് ഭാഷാസമ്പർക്കം മൂലം '*സൂര്യൻപൊന്തി*'[222], *സൂര്യൻ ഉദിപ്പ്*[223] തുടങ്ങിയ പദങ്ങളും കുറിച്യഭാഷയിൽ കാണാം.

സൂര്യാസ്തമയത്തിന് *നേരം വീണ്പോയി*[224], *നേരം കുളിച്ചിപോയി*[225], *നേരം കുളിച്ചി*[226], *നിലാവ് പടിമറഞ്ഞ്*[227], *നേരംതാണ്*[228], *നേരം കുളിക്ക്ന്ന്*[229],*നിലാകുളിച്ച്/നേരം കുളിച്ച്*[230], *നേരം പോയ്*[231],തുടങ്ങിയ പദങ്ങളും ഇരുട്ടായി എന്ന അർത്ഥത്തിൽ *നിലാവ് താണു /നിലാവ് പടിമ റഞ്ഞു/നിലാവ് മറഞ്ഞു*[232] എന്നിങ്ങനെയും കുറിച്യഭാഷയിൽ വ്യത്യസ്തമായി ഉപയോഗിക്കു ന്നു. എന്നാൽ ചില സങ്കേതങ്ങളിൽ മലയാളഭാഷാസമ്പർക്കം മൂലം *സൂര്യൻ കുളിച്ച്, സൂര്യൻ മറഞ്ഞ്, സൂര്യൻ കുളിക്ക്ന്ന്,* എന്നിങ്ങനെ മാനകഭാഷാപദത്തോടൊപ്പം ഭാഷാഭേദം ചേർത്ത് ഉപയോഗിച്ച് വരുന്നു.

സൂര്യപ്രകാശത്തിന് *ബെയ്ല* എന്ന പൊതുപദത്തിന് പുറമെ *നേരവെളിച്ചം*[233], *സൂര്യവെ ളിച്ചം*[234] തുടങ്ങിയ പദങ്ങളും പ്രാദേശികാടിസ്ഥാനത്തിൽ ഭാഷാഭേദമായി കുറിച്യഭാഷയിൽ നിലനിൽക്കുന്നുണ്ട്. കാർഷികപാരമ്പര്യത്താൽ മുന്നോട്ടുപോകുന്ന കുറിച്യജീവിതത്തിൽ വൈക്കോലിന് *പില്ല്* എന്നാണ് പ്രാദേശികമായി ഉപയോഗിക്കുന്ന പദം. എന്നാൽ 'വൈക്കോൽക്കൂനയ്ക്ക്' നിരവധി ഭാഷാഭേദങ്ങൾ ഓരോ കുറിച്യസങ്കേതത്തിനുമനുസരിച്ച് നിലവിലുണ്ട്. *പില്ല്ക്കറ്റ*[235], *പില്ല്ന്തുറ്*[236], *പില്ല്ക്കിറ്റി*[237], *പില്ക്കായം*[238], *പില്ല്സുറ്/പുല്ല്സുറ്*[239], *പില്ല്ങ്കായ്*[240], *തുര്ങ്ക്*[241] *പില്ല്മുണ്ട്*[242], *മെത*[243], *പില്ല് മെത*[244], *പില്ല്കുണ്ട്*[245], *തുറ്*[246], *നെല്ലുംപില്ല്*[247], *പുല്ല്മുണ്ട്*[248], *പുല്ല്സുറ്*[249] തുടങ്ങി വിവിധ കുറിച്യസങ്കേതങ്ങളിൽ വളരെ വ്യത്യസ്തമായി വൈക്കോൽക്കൂന എന്ന പദം ഉപയോഗിച്ച് വരുന്നു. കുറിച്യസങ്കേതമായ പുല്ലേരിയിൽ *പില്ല്ത്തുറ്* എന്ന പദം വാമൊഴിവഴക്കത്താൽ മാറ്റത്തിനു വിധേയമായി ചെറുപ്പക്കാർക്കിടയിൽ *പില്ല്സുറ്* ആയി പരിണമിച്ചിട്ടുണ്ട്. വൈക്കോൽ കൂട്ടിവെക്കുന്നു എന്ന അർത്ഥത്തിൽ *പില്ല്സു റ്ടൽ, പുല്ല്സുറ്* ആയി മാറിയിട്ടുണ്ട്. *തുറ്* എന്ന പദമാണ് *സുറ്* എന്ന രീതിയിൽ ഉച്ചരിക്കുന്ന ത്. *പില്ല്തുറ് -> പില്ല് സുറ് ->പുല്ല്സുറ്* ആയി പരിണമിക്കുമ്പോൾ വർഷങ്ങളുടെ ഭാഷാവ്യതി യാനം ഈ പദങ്ങളിൽ പ്രകടമാണ്. പുല്ലേരിയിൽ ഒട്ടും ദൂരമില്ലാത്ത തണ്ണീർവയൽ കുറിച്യസ ങ്കേതത്തിലും ഈ വാക്ക് ഇതേരീതിയിൽ മാറ്റത്തിനു വിധേയമായിട്ടുണ്ട്.

ഉച്ചാരണതലത്തിൽ വരുമ്പോൾ *നക്ഷത്രെ* എന്ന പദം *നച്ച്ത്രം* എന്നാണ് കുറിച്യ ഉച്ചാ രണം. കൂടാതെ ചെറിയ വ്യത്യാസങ്ങളോടെ *നെച്ച്ത്രം*[250], *നെശ്ശ്ത്രം*[251], *നശത്രം*[252] എന്നിങ്ങനെ ഉച്ചരിക്കുന്നു. ഇതേപോലെത്തന്നെ ഭൂമി എന്ന പദം 'ഭ' കാര ഉച്ചാരണം കുറിച്യർക്കിടയിൽ ഇല്ലാത്തതിനാൽ 'ബകാരമായിട്ട്' *ബൂമി* എന്നുച്ചരിക്കുന്നു. അതുപോലെ 'ഭൂമി' എന്ന വാക്ക് കുറിച്യസങ്കേതമായ ഓടുടുമ്പിലിൽ *പൂമി* എന്നാണ് പറയുന്നത്. 'വെള്ളം', *ബൊള്ളം, വൊള്ളം* എന്നിങ്ങനെ ഉച്ചരിക്കുമ്പോൾ കുറിച്യ സങ്കേതമായ അരീക്കരയിൽ *ബെള്ളം* എന്ന് 'എ' കാര ഉച്ചാരണം നൽകി കുറിച്യർ ഉപയോഗിക്കുന്നു. ഇങ്ങനെ കുറിച്യഭാഷയിൽ പദതല ത്തിലും ഉച്ചാരണത്തിലും സംഭവിക്കുന്ന മാറ്റങ്ങൾ അനവധിയാണ്.

പരിണാമം ഭാഷകളുടെ പൊതുസ്വഭാവമായി മാറുമ്പോൾ ഭാഷാഭേദങ്ങളുടെ വർദ്ധന വ്കൊണ്ട് ഒരു പദത്തിന് തന്നെ പലതരത്തിൽ വ്യതിയാനങ്ങൾ സംഭവിക്കുന്നു. ചിലപ്പോൾ വ്യക്തിഭേദങ്ങൾക്കനുസരിച്ചും ഭാഷയിൽ വ്യതിയാനങ്ങൾ സംഭവിക്കുക സാധാരണമാണ്. 'ഉച്ച' എന്ന പദത്തിന് *ഇച്ച* എന്നാണ് കുറിച്യഭാഷാപദം. എന്നാൽ ഉച്ചസമയം എന്നർത്ഥ ത്തിൽ *ഇച്ച്ക്ക്*[253], *ഇച്ചായ്*[254], *ഇച്ചക്ക*[255], *ഇച്ചിക്കി*[256] എന്നിങ്ങനെ ഓരോ കുറിച്യസങ്കേതത്തിലും വ്യക്തിഭേദങ്ങൾക്കനുസരിച്ച് ഉച്ചരിക്കുന്നു. 'വെള്ളച്ചാട്ടം' ഇതുപോലെ *വൊള്ളച്ചാട്ടമായും, ബൊള്ളച്ചാട്ടമായും* കുറിച്യഭാഷയിൽ വിനിമയം ചെയ്യപ്പെടുന്നു. 'ഉറവ' എന്ന പദം *ഒറ്*[257],*ഉറു* എന്നും ഭാഷാഭേദത്തോടെ ഉപയോഗിക്കുന്നു. ഉച്ചാരണവ്യതിയാനങ്ങൾ ഭാഷാവിനിമയത്തിൽ വളരെ പ്രാധാന്യമർഹിക്കുമ്പോൾ 'മിന്നൽ' എന്ന പദം *വാളിച്ച* എന്നാണ് കുറിച്യർക്കിടയിൽ പൊതുവെ പറയുന്നത്. ചെറിയ വ്യത്യാസങ്ങളോടെ *വാൾച്ച/വാള്ച്ച്*[258], *വാള്ച്ചമിന്ന്ന്*[259], *ബാൾചിയമിന്ന്ണ്*[260], *വാള്ച്ചി മിന്ന്ന്*[261], *വാളിച്*[262] എന്നിങ്ങനെ ഉച്ചരിക്കുന്നു. 'രാവിലെ' എന്ന പദം *ദാഇലെ,ദാഅ്ലെ* എന്നും രാത്രി എന്ന പദം *ദാഅ്, ദാഗ്, ദാവ്*[263]എന്നും 'അർദ്ധരാത്രി' എന്ന പദം *നട്ടദാഅ്, പാട്ദാവ്*[264]എന്നും 'ചുഴലിക്കാറ്റ്' എന്ന മലയാളപദം *ചൊടലക്കാറ്റ്*[265], *ചൊലയിക്കാറ്റ്*[266], *ചീറിക്കാറ്റ്*[267], *ചുറ്റൽക്കാറ്റ്*[268]എന്നിങ്ങനെയും വ്യത്യസ്തമായി കുറിച്യഭാഷ യിൽ നിലനിൽക്കുന്നു.

ഗോത്രജീവിതത്തിന്റെ തനത്സ്വത്വത്തിൽ ഇത്തരം വാക്കുകളെല്ലാം അതാത് കൂട്ടായമക ളുടെ പാരിസ്ഥിതിക ചുറ്റുപാടിലെ ആശയവിനിമയത്തെ സുഗമമാക്കുന്നുണ്ട്. മാത്രമല്ല, കോഴി ക്കോട്ടെ ഭാഷാപദങ്ങളുടെ അർത്ഥം തിരുവനന്തപുരത്തുള്ള ആൾക്ക് മനസ്സിലാവുന്നില്ലായെന്ന തലത്തിലുള്ള പ്രശ്നം ഇവിടെ സംഭവിക്കുന്നില്ല. ഏതൊരു ഭാഷാഭേദപദവും ഓരോ സങ്കേത ത്തിനനുസരിച്ച് വ്യത്യാസപ്പെടുമ്പോൾ തന്നെ അത് കുറിച്യഭാഷയുടെ ആശയ വിനിമയത്തെ തടസ്സപ്പെടുത്തുന്നില്ലായെന്നതാണ് വസ്തുതാപരമായ കാര്യം. ഉദാഹരണമായി 'ചാറ്റൽമഴ' എന്ന പദത്തിന് *ചിനുചിനുക്കൻ* എന്നാണ് കുറിച്യർ പൊതുവെ ഉപയോഗിക്കുന്ന പദം. ഇതിൽ നിന്നും വ്യത്യസ്തമായി *മഞ്ഞുമായ്*[269], *പാറാടിമായ്*[270], *ചീഞ്ഞമായ്*[271], *പൊടിമായ്*[272], *ചമ്പിച്ചമായ്*[273] എന്നിങ്ങനെ ഉപയോഗിക്കുന്നു. 'ഉരുൾപൊട്ടൽ' എന്ന വാക്ക് *മലപൊട്ടല്*[274], *കുന്നിടിയൽ*[275], *ഇര്ള്പൊട്ട്*[276], *ഉരുള്പൊട്ടുന്ത്* എന്നിങ്ങനെ ഒരേ അർഥം തന്നെ സംവേദനം ചെയ്യുന്നു.

'മലഞ്ചെരിവ്' എന്ന പദം *മലഞ്ചാല്*[277], *മലമ്പള്ള*[278], *മലമ്പൊത്ത്*[279] ആയി മാറുന്നതും ഇതേരീതിയിൽ തന്നെയാണ്. *മലത്തേറ്/തേറ്* എന്ന പദത്താൽ മലയുടെ മുകൾഭാഗം കുറിച്യ ഭാഷയിൽ വളരെ വ്യത്യസ്തമായി നിൽക്കുമ്പോൾ തന്നെ *തേറ്മോ*[280], *മലമൊക*[281], *മലമുടി*[282] *തേറ്മ്മൽ*[283] എന്നീ പദങ്ങളും ഉപയോഗിക്കുന്നുണ്ട്. 'താഴ്വാരം' എന്ന പദം *തായ്*[284], *കുന്ന്ൻചാല്*[285], *ചേല്*[286], *അടിവാരം*[287] എന്നും ഭാഷാഭേദ പദങ്ങളുണ്ട്. കൂടാതെ 'തണുപ്പ്' എന്ന പദം *കുളേറ്*[288], *കുളേര്*[289], *കുളീറ്*[290], *കുള്ളേറ്*[291], *കുള്പ്പ്*[292] എന്നും 'അടുക്കള' എന്ന പദം

*അട്ക്കാത്ത്, അട്ക്കകം*[293], *അട്ക്ക്ളാകം*[294], *അട്ക്കിളി*[295] എന്നും കുറിച്യഭാഷയിൽ ഭാഷാഭേദ പദങ്ങളായി ഉപയോഗിക്കുന്നു.

'സൂചി' എന്ന പദം തീജി[296], തീശി[297], തൂശി[298], തൂജി എന്നിങ്ങനെ കുറിച്യ ഭാഷയിൽ വ്യത്യസ്തമായി വിനിമയം ചെയ്യപ്പെടുന്നു. 'തൊട്ടാവാടി' എന്ന പദം *ഒരയ്ക്ക്മുള്ള്*[299], *ഓറ യ്ക്ക്മുള്ള്*[300], *കോമുള്ള*[301], *ഒര്ക്ക്മുള്ള്, ഒറ്ക്ക്മുള്ള്* എന്നിങ്ങനെ കുറിച്യഭാഷയിൽ ഉപയോഗി ക്കുന്നു. 'തടാകം' എന്ന പദത്തിന് *കൊളമ്പ്*[302], *കരുളം*[303], *കരുവൊളം*[304], *കൊളപ്പട്ട*[305]എന്നിങ്ങ നെയാണ് ഭാഷാഭേദപദങ്ങൾ. 'ഭൂമികുലുക്കം' എന്ന പദം *ബൂമികുല്ക്കം, ബൂമികില്ക്കം* എന്നി ങ്ങനെ ഉച്ചരിക്കുന്നു. 'വരമ്പ്' എന്ന പദം *മുളി* എന്ന് പൊതുവെ കുറിച്യർക്കിടയിൽ പറയു മ്പോൾ തന്നെ *മിളി* എന്ന് ചുരുളി, മാങ്ങക്കൊല്ലി, കാരാങ്കൊല്ലി, നെടുമ്പിലാശ്ശേരി തുടങ്ങിയ കുറിച്യസങ്കേതങ്ങളിൽ ഭാഷാഭേദപദമായി ഉപയോഗിക്കുന്നു. 'വാഴ' എന്ന പദം *ബായ, വായ*[306], ബായി[307], വായി[308] എന്നും 'വാഴക്കൂമ്പ്' എന്ന പദം വാക്ക്മണി, വായമോണി[309], വാക്ക്മോണി[310]എന്നും'വാഴക്കന്ന്' എന്ന പദം *വാക്കന്ന്, വായിക്കന്ന്*[311], *ബായക്കന്ന്*[312] *വാക്കുട്ടി*[313], *ബായ്ക്കുട്ടി*[314], *വായക്കുട്ടി* എന്നും 'കമുക്' എന്ന പദം *കൗങ്ങ്, അടക്കകങ്ങ്, അട ക്കമെരൊ*എന്നും 'തെങ്ങിൻപൂക്കുല' എന്ന പദം *തൊങ്ങിൻകെലര്*[315], *തെങ്ങ്ന്റെ കൂമ്പ്*[316] എന്നും 'ചക്കക്കുരു' എന്ന പദം *ചക്ക്റ് , ചക്കക്ക്റ്*[317], *ചക്രിറ്*[318], *ചക്കോട്ട*[319] എന്നും 'പയർ' എന്ന പദം *പാറ്, പേറ്*[320], *പാര്*[321], *പേര്*[322], എന്നും 'പായൽ' എന്ന പദം *പൗറ്, പവ്റ്*[323], *പാഊറ്*[324], *പഊറ്*[325], *പാവൂറ്* എന്നും 'വെറ്റില' എന്ന പദം *ബെറ്റ്ല, വെത്തല*[326], *ബെത്തല*[327], *വെത്തില*[328], *വെറ്റ്ല്*[329], *വെറ്റല*[330], *ബെറ്റല*[331] എന്നിങ്ങനെ വ്യക്തിഭേദങ്ങൾക്കനുസരിച്ചും കുറിച്യസങ്കേതങ്ങൾക്കനുസ രിച്ചും ഉച്ചാരണഭേദങ്ങൾക്കനുസരിച്ചും വളരെ വ്യത്യസ്തമായി കുറിച്യഭാഷാഭേദപദങ്ങളായി ഉപയോഗിക്കുന്നു. ഇത്തരം ഭാഷാഭോദപദങ്ങൾ കുറിച്യഭാഷയെ വളരെ സജീവമായി നില നിർത്തുന്നു.

**വിലക്കുപദങ്ങൾ**

സഭ്യേതരമല്ലായെന്ന് സമൂഹം കരുതുന്ന പദങ്ങളെയാണ് വിലക്കുപദങ്ങൾ എന്നു പറ യുന്നത്. പേര് സൂചിപ്പിക്കുന്ന പോലെത്തന്നെ കുടുംബസദസ്സുകൾ, ഔപചാരിക ഇടങ്ങൾ, പൊതുവേദികൾ തുടങ്ങിയ പല ഇടങ്ങളിലും പൊതുസമൂഹം എങ്ങനെ വിലയിരുത്തുന്നുവെ ന്നതിന്റെ പേരിൽ ബോധപൂർവം നാം ഇത്തരം പദങ്ങൾ ഉപയോഗിക്കാറില്ല. എന്നാൽ അശ്ലീല പദങ്ങളായി പൊതുസമൂഹം മാറ്റിനിർത്തുന്ന പദങ്ങൾ ഭാഷയുടെ സ്വത്വത്തെയും ഘടനയെയും വിലയിരുത്തുന്നതിന് അടയാളപ്പെടുത്തി വയ്ക്കേണ്ടതുണ്ട്.

ശ്രീകണ്ഠേശ്വരം ജി.പത്മനാഭപിള്ളയുടെ ആദ്യത്തെ മലയാള നിഘണ്ടുവായ ശബ്ദതാ രാവലിയിൽ 'പുലയാടി' എന്ന പദത്തിനർഥം 'വ്യഭിചാരി(ണി)' എന്നാണ്. 'പുലയാടുക'എന്ന

തിന് വ്യഭിചരിക്കുക എന്നും, 'പുലയാട്ട്' എന്നതിന് വ്യഭിചാരം/വിഷയലമ്പടത്വം എന്നിങ്ങനെയുമാണ് അർത്ഥം നൽകിയിരിക്കുന്നത്. എന്നാൽ 'പുലയാടി' എന്ന പദം കുറിച്ച്യർക്കിടയിൽ,പ്രത്യേകിച്ചും പ്രായമേറിയ പുരുഷന്മാർക്കിടയിൽ, പ്രധാനമായും വളരെ സരസമായിട്ടാണ് ഉപയോഗിക്കുന്നത്. '*പൊലയാടി*' അല്ലെങ്കിൽ '*പെലയാടി*' എന്ന പദം പ്രായംകൂടിയ ആളുകൾക്കിടയിൽ വളരെ സജീവമായി പങ്കുവെയ്ക്കുമ്പോൾ തന്നെ നല്ലത് പറയുമ്പോൾ സ്നേഹത്തിന്റെ ഭാഷയിലാണ് ഈ പദം കൂടുതലായി സംവേദനം ചെയ്യപ്പെടുന്നത്. 'ഈ പൊലയാടി ബെറ്തെ പറയാ', 'ഈ പൊലയാടി പെണ്ണ് അങ്ങനങ്ങ് പോയൂടലന്നെ പറയാണ്ട്', തുടങ്ങി പരസ്പര ആശയ വിനിമയത്തിൽ സഭ്യമായി ഉപയോഗിക്കുന്ന പദമാണിത്. 'പുലയാടി' എന്ന പദം *പെലയാടി, പൊലയാടി, പലിയാടി* എന്നിങ്ങനെ കുറിച്ച്യർക്കിടയിൽ ഉച്ചരിച്ചുവരുന്നു. 'സമുദായത്തിൽ നിന്നും പുറത്തുപോയി വിവാഹം ചെയ്തവരെ'യാണ് പുലയാടി എന്ന പദംകൊണ്ട് അർത്ഥവത്താക്കുന്നത്[332]. ഏതെങ്കിലും തരത്തിൽ ജാതിയിൽ നിന്ന് പുറത്തുപോയാൽ 'ഓൻ പൊലയാടിപ്പോയി' എന്നു പറയുന്നു. 'പലിയാടി മാപ്പ്ള' , പലിയാടി' തുടങ്ങിയ വാക്കുകൾ എപ്പോഴാണ് കുറിച്ച്യർക്കിടയിൽ പറയാൻ തുടങ്ങിയതെന്നതിന് ഒരു ഐതീഹ്യമുണ്ട്.

വയനാട് കേളുമൂപ്പന്റെ രാജഭരണകാലത്ത് മൃഗങ്ങളുടെ ശല്യംകാരണം അസ്ത്രമെടുത്തു പെരുമാറാൻ കഴിയാത്തതുകൊണ്ട് 'തെക്കും പെരിമ്പറം' രാജാവിനോട് പത്ത് സൈന്യങ്ങളെ വിട്ടുകൊടുക്കണമെന്ന് വയനാട് കേളുമൂപ്പൻ ആവശ്യപ്പെട്ടു. രാജാവിന്റെ ആവശ്യപ്രകാരം 48 ആളുകളെ തെക്കുപെരിമ്പറം രാജാവ് വയനാട്ടിലേയ്ക്കയച്ചു. വയനാട്ടിലെത്തിയ അസ്ത്രവിദ്യയിൽ പ്രാവീണ്യരായ ഈ 48 ആളുകൾ വേട്ടചെയ്ത് വന്യമൃഗങ്ങളെ തോല്പിച്ച് രാജാവിന്റെ കൂടെ കൂടി. വൈകുന്നേരം കുളിച്ച് ഭക്ഷണം കഴിച്ച് പ്രാർത്ഥിച്ചുകൊണ്ടിരിക്കുന്ന 48 പുരുഷന്മാരിൽ നിന്ന് ഒരാളെ കേളുമൂപ്പന്റെ മകൾക്ക് ഇഷ്ടമായി. അയാളെ തെക്കുപെരിമ്പറത്തേക്ക് വിടാതിരിക്കാൻ അവൾ ഒരു സൂത്രം പ്രയോഗിച്ചു. കാര്യസ്ഥന്മാരോട് പറഞ്ഞ് മലക്ക് മുകളിൽ ഒരു വലിയ കല്ല് എടുത്തുവെച്ചു. രാത്രി എല്ലാവരും ഉറങ്ങുമ്പോൾ കുന്നിൻമുകളിൽ നിന്ന് കല്ല് തട്ടി താഴേക്കിടാനും ഏർപ്പാട് ചെയ്തു. കുന്നിൻ ചെരുവിൽ ഉറങ്ങുന്ന ഈ 48 പുരുഷന്മാർക്കിടയിലേക്ക് കാര്യസ്ഥന്മാരിലൊരാൾ കല്ല് തട്ടിത്തട്ടി ഉരുട്ടിക്കൊണ്ടു വന്നു. ശബ്ദംകേട്ട് ഉറക്കത്തിൽ നിന്നൊരാൾ എഴുന്നേറ്റ് നോക്കുമ്പോൾ കല്ല് വരുന്നത് കണ്ട് മാനാണെന്ന് കരുതി അമ്പെയ്തു. കല്ല് പൊടിയായിപ്പോയി. തോൽക്കാൻ തയ്യാറാവാതിരുന്ന മൂപ്പന്റെ മകൾ പിറ്റേന്ന് അവരുറങ്ങുമ്പോൾ എല്ലാവരുടെയും പുറത്ത് കാര്യസ്ഥനെക്കൊണ്ട് ചുണ്ണാമ്പ് തേപ്പിച്ചു. ചുണ്ണാമ്പ് തൊട്ട് കുറി വരക്കുകയാണ് ചെയ്തത്. മകളുടെ അഭ്യർത്ഥന പ്രകാരം പിറ്റേന്ന് തെക്കും പെരിമ്പറത്തേക്ക് പോകാൻ തയ്യാറായ 48 യുവാക്കളെയും രാജാവ് പിടിച്ചു നിർത്തി പരിശോധിച്ചു. പുറത്ത് വെളുത്ത കുറിവരച്ചവരെല്ലാം കുറിച്യരാണ്. അതുകൊണ്ട് കുന്നിറങ്ങാൻ പാടില്ലായെന്ന് മകൾ രാജാവിനെക്കൊണ്ട് ഉത്തരവിറക്കി. വയനാട്ടിലേക്ക് വരുമ്പോൾ കുറച്ച് സ്ത്രീകളെ മാത്രമേ അവർ കൂടെ കൂട്ടിയിരുന്നുള്ളൂ. എന്നാൽ മറ്റ് പുരുഷന്മാർക്ക് ഭാര്യമാരുണ്ടാവാൻ വേണ്ടി മറ്റ് സമുദായങ്ങളിൽ നിന്ന് വിവാഹം ചെയ്യേണ്ടി വന്നു. അന്യ സമുദായങ്ങളിൽ നിന്ന് വിവാഹം ചെയ്യേണ്ടി വന്നതിന്റെ പേരിലാണ് ആദ്യമായി '*പലിയാടു*' '*പലിയാടിമാപ്പ്ള*' എന്ന് കുറിച്യർക്കിടയിൽ പറയാൻ തുടങ്ങിയത്[333].

സാമുദായികപരമായി *ഒക്കാത്ത*[334] രീതിയിൽ പ്രവൃത്തികൾ ചെയ്തു പോയാൽ *പുലയാടിയായി*പ്പോകുന്നു എന്ന് പറയാറുണ്ട്. ചില കുറിച്യസങ്കേതങ്ങളിൽ പൊലയാടി എന്ന വാക്ക് ഒരു ശൈലിയായിട്ടാണ് ഉപയോഗിക്കുന്നത്. അത് അറിയാതെ സംഭാഷണത്തിൽ വന്നുപോകുന്നതാണ്. തമാശയായും കാര്യമായും മോശമായിട്ട് നടക്കുക, നല്ല കാര്യങ്ങൾ ചെയ്യുക തുടങ്ങി സന്ദർഭങ്ങൾക്കനുസരിച്ച് ഈ പദത്തിന്റെ അർത്ഥത്തിൽ മാറ്റം വരുന്നു. ചിലപ്പോൾ ഒരർത്ഥവും കല്പിക്കാതെയും ഈ പദം ഉപയോഗിച്ചു പോരുന്നു. 'പുലയാടിച്ചി' എന്ന പദവും ഇതേ രീതിയിൽ തന്നെയാണ് സംവേദനം ചെയ്യുന്നത്.

പണ്ട് കച്ചവട വസ്തുക്കളുമായി വർഷത്തിലൊരിക്കൽ വന്നുപോയിരുന്ന മുസ്ലീംപുരുഷന്മാരെ അഭിസംബോധന ചെയ്യാനും 'പലിയാടിമാപ്പ്ള' എന്ന പദം ഉപയോഗിച്ചിരുന്നു. ഒരു പക്ഷേ കച്ചവടവുമായി ബന്ധപ്പെട്ടായിരിക്കാം വയനാട്ടിൽ മുസ്ലീം കുടിയേറ്റവും നടന്നിരിക്കുക. മുസ്ലീങ്ങൾക്ക് പള്ളികൾ പണിയാൻ ആവശ്യമായ സ്ഥലം കൊടുത്തിരുന്നത് കുറിച്യരായിരുന്നു. മാത്രമല്ല പുറംലോകവുമായി ബന്ധപ്പെടാനുള്ള ഏകമാർഗവും കച്ചവടത്തിനു വരുന്ന മുസ്ലീം പൂരുഷന്മാർ മുഖേനയായിരുന്നു നടന്നിരുന്നത്. ''നോക്കി ഈ പലിയാടിമാപ്പ്ള'' തുടങ്ങി കുറിച്യർക്കിടയിൽ ഈ പദം വളരെ രസകരമായി വൈകാരികമായ സ്നേഹാംശം നിലനിർത്തിക്കൊണ്ടാണ് വിനിമയം ചെയ്യുന്നത്.

മാപ്പ്ള എന്ന പദം മുസ്ലീം ജാതിയെയും മുസ്ലീം പുരുഷന്മാരെയും അടയാളപ്പെടുത്താൻ ഉപയോഗിക്കുന്നതോടൊപ്പം തന്നെ കുറിച്യർക്കിടയിലെ പുരുഷന്മാരെ സാഹചര്യസംഭാഷണങ്ങളിൽ അഭിസംബോധന ചെയ്യാനും കളിയാക്കാനും ഉപയോഗിക്കുന്നുണ്ട്. 'ഈ മാപ്പ്ള എന്താ പണിയന്റെ കൂട്ട് കളിക്ക്ന്ന്', 'ഏയ് മാപ്പ്ളേ ഓട പോന്ത്[335]' തുടങ്ങി വളരെ സാധാരണയായി ഈ പദം ഉപയോഗിച്ചു വരുന്നു. അതേ സമയം ദേഷ്യം വന്നാൽ 'പലിയാടിമാപ്പ്ള' എന്ന പദവും ഉപയോഗിക്കുന്നുണ്ട്. അതുകൊണ്ടു തന്നെ സന്ദർഭങ്ങൾക്കനുസരിച്ച് ഈ പദം സംവേദനം ചെയ്യുന്ന അർത്ഥത്തിൽ വ്യത്യാസം വരുന്നുണ്ട്.

കെണിച്ചി എന്ന പദം ആണുങ്ങളെ കാണുമ്പോൾ കൊഞ്ചി നടക്കുന്ന പെണ്ണ് 'പഞ്ചാര അടിച്ച് നടക്കുന്ന പെണ്ണ്' 'കൊണിച്ച് കൊണിച്ച് കളിക്കുന്ന പെണ്ണ്' 'പുരുഷന്മാരെ കാണുമ്പോൾ മോഹിച്ച് നടക്കുന്ന പെണ്ണ്' എന്നീ അർത്ഥങ്ങളിലെല്ലാം സംവേദനം ചെയ്യപ്പെടുന്നു. 'പൊളിച്ചിക്കിറ്റി' എന്നും ഈ വാക്കിന് മറ്റൊരു പദമുണ്ട്. എന്നാൽ 'ചൂളച്ചി/ചോളിച്ചി/ചൂളൻ' എന്നീ പദങ്ങൾ വ്യഭിചാരം ചെയ്യുന്ന സ്ത്രീ, വ്യഭിചാരം ചെയ്യുന്ന പുരുഷൻ എന്നീ അർത്ഥങ്ങളിലാണ്ഉപയോഗിക്കുന്നത്. ചൂളമടിച്ച് ആരെയും കൂസാതെ സാമൂദായകമായ അച്ചടക്കത്തിന് എതിരെ വളരെ മോശമായി നടക്കുന്ന സ്ത്രീയാണ് 'ചൂളച്ചി/ചോളിച്ചി' എന്ന പദം കൊണ്ടർത്ഥമാക്കുന്നുത്. 'ചൂളൻ' എന്ന പദം ഇതേ അർത്ഥത്തിൽ പുരുഷന്മാരെ അടയാളപ്പെടുത്താൻ വേണ്ടിയും ഉപയോഗിക്കുന്നു.

കൂടാതെ ജാതിയിൽ നിന്ന് ഭ്രഷ്ടരാക്കുന്ന രീതിയിൽ പുരുഷനും സ്ത്രയും ലൈംഗികമായി ബന്ധപ്പെടുന്നതിനെ 'പേനക്കൂട്ട്' എന്ന പദമാണ് കുറിച്യഭാഷയിലുള്ളത്. 'പെണ്ണിനെ ആരുമറി യാതെ കട്ടതാണ് പേനക്കൂട്ട്. എന്നാൽ ഈ പേനക്കൂട്ട് തന്നെ രണ്ട് വിധത്തിലുണ്ട്.' മരിയാദി പേനക്കൂട്ട്' 'എരിയാദിപേനക്കൂട്ട്' എന്നിവയാണവ. ഇതിൽ ബഹുഭാര്യത്വം കുറിച്യർക്കിടയിൽ നിലനിൽക്കുന്നതുകൊണ്ട് സമുദായപരമായി വിവാഹം ചെയ്യാൻ പറ്റിയ ആളുമായി ലൈംഗികമായി ബന്ധപ്പെടുന്നതിനെയാണ് 'മരിയാദിപേനക്കൂട്ട്' എന്ന് പറയുന്നത്. ഇത്തര ത്തിൽ ലൈംഗികബന്ധം സംഭവിച്ചു പോയാൽ വിവാഹം കഴിച്ച് പാപമോചനം നേടാവുന്നതാ ണ്. ഈ 'മരിയാദിപേനക്കൂട്ട്' സംഭവിച്ച സ്ത്രീ ഏതെങ്കിലും കുലബന്ധത്തിലൂടെ സഹോദരി യായി വരുമോയെന്ന് പരിശോധിച്ചശേഷം മാത്രമേ കാരണവന്മാർ വിവാഹംചെയ്ത് കൊടുക്കു കയുള്ളൂ. എന്നാൽ ഈ 'എരിയാദിപേനക്കൂട്ട്' സാമുദായികപരമായി കുറിച്യർക്ക് ഒരു തര ത്തിലും അംഗീകരിക്കാൻ കഴിയാത്തതാണ്. കൂടാതെ തറവാട്ടിലെ കാരണവൻമാർ എല്ലാവരും ഒത്തൊരുമിച്ച് പരസ്യമായി 'എരിയാദിപേനക്കൂട്ട്' ചെയ്ത ആണും പെണ്ണും മരിച്ചു പോയെന്ന് സങ്കൽപ്പിച്ച് മരണകർമ്മങ്ങൾ ചെയ്ത് അവരെ ജാതിയിൽ നിന്ന് ഭ്രഷ്ടാക്കുന്നു. പിന്നീട് തന്റെ തറവാടുമായോ സമുദായവുമായോ യാതൊരു തരത്തിലുള്ള ബന്ധവും നിലനിൽക്കാതെ അവർ പുറത്താക്കപ്പെടുന്നു.

ഇങ്ങനെയുള്ള ലൈംഗികബന്ധം മാനസികസമ്മർദത്താലും പാപചിന്തയാലും കുടുംബ ത്തിൽ പല ശകുനങ്ങൾ ഉണ്ടാക്കുമെന്നും പലകവെച്ച് പണമിട്ട് പ്രശ്നം വെച്ചു നോക്കി ദൈവ ങ്ങളെ കൂട്ടിയാൽ ഇത്തരത്തിലുള്ള ബന്ധങ്ങൾ കണ്ടെത്താൻ സാധിക്കുമെന്നുള്ളതാണ് കുറി ച്യരുടെ വിശ്വാസം. അതുകൊണ്ടു തന്നെ സ്ത്രീകളോട് വളരെ ബഹുമാനപൂർവം ഇടപെടുന്ന വരാണ് കുറിച്യർ. ഇങ്ങനെ വിവാഹം കഴിക്കാൻ സാധിക്കാത്ത സ്ത്രീകളുമായി പ്രേമബന്ധം പോലും കുറിച്യർക്കിടയിൽ വളരെ വിരളമായി മാത്രമേ കാണാൻ സാധിക്കുകയുള്ളൂ.

പേനക്കൂട്ടിന് ശേഷം സംഭവിക്കുന്ന പൊതുവിചാരണയെയും ചോദ്യം ചെയ്യലുകളിൽ എല്ലാ രഹസ്യസമാഗമങ്ങളെയും പുറത്ത് പറഞ്ഞ് അഭിമാനക്ഷതം സംഭവിച്ച് ജാതിയിൽ നിന്ന് ഭ്രഷ്ടാവുന്ന അവസ്ഥയുടെ ഭീകരത അറിയാവുന്നതുകൊണ്ട് തന്നെ 'പേനക്കൂട്ട്' എന്ന പദം പോലും സഭ്യേതരമല്ലാത്ത രീതിയിൽ വളരെ ശബ്ദം താഴ്ത്തിയാണവർ ഉപയോഗിക്കുക. ഈ പദം പറയുമ്പോൾ തന്നെ സാമുദായികമായി പിന്തുടർന്നുപോരുന്ന അച്ചടക്കത്തിന്റെ പാലി ക്കൽ കാണാം. ജീവിതത്തിൽ വ്യക്തിനിഷ്ഠമായി പാലിച്ചുപോരുന്ന ഇത്തരത്തിലുള്ള അച്ചട ക്കത്തിൽ നിന്ന് കുറിച്യർക്കിടയിൽ പരസ്പര ബഹുമാനം സ്ത്രീപുരുഷന്മാർക്കിടയിൽ നില നിർത്താൻ സാധിക്കുന്നു.'ലച്ചണംകെട്ടത്[336]', 'ബലാല്[337]','ജന്തു' തുടങ്ങിയ പദങ്ങൾ കുറി ച്യർക്കിടയിൽ സഭ്യമല്ലാതെ ഉപയോഗിച്ചു വരുന്ന പദങ്ങളാണ്. സമകാലീന കുറിച്യജീവി തത്തിൽ 'കൊത്ത[338]' എന്ന പദം പുതിയ തലമുറകളിൽപ്പെട്ട കുട്ടികളോട് ''ആട കുത്ത്ന കൊത്ത്റ്ക്ക്'' എന്ന രീതിയിൽ സംവേദനം ചെയ്താൽ 'കൊത്ത്റ്ക്ക്''എന്ന പദം 'മൂത്രമൊ ഴിക്ക്[339]' എന്ന അർത്ഥത്തിലല്ലാതെ, അമ്മ പറയുന്നത് വല്ല ജീവിയുടെയും പേരാണ് എന്ന് കരു തുന്ന തരത്തിൽ തനത് പദങ്ങൾ കുറിച്യവീടുകളിൽ മാറ്റത്തിനു വിധേയമാകുന്നുണ്ട്. മാറുന്ന സാമൂഹിക സാഹചര്യങ്ങളും മുഖ്യധാരാ ഭാഷകളുടെ ഇടപെടലുകളുമായ് ഇത്തരത്തിൽ തന ത്പദങ്ങളെ ഇല്ലായ്മ ചെയ്യുന്നതെന്ന കാര്യത്തിൽ പ്രധാന പങ്ക് വഹിക്കുന്നത്.

**വാക്യങ്ങൾ**

വളരെ സാന്ദർഭികമായി ഭാഷഉരുത്തിരിയുമ്പോൾ നീളമുള്ള വാക്യങ്ങളെ വളരെ ചുരുക്കി ആരോഹണ അവരോഹണ ക്രമത്തിൽ ധൃതികൂട്ടി സംസാരിക്കുന്നവരാണ്കുറിച്യർ. രണ്ടക്ഷരംകൊണ്ട് തീരേണ്ടത് നാലക്ഷരമാക്കിയും നാലക്ഷരംകൊണ്ട് തീരേണ്ടത് രണ്ടക്ഷരമാക്കിയും പ്രത്യക ഈണത്തോടെ പറഞ്ഞ് പോകുന്നു. ഉദാഹരണമായി 'നീ എവിടെ പോകുന്നു' എന്നത് 'നീ ഓടപോന്ത്' എന്ന വാക്യത്തിൽ ചുരുങ്ങുന്നു. 'പെട്ടെന്ന്കഴിക്കൂ' എന്ന വാക്ക് 'മദ്മദ്തിന്ന' എന്ന ശൈലിയിൽ അവസാനിക്കുന്നു. 'എന്താണ് അവിടെ നിങ്ങൾചെയ്യുന്നത്'. എന്ന മലയാളവാക്യം 'എന്താക്ക്ന്ന് ആട്ന്ന്ങ്ങള്' എന്ന കുറിച്യഭാഷ പ്രയോഗത്തിൽസംവേദനം ചെയ്യപ്പെടുന്നു. ഇങ്ങനെ സ്വരശാസ്ത്രപരം (phonological), ശബ്ദകോശപരം (lexical), രൂപിമതലം (morphological), വാക്യഘടനാപരം (syntactic), വ്യാകരണതലം (gramatical) തുടങ്ങി ഭാഷാശാസ്ത്രപരമായ പ്രത്യേകതകൾ കുറിച്യഭാഷയ്ക്കുമുണ്ട്. കുറിച്യഭാഷയിലെ ചില വാക്യങ്ങൾ ചുവടെചേർക്കുന്നു.

നിന്റെ വീടോടെ – നിങ്ങളുടെ വീട് എവിടെയാണ്.

നിന്റെ പേരെത്തി – നിന്റെ പേരെന്താണ്.

നിന്റെ കെട്ട്യോന്റെ പേരെന്തി – നിന്റെ ഭർത്താവിന്റെ പേരെന്താണ്.

നിങ്ങക്കെത്ര കുട്ട്യോളുണ്ട് – നിങ്ങൾക്ക് എത്ര കുട്ടികളുണ്ട്.

**കടംകൊണ്ട പദങ്ങൾ**

കച്ചവടത്തിന് വേണ്ടിയും കുടിയേറ്റത്തിലൂടെയും വയനാട്ടിലെത്തിയ മലബാറിലെ മുസ്ലീങ്ങളുമായി കുറിച്യ ഭാഷ ബന്ധപ്പെട്ട് കിടക്കുന്നു. കച്ചവടാവശ്യങ്ങൾക്കെത്തിയിരുന്ന മുസ്ലീങ്ങൾക്ക് പള്ളി നിർമ്മിക്കാൻ വയനാട്ടിൽ പലയിടങ്ങളിലായി കുറിച്യർ സ്ഥലം കൊടുത്തിരുന്നു. ഇങ്ങനെ പരസ്പര സമ്പർക്കത്തിലൂടെ ഒട്ടേറെ ഭാഷാപദങ്ങൾ കുറിച്യഭാഷയിലേക്ക് കടംകൊണ്ടിട്ടുണ്ട്. അത്തരത്തിൽ കടംകൊണ്ട പദങ്ങൾ സംഗ്രഹിക്കുകയ് ചുവടെ.

**കടംകൊണ്ട ഭാഷാപദങ്ങൾ**

| | | |
|---|---|---|
| എനക്ക് | – | എനിക്ക് |
| ഒറക്കം | – | ഉറക്കം |
| ആട്ന്ന് | – | അവിടെ നിന്ന് |
| ആടെ | – | അവിടെ |
| ബെയിക്ക | – | കഴിക്കുക |
| ബമ്പത്തി | – | വമ്പത്തി |

| | | |
|---|---|---|
| സുയിപ്പാക്ക | – | ശല്യം ചെയ്യുക |
| ഓന് | – | അവൻ |
| ഓള് | – | അവൾ |
| പാഞ്ഞൂട്ട് | – | ഓടി |
| കീയ/കീഞ്ഞ് | – | ഇറങ്ങി |
| ബിതി | – | വിധി |
| ബഅ്സ് | – | ഭംഗി, ഗുണം |
| കിബ്റ് | – | അഹങ്കാരം |
| ബരിയ | – | വരിക |
| കൊണം | – | ഗുണം |
| ബലാല് | – | നീചൻ |
| ഓല് | – | അവർ |
| അയിനോട് | – | അതിനോട് |
| ഈറ്റിങ്ങള് | – | ഇവർ |
| ഒക്കാത്ത വാക്ക് | – | ശരിയല്ലാത്ത സംസാരം |
| പയ്പ്പ് | – | വിശപ്പ് |
| ഞാള് | – | ഞങ്ങൾ |
| ബന്ന് | – | വന്ന് |
| ബരിയ | – | വരിക |
| ബയി | – | വഴി |
| ചാച്ചി | – | വയസ്സായ സ്ത്രീ |
| പയം | – | പഴം |
| ചിക്ക | – | വിരിച്ചിടുക |
| കയ്ല് | – | തവി |
| ഈറ്റ | – | പിശുക്ക് |

അറബിഭാഷയുടെ വലിയ സ്വാധീനം മൂസ്ലീഭാഷക്കുള്ളപ്പോൾ 'തൃപ്തി' എന്ന് അർത്ഥം വരുന്ന 'ബഅ്സ്' എന്ന അറബിപദം 'ഭംഗി', 'ഗുണം' എന്നീ അർത്ഥങ്ങളിലാണ് കുറിച്യഭാഷയിൽ സംവേദനം ചെയ്യുന്നത്. ഉച്ചാരണ വ്യത്യാസങ്ങളോടെ 'കിബ്റ്'(അഹങ്കാരം) എന്ന അറബിപദവും കുറിച്യഭാഷയിൽ ഉപയോഗിക്കുന്നുണ്ട്. പ്രധാനമായും കുറിച്യഭാഷയിലെ വീരകഥാഗാനങ്ങളിലും, നാടൻപാട്ടുകളിലും മറ്റും ഒട്ടേറെ മലബാർ ഭാഷാപദങ്ങൾ കാണുന്നുണ്ട്[340]. പരസ്പരമുള്ള സമ്പർക്കത്തിലൂടെ കുറിച്യഭാഷയുടെ വ്യാപനം സാധ്യമാകുന്നു. ഇവിടെ രണ്ടോ അതിലേറെയോ ഭാഷകളുടെ കൂടികലർപ്പിൽ നിന്നുൽഭവിച്ച് മാതൃഭാഷയായി തീരുന്ന വെങ്കലഭാഷ (Creole) എന്ന രണ്ട് ഭാഷകളുടെ സംഗമമാണ് ഭാഷാശാസ്ത്രപരമായി കുറിച്യഭാഷയിൽ സംഭവിക്കുന്നത്.

**ഗ്രന്ഥ സൂചിക**


അജയൻ, എം.ജി. 2009. 'ഗോത്രതാളം'. സുൽത്താൻബത്തേരി. വെറ്റ്കോസ്വയനാട് പാരിസ്ഥിതിക ആദിവാസി ടൂറിസം സഹകരണസമിതി.

അയ്യപ്പൻ, എ, & മഹാദേവൻ, കെ. 1990. '*ഇക്കോളജി, ഇക്കണോമി, മാട്രിലീനി ആന്റ് ഫെർട്ടിലിറ്റി ഓഫ് കുറിച്യാസ്*', (ഇംഗ്ളീഷ്). ഡൽഹി. ഡിവിഷൻ ഓഫ് ഡി കെ പബ്ളിഷേഴ്സ് ഡിസ്ട്രിബ്യൂട്ടേഴ്സ് പ്രൈ. ലിമിറ്റഡ്.

ഉഷാ നമ്പൂതിരിപ്പാട്. 1996. 'സാമൂഹിക ഭാഷാവിജ്ഞാനം'. തിരുവനന്തപുരം. കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

കാർത്തികേയൻ, ഷൊർണ്ണൂർ. 1996. 'മധ്യകാല കേരള ഭാഷ'. തിരുവനന്തപുരം. കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

ചാക്കോ കണ്ണാട്ടുമോടി, സി. 1994. 'കുറിച്യരുടെലോകം'. തിരുവനന്തപുരം. കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

ജി.ഒ.കെ. 2011. 'റിസർച്ച് പബ്ലിക്കേഷൻ സീരീസ്' കോഴിക്കോട്. കിർടാഡ്സ്

ജ്യോതിനാഥവാര്യർ. 2015. 'മലയാളം പരീക്ഷാമിത്രം'. കോഴിക്കോട്. ഗീതാഞ്ജലിഓഫ്സെറ്റ് പ്രിന്റ്സ്.

ജോയി, സി.വി. 2017. 'വയനാട്ടിലെ ഗോത്രസമുദായങ്ങൾ: ജീവിതവും സംസ്കാരവും'. കോട്ടയം. സാഹിത്യ പ്രവർത്തക സഹകരണ സംഘം നാഷണൽ ബുക്ക്സ്റ്റാൾ.

തോമസ് പി, സീലിയ. 2011. 'കേരളത്തിലെ ആദിവാസി കലാപാരമ്പര്യം'. തിരുവനന്തപുരം. കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

ദാമോദരൻ, പി. നെട്ടൂർ. 1974. 'ആദിവാസികളുടെ കേരളം'. കോട്ടയം. ഇന്ത്യൻപ്രസ്സ്.

പത്മശ്രീ, ശശി എസ്.എസ്. 1995. '*ട്രൈബ്സ് ഓഫ് കേരള*', (ഇംഗ്ളീഷ്). അൻമോൾ പബ്ളിഷേഴ്സ് പ്രൈ. ലിമിറ്റഡ്.

പാനൂർ, കെ. 1963. 'കേരളത്തിലെ ആഫ്രിക്ക'. കോട്ടയം. നാഷണൽ ബുക്ക്സ്റ്റാൾ.

പ്രദീപ്, കുമാർ കെ.എസ്. 2018. '*ട്രൈബൽ ആർട്ട് ആന്റ് സൊസൈറ്റി – ചാലഞ്ചസ് ആന്റ് പേഴ്സ്പെക്റ്റീവ്സ്*', (ഇംഗ്ളീഷ്). കോഴിക്കോട്. കിർടാഡ്സ്.

പ്രഭാകരവാരിയർ, കെ.എം. 2013. 'ഭാഷാശാസ്ത്ര വിവേകം'. വള്ളത്തോൾ വിദ്യാപീഠം. നാഷണൽ ബുക്ക്സ്റ്റാൾ.

പ്രഭാകരവാരിയർ, കെ.എം, 1999. 'ഭാഷാവലോകനം'. വള്ളത്തോൾ വിദ്യാപീഠം.

പ്രബോധചന്ദ്രൻ നായർ, വി. ആർ. 2009. 'ഭാഷാശാസ്ത്ര ദൃഷ്ടിയിലൂടെ'. തിരുവനന്തപുരം. കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്

പ്രബോധചന്ദ്രൻ നായർ, വി. ആർ. 2012. 'ഭാഷാശാസ്ത്ര നിഘണ്ടു'. തിരുവനന്തപുരം. കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

ഫിലോമിന, കെ.പി. 2007. 'ഉത്തര കേരളത്തിലെ വേട്ടുവർ'. തിരുവനന്തപുരം. കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

ബിന്ദു, എസ്. 2012. 'ഡിഷ്ണറി ഓഫ് ട്രൈബൽ ലാംഗ്വേജസ്, വാല്യം-1'. കോഴിക്കോട്. കിർടാഡ്സ്

ബിജുകെ, വെള്ളനാട്. 2017. 'മെറിഡിയൻസ് മലയാളം മാസ്റ്റർ'. തിരുവല്ല. മെറിഡിയൻ പബ്ലിഷേഴ്സ്.

മുരളി കവിയൂർ. 1997. 'ദലിത് ഭാഷാപഠനം'. കറന്റ് ബുക്ക്സ്, കോട്ടയം.

മാധവമേനോൻ, റ്റി. 1996. '*എൻസൈക്ക്ളോപീഡിയ ഓഫ് ദ്രവീഡിയൻ ട്രൈബ്സ്*', (ഇംഗ്ളീഷ്). തിരുവനന്തപുരം. ഇന്റർനാഷണൽ സ്ക്കൂൾ ഓഫ് ദ്രവീഡിയൻ ലിഗ്വിസ്റ്റിക്സ്.

മാതിരപ്പള്ളി, മനോജ്. 2013. 'കേരളത്തിലെ ആദിവാസികൾ: കലയും സംസ്കാരവും'. കോട്ടയം. ഡി.സി. ബുക്സ്.

മിനി, പി.വി. 2015. 'ഗോത്ര ജീവിതം: മായുന്ന വംശീയമുദ്രകൾ'. തിരുവനന്തപുരം. കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

ലൂയിസ്, എ.എ.ഡി. 1962. '*ട്രൈബ്സ് ഓഫ് കേരള*' (ഇംഗ്ളീഷ്). ന്യൂ ഡൽഹി. ഭാരതീയ ആദിംജാതി സേവക് സംഘ്.

വയലേരി, കുമാരൻ. 2007. 'ആദിവാസി പുരാവൃത്തം'. കോട്ടയം. ഡിസി ബുക്ക്സ്

വയലേരി, കുമാരൻ. 1996. 'കുറിച്യരുടെ ജീവിതവും സംസ്കാരവും'. കറന്റ് ബുക്സ്. കോട്ടയം.

വേലപ്പൻ, കെ. 'ആദിവാസികളും ആദിവാസി ഭാഷകളും'. തിരുവനന്തപുരം. കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

ശ്യാം, എസ്.കെ. 2017. '*ബെട്ട* (വെട്ടം)-പണിയ ഭാഷാപഠന സഹായി'. കോഴിക്കോട്. കിർടാഡ്സ്

ശ്യാം, എസ്.കെ. 2016. 'ഗോത്ര ഭാഷകളും പണിയൻ ഭാഷയ്ക്ക് ലിപി തയ്യാറാക്കലും'. കോഴിക്കോട്. കിർടാഡ്സ്

ശ്യാമ, സി.ജെ. 'ഗ്രാമർ ഓഫ് കുറിച്യ ലാംഗ്വേജ്'. കോഴിക്കോട്. കിർടാഡ്സ്

സിങ്ങ്, കെ.എസ്. 1994. '*ദി ഷെഡ്യൂൾഡ് ട്രൈബ്സ്*'. (ഇംഗ്ളീഷ്). കൽക്കട്ട. ഓക്സ്ഫോർഡ് യൂണിവേഴ്സിറ്റി പ്രെസ്.

## അനുബന്ധം I

### കുറിച്യ പദങ്ങൾ – ഒരു താരതമ്യപഠനം

കിർടാഡ്സ് വകുപ്പിൽ നടന്ന പൂർവ്വപഠനങ്ങളിൽ കാണുന്ന ചില കുറിച്യപദങ്ങളും പഠനത്തിന്റെ ഭാഗമായി നടത്തിയ വിവരശേഖരണപഠനത്തിൽ നിന്നും ലഭിച്ച ചില കുറിച്യപദങ്ങളും തമ്മിൽ ഒരു താരതമ്യപഠനം.

| പൂർവ്വ പഠന പദങ്ങൾ | | 2018–ലെ വിവരശേഖരണത്തിൽ നിന്നും ലഭിച്ച പദങ്ങൾ | |
|---|---|---|---|
| കുറിച്യപദം | മലയാളപദം | കുറിച്യപദം | മലയാളപദം |
| അക്കൻ | ചേച്ചി | അക്ക | സഹോദരി |
| അങ്ങനെ | അങ്ങനെ | അങ്ങനെ | അങ്ങനെ |
| അച്ചൻ | അച്ഛൻ | അച്ചൻ | അച്ഛൻ |
| അച്ചി | ഒച്ച് | അച്ച്ള് | ഒച്ച് |
| അടുക്കത്ത് | അടുക്കള | അട്ക്കാത്ത് | അടുക്കള |
| അട്ട | അട്ട | അട്ട/പുഅ്അ് | അട്ട |
| അത് | അത് | അത് | അത് |
| അന്തി | വൈകുന്നേരം | വയ്ന്നേരം/ബയ്ന്നേരം | വൈകുന്നേരം |
| അന്ന് | ആ ദിവസം | അന്ന് | ആ ദിവസം |
| അപ്പവിരല് | തള്ളവിരൽ | അപ്പബെരള് | തള്ളവിരൽ |
| അമ്മ | അമ്മ | അമ്മ | അമ്മ |
| അളേമ്മ | രണ്ടാനമ്മ | അളാമ്മ | രണ്ടാനമ്മ |
| ആകാചം | ആകാശം | ആകായം | ആകാശം |
| ആട് | ആട് | ആട് | ആട് |
| ആട്ടാല | ആട്ടിൻകൂട് | ആട്ടാല | ആട്ടിൻകൂട് |
| ആണ് | പുരുഷൻ | ആണ്ങ്ങള് | പുരുഷൻ |
| ആന | ആന | ആന | ആന |
| ആയം | ആഴം | ആയം | ആഴം |
| ആയിലെ | രാവിലെ | ദാഅ്ലെ/ദാഇലെ | രാവിലെ |
| ആര് | ആര് | ആറ് | ആര് |
| ആല | തൊഴുത്ത് | ആല | തൊഴുത്ത് |
| ഇങ്ങാട്ട് | ഇങ്ങോട്ട് | ഇങ്ങാട്ട് | ഇങ്ങോട്ട് |
| ഇങ്ങന | ഇങ്ങനെ | ഇങ്ങന | ഇങ്ങനെ |

| | | | |
|---|---|---|---|
| ഇച്ച | ഉച്ച | ഇച്ച | ഉച്ച |
| ഇടി | ഇടി | ഇടി | ഇടി |
| ഇട്ടം | ഇഷ്ടം | ഇട്ടം | ഇഷ്ടം |
| ഇനി | വീണ്ടും | ഇനി | വീണ്ടും |
| ഇന്ന് | ഇന്ന് | ന്ന് | ഇന്ന് |
| ഇപ്പോ | ഇപ്പോൾ | ഇപ്പം | ഇപ്പോൾ |
| ഇരേലി | ഈരോലി | ഈരിയേലി | ഈരോലി |
| ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| ഇറച്ചി | ഇറച്ചി | എറ്ച്ചി | ഇറച്ചി |
| ഇറുമ്പ് | ഇരുമ്പ് | ഇറ്മ്പ് | ഉറുമ്പ് |
| ഈച്ചരൻ | ദൈവം | തമ്പായി | ദൈവം |
| ഉടാ | ഇവിടെ | ഊട | ഇവിടെ |
| ഉന്ത് | ഉന്തുക | ഉന്ത്ന്ത് | ഉന്തുക |
| ഉമ്മി | ഉമി | ഉമ്മി | ഉമി |
| ഉറുമാൻകായ് | പേരക്ക | ഉറുമാങ്കായ് | പേരക്ക |
| ഉള്ക്ക് | ഉളുക്ക് | ഉള്ക്ക്/എള്ക്ക്/കള്ക്ക് | ഉളുക്ക് |
| ഉള്ക്കൊട്ടൻ | വേഴാമ്പൽ | ഉള്ളിക്കുട്ടൻ | വേഴാമ്പൽ |
| ഉറക്കമുള്ള് | തൊട്ടാവാടി | ഒറ്ക്ക്മുള്ള് | തൊട്ടാവാടി |
| ഉറായൻ | എട്ടുകാലി | ഉറായൻ | എട്ടുകാലി |
| ഊട | ഇവിടെ | ഊട | ഇവിടെ |
| ഊട്ന്ന് | ഇവിടെനിന്ന് | ഊട്ന്ന് | ഇവിടെനിന്ന് |
| എക് | എനിക്ക് | എക്ക് | എനിക്ക് |
| എങ്ങനെ | എങ്ങനെ | എങ്ങനെ | എങ്ങനെ |
| എപ്പം | എപ്പോൾ | എപ്പം | എപ്പോൾ |
| എച്ച | ഒച്ച | എച്ച | ഒച്ച |
| എത്തി | എത്തിച്ചേർന്നു | എത്തി | എത്തിച്ചേർന്നു |
| എന്ന | എന്റെ | എന്ന | എന്റെ |
| എയ്ത്ത് | അമ്പെയ്ത്ത് | എയ്ത്ത് | അമ്പെയ്ത്ത് |
| എര | മണ്ണിര | എറ | മണ്ണിര/വിര |
| എരി | ഒന്ന് | എര് | ഒരു |
| എരിദിവസം | ഒരു പ്രാവശ്യം | എര്തേദം | ഒരു ദിവസം |
| എര്ന്ത് | കാളക്കുട്ടി | എറ്ത്/എര്ത് | കാള/കാളക്കുട്ടി |
| എല | ഇല | എല | ഇല |
| എല്പന്ന് | കഴുകുക | എല്മ്പ | കഴുകുക |

| | | | |
|---|---|---|---|
| എല്ലറം | എല്ലാപേരും | എല്ലാറും | എല്ലാവരും |
| എറക്കോട് | മാറ്റപ്പുര | എരക്കോട്/എർക്കോട് | തീണ്ടാരിപ്പുര |
| എറപ്പക | വീടിന്റെ പിൻവശം | എറ്പ്പക്ക, വയിപ്പൊറ്ക്ക | വീടന്റെ പിൻവശം |
| എറ് | ചിറക് | എറ്/ചെറ് /ചെറക് | ചിറക് |
| എറുമെ | എരുമ | എറുമ | എരുമ |
| ഏടാതി | രണ്ടാം ഭാര്യ | എളയടി | രണ്ടാം ഭാര്യ |
| ഏട്ത്തി | ചേട്ടത്തി | ഏട്ത്തി | ചേച്ചി |
| ഏട് | ഏത് | ഏത് | ഏത് |
| ഏലക്കായ് | ഏലക്കായ | ഏലക്കായ് | ഏലക്കായ |
| ഏറ് | കാള | എര്ത്/എറ്ത് | കാള/മൂരി |
| ഒക്ക | മെതിക്കുക | ഒക്കൽ | മെതിക്കുക |
| ഒടക്കാരത്തി | തലവന്റെ ഭാര്യ | ഓടയ്ക്കാരത്തി/ കാനത്തി | തലവന്റെ ഭാര്യ |
| ഒന്ന് | ഒന്ന് | ഒന്ന് | ഒന്ന് |
| ഓക്ക് | അവൾക്ക് | ഓക്ക്/ഓൾക്ക് | അവൾക്ക് |
| ഓടെ | അവളുടെ | ഓടെ | അവളുടെ |
| ഓന്ന് | അവന് | ഓന് | അവന് |
| കാട്ടോയി | കാട്ടുകോഴി | കാട്ടോയി | കാട്ടുകോഴി |
| കായ്മരം | പേരമരം | കായ്മരം | പേരമരം |
| കാൽവേനെ | കാലുവേദന | കാല്വേന | കാലുവേദന |
| കാറ്ന്ന് | ശർദ്ദിക്കുക | കാറല് | ശർദ്ദി |
| കിഞ്ഞാളെ | അനുജൻ | കിഞ്ഞാളൻ | അനുജൻ |
| കിയിക്ക് | കുഴിക്കുക | കീക്ക | കുഴിക്കുക |
| കില്ങ്ങ് | കുലുങ്ങുക | കില്ങ്ങ | കുലുങ്ങുക |
| കീയു | ഇറങ്ങുക | കീയ | ഇറങ്ങുക |
| കീഞ്ഞി | ഇറങ്ങി | കീഞ്ഞ് | ഇറങ്ങി |
| കുടിക്ക്ന്ന് | കുടിക്കുക | കുടിക്ക്ന്ന് | കുടിക്കുക |
| കുട്ടി | കുഞ്ഞ് | കുട്ടി | കുഞ്ഞ് |
| കുട്ട്യള് | കുട്ടികൾ | കുട്ട്യാള് | കുട്ടികൾ |
| കുത്തിക്ക് | ഇരിക്കുക | കുത്തിക്ക | ഇരിക്കുക |
| കുന്ന് | കുന്ന് | കുന്ന് | കുന്ന് |
| ഓള് | അവൾ | ഓള് | അവൾ |
| കടല് | കടൽ | കടല് | കടൽ |
| കടുക്ക | പുരുഷൻ ധരി ക്കുന്ന കമ്മൽ | കട്ക്കൻ/കട്ക്ക് | പുരുഷൻ ധരിക്കുന്ന കമ്മൽ |

| | | | |
|---|---|---|---|
| കണ്ടം | നെല്പാടം | കണ്ടെ | നെല്പാടം/വയൽ |
| കണ്ടി | സ്ഥലം/ഭൂമി | കണ്ടി | സ്ഥലം/ഭൂമി |
| കണ്ണീന്റെ കുട്ടി | കൃഷ്ണമണി | കണ്ണില്കുട്ടി | കൃഷ്ണമണി |
| കണ്ണ് | കണ്ണ് | കണ്ണ് | കണ്ണ് |
| കറി | കറി | കരി | കറി |
| കത്തി | കത്തി | കത്തി | കത്തി |
| കപ്പലണ്ഡി കായി | കശുവണ്ടി | കപ്പലണ്ടി /അണ്ടി പ്പൊറ്ത്ത മാങ്ങ | കശുവണ്ടി |
| കയില് | തവി | കയില് | തവി |
| കവുത്തു | കഴുത്ത് | കെരള് | കഴുത്ത് |
| കള്ളൻ | കള്ളൻ | കള്ളൻ/കക്കാളി | കള്ളൻ |
| കറ്മ്പ് | കരിമ്പ് | കറ്മ്പ്/കര്മ്പ് | കരിമ്പ് |
| കുന്നിന്മോള് | കുന്നിൻമുകൾ | തേറ്മ്മൽ | കുന്നിൻമുകൾ |
| കുപ്പാണത്തി | ചെമ്പോത്ത് | കുപ്പാണൻ, കുപ്പാ ണത്തി | ചെമ്പോത്ത് |
| കുമ്മായം | കൂൺ | കുമ്മായം | കൂൺ |
| കൂന്ന് | ചക്കക്കൂഞ്ഞ് | കൂഞ്ഞി | ചക്കക്കൂഞ്ഞ് |
| കൂമൻ | കൂമൻ | കൂമൻ | മൂങ്ങ |
| കെച്ച | കൊക്ക് | കെച്ച | കൊക്ക് |
| കെട്ടിയോള് | ഭാര്യ | കെട്ട്യോള് | ഭാര്യ |
| കെറയ | കരയുക | കെരയ | കരയുക |
| കേക്ക് | കിഴക്ക് | കേക്ക് | കിഴക്ക് |
| കേങ്ങ് | കിഴങ്ങ് | കേങ്ങ് | കിഴങ്ങ് |
| കേയ്ത്ത് | കൊയ്ത്ത് | കെയ്ത്ത് | കൊയ്ത്ത് |
| കേരല് | കഴുത്ത് | കെരള് | കഴുത്ത് |
| കൊടല് | കുടൽ | കൊടല് | കുടൽ |
| ടകാണം | രുചി | കൊണം | രുചി/ഗുണം |
| കൊത്ത | മൂത്രം | കൊത്ത | മൂത്രം |
| കൊത്ത്ള് | ചുണ്ട് | കൊത്ത്ള് | ചുണ്ട് |
| കൊമ്പൻ | മുയൽ | കൊമ്പെൻ | മുയൽ |
| കൊമ്പട്ടി | ചെറുജീവി | കൊമ്പട്ടി, കൊമ്പിട്ടി | ചെറുജീവി/പ്രാണി |
| കോടമയ | പെരുമഴ | ബല്യമായ | പെരുമഴ |
| ഠകാണി | കോണിപ്പടി | കോണി | കോണിപ്പടി |
| ഠകായി | പിടക്കോഴി | കോയി | കോഴി |
| ക്രുസ്ത്യാനി | കൃസ്ത്യാനി | കിർത്യാനി | ക്രിസ്ത്യാനി |

| | | | |
|---|---|---|---|
| ഗറപ്പം | ഗർഭം | കെർപ്പം | ഗർഭം |
| ചക്കപീല് | ചക്കചകിണി | ചക്കപ്പീലി | ചക്കചവിണി |
| ചത്തോയി | ചത്തു | ചത്തത് | ചത്തു |
| ചദാവരി | ശതാവരി | ചദാവരി | ശതാവരി |
| ചമ്പ് | കുറച്ച് | ചമ്പ് | കുറച്ച് |
| ചിരിണ്ടമുടി | ചുരുണ്ടമുടി | ചിരിളിമുടി | ചുരുണ്ടമുടി |
| ചിറാപ്പ് | ജലദോഷം | ചിറാപ്പ്/കുമ്പാത്തം | ജലദോഷം |
| ചെതൽ | ചിതൽ | ചെതല് | ചിതൽ |
| ചെമറ് | ചുമര് | ചൊമറ് | ചുമര് |
| ചെവിട് | ചെവി | ചേട്/ചെഅ്ട് | ചെവി |
| ടചറ | ചിറ / കുളം | ചെറ | കുളം |
| ടചള്ളി | ചെമ്മീൻ | ചെള്ളി | ചെമ്മീൻ |
| ടചാടി | ദേഷ്യം | ചൊടി | ദേഷ്യം |
| ഞാമ | ആമ | ഞാമ | ആമ |
| ടഞല്ല് | നെല്ല് | ഞെല്ല് | നെല്ല് |
| ഞെല്ലിക്കായ് | നെല്ലിക്ക | ഞെല്ലിക്ക | നെല്ലിക്ക |
| തക്ക് | അടിക്കുക | തക്ക | അടിക്കുക |
| തഡീയമ്മ | അച്ഛന്റെ അമ്മ | തടിയമ്മ | അച്ഛന്റെ അമ്മ |
| തത്ത്യം | സത്യം | തത്ത്യം | സത്യം |
| തട്ടാൻ | തട്ടാൻ | തട്ടായെൻ | തട്ടാൻ |
| തന്തോയം | സന്തോഷം | തന്തോയം | സന്തോഷം |
| തമ്പായിഅകം | പൂജാമുറി | തമ്പായിഅകം | പൂജാമുറി |
| തലനാര് | തലമുടി | തലനാര്/തലനേറ് | തലമുടി |
| തറവാട് | തറവാട് | മിറ്റം | തറവാട്/കുറിച്യവീട് |
| തുമ്പ | തുമ്പ (ആയുർവേദ ചെടി) | തുമ്പ | ആയുർവേദചെടി/ നെല്ല്സൂക്ഷിക്കാൻ ഓടകൊണ്ട് നിർമ്മിച്ച കുട്ട |
| തൂവൽ | തൂവൽ | തുവല് | തൂവൽ |
| ടതര | തിര | തെര | തിര |
| തൊകല്ല | അസുഖം | തൊകല്ല | സുഖമില്ല |
| ദാഗ്ഗ് | രാത്രി | ദാഅ്/ ദാഗ്/ ദാവ് | രാത്രി |
| നഗെം | നഖം | നകം | നഖം |
| നഡു | മധ്യം/നടു | നട്,/നടു | മധ്യഭാഗം |
| നണ്ഡ് | രണ്ട് | നണ്ട് | രണ്ട് |

| | | | |
|---|---|---|---|
| നായ് | പട്ടി/നായ | നായ് | നായ |
| നിലാവ് | ചന്ദ്രൻ | നിലാവ് | ചന്ദ്രൻ |
| നിലാവ്കെറണം | ചന്ദ്രഗ്രഹണം | നിലാവ്കെറണം | ചന്ദ്രഗ്രഹണം |
| നീല് | അരഞ്ഞാണം | നീല് | നൂല്/ അരഞ്ഞാണം |
| നുമ്പില് | മുമ്പില് | നുമ്പാകം | വീടിന്റെ മുൻവശം |
| നെകൽ | പിശാച് | നെകല് | മുനി (പുരുഷൻ) |
| നെലം | ഭൂമി/നിലം | നെലം | നിലം |
| നേരം | സമയം | നേരം | സൂര്യൻ /സമയം |
| നൊമ്പല്ലം | പ്രസവവേദന | നൊമ്പലം | പ്രസവവേദന |
| പയ് | പശു | പയ്യ് | പശു |
| പാപ്പൻ | രണ്ടാനച്ഛൻ | പാപ്പെൻ | അച്ഛന്റെ ഇളയ സഹോദരൻ |
| പിടിച്ചികോയി | പിടക്കോഴി | പെടച്ചിക്കോയി | പിടക്കോഴി |
| പിരാന്തൻ | ഭ്രാന്തൻ | പിരാന്തൻ | ഭ്രാന്തൻ |
| പിലാവ് | പ്ലാവ് | പിലാവ്/പിലാഞ്, | പ്ലാവ് |
| പില്ല് | പുല്ല് | പിലാക്/പില്ല് | പുല്ല് |
| പില്ല്കിറ്റി | വൈക്കോൽപന്തൽ | പില്ല്ക്കിറ്റി | വൈക്കോൽക്കൂന |
| പുക്ക് | പുസ്തകം | ബുക്ക് | പുസ്തകം |
| പുലി | പുലി | പിലി | പുലി |
| പുള്ള് | പക്ഷി | പുള്ള് | പക്ഷി |
| പെണ്ണ് | സ്ത്രീ | പെണ്ണ് /പെണ്ണ്ങ്ങള് | സ്ത്രീ |
| പെല്ല് | പല്ല് | പെല്ല് | പല്ല് |
| പേയ | പുഴ | പേയ | പുഴ |
| പേറ് | പയറ് | പാറ് | പയർ |
| ബയി | വഴി | ബയി/വയി | വഴി |
| ബരിക്കൻചക്ക | വരിക്കചക്ക | ബരിക്കചക്ക | വരിക്കചക്ക |
| ബല്യവട്ടി | കുടവയറ് | കൊടവട്ടി | കുടവയർ |
| ബില്ലു | വില്ല് | ബില്ല് | വില്ല് |
| ബെരല് | വിരൽ | ബെറള്/വെരല് | വിരൽ |
| ബെത്തല | വെറ്റില | ബെറ്റല | വെറ്റില |
| ബൊള്ളം | വെള്ളം | വൊള്ളം /ബൊള്ളം | വെള്ളം |
| ബൊള്ളച്ചാട്ടം | വെള്ളച്ചാട്ടം | ബൊള്ളച്ചാട്ടം | വെള്ളച്ചാട്ടം |
| മച്ചനൻ | അളിയൻ | മച്ചിനൻ/മച്ചുനൻ | അളിയൻ |
| മണ്ണൻ | മുതല | മണ്ണൻ/മൊദല | മുതല |

| | | | |
|---|---|---|---|
| അയ | മഴ | മായ | മഴ |
| മാക്കാറ് | മേഘം | മാക്കാറ്/മായക്കാറ് | മഴമേഘം |
| ആള് | മകൾ | മാള് | മകൾ |
| അിളി | വരമ്പ് | മിളി/മുളി | വരമ്പ് |
| ആൂയി | വെള്ളപ്പൊക്കം | മൂയി | വെള്ളപ്പൊക്കം |
| ടമല | മുല | മെല | മുല |
| മെറുന്ന് | മരുന്ന് | മെറുന്ന് | മരുന്ന് |
| ഠമര് | മോര് | മേര് | മോര് /തൈര് |
| ഠമള് | കുരുമുളക് | മെള് | കുരുമുളക് |
| വട്ടി | വയർ | വട്ടി | വയർ |
| വണ്ണൻ | അലക്കുകാരൻ | ബണ്ണാമാര് | അലക്കുകാരൻ |
| വർത്താനം | സംസാരം | വർത്താനം | സംസാരം |
| ഒളം | ചാണകം | വളം | ചാണകം |
| ഓതില് | വവ്വാൽ | വാദല്/വാവല് | വവ്വാൽ |
| വാൾച്ച | മിന്നൽ | വാൾച്ച/വാള്ച്ച/വാളിച്ച | മിന്നൽ |
| ഓയു | കാറ്റ് | വായു/കാറ്റ് | കാറ്റ് |
| ഓയ് | വായ | വായി /ബായ് | വായ |
| വെട്ടം | വെളിച്ചം | ബൊളിച്ചൊം/ബൊളിച്ചം | വെളിച്ചം |
| വെള്ളൂല്ല | മലയണ്ണാൻ | വെള്ളൂല് | മലയണ്ണാൻ |
| വേന | വേദന | വേന/നൊഅഅല് | വേദന |
| വായ്നേരം | വൈകുന്നേരം | ബയ്ന്നേരം/വയ്ന്നേരം | വൈകുന്നേരം |
| വൈറ്റാട്ടി | വയറ്റാട്ടി | വേറ്റിച്ചി /പേറ്റിച്ചി | |
| വട്ടിനോവ് | വയറുവേദന | വട്ടിനോവ/ ബേറ്വേന/ വേറ്വേന | വയറുവേദന |

## അനുബന്ധം II

## കുറിച്യ ഭാഷ വാക്യങ്ങൾ

1. ഇതേതുമാസോം – ഇത്ഏത്മാസം?
2. ദാഅ്ലെകഞ്ഞിതിന്നാ – രാത്രികഞ്ഞികുടിച്ചോ?
3. നീ പയ്യിനെ കൂട്ട്യോ – നീ പശുവിനെ തൊഴുത്തിൽകെട്ടിയോ?
4. നിന്നച്ചൻ മിറ്റത്ത്ണ്ടാ – നിന്റെ അച്ഛൻ വീട്ടിലുണ്ടോ?
5. അക്കരപോയ്മേച്ച്വാട്ട് – അക്കരപോയിവാങ്ങിവരട്ടെ
6. നീ വന്നാ – നീ വരുന്നോ
7. ചേർമ്മൽ കുത്തിക്ക – തിണ്ണയിലിരിക്കൂ
8. ബേം പോയിമേട്ച്ച്ട്ട്വെരാം – വേഗം പോയിവാങ്ങിവരാം
9. ബേം പോയിട്ട് ബരാല്ലോ–വേഗം പോയിവരാം
10. ചമ്പ് ബയ്യോട്ട് നിന്നോളീ – ഇത്തിരി പുറകിലേക്ക്മാറി നിൽക്കൂ
11. ഈറ്റിങ്ങക്ക് ബേണ്ടത് പറഞ്ഞോട്ക്കി – ഇവർക്ക്വേണ്ടത് പറഞ്ഞ്കൊടുക്കൂ
12. ഞാൻ വയ്ന്നേരം ബരിയാ – ഞാൻ വൈകുന്നേരംവരാം
13. സുഖണ്ടാ – സുഖമുണ്ടോ?
14. പെര്ത്തൊന്നൂല്ല – ഒരുപാടില്ല
15. അച്ഛൻ എന്നോട്ഒരുകാരിയം പറഞ്ഞ്ന് – അച്ഛൻ എന്നോട്ഒരുകാര്യ പറഞ്ഞു.
16. നിങ്ങടവീട്ടിൽആറെല്ലാണ്ട്? – നിങ്ങളുടെവീട്ടിൽആരൊക്കെയുണ്ട്.
17. ഓട പോന്ത് പിള്ളേറെ – എവിടെ പോകുന്നുകുട്ടികളെ?
18. എക്ക്സൊകല്ല – എനിക്ക്സുഖമില്ല
19. സുയിപ്പാക്കരുത് – ശല്യപ്പെടുത്തരുത്
20. ഓളെന്നെ ചോദ്യംചോയ്ച്ച് ബല്ലാതെകുടുക്കിക്കളഞ്ഞില്ലേ–അവളെന്നോട്ചോദ്യംചോദിച്ച്വല്ലാതെ ബുദ്ധിമുട്ടിച്ചു.
21. നീ ഓടപ്പോണ് – നീ എവിടെ പോകുന്നു.
22. എന്ത്യേമാളേ – എന്താണ്മകളേ
23. നൊണച്ച്കുത്തിര്ന്നാ – കൊതിയോടെകാത്തിരുന്നോ
24. പീട്യേല് ബരീന്ന് പറഞ്ഞ് – കടയിൽ വരാൻ പറഞ്ഞു
25. അഅ്ത്ത്ന്ന് പൊറത്ത് പോകും – അകത്തു നിന്ന് പുറത്തേക്ക് പോകും
26. ഓൻ ഒറങ്ങ്ന്നാ – അവൻ ഉറങ്ങുകയാണോ?
27. എന്തോയോ പറഞ്ഞീനി – എന്താണ് പറഞ്ഞിരുന്നത്?
28. ഒങ്കോട്ട് പോണത് – അങ്ങോട്ടാണ് പോകുന്നത്
29. ഓന് നായിനെ ബയ്യത്തിക്കൂട്ടി – അവൻ നായയെഓടിപ്പിച്ചുവിട്ടു.
30. ഞേല്മറത്തിന്അടിയില് ബരി – ഞാവൽമരത്തിന്റെചുവട്ടിൽവരൂ.
31. എന്ന ബാശ കുറിച്യബാശ – എന്റെ ഭാഷ കുറിച്യൻ ഭാഷയാണ്.

32. എല്ലാറും ചേർന്ന് ചെറതെഅ – എല്ലാവരുംചേർന്ന്കുളംവൃത്തിയാക്കി
33. കുട്ട്യോളോട്ചൊടിക്കരുത് – കുട്ടികളോട്ദേഷ്യപ്പെടരുത്
34. ആട്ന്ന്എട്ത്തോണ്ട് പോയി – അവിടെ നിന്നുംഎടുത്തുകൊണ്ടുപോയി
35. അയിനപറ്റിയൊന്നുംമിണ്ടീട്ടില്ല – അതിനെക്കുറിച്ചൊന്നും പറഞ്ഞിട്ടില്ല.
36. എല്ലാറുംകണ്ടത്ത്ല് നാട്ടിപ്പണിക്ക് പോയി – എല്ലാവരുംവയലിൽകൃഷിപ്പണിക്ക് പോയി
37. ഏണികൊണ്ടോയിചാര് – ഏണി എടുത്ത് ചാരിവെക്കൂ.
38. വൊള്ളം നെർത്ത്മ്മലൂടെ പോഅ്ന്ന് – വെള്ളംറോഡിലൂടെഒഴുകുന്നു
39. നങ്ങള്മുളിവയിക്കന്നാവന്നത് – ഞങ്ങൾ വരമ്പത്തൂടെയാണ് വന്നത്.
40. കുട്ട്യള്എപ്പണിംകളിക്കും – കുട്ടികൾ എപ്പോഴുംകളിക്കും
41. അതന്ന തോന്ന്ണ് – അതാണെന്ന്തോന്നുന്നു
42. ഓല്ചൊമറോട്ചാരി ന്ക്ക്ന്ന് – അവർചുമരോട്ചാരി നിന്നു.
43. നാൻ തേന് പീതെട്ക്ക്ന്ന് – ഞാൻ തേൻ പിഴിഞ്ഞെടുക്കുന്നു.
44. ഓന് ആറോടുംമിണ്ടീട്ടില്ല – അവൻ ആരോടുംമിണ്ടിയില്ല
45. ചില്ലറബേദനയാ – വല്ലാത്ത വേദനയാണ്
46. ആനനെ ചങ്ങലക്ക്കെട്ടി – ആനയെ ചങ്ങലകൊണ്ട് ബന്ധിച്ചു
47. ദാമൻ കുട്ടിനെ തച്ചി – രാമൻ കുട്ടിയെഅടിച്ചു
48. ഓല്ക്ക്ചൊടിബന്ന് – അവർക്ക്ദേഷ്യംവന്നു
49. ഓനീ നാട്ട്ന്ന്കടന്നോയി – അവൻ ഈ നാട്വിട്ടുപോയി
50. എക്ക് തങ്കടായിപ്പോയി – എനിക്ക്സങ്കടംവന്നു
51. ഓല്ക്ക് ചമ്പ് പൈസകൊട്ത്തീനി – അവർക്ക്കുറച്ച്കാശ്കൊടുത്തിരുന്നു.
52. നാൻ കോയിവിളിക്കുമ്പോള്ക്ക് എണീക്കും – ഞാൻ അതിരാവിലെഉണരും
53. ഓൻ മിറ്റത്തേക്ക് പോയി – അവൻ തറവാട്ടിൽ പോയി
54. ഏറെ കദകള് പറഞ്ഞ്ചിരിച്ചി – ഒരുപാട് കഥകൾ പറഞ്ഞ് ചിരിച്ചു
55. ഓയെൻ കാട്ട്ല്ക്കൂടെ പോഅ്ന്ന് – അവൻ കാട്ടിലൂടെ പോകുന്നു
56. എന്റടെവർത്താനം കുറിച്യന്റെവർത്താനം – എന്റെസംസാരം ,കുറിച്യന്റെസംസാരമാണ്.
57. നല്ലോണം പടിച്ചോണ്ട് ഓൻ ജെയിച്ചി – നല്ലതുപോലെ പഠിച്ചതുകൊണ്ട് അവൻ ജയിച്ചു.
58. കുട്ട്യള് ആടപോയിഓലോട്കൂട്ടൂടി – കുട്ടികൾ അവിടെ പോയി അവരോട്കൂട്ടുകൂടി
59. നങ്ങടെ കദപറഞ്ഞോണ്ട്കുത്തിക്കും – ഞങ്ങളുടെകഥ പറഞ്ഞുകൊണ്ട്കുത്തിയിരിക്കും.
60. എല്ലാറുംകൂടികെണറ്മുക്കിവറ്റിച്ചി – എല്ലാരുംകൂടികിണർകഴുകിവൃത്തിയാക്കി
61. ആറെല്ലോമിറ്റത്ത്വന്ന് ന്ക്ക്ന്ന് – ആരെല്ലോമുറ്റത്ത്വന്ന് നിൽക്കുന്നു.
62. നങ്ങളെല്ലാറും മുളിമ്മക്കൂടെ നടന്ന് – ഞങ്ങളെല്ലാവരും വരമ്പത്ത് കൂടി നടന്നു.

63. കണ്ടത്തിനക്കരെ നിന്ന് ഓൻ വിളിച്ചി പറഞ്ഞി – വയലിനക്കരെ നിന്നും അവൻ വിളിച്ചു പറഞ്ഞു.
64. ആനയെക്കൊണ്ട് ബയങ്കര എടങ്ങേറ് – ആനയെക്കൊണ്ട് ഭയങ്കര ശല്യം
65. അച്ചൻ ചൊടിവന്ന്ട്ട്കൊറേകാഞ്ഞ് –ദേഷ്യംവന്നിട്ട് അച്ഛൻ ഒരുപാട്ശകാരിച്ചു.
66. ഓല് തമ്പായിനെ കണ്ട് – അവർ ദൈവത്തെ ആരാധിച്ചു
67. നങ്ങള് പേയിൽകുളിക്കാൻ ബേണ്ടി പോയി – ഞങ്ങൾ പുഴയിൽകുളിക്കാൻ വേണ്ടി പോയി
68. ആറോടുംമിണ്ടാണ്ട് ഓൻ പാഞ്ഞൂട്ട് – ആരോടുംമിണ്ടാതെ അവൻ ഓടിപ്പോയി
69. ഇപ്പംഎന്ത്യ്യാനാ? –ഇപ്പോൾഎന്ത്ചെയ്യാനാണ്
70. പെറ്റപെണ്ണ് ആടയാഒള്ളത് –പ്രസവിച്ച സ്ത്രീ അവിടെയാണുള്ളത്.
71. വിവറണ്ടോ അന്ക്ക് – ബുദ്ധിയുണ്ടോ നിനക്ക്?
72. നാൻ തേന് പീതെട്ക്ക്ന്ന് – ഞാൻ തേൻ പിഴിഞ്ഞെടുത്തു.
73. പീട്യേല് ചെല്ലാൻ പറഞ്ഞീനി – കടയിൽ ചെല്ലാൻ പറഞ്ഞിരുന്നു.
74. ഓനെന്തോസുകക്കുറവുണ്ട് – അവനെന്തോസുഖമില്ലായ്മഉണ്ട്.
75. വൊള്ളത്തിൽവീണകുട്ടിനെ എട്ത്ത്ട്ട്കൊണ്ടോന്ന് – വെള്ളത്തിൽവീണകുട്ടിയെരക്ഷിച്ചു.
76. നീ വന്നപ്പോആറാടഒണ്ടായിര്ന്നത് – നീ വന്നപ്പോൾആരാണവിടെഉണ്ടായിരുന്നത്.
77. ന്നലെ ഓൻ ബന്ന്ന്, പറയാൻ ബിട്ടോയി – ഇന്നലെ അവൻ വന്നിരുന്നു, പറയാൻ മറന്നു പോയതാണ്.
78. നീ പോന്നെങ്കിൽഈലെ ബാ – നീ പോവുന്നെങ്കിൽഇതിലെവാ
79. എക്ക്അയിനപറ്റിയൊന്നുംഅറിയൂല – എനിക്ക്അതിനെ പറ്റിയൊന്നുംഅറിയില്ല
80. എക്കരിയൂല – എനിക്കറിയില്ല
81. ഓലെല്ലാറും വയ്യന്ന വന്ന് – അവരെല്ലാവരും പിന്നാലെവന്നു.
82. ഓയെൻ പയ്യിനെ കറക്ക്ന്ന് – അവൻ പാലു കറന്ന് കൊണ്ടിരിക്കുന്നു.
83. ഓൻ ബയങ്കര ഇറുക്ക് – അവൻ ഭയങ്കര പിശുക്കനാണ്.
84. ഓളെക്കാട്ടി നീട്ടണ്ട് – അവളേക്കാൾ പൊക്കമുണ്ട്
85. ഇതെല്ലാം ബ്ടെ നടന്നതാണോ – ഇങ്ങനെയെല്ലാംഇവിടെസംഭവിച്ചോ?
86. ഞ്ഞിപ്പോ നാനെന്തേ ആക്കണ്ട്ത് – ഇനിയിപ്പേണ്ടറ്റഞാനെന്താണ്ചെയ്യേണ്ടത്.
87. ഓല് തമ്മ തമ്മഏറ്റുമുട്ടി – അവർ പരസ്പരെ പൊരുതി

# അനുബന്ധം III

## കുടുംബ ബന്ധസൂചക പദങ്ങൾ

മരുമക്കത്തായ സമ്പ്രദായത്തിലൂന്നിയാണ് കുറിച്യരുടെ ജീവിതം നിലനിൽക്കുന്നത്. അതുകൊണ്ട് തന്നെ സാമൂഹികശ്രേണിയിൽ കുടുംബ ബന്ധസൂചകപദങ്ങളിൽ ഒട്ടേറെ വൈവിധ്യങ്ങളുണ്ട്. മാത്രമല്ലകൂട്ടുകുടുംബ വ്യവസ്ഥിതിയിൽ സാമൂഹിക ഐക്യബോധമു ണ്ടാക്കാൻ പര്യാപ്തമാണ് കുറിച്യരുടെ കുടുംബ ബന്ധസൂചകപദങ്ങൾ. കുറിച്യരുടെ ബന്ധു ത്ഥപദങ്ങൾ താഴെകൊടുക്കുന്നു.

| കുറിച്യ ഭാഷ | മലയാള ഭാഷ |
|---|---|
| ആണ്ങ്ങള് | പുരുഷൻ |
| പെണ്ണ്ങ്ങള്/ പെണ്ണ് | സ്ത്രീ |
| ആങ്കുട്ടി/ചെക്കൻ | ആൺകുട്ടി |
| പെങ്കുട്ടി/പെണ്ണ് | പെൺകുട്ടി |
| പെമ്പ്ളേളര് | പെൺകുട്ടികൾ |
| കുട്ടി/ബാവ/കുഞ്ഞ്വാവ | കുഞ്ഞ് |
| അച്ചൻ | അച്ഛൻ |
| അച്ചൻ | രണ്ടാനച്ഛൻ |
| തടിയച്ചൻ<br>പൂപ്പച്ചൻ<br>വല്യച്ചൻ<br>അച്ചച്ചൻ<br>അച്ചാച്ചൻ<br>മുത്തച്ചൻ | അച്ഛന്റെ അച്ചൻ |
| തടിയമ്മ<br>ബല്യമ്മ<br>ചാച്ചമ്മ<br>അച്ചമ്മ | അച്ഛന്റെ അമ്മ |
| വല്യച്ചൻ<br>തടിയച്ചൻ | അച്ഛന്റെമൂത്ത സഹോദരൻ |
| പാപ്പെൻ<br>പാപ്പൻ | അച്ഛന്റെഇളയ സഹോദരൻ |
| അമ്മായി | അച്ഛന്റെമൂത്ത സഹോദരി |
| അമ്മായി | അച്ഛന്റെഇളയസഹോദരി |
| മച്ചുനൻ<br>മച്ചിനൻ | മൂത്ത സഹോദരന്റെ മകൻ |

| | |
|---|---|
| മച്ചുനൻ/<br>മച്ചിനൻ/ പേര് | ഇളയസഹോദരന്റെ മകൻ |
| ചേച്ചി/പേര് | മൂത്ത സഹോദരന്റെമകൾ |
| മച്ചിച്ചി/പേര് | ഇളയസഹോദരന്റെമകൾ |
| അക്ക | സഹോദരി |
| വല്യ അക്ക | മൂത്ത സഹോദരി |
| മച്ചുനൻ, മച്ചിനൻ | മൂത്ത സഹോദരിയുടെ ഭർത്താവ് |
| കിഞ്ഞിമച്ചുനൻ, അളിയൻ, കിഞ്ഞാള് | ഇളയസഹോദരിയുടെ ഭർത്താവ് |
| ചേട്ടൻ/ പേര് | മൂത്ത സഹോദരിയുടെ മകൻ |
| അക്ക/പേര് | മൂത്ത സഹോദരിയുടെമകൾ |
| പേര് | ഇളയസഹോദരിയുടെ മകൻ |
| പേര് | ഇളയസഹോദരിയുടെമകൾ |
| കെട്ട്യോൻ | ഭർത്താവ് |
| മച്ചിച്ചി<br>അമ്മായി | അമ്മയുടെ മൂത്ത സഹോദരന്റെമകൾ |
| ഏട്ടൻ<br>മാമൻ | അമ്മയുടെ മൂത്ത സഹോദരിയുടെ മകൻ |
| അക്ക<br>ഏട്ടത്തി<br>എളാമ്മ | അമ്മയുടെ മൂത്ത സഹോദരിയുടെമകൾ |
| ചേട്ടൻ, മച്ചുനൻ | അമ്മയുടെ ഇളയസഹോദരിയുടെ മകൻ |
| അക്ക | അമ്മയുടെ ഇളയസഹോദരിയുടെമകൾ |
| ചേട്ടൻ/പേര് | സഹോദരൻ |
| വല്യേട്ടൻ | മൂത്ത സഹോദരൻ |
| ഏട്ടത്തി, ഏടത്തി | മൂത്ത സഹോദരന്റെ ഭാര്യ |
| കിഞ്ഞാളൻ , കിഞ്ഞി ചേട്ടൻ | ഇളയ സഹോദരൻ |
| കിഞ്ഞേട്ടത്തി/ പേര് | ഇളയസഹോദരന്റെ ഭാര്യ |
| തടിയമ്മ<br>വല്യമ്മ<br>നാത്തൻ | അച്ഛന്റെമൂത്ത സഹോദരന്റെ ഭാര്യ |
| മാമൻ<br>പൂപ്പൻ | അച്ഛന്റെമൂത്ത സഹോദരിയുടെ ഭർത്താവ് |
| മച്ചിനൻ<br>മച്ചുനൻ<br>വല്യച്ചൻ<br>ചേട്ടൻ/പേര് | അച്ഛന്റെമൂത്ത സഹോദരന്റെ മകൻ |

| | |
|---|---|
| മച്ചിച്ചി<br>ചേച്ചി<br>അക്ക | അച്ഛന്റെമൂത്ത സഹോദരന്റെമകൾ |
| മച്ചുനൻ/ചേട്ടൻ | അച്ഛന്റെഇളയസഹോദരന്റെ മകൻ |
| മച്ചിച്ചി, ഏടത്തി | അച്ഛന്റെഇളയസഹോദരന്റെമകൾ |
| മച്ചുനൻ, ആപ്പൻ | അച്ഛന്റെമൂത്ത സഹോദരിയുടെ മകൻ |
| മച്ചിച്ചി<br>അമ്മായി<br>ചേച്ചി<br>അക്ക | അച്ഛന്റെമൂത്ത സഹോദരിയുടെമകൾ |
| ഏട്ടൻ/ മച്ചുനൻ, മച്ചിനൻ | അച്ഛന്റെ ഇളയസഹോദരിയുടെ മകൻ |
| മച്ചിച്ചി, ഏട്ത്തി | അച്ഛന്റെ ഇളയസഹോദരിയുടെ മകൾ |
| അമ്മ | അമ്മ |
| അളാമ്മ | രണ്ടാനമ്മ |
| തടിയമ്മ/അമ്മമ്മ | അമ്മയുടെ അമ്മ |
| പൂപ്പൻ/മാമൻ | അമ്മയുടെ മൂത്ത സഹോദരൻ |
| മാമൻ | അമ്മയുടെ ഇളയ സഹോദരൻ |
| അമ്മായി | അമ്മയുടെ മൂത്ത സഹോദരന്റെ ഭാര്യ |
| വല്യച്ഛൻ/മാമൻ | അമ്മയുടെ മൂത്ത സഹോദരിയുടെ ഭർത്താവ് |
| മച്ചിനൻ<br>മച്ചുനൻ/ അളിയൻ | അമ്മയുടെ മൂത്ത സഹോദരന്റെ മകൻ |
| ചേച്ചി/അക്ക | അമ്മയുടെ മൂത്ത സഹോദരന്റെ മകൾ |
| ഏട്ടൻ, മാമൻ | അമ്മയുടെ മൂത്ത സഹോദരിയുടെ മകൻ |
| അക്ക, ഏട്ടത്തി | അമ്മയുടെ മൂത്ത സഹോദരിയുടെ മകൾ |
| ചേട്ടൻ, മച്ചുനൻ | അമ്മയുടെ ഇളയസഹോദരിയുടെ മകൻ |
| അക്ക | അമ്മയുടെ ഇളയസഹോദരിയുടെ മകൾ |
| ചേട്ടൻ/പേര് | സഹോദരൻ |
| ചേട്ടൻ | മൂത്ത സഹോദരൻ |
| ഏട്ടത്തി | മൂത്ത സഹോദരന്റെ ഭാര്യ |
| പേര് | ഇളയ സഹോദരൻ |
| പെണ്ണ് | ഇളയസഹോദരന്റെ ഭാര്യ |
| മച്ചുനൻ | മൂത്ത സഹോദരന്റെ മകൻ |
| മച്ചുനൻ/പേര് | ഇളയസഹോദരന്റെ മകൻ |
| ചേച്ചി/പേര് | മൂത്ത സഹോദരന്റെമകൾ |
| മച്ചിച്ചി/പേര് | ഇളയസഹോദരന്റെമകൾ |
| അക്ക | സഹോദരി |

| | |
|---|---|
| വല്യ അക്ക | മൂത്ത സഹോദരി |
| അളിയൻ | മൂത്ത സഹോദരിയുടെ ഭർത്താവ് |
| ചേട്ടൻ | മൂത്ത സഹോദരിയുടെ മകൻ |
| അക്ക | മൂത്ത സഹോദരിയുടെമകൾ |
| കെട്ട്യോയൻ | ഭർത്താവ് |
| മാമൻ | ഭർത്താവിന്റെ അച്ഛൻ |
| അമ്മായി | ഭർത്താവിന്റെ അമ്മ |
| ചേട്ടൻ | ഭർത്താവിന്റെമൂത്ത സഹോദരൻ |
| അളാപ്പൻ, കിഞ്ഞാങ്ങള | ഭർത്താവിന്റെഇളയ സഹോദരൻ |
| പെണ്ണ്ങ്ങള്, ഓള് | ഭാര്യ |
| മൂത്തടി | ഒന്നാം ഭാര്യ |
| ഇളയടി | രണ്ടാം ഭാര്യ |
| മാമൻ | ഭാര്യയുടെ അച്ഛൻ |
| അമ്മായി | ഭാര്യയുടെ അമ്മ |
| മച്ചുനൻ | ഭാര്യയുടെ മൂത്ത സഹോദരൻ |
| മച്ചുനൻ | ഭാര്യയുടെ ഇളയ സഹോദരൻ |
| അക്ക | ഭാര്യയുടെ മൂത്ത സഹോദരന്റെ ഭാര്യ |
| അക്ക | ഭാര്യയുടെ ഇളയ സഹോദരന്റെ ഭാര്യ |

[1]തോണിച്ചാൽ പ്രദേശം
[2]മുൻഭാഗം
[3]മരണപ്പെട്ട പുരുഷന്മാരുടെ ആത്മാവ്
[4]മുത്താച്ചിയമ്മ. മരണപ്പെട്ട സ്ത്രീകളുടെ ആത്മാവ്
[5]തീണ്ടാരിപുര
[6]പ്രസവമുറി
[7]ആവേദകൻ: ബാബു, ഓലഞ്ചേരി കുറിച്യ സങ്കേതം, കാട്ടിക്കുളം, വയനാട്.

[8]വിവാഹം കഴിക്കുവാൻ പറ്റാത്ത പെണ്ണ്
[9]കൈയിൽ നൂല് കെട്ടുക
[10]മകം കുളിപ്പിക്കൽ
[11]ദൈവത്തിന്റെ മുറി
[12]വയനാട്ടിലെ കുറിച്യ സമുദായത്തിന്റെ സങ്കേതമായ ചെറുവയലിലെ രാമൻ എന്ന വ്യക്തിയിൽ നിന്നുമാണ് ''കുഞ്ഞ നുറക്ക് പാട്ട്'' ശേഖരിച്ചത്.

[13]വയനാട്ടിലെ കുറിച്യ സമുദായത്തിന്റെ സങ്കേതമായ ഓടുടുമ്പിലെ ചന്തു എന്ന വ്യക്തിയിൽ നിന്നുമാണ് കുഞ്ഞനുറക്ക് പാട്ടിന്റെ ഈ വരികൾ ശേഖരിച്ചിരിക്കുന്നത്.
[14]ബന്ധുക്കൾ
[15]പുറംതറവാട്ടിൽ നിന്നുംകെട്ടിക്കൊണ്ടുവന്ന പെണ്ണുങ്ങൾ
[16]ചടങ്ങുകളും അനുഷ്ഠാനങ്ങളും നടത്തുന്ന ഒരു തറവാട്ടിലെ തിരഞ്ഞെടുക്കപ്പെട്ട പുരുഷൻ
[17]മുണ്ടിന്റെ താഴെ ഭാഗത്ത്
[18]പ്രത്യേക മുറി
[19]പറയോട് സാമ്യമുള്ള നെല്ല് അളക്കുന്ന പാത്രം. കൂടുതലറിയുവാൻ 'അന്നവഴക്കത്തിലെയും കൃഷിയിലെയും ഭാഷാപദങ്ങൾ' എന്ന ഭാഗം കാണുക.
[20]കരുത്തേറിയ ഏഴ് മക്കളെ പ്രസവിക്കട്ടെ
[21]അമ്മയുടെ കുടുംബാംഗം
[22]ആവേദകൻ: ചന്തു, ഓടുടുമ്പിൽ കുറിച്യ സങ്കേതം, മാനന്തവാടി, വയനാട്.

[23]കൂട്ടത്ത്
[24]ശർക്കര
[25]അമ്മയുടെ ആങ്ങളമാരുടെ ഭാര്യമാർ
[26]ബന്ധുക്കളും തറവാട്ടിലേക്ക് വിവാഹം കഴിച്ചെത്തിയ സ്ത്രീകളും
[27]ആവേദകൻ: രാമൻ, ചെറുവയൽ
[28]പ്രായമുള്ള സ്ത്രികൾ
[29]മുറപ്പെണ്ണ്
[30]മൂന്ന് ഇരുപത്തിയഞ്ച് പൈസയും രണ്ട് അൻപത് പൈസയും ചേർന്നതാണ് പതിനാറ് പണം
[31]പുലമൂല കുറിച്യ സങ്കേതത്തിലുള്ളവരിൽ നിന്നുമാണ് ദത്തശേഖരണം നിർവ്വഹിച്ചിട്ടുള്ളത്.

[32]'നാശം' അതായത് വീട്ടിലെ അംഗങ്ങൾക്കോ കുടുംബത്തിനോ ഏതെങ്കിലും തരത്തിലുള്ള ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നതിന് പറയുന്ന പ്രയോഗമാണ്
[33]മുള
[34]പ്രായമായ സ്ത്രീകൾ ഉപയോഗിക്കുന്ന മുറി
[35]പുളിമ്പിലാ മൂപ്പൻ
[36]കരിക്കട്ടകേളൻ
[37]കരിക്കട്ട
[38]പച്ച ഇല
[39]രാക്ഷസൻ
[40]അസ്ത്രം
[41]മൃഗത്തെ അറക്കുന്ന സ്ഥലം
[42]ആവേദകൻ: കെ.കെ. കേളു, എടമന കുറിച്യ തറവാട്, വയനാട്.
[43]പാൽചുരം
[44]ചെറുമനുഷ്യൻ എന്ന പ്രയോഗം കൊണ്ട് ഉദ്ദേശിക്കുന്നത് മനുഷ്യനെയാണ്
[45]കള്ളുകുടിച്ച്
[46]ആവേദകൻ: ബാലൻ, ചുരുളി കുറിച്യ സങ്കേതം, വയനാട്
[47]സ്ത്രീകളെ
[48]വിവാഹം ചെയ്താൽ
[49]ആവേദകൻ: അപ്പയ്യൻ, ചുരുളി കുറിച്യ സങ്കേതം, വയനാട്.
[50]മുൻകാലത്ത് പ്രചാരത്തിലുണ്ടായിരുന്ന നാണയം. നിലവിൽ 1 രൂപ നാണയം ഉപയോഗിക്കുന്നു.
[51]മുൻകാലത്ത് പ്രചാരത്തിലുണ്ടായിരുന്ന നാണയം.നിലവിൽ 50പൈസ നാണയം ഉപയോഗിക്കുന്നു.
[52]മുൻകാലത്ത് പ്രചാരത്തിലുണ്ടായിരുന്ന നാണയം.നിലവിൽ 25പൈസ നാണയം ഉപയോഗിക്കുന്നു.
[53]മുൻ കാലത്തെ ഒരു അളവ്
[54]ശരീരത്തിലേക്ക്
[55]ആവേദകൻ: ചന്തു, ഓടുടുമ്പിൽ, കുറിച്യ സങ്കേതം, വയനാട്

[56]ആവേദകൻ: ചെറുവയലിലെ രാമൻ, ചെറുവയൽ കുറിച്യ സങ്കേതം, വയനാട്.
[57]കോമരം
[58]ആവേദകൻ: ചന്തു, ഓടുടുമ്പിൽ, കുറിച്യ സങ്കേതം, വയനാട്

[59]തൊഴുത്ത്
[60]കോവിലകം
[61]വാഴിയിലകുത്തി
[62]നൽകണം
[63]പശുവിന്റെ കഴുത്തിൽ കെട്ടുന്നത്
[64]അമ്പ്
[65]അലറി
[66]കിടാവ്
[67]പുല്ലുള്ള മൈതാനം
[68]കിടാവ്
[69]നേർച്ച
[70]മുളകൊണ്ട് അമ്പും, ഓട കൊണ്ട് വില്ലും
[71]ആവേദകൻ: ചെറുവയലിലെ രാമൻ, ചെറുവയൽ കുറിച്യ സങ്കേതം, വയനാട്.
[72]ആവേദകൻ: ചന്തു, ഓടുടുമ്പിൽ, കുറിച്യ സങ്കേതം, വയനാട്

[73]ആവേദകൻ: ചന്തു, ഓടുടുമ്പിൽ, കുറിച്യ സങ്കേതം, വയനാട്
[74]ആവേദകൻ: കെ.കെ. കേളു, എടമന തറവാട്, തവിഞ്ഞാൽ പഞ്ചായത്ത്, വയനാട്.
[75]സ്ത്രീകൾ
[76]വയനാട്ടിലെ പേരിയ പ്രദേശത്തുള്ള കുറിച്യർ തിലാപത്തിനെ *അമ്പും വില്ലും തെളിക്കൽ* എന്നാണ് പറയുക.
[77]മുള
[78]മൊട്ടമ്പ്
[79]കരികുരങ്ങ്
[80]വിലക്കുക
[81]കിഴങ്ങുകൾ
[82]സെപ്റ്റംബർ - നവംബർ
[83]നവംബർ - ഡിസംബർ
[84]ഫെബ്രുവരി-മാർച്ച്
[85]ഒക്ടോബർ-നവംബർ
[86]ഞാവൽപഴം
[87]കൊട്ടപ്പഴം
[88]ചിറ്റേന്ത് പഴം. പഴത്തിന് കുറിച്യ ഭാഷയിൽ *പയം* എന്നാണ് പറയുക.
[89]മധുരനാരങ്ങ
[90]ചെറുനാരങ്ങ
[91]മാർച്ച്-ജൂൺ
[92]മാർച്ച്-ഏപ്രിൽ
[93]ഏപ്രിൽ-മേയ്
[94]മേയ്-ജൂൺ
[95]ഒക്ടോബർ-ഡിസംബർ
[96]മേയ്-ജൂൺ
[97]ജൂൺ-ആഗസ്റ്റ്
[98]സെപ്റ്റംബർ - നവംബർ
[99]നവംബർ-ജനുവരി
[100]മേയ്-ജൂൺ
[101]മാർച്ച്-ജൂൺ
[102]വട്ടത്തിലുള്ളത്
[103]ചെമ്മീൻ
[104]അമ്പ്
[105]പുഴകൾ
[106]കുടംപുളി
[107]ഒക്കൽ കൊക്ക
[108]ഓട കൊണ്ട് നിർമ്മിച്ച പായ

109 പശു
110 ചുരുളി സങ്കേതം
111 അയിനിത്തേരി സങ്കേതം
112 മാങ്കാണി/പുല്ലേരി സങ്കേതം
113 അരീക്കര സങ്കേതം
114 കാരാകൊല്ലി, പുലച്ചിക്കുനി സങ്കേതങ്ങൾ
115 പെരിഞ്ചോല സങ്കേതം
116 താഴെതലപ്പുഴ സങ്കേതം
117 ചെരുവയൽ സങ്കേതം
118 നിട്ടറ സങ്കേതം
119 മക്കോല സങ്കേതം
120 തെയ്യത്തിനെ പ്രീതിപ്പെടുത്തുന്നു
121 ദൈവങ്ങൾ
122 വയലിലേക്ക്
123 രണ്ട് മൂന്ന് ഞാറ്
124 വരമ്പ്
125 ഒരുതരം കിഴങ്ങ്
126 കൂടഞ്ഞിടുന്നു
127 ഒക്കൽ കൊക്ക
128 പൊടി
129 ഒടയ്ക്കാരത്തി
130 ആവേദകൻ: ചെറുവയൽ രാമൻ, ഇടവക പഞ്ചായത്ത്, വയനാട്

131 ആവേദകൻ: ചന്തു, ഓടുടുമ്പിൽ, കുറിച്യ സങ്കേതം, വയനാട്
132 കുറിച്യ സങ്കേതമായ കുണ്ടൂർമൂലയിൽ നിന്നുമാണ് ഈ പാട്ട് ശേഖരിച്ചിരിക്കുന്നത്.
133 ആവേദകൻ: കുഞ്ഞാമൻ, ചുരുളി സങ്കേതം
134 ദേവലോകം
135 താഴെ ലോകം
136 ഓലക്കുട
137 ചെള്ള്
138 നെൽപ്പാറ്റ)
139 മുറം
140 കുറിച്യസങ്കേതമായ പെരിഞ്ചോലയിൽ നിന്നാണ് 'നെല്ലൊപ്പ്' എന്ന ചടങ്ങ് കാണാൻ സാധിച്ചത്.

141 ഇലച്ചെടികൾ
142 വയൽച്ചേമ്പ്
143 പാവലിന്റെ ഇല
144 മത്തന്റെ ഇല
145 ചുരുളി സങ്കേതം
146 പയർ
147 മത്തങ്ങ
148 എളവൻ
149 കക്കിരി
150 ചുരക്ക
151 വെള്ളരി
152 കിഴങ്ങുകൾ
153 ഞാവൽപ്പഴം
154 കൊട്ടപ്പഴം
155 ചിറ്റേന്ത്പഴം
156 ചീരിപ്പഴം
157 മുന്തിരിപോലുള്ള കായ
158 ഈന്തൽപഴം

[159]ചടച്ചിപ്പഴം
[160]പാണപ്പഴം
[161]ചുവന്നനിറത്തിലുള്ളത്
[162]ഉറുമാമ്പഴം
[163]പേരക്ക
[164]കൂഴചക്ക
[165]വരിക്കചക്ക
[166]നെല്ലിക്ക
[167]ചെറുനാരങ്ങ
[168]മധുരക്കിഴങ്ങ്
[169]മഞ്ഞൾ
[170]കപ്പ
[171]വീതിയില്ലാത്ത കൈക്കോട്ട്
[172]കാട്ടുമുരിങ്ങ
[173]തുവര
[174]അടുക്കളയിൽ
[175]കൂൺ
[176]പീറ്റിക്കുമ്മായം എന്നതിനു പകം '*കീന്*' (പിറ്റിക്കീന്) എന്ന വ്യത്യസ്തമായ പദം ലഭിച്ചത് കുറിച്യസങ്കേതമായ ചുരുളിയിൽ നിന്നാണ്. പദോച്ചാരണ സൗകര്യത്തിന് വേണ്ടിയായിരിക്കാം ഇങ്ങനെ ഉച്ചരിക്കുന്നത്.
[177]കരിങ്കൂൺ
[178]ഇറച്ചി
[179]നായാട്ടിന്
[180]കാട്ടാട്
[181]ദൈവം
[182]വാഴ
[183]വാഴപ്പഴം
[184]വാഴക്കൂമ്പ്
[185]തോരൻ
[186]ചക്കക്കുരു
[187]ചക്കക്കൂന
[188]മറ്റ് കുറിച്യ സങ്കേതങ്ങളിൽ നിന്നു വ്യത്യസ്തമായി 'കുണ്ടൂർമൂല'യിൽ നിന്നാണ് സാമ്പാറിന് 'കരിങാളം' എന്ന വാക്ക് ലഭിച്ചത്.
[189]മോര്
[190]വെറ്റിലയും
[191]70 വയസ്സ് കഴിഞ്ഞവർ
[192]ഗണപതി
[193]പറമ്പിൽ
[194]ആവേദകൻ: ചെറുവയലിലെ രാമൻ, ചെറുവയൽ കുറിച്യ സങ്കേതം, വയനാട്.

[195]ആവേദകൻ: ചെറുവയലിലെ രാമൻ, ചെറുവയൽ കുറിച്യ സങ്കേതം, വയനാട്.

[196]ചെമ്മീൻ
[197]കോഴി മുട്ട
[198]തലമുടി
[199]പൂവൻ കോഴി
[200]കോഴി മുട്ട
[201]രോമക്കുഴി
[202]വവ്വാൽ
[203]മൂത്രമൊഴിക്കുന്നത്
[204]വഴി
[205]ഇഷ്ടിക
[206]കുതിരയുടെ തൊഴുത്ത്

[207] കിഴക്ക് ദിശയിലേക്ക് മുഖം തിരിഞ്ഞു നിൽക്കുന്ന വീടിനെയാണ് പടിഞ്ഞേറ്റ എന്നു പറയുന്നത്.
[208] തറവാട്ടിന്റെ വലത്തേ വാതിക്കലിലെ ചിത്തിര തൂണിലാണ് മുനിയെ അല്ലെങ്കിൽ നെകലിലെ കുടിയിരുത്തിയിരിക്കുന്നത്.
[209] ഇരുന്നൂറ് കാലികളെ വരെ ഉൾക്കൊള്ളിക്കാവുന്ന തൊഴുത്ത് തറവാടുകളിൽ ഉണ്ടായിരുന്നു. അതുകൊണ്ട് തന്നെ ആല കണ്ടു എന്ന വരികളിൽ തറവാടിന്റെ സമ്പത്ത് സമൃദ്ധിയെ സൂചിപ്പിക്കുന്നു
[210] ചീല എന്നാൽ പണപ്പെട്ടിയാണ്. ഈ ചീലയിലെ പണമാണ് *ബിധി* (വിധി നിർണയിക്കാൻ ഉപയോഗിക്കുന്നത്).
[211] മാങ്ങാക്കൊല്ലി, നിട്ടറ, ഓടുടുമ്പിൽ, നെടുമ്പിലാശ്ശേരി സങ്കേതങ്ങൾ
[212] നെടുമ്പിലാശ്ശേരി സങ്കേതം
[213] പുല്ലേരി, ചുരുളി സങ്കേതങ്ങൾ
[214] അരീക്കര സങ്കേതം
[215] നടുവന്താർ സങ്കേതം
[216] വെള്ളറോഡി സങ്കേതം
[217] ചുരുളി സങ്കേതം
[218] നെടുമ്പിലാശ്ശേരി സങ്കേതം
[219] ചെറുവയൽ സങ്കേതം
[220] ചുരുളി, മാനിവയൽ, അയിനിത്തേരി, താഴെതലപ്പുഴ, മേലെതലപ്പുഴ സങ്കേതങ്ങൾ
[221] പുലച്ചിക്കുനി സങ്കേതം
[222] നിട്ടറ സങ്കേതം
[223] മക്കോല സങ്കേതം
[224] ചക്കിണി സങ്കേതം
[225] അരീക്കര സങ്കേതം
[226] മാങ്ങാക്കൊല്ലി സങ്കേതം
[227] നടുവന്താർ സങ്കേതം
[228] ചേകാടി സങ്കേതം
[229] ചുരുളി, നെടുമ്പിലാശ്ശേരി സങ്കേതങ്ങൾ
[230] മാങ്കാണി സങ്കേതം
[231] താഴെ തലപ്പുഴ സങ്കേതം
[232] ചേകാടി, പുലച്ചിക്കുനി, മക്കോല സങ്കേതങ്ങൾ
[233] ചുരുളി സങ്കേതം
[234] നിട്ടറ സങ്കേതം
[235] അരീക്കര സങ്കേതം
[236] കാരാങ്കൊല്ലി, പുലച്ചിക്കുനി സങ്കേതങ്ങൾ
[237] ചുരുളി സങ്കേതം
[238] അയിനിത്തേരി, മേലെ തലപ്പുഴ സങ്കേതങ്ങൾ
[239] മാങ്കാണി, പുല്ലേരി സങ്കേതങ്ങൾ
[240] ചെറുവയൽ സങ്കേതം
[241] പെരിഞ്ചോല സങ്കേതം
[242] നിട്ടറ സങ്കേതം
[243] മക്കോല സങ്കേതം
[244] താഴെതലപ്പുഴ സങ്കേതം
[245] നിട്ടറ സങ്കേതം
[246] പെരിഞ്ചോല സങ്കേതം
[247] നടുവന്താർ സങ്കേതം
[248] നിട്ടറ സങ്കേതം
[249] തണ്ണീർവയൽ സങ്കേതം
[250] പുലച്ചിക്കുനി സങ്കേതം

[251] നെടുമ്പിലാശ്ശേരി സങ്കേതം
[252] ചുരുളി, തണ്ണീർവയൽ സങ്കേതങ്ങൾ
[253] മക്കോല, ഓടുടുമ്പിൽ സങ്കേതങ്ങൾ
[254] നടുവന്താർ സങ്കേതം
[255] നിട്ടറ, വെള്ളറോഡി സങ്കേതങ്ങൾ
[256] ഒതയോത്ത് സങ്കേതം

[257] കാരാങ്കൊല്ലി സങ്കേതം
[258] നിട്ടറ, മാങ്ങാക്കൊല്ലി സങ്കേതങ്ങൾ
[259] മാനിവയൽ സങ്കേതം
[260] നിട്ടമാനി സങ്കേതം
[261] നിട്ടറ സങ്കേതം
[262] ഓടുടുമ്പിൽ സങ്കേതം
[263] നിട്ടമാനി സങ്കേതം
[264] നിട്ടമാനി സങ്കേതം
[265] നടുവന്താർ സങ്കേതം
[266] പുലച്ചിക്കുനി സങ്കേതം
[267] ഓടുടുമ്പിൽ സങ്കേതം
[268] ചക്കിണി സങ്കേതം
[269] കാരാങ്കൊല്ലി സങ്കേതം
[270] നിട്ടറ സങ്കേതം
[271] കാര്യമ്പാടി സങ്കേതം
[272] നടുവന്താർ സങ്കേതം
[273] പുലച്ചിക്കുനി സങ്കേതം
[274] പുലച്ചിക്കുനി സങ്കേതം
[275] ഓടുടുമ്പിൽ സങ്കേതം
[276] മാങ്ങാക്കൊല്ലി, കാരാങ്കോല്ലി സങ്കേതങ്ങൾ
[277] നടുവന്താർ സങ്കേതം
[278] ഓടുടുമ്പിൽ സങ്കേതം
[279] കാരാകൊല്ലി സങ്കേതം
[280] നെടുമ്പിലാശ്ശേരി സങ്കേതം
[281] പുലച്ചിക്കുനി സങ്കേതം
[282] നടുവന്താർ സങ്കേതം
[283] പുല്ലേരി സങ്കേതം
[284] പുലച്ചിക്കുനി സങ്കേതം
[285] പുല്ലേരി സങ്കേതം
[286] മാങ്ങാക്കൊല്ലി, പുലച്ചിക്കുനി സങ്കേതങ്ങൾ

[287] നടുവന്താർ സങ്കേതം
[288] മാനിവയൽ സങ്കേതം
[289] നിട്ടമാനി സങ്കേതം
[290] ചുരുളി, നെടുമ്പിലാശ്ശേരി, മാങ്ങാക്കൊല്ലി, ഓടുടുമ്പിൽ, തണ്ണീർവയൽ, അയനിത്തേരി, കാളിക്കൊല്ലി, മാനിവയൽ, താഴെതലപ്പുഴ, കാരാങ്കൊല്ലി, ചെറുവയൽ സങ്കേതങ്ങൾ
[291] ചുരുളി, പുല്ലേരി, നടുവന്താർ, പെരിഞ്ചോല സങ്കേതങ്ങൾ
[292] പുല്ലേരി സങ്കേതം
[293] നെടുമ്പിലാശ്ശേരി, ചുരുളി സങ്കേതങ്ങൾ
[294] അയനിത്തേരി സങ്കേതം
[295] മാങ്കാണി സങ്കേതം
[296] ചുരുളി, നെടുമ്പിലാശ്ശേരി, ഓടുടുമ്പിൽ, നിട്ടറ, വെള്ളറോഡി, മാങ്കണി സങ്കേതങ്ങൾ
[297] മാങ്കണി, നെടുമ്പിലാശ്ശേരി, അയനിത്തേരി, കാക്കാഞ്ചിറ, ചെറുവയൽ സങ്കേതങ്ങൾ
[298] പെരുഞ്ചോല, താഴെതലപ്പുഴ സങ്കേതങ്ങൾ
[299] നിട്ടമേനി സങ്കേതം
[300] ചുരുളി സങ്കേതം
[301] നെടുമ്പിലാശ്ശേരി സങ്കേതം
[302] പെരിഞ്ചോല സങ്കേതം
[303] ഓടുടുമ്പിൽ സങ്കേതം
[304] ചെറുവയൽ സങ്കേതം
[305] നടുവന്താർ സങ്കേതം
[306] നിട്ടറ സങ്കേതം
[307] മാങ്ങാക്കൊല്ലി, ചുരുളി, നടുവന്താർ സങ്കേതങ്ങൾ

[308] കാരാങ്കൊല്ലി സങ്കേതം
[309] നടുവന്താർ സങ്കേതം
[310] നിട്ടറ സങ്കേതം
[311] കാരാങ്കൊല്ലി, പുലച്ചുക്കുനി സങ്കേതങ്ങൾ
[312] മാങ്ങാക്കൊല്ലി സങ്കേതം
[313] നിട്ടറ സങ്കേതം
[314] ഓടുടുമ്പിൽ സങ്കേതം
[315] കാരാങ്കൊല്ലി സങ്കേതം
[316] ചക്കിണി സങ്കേതം
[317] നിട്ടറ സങ്കേതം
[318] നിട്ടമാനി സങ്കേതം
[319] മാങ്ങാക്കൊല്ലി സങ്കേതം
[320] നിട്ടറ സങ്കേതം
[321] കാരാങ്കൊല്ലി സങ്കേതം
[322] നിട്ടമാനി സങ്കേതം
[323] നിട്ടമാനി സങ്കേതം
[324] നടുവന്താർ സങ്കേതം
[325] കുണ്ടൂർമൂല സങ്കേതം
[326] ചുരുളി സങ്കേതം
[327] മക്കോല, ചുരുളി സങ്കേതങ്ങൾ
[328] മാങ്ങാക്കൊല്ലി സങ്കേതം
[329] നടുവന്താർ സങ്കേതം
[330] നിട്ടമാനി സങ്കേതം
[331] കാരാങ്കൊല്ലി സങ്കേതം
[332] ചുരുളി. നെടുമ്പിലാശ്ശേരി, അയിനിത്തേരി, മാങ്കാണി, കാക്കാഞ്ചിറ, തണ്ണീർവയൽ, പുല്ലേരി, മേലെതലപ്പുഴ, താളെതലപ്പുഴ, മാനിവയല്, കാളിക്കൊല്ലി ഏച്ചിപ്പൊയിൽ എന്നീ കുറുച്യ സങ്കേതങ്ങളിൽ നിന്നുമാണ് ദത്തശേഖരണം നടത്തിയത്.
[333] മേലെതലപ്പുഴ കുറിച്യകോളനിയിലെ 'കീരൻ' എന്ന വ്യക്തിയിൽ നിന്നാണ് ഈ കഥ ശേഖരിച്ചത്.

[334] പാടില്ലാത്ത
[335] എവിടെ പോകുന്നു
[336] ലക്ഷണമില്ലാത്തത്/ഗുണമില്ലാത്തത്
[337] നീചൻ/ചീത്തമനുഷ്യൻ
[338] മൂത്രം
[339] അവിടെ കുത്തിയിരുന്ന് മൂത്രമൊഴിക്ക്
[340] ചുരുളി, പുലച്ചിക്കുനി, തണ്ണീർവയൽ, അയനിത്തേരി, കാളിക്കൊല്ലി, കാരാങ്കൊല്ലി, മാനിവയൽ, താഴെതലപ്പുഴ, മേലെതലപ്പുഴ, പുല്ലേരി, ചെറുവയൽ തുടങ്ങിയ കുറിച്യ സങ്കേതങ്ങളിൽ നിന്നാണ് ഇത്തരം പദങ്ങൾ ശേഖരിച്ചത്.